
ജനകീയാസൂത്രണം
വികസന റിപ്പോർട്ട്



മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

9 - ാം പഞ്ചവത്സരപദ്ധതി


ജനകീയ പദ്ധതി

മുണ്ടക്കയം ഗ്രാമപഞ്ചായത്ത്




സമഗ്രവികസന രേഖ







ഉന്നതങ്ങളിലുള്ള ഇരുപതു പേരിൽ ജനാധിപത്യം നടപ്പിലാക്കാൻ കഴിയില്ല.
അത് താഴെ ഓരോ ഗ്രാമത്തിലേയും ജനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

മഹാത്മാഗാന്ധി



കേരളം
MUNDAKAYAM

കോട്ടയം ജില്ല




MUNDAKAYAM PANCHAYAT
DIST- KOTTAYAM
AREA 82.67 ച. കി.
POPULATION 47978
N
S
KOKKAYAR PANCHAYAT
To KUMILY
35th Mile
HUNDAKAYAM-KOMBUKUTHY ROAD
PERUVANTHANAM PANCHAYAT
KOMBUKUTHI
Govt. Tribal U.P.S Kombukuthi
St. George U.P.S. Pallippady
Koruthodu East
Govt. H.S. Hundakayam
Govt. L.P.S. Velanilam
Govt. Hospital
Police Station
Hundakayam Town Bus Stand
St. Thomas U.P.S.
Vandiperiyar
Karinilam
Govt. L.P.S. Nilackal
Govt. U.P.S. (Tribal)
Koruthodu West
K.H.M.S.
Govt. H.S. Kottamala
Kottamala
Kumily Panchayat
Holy Family H.S. (Inchiyani)
St. Xaviers U.P.S. Vattakavu
Model Training Centre
Govt. Tribal L.P.S.
St. Joseph's H.S. St. James U.P.S. Kannimala
Punchavayal Colony
Pulikunnu
Manjalaruvi
ERUMELY PANCHAYAT
MANJALARUVI
PATHANAMTHITTA DISTRICT


മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് സാരഥികൾ



പി.എച്ച് അബ്ദുൾ മജീദ്
(വൈ: പ്രസിഡൻറ്)




രാജമ്മ വർഗീസ്
(പഞ്ചാ പ്രസിഡൻറ്)




റ്റി.എം ബേബി
(സ്റ്റാൻറിംഗ് കമ്മറ്റി
ചെയർമാൻ)



ജോ തോമസ്
(മെമ്പർ)



എം.കെ കുര്യാക്കോസ്
(മെമ്പർ)



അഡ്വ: സോണി തോമസ്
(മെമ്പർ)



പി.എൻ. ശ്രീനിവാസൻ
(മെമ്പർ)



കെ.എൻ സോമരാജൻ
(മെമ്പർ)



അന്നമ്മ ജോസഫ്
(മെമ്പർ)



കെ.കെ. കേശവൻ
(മെമ്പർ)



ഇ.കെ. ശശികുമാർ
(മെമ്പർ)



പി.വി. സീതമ്മ
(മെമ്പർ)



പത്മാവതി സോമൻ
(മെമ്പർ)




ഫിലിപ്പ് കോട്ടയിൽ
(മെമ്പർ)



ശ്യാമള വാസുദേവൻ
(മെമ്പർ)

മുൻകാല പ്രസിഡൻറുമാർ



കെ. ജോർജ്ജ് പായിക്കാട്ട്




കെ. വി. കുര്യൻ



ഹാജി. സി.പി. എ. യൂസഫ്



കെ. എം. മത്തായി



ദേവസ്യാ ജോസഫ് വടശ്ശേരി

ഗ്രാമ പഞ്ചായത്ത് ജീവനക്കാർ



1. കെ.എസ്. സലിം
സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി

2. കെ.ജെ. ജോസ് ജൂനിയർ സൂപ്രണ്ട്

3. കെ.ജി. പരമേശ്വരൻ അസി. എഞ്ചിനീയർ

4. വി.ജി.ബാലചന്ദ്രാജി, ഫസ്റ്റ് ഗ്രേഡ് ഓവർസീയർ

5. പി.എൻ. ഹൗവാമ്മ U.D.C

6. കെ.വി. ബാലകൃഷ്ണദാസ് U.D.C

7. എ.വി. ദാസൻ U.D.C

8. കെ.എ. ഖാൻകുട്ടി U.D.C

9. ഇ.എൻ. ഉഷാകുമാരി U.D.C

10. പി.എ. ഹരിഹരൻ L.D.C

11. കെ.കെ. രാജപ്പൻ L.D.C

12. കെ.എം. മുഹമ്മദ്ബഷീർ L.D.C

13. കെ. എൻ. കമലമ്മ പ്യൂൺ

14. പി.ജെ. ഏലിയാമ്മ പ്യൂൺ

15. പി.എൻ. മണി ലൈബ്രേറിയൻ

16. എ.എസ്. സുകുമാരൻ - ഡ്രൈവർ

17. കെ.കെ. കണ്ണഞ്ഞ്കുട്ടി ഫുൾടൈം സ്വീപ്പർ

18. വി.ബി. രാജമ്മ "

19. എം.ജി. ശാന്തമ്മ "

20. വി.റ്റി. ത്രേസ്യാമ്മ "

21. പി.വി. അന്നമ്മ "

22. കെ. രാജശേഖരൻനായർ- സൈറൻ ഓപ്പറേറ്റർ

ജനകീയാസൂത്രണ പ്രസ്ഥാനം
ജില്ലാതല പരിശീലകർ

രാജമ്മ വർഗീസ് (പഞ്ചാ: പ്രസിഡൻറ്)

പി. എച്ച്. അബ്ദുൾ മജീദ് (പഞ്ചാ: വൈ: പ്രസിഡൻറ്)

ഫിലിപ്പ് കോട്ടയിൽ (പഞ്ചാ: മെമ്പർ)

ഇ.കെ. ശശികുമാർ (")

പി.വി. സീതമ്മ (")

പത്മാവതി സോമൻ (")

ശ്യാമളാ വാസുദേവൻ (")

അന്നമ്മ ജോസഫ് (")

ലൈലാ മോഹൻ (ബ്ളോക്കു പഞ്ചായത്തു മെമ്പർ)

കെ.എസ്. സലിം (പഞ്ചാ: സെക്രട്ടറി)

കെ.പി. രാജമ്മ

സിസ്റ്റർ ഗ്രേസി

വി.കെ. രാജപ്പൻ

എ.എസ്. തോമസ്

സി.എം. ഹുസൈൻ റാവുത്തർ

ആർ.എസ്. സെയിൻ

എൻ. ജയലാൽ

കെ.ജെ. അച്ചൻകുഞ്ഞ്

പി.എ. അബ്ദുൾ ഖാദർ

ഡോ. രാജൻ ബാബു

എൽ. വർഗീസ് (കൺവീനർ)



ചീഫ് എഡിറ്റർ

രാജമ്മ വർഗീസ്

എഡിറ്റേഴ്സ്

P.H.അബ്ദുൾ മജീദ്

V.K. രാജപ്പൻ

P.M.മാത്യു

K.P. രാജമ്മ

R.S.സെയിൻ

A.S.തോമസ്

ജോസ് പുത്തൻപുര

N.ജയലാൽ

K.J.അച്ചൻകുഞ്ഞ്

L.വർഗീസ്

ടൈപ്പ് സെറ്റിംഗ് FINE D.T.P

പ്രിന്റിംഗ് :- FINE OFFSET THODUPUZHA - PH: 23523

Photo:- VIJAYA STUDIO MUDAKAYAM



ഉള്ളടക്കം

ആമുഖം

പഞ്ചായത്തു പൊതുവിവരണം

സാമൂഹിക സാംസ്ക്കാരിക ചരിത്രം

ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം.

സാമൂഹിക സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

5-2 മൃഗസംരക്ഷണം

5-3 സഹകരണം,വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5-8 സംസ്കാരം

5-9 വനിത

5-10 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

5-11 വനം

5-12 പൊതുവിതരണം

5-13 വിഭവസമാഹരണം

5-14 ഉപസംഹാരം

1 ആമുഖം ജനകീയാസൂത്രണം - ഒരു പുതിയ പരീക്ഷണം.

ഒരു നൂതന സംരംഭത്തിന്റെ പണിപ്പുരയിലാണ് കേരളം. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും മാതൃകയായിത്തീരാവുന്ന 'ആസൂത്രണം ജനപങ്കാളിത്തത്തോടെ' എന്ന ഈ മഹദ് സംരംഭവുമായി ബന്ധപ്പെട്ടിട്ടുള്ള ഈ നാട്ടിലെ മുഴുവൻ ആളുകൾക്കും അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ 'വികസന രേഖ' ബഹുജന സമക്ഷം സമർപ്പിക്കുന്നു.

ചരിത്രാതീത കാലം മുതൽ തന്നെ ഇന്ത്യയിൽ പഞ്ചായത്തു സമ്പ്രദായം നിലനിന്നിരുന്നതായി രേഖകളുണ്ട്. പുരാതന കാലഘട്ടത്തിലെ 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന മത്സ്യ ന്യായ സിദ്ധാന്തം മനുഷ്യന്റെ സാമൂഹിക ജീവിതത്തിന് വഴിമാറികൊടുത്ത കാലഘട്ടത്തിൽ തന്നെ വിവിധ രൂപ ഭാവങ്ങളിലായിരുന്നെങ്കിലും, പഞ്ചായത്ത് സമ്പ്രദായം രൂപപ്പെട്ടു വന്നിരുന്നു. സ്വതന്ത്രമായ അധികാരങ്ങളോടുകൂടിയ പഞ്ചായത്തുകളാണ് നീതിന്യായ നിർവ്വഹണം ഉൾപ്പെടെയുള്ള സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്തിരുന്നത്.

നമ്മുടെ രാജ്യത്തിന്റെ അൽപം പഴയ ചരിത്രത്തിലേയ്ക്ക് ഒന്നു കണ്ണോടിച്ചാൽ കാണാവുന്ന രസകരമായ ചില വസ്തുതകളുണ്ട്. ആ കാലങ്ങളിൽ സംസ്ഥാനങ്ങൾ 'പോലീസ് സംസ്ഥാനങ്ങൾ' എന്ന നിലയിലാണ് പ്രവർത്തിച്ചിരുന്നത്. നികുതി പിരിക്കലും, ശിക്ഷാ സമ്പ്രദായങ്ങൾ നടപ്പാക്കലും ആയിരുന്നു അവയുടെ പ്രധാന പരിപാടികൾ. ഗ്രാമങ്ങൾ കൃത്യമായി നികുതി അടച്ചുകൊണ്ടിരുന്നതിനാൽ, ഗവൺമെൻറ് പ്രത്യേകം ഇടപെടലുകൾ നടത്തിയിരുന്നില്ല. ആ നിലയ്ക്ക് ഗ്രാമങ്ങൾ ഏതാണ്ട് 'സ്വയം ഭരണത്തിന്റെ' സ്ഥിതിയിലായിരുന്നു. ഗതാഗതവും വാർത്താവിനിമയ സൗകര്യങ്ങളും പരിമിതമായിരുന്നതിനാൽ ഗ്രാമത്തിലെ ഭരണത്തിൽ ഇടപെടാൻ കേന്ദ്രഗവൺമെൻറുകൾക്ക് പ്രായോഗികമായി കഴിഞ്ഞിരുന്നുമില്ല.

എന്നാൽ ബ്രിട്ടീഷുകാരുടെ വരവോടുകൂടി സ്ഥിതിഗതികൾ മാറി. താഴെത്തട്ടിലെ അധികാരത്തെക്കാൾ 'അധികാര കേന്ദ്രീകരണ'മായിരുന്നു അവർക്കു പഥ്യം.

നമ്മുടെ സ്വാതന്ത്ര്യ സമരത്തിലെ നേതാക്കളെല്ലാം, ബ്രിട്ടീഷ് അധികാരികൾ കൈയടക്കിവച്ച പഞ്ചായത്തുകളുടെ അധികാരം പുനഃസ്ഥാപിക്കാൻ പ്രതിജ്ഞാബദ്ധരായിരുന്നു.

അവരുടെ ശ്രമഫലമായിട്ടാണ്. ഇൻഡ്യൻ ഭരണഘടനയുടെ നാലാം ഭാഗത്തിലുള്ള നിർദ്ദേശക തത്വങ്ങളിൽ "ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും അവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങളും ചുമതലയും നൽകുന്നതിനും സ്റ്റേറ്റു നടപടികൾ എടുക്കേണ്ടതാണ്" എന്ന് എഴുതി ചേർത്തത്.

1952 ൽ സാമൂഹ്യ വികസനം എന്ന പേരിൽ ഇന്ത്യയിൽ ഒരു ഭരണ സംവിധാനം നിലവിൽ വന്നു. ഇതനുസരിച്ച് ഓരോ സംസ്ഥാനത്തെയും നിശ്ചിത ബ്ലോക്കുകളായി തിരിക്കുകയും ഓരോ ബ്ലോക്കും ഒരു ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറുടെ ചുമതലയിൽ ആക്കുകയും ചെയ്തു. ഈ ബ്ലോക്കുകളുടെ പ്രവർത്തനം ഉദ്ദേശിച്ച ഫലം നൽകിയില്ല. ഈ സാഹചര്യത്തിലാണ്, സാമൂഹിക വികസന പരിപാടിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ

1957 ൽ ബൽവന്ത്റായ് മേത്തയുടെ നേതൃത്വത്തിൽ ഒരു കമ്മീഷനെ കേന്ദ്രഗവൺമെൻറ് നിയോഗിച്ചത്. ഈ കമ്മറ്റി പഞ്ചായത്തീരാജ് സമ്പ്രദായം ഫലപ്രദമായി സ്ഥാപിക്കാനുള്ള നിരവധി ശുപാർശകൾ ഗവൺമെൻറിന് സമർപ്പിച്ചു. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ ഉണ്ടായിരിക്കണമെന്ന് റിപ്പോർട്ടിൽ എടുത്തു പറഞ്ഞിരുന്നു.

ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തെ തുടർന്ന്, 1956 നവബർ 1 ന് മലയാളത്തിൻെറ നാടായ കേരളം രൂപം കൊണ്ടു. 1950 ലെ തിരുവിതാംകൂർ - കൊച്ചി പഞ്ചായത്ത് ആക്റ്റും, മലബാർ ഭാഗത്ത് മദിരാശി വില്ലേജ് പഞ്ചായത്ത് ആക്റ്റും, ഈ സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്നു. 1950 ലെ തിരു-കൊച്ചി പഞ്ചായത്ത് ആക്റ്റ് അനുസരിച്ച് തിരുവിതാംകൂർ കൊച്ചി പ്രദേശത്തെ മുഴുവൻ ഗ്രാമങ്ങളും ഉൾക്കൊള്ളുന്ന 458 ഗ്രാമ പഞ്ചായത്തുകളാണ് അന്ന് നിലവിലുണ്ടായിരുന്നത്. എന്നാൽ മലബാർ മേഖല വ്യത്യസ്തമായിരുന്നു. അവിടെ ഏതാണ്ട് 150 പഞ്ചായത്തുകൾ മാത്രമാണുണ്ടായിരുന്നത്. ബാക്കി പ്രദേശങ്ങൾ മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ ഭരണച്ചുമതലയിൽ തുടരുകയായരുന്നു.

1960ലെ കേരളാ പഞ്ചായത്ത് ആക്റ്റ്

ഈ സാഹചര്യത്തിലാണ് മുമ്പ് സൂചിപ്പിച്ച ബൽവന്ത് റായ്മേത്ത കമ്മറ്റിയുടെ ശുപാർശ പ്രകാരം കേരളം മുഴുവൻ പ്രാബല്യത്തോടുകൂടി 1960 ലെ കേരളാ പഞ്ചായത്ത് ആക്ട് നടപ്പാക്കിയത്. 922 പഞ്ചായത്തുകളാണ് അന്ന് രൂപീകരിച്ചത്. ഈ പഞ്ചായത്തുകളിൽ 1-1-1964 ന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിൽ വന്നു.

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം

ഇൻഡ്യൻ ഭരണഘടനയുടെ 73 ാം ഭേദതിയെതുടർന്ന് 23.4.1994 മുതൽ പ്രാബല്യം നൽകികൊണ്ട് രൂപപ്പെടുത്തിയതാണ് 1994 ലെ 13 -ാം ആക്റ്റായ കേരളാ പഞ്ചായത്തീരാജ് ആക്റ്റ്. ഈ നിയമത്തിൻ കീഴിൽ 991 ഗ്രാമ പഞ്ചായത്തുകളും 152 ബ്ലോക്കു പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും ആണ് രൂപീകരിച്ചത്.

ജനകീയാസൂത്രണ പ്രസ്ഥാനം - ഒരു പുതിയ കാൽവെയ്പ്

1-4-1997 ൽ ഒൻപതാം പഞ്ചവത്സര പദ്ധതി തുടങ്ങുകയാണ്. മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി, താഴേ തട്ടിൽ നിന്ന് ജന പങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്ന ആസൂത്രണത്തിനു മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു പദ്ധതിയാണ് കേരള സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

9 -ാം പദ്ധതി ജനകീയ പദ്ധതി ആക്കി മാറ്റാൻ നിരവധി പ്രയോഗിക വൈഷമ്യങ്ങൾ ഉണ്ട്. താഴേ തലത്തിൽ നിന്നുള്ള ആസൂത്രണം ഒരു പുതിയ അനുഭവമായതുകൊണ്ട്, ഇക്കാര്യത്തിലുള്ള മുൻ പരിചയത്തിൻെറ അഭാവം മുഴച്ചു നിൽക്കുന്നു. വേണ്ടത്ര അധികാരങ്ങളോ അവയ്ക്കാവശ്യമായ ചട്ടങ്ങളോ ഇല്ലാത്ത സ്ഥിതി വിശേഷവും നേരിടേണ്ടതുണ്ട്. അതുപോലെ വികസനത്തെക്കുറിച്ചുള്ള വികലമായ ചില വീക്ഷണഗതികൾ ഒരു ഇരുട്ടുമറ സൃഷ്ടിക്കുകയും ചെയ്യുന്നു.

ഈ പ്രതിബന്ധങ്ങളെല്ലാം തരണം ചെയ്യുന്നതിനും, പുതിയ പഞ്ചായത്തിരാജ് നിയമ പ്രകാരം തങ്ങൾക്കു ലഭിച്ച അധികാരം പ്രാവർത്തികമാക്കി, ആസൂത്രണ വിഷയത്തിൽ തങ്ങൾക്കുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകളെ പ്രാപ്തമാക്കുന്നതിനും ആണ് ജനകീയാസൂത്രണ പ്രസ്ഥാനം നടപ്പിലാക്കാൻ തീരുമാനിച്ചത്. 30-7-1996 ൽ കേരളാ സർക്കാർ പുറപ്പെടുവിച്ച "9 - ാം പദ്ധതി-വികേന്ദ്രീകരണവും ജനപങ്കാളിത്തവും - ബഹുജന പ്രസ്ഥാനം" എന്ന തലക്കെട്ടിലുള്ള ഉത്തരവിലെ നിർദ്ദേശ പ്രകാരമാണ് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ജനകീയാസൂത്രണം പരിപാടി നടപ്പാക്കി കൊണ്ടിരിക്കുന്നത്.

ഇതുവരെ പദ്ധതികളുടെ ആസൂത്രണം കേന്ദ്രീകൃതമായിരുന്നു. മലമുകളിൽ നിന്നും പുറപ്പെടുന്ന നീരൊഴുക്കുകൾ പോലെ. അവ താഴോട്ട് ഒഴുകുമ്പോൾ പലപ്പോഴും തടസ്സങ്ങളിൽ തട്ടിയും, ചിന്നിച്ചിതറിയും വഴിമാറി ഒഴുകിയിരുന്നു. അവയ്ക്ക് മിക്കപ്പോഴും ഉദ്ദിഷ്ട ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിരുന്നില്ല. കുറെ ഭാഗം ചെന്നെത്തിയാൽ തന്നെ അതിൻെറ പ്രയോജനം അർഹതയുള്ള രീതിയിൽ

ലഭിച്ചിരുന്നില്ല. ഈ സ്ഥിതിക്ക് ഒരു മാറ്റമാണ് പുതിയ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭൂമിക്കടിയിലെ അന്തർധാരയിൽ നിന്ന് പൊട്ടിപ്പുറപ്പെടുന്ന നീരുറവകൾ, ആ പ്രദേശത്തിനാകെ ജീവജലമായി രൂപം പ്രാപിക്കുന്നതുപോലെ ..... ഓരോ പ്രദേശത്തിലും ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ രൂപപ്പെടുത്തി അംഗീകാരം വാങ്ങുന്ന തികച്ചും നൂതനമായ ജനകീയ പദ്ധതി.


ഒരു ലക്ഷത്തോളം പേർ പ്രാദേശിക പരിശീലന പരിപാടിയിൽ പങ്കെടുത്തതും, 30 ലക്ഷത്തോളം പേർ ഗ്രാമസഭകളിൽ തടിച്ചുകൂടിയതും എല്ലാം ഈ പരിപാടിയുടെ ആവേശകരമായ ജനപങ്കാളിത്തം വിളിച്ചോതുന്നു. ഒപ്പം പഞ്ചായത്തുകൾ ജനകീയാസൂത്രണ പ്രസ്ഥാനത്തെ തങ്ങളുടെ പരിപാടിയായി അംഗീകരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു.

വികസന റിപ്പോർട്ടിനുള്ള മുന്നൊരുക്കങ്ങൾ

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനുംഅവയ്ക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും, സേവന സന്നദ്ധരായ നിരവധിയാളുടെ വിശ്രമ രഹിതമായ അദ്ധ്വാനവും, അർപ്പണ ബോധനുമാണ് മുതൽകൂട്ടായിട്ടുള്ളത്.

ആ സന്നദ്ധ പ്രവർത്തകർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം, നിലവിലുള്ള പദ്ധതികളെകുറിച്ചുള്ള അവലോകന റിപ്പോർട്ട് തയ്യാറാക്കൽ, വികസന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ട വസ്തുതകൾ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അതൊടൊപ്പം പഞ്ചായത്തു പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ തലങ്ങും വിലങ്ങും കാൽനടയായി സഞ്ചരിച്ച് പഞ്ചായത്തിന്റെ ഭൂപ്രകൃതി, പരിസ്ഥിതി പ്രശ്നങ്ങൾ, പ്രാദേശികമായ പ്രത്യേകതകൾ, കാർഷിക മേഖലയിലെ വൈവിദ്ധ്യങ്ങൾ, ജല സ്രോതസ്സുകൾ തുടങ്ങി ഒട്ടനവധി കാര്യങ്ങളെക്കുറിച്ച് പഠനം നടത്തുകയും പഠനക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ഇവയുടെ അടിസ്ഥാനത്തിലും ഈ പ്രദേശത്തിന്റെ ചരിത്രപരവും സാംസ്ക്കാരികവുമായ പശ്ചാത്തലത്തെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ തേടിപ്പിടിച്ചും ആണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. പ്രത്യേകം നിയോഗിക്കപ്പെട്ട ഒരു എഡിറ്റോറിയൽ ബോർഡ് ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷം പഞ്ചായത്തുകമ്മറ്റിയുടെ അംഗീകാരത്തിനു സമർപ്പിക്കുകയും, കമ്മറ്റിയുടെ അനുവാദത്തോടെ റിപ്പോർട്ടിന് അന്തിമരൂപം നൽകുകയും ചെയ്തു.




2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	മുണ്ടക്കയം ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	-	മുണ്ടക്കയം, ഇടക്കുന്നം എരുമേലി വടക്ക്
ബ്ലോക്കു പഞ്ചായത്ത്	-	കാഞ്ഞിരപ്പള്ളി
താലൂക്ക്	-	കാഞ്ഞിരപ്പള്ളി
അസംബ്ലി മണ്ഡലം	-	കാഞ്ഞിരപ്പള്ളി
ജില്ല	-	കോട്ടയം
വിസ്തീർണ്ണം	-	82.67 ച.കി.മിറ്റർ
അതിരുകൾ	-	വടക്ക് - കൂട്ടിക്കൽ പഞ്ചായത്ത്
		തെക്ക് - എരുമേലി പഞ്ചായത്ത്
		കിഴക്ക് - കൊക്കയാർ, പെരുവന്താനം പഞ്ചായത്തുകൾ
		പടിഞ്ഞാറ് - പാറത്തോട് പഞ്ചായത്ത്
ജനസംഖ്യ	-	47978 (1991 - ലെ സെൻസസ്)
പുരുഷൻമാർ	-	23872
സ്ത്രീകൾ	-	24115
അക്ഷരാഭ്യാസമുള്ളവർ	-	97.5%
വാർഡുകൾ	-	15
പ്രസിഡൻറ്	-	രാജമ്മ വർഗീസ്
വൈ. പ്രസിഡൻറ്	-	പി.എച്ച്. അബ്ദുൾ മജീദ്
സ്റ്റാൻറിംഗ്കമ്മറ്റി ചെയർമാൻ	-	റ്റി.എം. ബേബി
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	-	കെ.എസ്. സലിം
എം.പി.	-	പി.സി. തോമസ്
എം.എൽ.എ.	-	ജോർജ് ജെ. മാത്യു
ജില്ലാ പഞ്ചായത്തഗം	-	റ്റി.കെ. രാജൻ (ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
ബ്ലോക്കു പഞ്ചായത്തംഗങ്ങൾ	-	ലൈല മോഹൻ, രാജൻ പെരുമ്പക്കാട് (ബ്ലോക്ക് പഞ്ചാ. പ്രസിഡൻറ്) ജോർജ്ജുകുട്ടി ആഗസ്തി.

മുണ്ടക്കയം പഞ്ചായത്ത് വികസനത്തിന്റെ പാതയിൽ





3 ചരിത്ര സാമൂഹ്യ - സാംസ്കാരിക പശ്ചാത്തലം

മുണ്ടക്കയം ഹൈറേഞ്ചിന്റെ കവാടം

കെ.കെ. റോഡിൽ കോട്ടയത്തുനിന്ന് 49 -ാം കിലോമീറ്ററിൽ മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് ആരംഭിക്കുന്നു. ഇടുക്കി ജില്ലയെ തൊട്ടുരുമ്മി സ്ഥിതിചെയ്യുന്നതുകൊണ്ടാണ് ഈ കൊച്ചു ഗ്രാമത്തെ ഹൈറേഞ്ചിന്റെ കവാടമെന്നു വിളിക്കുന്നത്. മഞ്ഞു പുതച്ച മാമലകളും അഗാധങ്ങളായ താഴ്വരകളും കരിമ്പാറക്കെട്ടുകളും ഹൈറേഞ്ചിന്റെ സവിശേഷത കളാണ്. ഇവയുടെ സാമീപ്യം സ്വാധീനം ചെലുത്തുന്ന ഭൂപ്രകൃതിയും പ്രകൃതി മനോഹാരിതയും മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ അസ്ഥിത്വത്തിന് അതിരു കളിടുന്നു. സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ ശോഭിച്ച നേതാക്കളും ഈ നാടിന്റെ പ്രശ്സ്തിയെ അത്യുന്നതിയിൽ എത്തിക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്.

ഈ നാടിന്റെ ജീവൽ സ്രോതസ്സ് റബർ കൃഷിയുമായി ബന്ധപ്പെട്ടാണു രൂപം പ്രാപിക്കുന്നതുതന്നെ. ഇവിടുത്തെ കാർഷിക മേഖലയ്ക്കു ജീവൻ നൽകിയ ആദ്യ വിഭാഗക്കാർ ഇംഗ്ലീഷുകാരായിരുന്നു. അവരിൽ ചിലരാണ് ഈ പ്രദേശത്തിന്റെ പേരു പോലും നിർദ്ദേശിച്ചതത്രേ.

മുണ്ടൻകയമോ മുണ്ടിക്കയമോ

മുണ്ടക്കയമെന്നു പേരു വരുവാനുള്ള കാരണങ്ങളെപ്പറ്റി രണ്ടഭിപ്രായങ്ങൾ നിലവിലുണ്ട്. കയത്തിന്റെ കരയിലിരുന്ന മുണ്ടിപ്പക്ഷികളെകണ്ട് സായ്പ് മുണ്ടിക്കയമെന്നു പറഞ്ഞെന്നും, പിൽക്കാലത്ത് മുണ്ടിക്കയം ലോപിച്ച് മുണ്ടക്കയമായെന്നുമാണ് ഒരഭിപ്രായം.

കയത്തിൽ കരയിൽ താമസിച്ചിരുന്ന മുണ്ടൻ, മുണ്ടി എന്നു പേരുള്ള ആദിവാസികളിൽ മുണ്ടൻ, ചെങ്ങാടത്തിൽ സായ്പിനെ കയത്തിന്റെ മറുകരയ്ക്കു കൊണ്ടുപോകുക പതിവായിരുന്നു. മുണ്ടന്റെ കയം എന്ന അർത്ഥത്തിൽ സായിപ്പ് 'മുണ്ടൻ കയം' എന്നു പറയാറുണ്ടായിരുന്നെന്നും ഇതു ലോപിച്ച് മുണ്ടക്കയമെന്ന പേരായെന്നുമാണ് മറ്റൊരഭിപ്രായം.

പലതുകൊണ്ടും കീർത്തി നേടിയ മുണ്ടക്കയത്തിന്റെ ചരിത്രം ഒന്നര നൂറ്റാണ്ടു മുമ്പാണാരംഭിക്കുന്നത്. വൻമരങ്ങളും വന്യജീവികളും നിറഞ്ഞ ഈ പ്രദേശത്തിന്റെ തെക്കേക്കരയിൽ ആദിവാസികൾ പാർത്തിരുന്നു. കോട്ടയത്തും സമീപ പ്രദേശങ്ങളിലും ക്രിസ്തുമതം പ്രചരിപ്പിക്കാൻ ഇംഗ്ലീഷുകാരായ സി.എം.എസ് മിഷനറിമാരിൽ ഒരാളായിരുന്ന റവ: ഹെൻറി ബേക്കർ (ജൂനിയർ) 1845 ൽ ഇവിടെ എത്തിച്ചേർന്നു. അക്കാലത്ത് വനത്തിലൂടെ കുതിരപ്പുറത്താണ് അദ്ദേഹം സഞ്ചരിച്ചിരുന്നത്. മരത്തിന്റെ ശിഖിരത്തിൽ ഏറുമാടം കെട്ടി അദ്ദേഹം താമസിച്ചു. ആദിവാസികളെ . ക്രിസ്തുമതാനുയായി കളാക്കുവാൻ അദ്ദേഹം പരമാവധി യത്നിച്ചു. അതോടൊപ്പം തന്നെ പള്ളിയും പള്ളിക്കൂടവും നിർമ്മിക്കുകയും അതിലേക്ക് ആശാൻമാരെയും ഉപദേശകരെയും കൊണ്ടു വരികയും ചെയ്തു. ആശാൻ പള്ളിക്കൂടങ്ങളും തുടർന്ന് 1849 ൽ സി.എം.എസ്. എൽ.പി. സ്ക്കുൾ മുതലുള്ള വിദ്യാലയങ്ങളും സ്ഥാപിതമായി. നമ്മുടെ തലമുറ നന്ദിപൂർവ്വം ഈ കാര്യം സ്മരിക്കേണ്ടതാണ്.

ഒരു സംഘം യൂറോപ്യൻമാരുടെ കൂട്ടായ ശ്രമഫലമായി പെരിയാർസിൻഡിക്കേറ്റ് എന്ന പ്രസ്ഥാനം രൂപം കൊള്ളുകയും 1902 ൽ ആലുവാപ്പുഴയുടെ തീരത്ത് "പെരിയാർ എസ്റ്റേറ്റ്" എന്ന പേരിൽ റബ്ബർ കൃഷിക്ക് ആരംഭം കുറിച്ചു. ഈ തുടക്കമാണ് മുണ്ടക്കയം പ്രദേശത്തെ വ്യാവസായികാടിസ്ഥാനത്തിലുള്ള റബ്ബർ

കൃഷിയുടെ ഈറ്റില്ലമാക്കിയത്. 1903 മുതൽ 1914 വരെയുള്ള കാലഘട്ടങ്ങളിൽ മുണ്ടക്കയത്തും പരിസര പ്രദേശങ്ങളിലും ആസൂത്രിതമായും ശാസ്ത്രീയമായും റബ്ബർ കൃഷി തുടങ്ങി വയ്ക്കുകയും വിപുലീകരണത്തിലൂടെയും വികസനത്തിലൂടെയും വൻപുരോഗതി കൈവരിക്കുകയും ചെയ്തതോടെ മുണ്ടക്കയവും കാർഷിക വ്യവസായിക ഭൂപടങ്ങളിൽ സ്ഥാനം പിടിച്ചു.

അക്കാലത്ത് കോട്ടയം മുതൽ കുമളി വരെ നീളുന്നഒരു നടപ്പാതയുണ്ടായിരുന്നു. മിഷ്യനറി സായ്പിന്റെ അഭ്യർത്ഥനമാനിച്ച് അന്ന് തിരുവിതാംകൂർ ദിവാനായിരുന്ന കർണൽ മൺട്രോ 1870 - ൽ കാളവണ്ടികൾക്കു പോകാനുന്ന ഒരു ഗ്രാമീണ പാതയായി പരിഷ്കരിച്ചു. ഇതാണ് ഇന്നത്തെ കെ.കെ. റോഡായി തിർന്നിട്ടുള്ളത്.

ഇവിടുത്തെ കുന്നുകളും അവയ്ക്കിടയിലൂടെയുള്ള തെളിനീരൊഴുക്കുകളും കുന്നിൻചരുവിലെ പച്ചില ചാർത്തണിഞ്ഞ റബ്ബർ തോട്ടങ്ങളും മറ്റു സസ്യജാലങ്ങളും പഞ്ചായത്തിന്റെ ഹൃദയഭാഗത്തായി അണിഞ്ഞൊരുങ്ങി നിൽക്കുന്ന കൊച്ചുപട്ടണവും അതിൽ തലയുയർത്തി നിൽക്കുന്ന സൗധങ്ങളും വിവിധ മതസ്ഥരുടെ ദേവാലയങ്ങളും ലോക പ്രശസ്തി കേട്ട ടൂറിസ്റ്റു കേന്ദ്രമായ തേക്കടിയിലേക്ക് സഞ്ചാരികളെ ആനയിക്കുന്ന കെ.കെ.റോഡ് എന്ന രാജ വീഥിയും അനുബന്ധ സഞ്ചാര പഥങ്ങളും സാംസ്കാര സമ്പന്നരായ ജനങ്ങളും കിഴക്കൻ മലയോരങ്ങളിൽനിന്നുത്ഭവിച്ച് കരിംപാറക്കെട്ടുകളിൽ തല്ലിപതഞ്ഞൊഴുകി വരുന്ന പുല്ലകയാറും കുത്തിമറിഞ്ഞൊഴുകി വരുന്ന നെടുംതോടും പട്ടണഹൃദയത്തോടടുത്തുവച്ച് സംഗമിച്ച് മണിമലയാറായിത്തീരുന്നു. ഇവയ്ക്കുമുന്നിനും കുറുകെ സ്ഥിതി ചെയ്യുന്ന പുത്തൻ പാലവും മുളംപാലവും കോസ്വേയും മുണ്ടക്കയത്തെ അതിവ സുന്ദരമാക്കിത്തീർക്കുന്നു.

കെ.കെ.റോഡിൽ പുല്ലകയാറിന്റെ ഇരു കരകളുമായി ബന്ധിപ്പിച്ച് പാറയ്ക്കുമുകളിൽ ഇടത്തൂണുകളില്ലാതെ ഇരുമ്പു ഗർഡറുകൾകൊണ്ട് മാത്രം 1887 - ൽ നിർമ്മിക്കപ്പെട്ട ഈ പാലമാണ് കല്ലേപ്പാലമെന്ന പേരിൽ അറിയപ്പെട്ടിരുന്നത്. പിന്നീട് 1962 - ൽ ഒരു കോൺക്രീറ്റു പാലം നിർമ്മിക്കപ്പെട്ടു. എന്നാൽ പുരാവസ്തുവായ "കല്ലേപ്പാലം" ഒരു ചരിത്ര വസ്തുവായി അവശേഷിപ്പിക്കാനുള്ള ഭാവനാ വിലാസം ഭരണാധികാരികൾ കാണിച്ചില്ല.

1900-ൽ മുണ്ടക്കയത്തെത്തിയ അയർലണ്ടു കാരനായ ജോൺ ജോസഫ് മർഫി 1904 ൽ പൂഞ്ഞാർ, വഞ്ഞിപ്പുഴ തമ്പുരാക്കൻമാരിൽനിന്നും ഭൂമി വിലയ്ക്കുവാങ്ങി ഒരു റബ്ബർ തോട്ടത്തിനു ആരംഭം കുറിച്ചു. തോട്ട വ്യവസായത്തിൽ മർഫിയയുടെ വിജയം കേട്ടറിഞ്ഞ ഇംഗ്ലീഷുകാരിൽ പലരും അവരുടെ കമ്പനികളും മുണ്ടക്കയത്തും പരിസര പ്രദേശങ്ങളിലുമായി വൻകിട റബ്ബർത്തോട്ടങ്ങളും തേയിലത്തോട്ടങ്ങളും ആരംഭിച്ചു. സമ്പന്നരായ പലരും ഈ മാതൃക പിൻതുടർന്നു.

തോട്ടങ്ങളിൽ പണിയെടുക്കുന്നതിന് ആയിരക്കണക്കിന് തൊഴിലാളികളെ ആവശ്യമായിരുന്നു. ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം, തിരുവല്ല, റാന്നി, പാലക്കാട്, മംഗലാപുരം, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നും കങ്കാണിമാർ മുഖേന തൊഴിലാളികൾ എത്തുകയായിരുന്നു. ആകർഷകമായ കൂലിയും മറ്റു ജീവിത സൗകര്യങ്ങലും വാഗ്ദാനം ചെയ്തും പ്രലോഭിക്കപ്പെട്ടുമാണ് ഈ തൊഴിലാളികുടുംബങ്ങൾ ഇങ്ങോട്ടാനയിക്കപ്പെട്ടത്. എന്നാൽ കാര്യങ്ങളുടെ കിടപ്പ് നേരെമറിച്ചായിരുന്നു. യാതൊരു ജീവിത സൗകര്യങ്ങളും ഇവർക്കില്ലായിരുന്നു. ആരോഗ്യ പരിപാലനം എന്ന സങ്കൽപംപോലും ഇവർക്കുണ്ടായിരുന്നില്ല. കൊടുകാടുകളിലെ മഴയും മഞ്ഞും തണുപ്പും മലമ്പനി, കോളറ തുടങ്ങിയ സാംക്രമിക രോഗങ്ങൾമൂലം രോഗഗ്രസ്തരായവർക്കു വിശ്രമമോ ചികിത്സയോ ലഭിച്ചില്ല. എന്നാലും ജോലിയിൽനിന്നും വിട്ടുനിൽക്കാൻ അവർക്കു കഴിഞ്ഞില്ല. കങ്കാണിമാരും കൂട്ടാളികളും തൊഴിലാളികളെ ബലമായി പിടിച്ചിറക്കി കഠിനജോലികൾക്കു പോലും നിയോഗിച്ചിരുന്നു.

എന്നാൽ ഇതിന്റെയൊക്കെ പിന്നിൽ 1857 - ലെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തെ ശിപായിലഹളയൊന്നാക്ഷേപിച്ച് അടിച്ചമർത്തി കോളനിവാഴ്ച്ചക്കുറപ്പു നൽകാൻ ബ്രിട്ടീഷികാർ നടത്തിയ ശ്രമങ്ങളുടെ ഭാഗമായി തൊഴിലാളികൾക്കു മൂക്കുകയറിടാനുള്ള നിരവധി നിയമങ്ങൾനിലവിൽ കൊണ്ടുവരുകയും ആ നിയമങ്ങൾ തൊഴിലാളി വർഗ്ഗത്തിന്റെ മേൽ പ്രയോഗിക്കുന്നതിന് തോട്ടമുടമകൾക്ക് വേണ്ട ഒത്താശയും ചെയ്തു

കൊടുത്തു. ഇതിന്റെ അലയടികൾ മുണ്ടക്കയം പ്രദേശത്തും ചുറ്റുപാടും ആഞ്ഞടിക്കുകയുണ്ടായി. ഇതിന്റെ പല രൂപങ്ങളിലൊന്നായിരുന്നു കങ്കാണി സമ്പ്രദായം. കങ്കാണിമാരുടെ ഏജൻറുമാർ വിദൂര സ്ഥലങ്ങളിൽ നിന്നും കന്നുകാലികളെ തെളിക്കുന്നതു പോലെ തൊഴിലാളികളെ തോട്ടങ്ങളിൽ എത്തിച്ചു കൊണ്ടിരുന്നു.

എണ്ണിയാലൊടുങ്ങാത്ത പീഡനങ്ങളും കഷ്ടതകളും അക്കാലത്ത് തൊഴിലാളികൾ സഹിക്കേണ്ടിവന്നു. തൊഴിലാളി വർഗ്ഗത്തിന്റെ അവകാശവും ആധിപത്യവും സ്വാധീനവും സ്ഥാപിച്ചെടുക്കുന്നതിന് ആ കാലയളവിലാകെത്തന്നെ ചെറുതും വലുതുമായ നിരവധി തൊഴിലാളി സമരങ്ങളും സംഘടിത സംഘടനാ പ്രവർത്തനങ്ങളും നടന്നിരുന്നു.

ഇങ്ങനെയിരിക്കെയാണ് 1938 - ലെ ഹൈറേഞ്ച്തോട്ടം തൊഴിലാളി യൂണിയനും 1951 -ലെ ഹൈറേഞ്ച് എസ്റ്റേറ്റ് എംപ്ലോയീസ് അസ്സോസിയേഷനുമൊക്കെ നിലവിൽവന്നത്.

1952 സെപ്റ്റബർ 2 - ാം തിയതി 35- ാം മൈൽ ഭാഗത്തുണ്ടായ തൊഴിലാളികളുടെ പ്രകടനവും തുടർന്നുണ്ടായ സംഘട്ടനവും പോലീസ് നടപടിയുമെല്ലാം ഈ പ്രദേശത്തെ ട്രേഡ് യൂണിയൻ രംഗം ആകെ ഇളക്കിമറിക്കുകയും പുതിയ സംഭവ വികാസങ്ങൾക്കും വ്യാപകമായ ചെറുത്തു നിൽപുകൾക്കും വഴിയൊരുക്കുകയും ചെയ്തു.

സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്നെങ്കിലും എല്ലാ വിഭാഗത്തിലും പെട്ട തൊഴിലാളികൾ വർഗ്ഗ സമരത്തിലൂടെ വളർത്തിയെടുത്ത തൊഴിലാളിവർഗ്ഗ സംസ്ക്കാരം ഇന്നും മുണ്ടക്കയത്തിന്റെയും പരിസര ഭാഗങ്ങളുടേയും അന്തരീക്ഷത്തിൽ ആകെ നിറഞ്ഞു നിൽക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

നാടിന്റെ സാമ്പത്തിക വളർച്ചയ്ക്ക് കാർഷികരംഗം മികച്ച സംഭാവനയാണു ചെയ്തത്. കൃഷിക്ക് അനുയോജ്യമായ മണ്ണും കൂടുതൽ സൗകര്യങ്ങളുമുള്ള ഈ പ്രദേശങ്ങൾ വൻകിടക്കാരാണ് കയ്യടക്കിയത്. തോട്ടകൃഷി വ്യാപകമായതോടൊപ്പം കൃഷിയിൽ തോട്ടകൃഷിയിൽ തൽപരരായിരുന്ന ചില നാട്ടുകാരും ചെറിയ കൃഷിയിടങ്ങൾ വികസിപ്പിക്കാൻ തുടങ്ങി. പുരോഗമനത്തിന്റെ പുതിയ പാതകൾ തുറന്നുകൊണ്ടിരുന്നു. അങ്ങനെയാണു ഉപാസിയെന്ന ചുരുക്കപ്പേരിൽ ഇന്നും നിലനിൽക്കുന്ന യുണൈറ്റഡ് പ്ലാൻേറഴ്സ് അസ്സോസിയേഷൻസ് ഓഫ് സൗത്ത് ഇൻഡ്യ. തങ്ങളുടെ റബ്ബർ ഗവേഷണകേന്ദ്രം മൈക്കോളജി എന്നപേരിൽ മുണ്ടക്കത്തു സ്ഥാപിച്ചതും. മൈക്കോളജി എന്നാൽ കുമിൾശാസ്ത്രം എന്നാണർത്ഥം. ഏതാണ്ടു അൻപതു വർഷങ്ങൾക്കുമുൻപ് ഉപാസിയുടെ ശാസ്ത്രസാങ്കേതിക വിഭാഗത്തിന്റെ തലവനായിരുന്ന എ. ആസ്ഫാൾട്ട് മുണ്ടക്കയം മൈക്കോളയിൽ വികസിപ്പിച്ചെടുത്ത ബോർഡോമിശ്രിതം എന്ന കുമിൾനാശിനി സസ്യസംരക്ഷണ മേഖലയിലെ കുമിൾരംഗത്തുള്ള ഒരു സർവ്വരോഗ സംഹാരിയായി ഇന്നും പ്രയോഗത്തിലുണ്ട്. 1930 നോടടുത്ത് ഈ സ്ഥാപനം നിർത്തിയെങ്കിലും ഇന്നും ഈ പ്രദേശം മൈക്കോളജി എന്ന പേരിൽ അറിയപ്പെടുന്നു.

കാലത്തിന്റെ ഒഴുക്കിനനുസരിച്ച് വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരുടെ ആരാധനാലങ്ങളും ആതുരാലയങ്ങളും സർക്കാർ ചുമതലയിലുള്ള ആശുപത്രികളും മുസാവരി ബംഗ്ലാവെന്നു പറഞ്ഞിരുന്ന രാത്രി നിവാസുകളും എല്ലാം അങ്ങിങ്ങായി രൂപമെടുത്തു. 1910 ൽ മുണ്ടക്കയം ഗവൺമെൻറ് ആശുപത്രി സ്ഥാപിതമായി.

1925 നോടടുത്ത് കേന്ദ്രീകൃത സ്വഭാവത്തോടുകൂടിയ ഒരു മാർക്കറ്റ് - റോബിൻസൺ മാർക്കറ്റ് - സ്ഥാപിതമായി ഇതാണ് ഇന്നത്തെ പുത്തൻ ചന്ത. ദേവികുളം കമ്മീഷണറായിരുന്ന റോബിൻസൺ സായിപ്പാണ് ഇവിടെ ചന്ത സ്ഥാപിച്ചത്.

1928-ാം മാണ്ട് മഹാനായ സാമൂഹ്യ പരിഷ്കർത്താവും യുഗപ്രഭാവനുമായിരുന്ന ശ്രീനാരായണ ഗുരുസ്വാമി മുണ്ടക്കയം സന്ദർശിച്ചിരുന്നു. ഈ സന്ദർശനത്തിന്റെ ഫലമാണത്രെ ഒരു ഗുരുമന്ദിരവും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ഒരു ഹാളും ഒരേക്കർ ഭൂമിയും ശ്രീ നാരായണ പ്രസ്ഥാനത്തിന് സ്വന്തമായത്. ഈ സ്ഥലം വിട്ടുകൊടുത്ത ആഞ്ഞിലിമൂട്ടിൽ ചക്കിയമ്മയുടെ പേര് മുണ്ടക്കയത്തിന്റെ മുക്കിലും മൂലയിലും നിറഞ്ഞുനിൽക്കുന്നു.

ജോർജ്ജ് അഞ്ചാമൻ ചക്രവർത്തിയുടെ പേരുമായി ബന്ധപ്പെടുത്തി തുടങ്ങിയ രജതജൂബലി

സൗജന്യവായനശാല ഇപ്പോഴത്തെ പഞ്ചായത്തു വായനശാലയ്ക്കു വഴികാട്ടിയാണ്.

1950 ലെ തിരുകൊച്ചി പഞ്ചായത്താക്ട്റ്റനുസരിച്ച് 1953 ൽ മുണ്ടക്കയം പഞ്ചായത്തു ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുകയും 1953 ആഗസ്റ്റ് 14 -ാം തീയതി പ്രഥമ പഞ്ചായത്തിന്റെ പ്രസിഡൻറായി ശ്രീ. എം.കെ. ജോർജ്ജ് പായിക്കാട്ടും വൈസ് പ്രസിഡൻറായി വി.കെ. പ്രഭാകരനും അധികാരമേറ്റു. ആ ഭരണസമിതിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയുടെ 6 -ാം സ്വാതന്ത്ര്യദിനം 15-8-53 ൽ സമുചിതമായി ആഘോഷിച്ചു.

1920 ന് മുൻപ് പോലീസ് സ്റ്റേഷനും മജിസ്ട്രേറ്റു കച്ചേരിയും അഞ്ചലാഫീസും കമ്പിത്തപാലാഫീസും കുതിരലായത്തോടുകൂടിയ സത്രവും സ്ഥാപിക്കപ്പെട്ടു.

വിവിധ സ്ഥലങ്ങളിൽ നിന്നും കുടിയേറ്റക്കാരും മറ്റ് തൊഴിലന്വേഷകരും വ്യാപാരികളും അവരുടെ കുടുംബങ്ങളും മുണ്ടക്കയത്തെത്തി സ്ഥാനമുറപ്പിച്ചു.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളായ ഇഞ്ചിയാനി, വട്ടക്കാവ്, ചെറുമല, പോത്തൻമല, കണ്ണിമല, വേലനിലം, കരിനിലം എന്നിവിടങ്ങളിലും കർഷകർ വാസമുറപ്പിച്ചിരുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഭക്ഷ്യക്ഷാമത്തിനു പരിഹാരമുണ്ടാക്കാനുള്ള ജനകീയ ഗവൺമെൻറിന്റെ ശ്രമഫലമായി 1948 - ൽ വനപ്രദേശങ്ങളിലെ ചതുപ്പു നിലങ്ങൾ ഒരേക്കർവീതം നെൽകൃഷിക്കു നൽകി. ഈ പ്രദേശമാണ് ഇന്നത്തെ കോരുത്തോട്.

1958 ൽ ഉണ്ടായ ഉരുൾപൊട്ടലിൽ സ്ഥലവുംവീടും നഷ്ടപ്പെട്ട 110 കുടുംബങ്ങൾക്കു വനത്തിലെ 11 ഏക്കർ സ്ഥലത്ത് വീടു വച്ചുകൊടുത്തു. ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് കേരളാ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഈ കോളനി അനുവദിച്ചത്. അതുകൊണ്ട് ഈ കോളനിക്ക് ഇ.എം.എസ്. കോളനി എന്ന് നാമകരണം ചെയ്യപ്പെട്ടു.

1961 - ൽ ഇടുക്കി അണക്കെട്ടിന്റെ ആവശ്യത്തിലേക്ക് അയ്യപ്പൻ കോവിലിൽ നിന്നും കുടിയൊഴിപ്പിച്ച കർഷകർക്ക് മടുക്കയിൽ വനഭൂമി നൽകി പുനഃരധിവസിപ്പിച്ചു. കുമളി അമരാവതിയിൽനിന്നും കുടിയൊഴിപ്പിച്ച കർഷകരെ ആർ.പി കോളനിയിൽ കുടിയിരുത്തി. നമ്മുടെ രാഷ്ട്ര പതിയായിരുന്ന ശ്രീ. രാജേന്ദ്ര പ്രസാദിന്റെ പേരാണ് ഈ കോളനിയ്ക്ക് നൽകിയത്.

ഇക്കാലത്തുതന്നെ തൊഴിൽരഹിതരായ അഭ്യസ്തവിദ്യരിൽ എഴുപതുപേർക്ക് മുന്നരഏക്കർ വന ഭൂമി നൽകിയതാണ് ഇന്നത്തെ റബ്ബർ പ്ലാന്റേഷൻ.

1970 ൽ അഞ്ഞൂറ്റിനാല് പട്ടിക ജാതി കുടുംബങ്ങൾക്കു അര ഹെക്ടർ വീതം വന ഭൂമി നൽകി. ഇതാണു അഞ്ഞൂറ്റി നാലു കോളനി. ഇവരിൽ മൂന്നൂറിൽപരം കുടുംബങ്ങളെ പുഞ്ചവയൽ അഞ്ഞൂറ്റിനാലു കോളനിയിലും ശേഷിച്ചവരെ പനയ്ക്കച്ചിറയിലും താമസിപ്പിച്ചു.

മുണ്ടക്കയം, കൂട്ടിക്കൽ, പാറത്തോട് പെരുവന്താനം പഞ്ചായത്തുകളിലെ റോഡുപുറംപോക്കു നിവാസികളായ 535 കുടുംബങ്ങളെ കുടിയൊഴിപ്പിച്ച് കുടുംബംമൊന്നിന് കാൽഏക്കർ വനഭൂമിവീതം നൽകി പനയ്ക്കച്ചിറയിൽ താമസിപ്പിച്ചു. ഇവർക്ക് സർക്കാർ വീടുനൽകുകയുണ്ടായി.

കർഷകത്തൊഴിലാളികളുടെ പുനരധി വാസത്തിനായി ഒരേക്കർ ഭൂമി വീതം 116 കുടുംബങ്ങൾക്ക് നൽകിയതാണ് 116 കോളനി.

15 - ാം വാർഡിൽ രാഷ്ട്രീയ യാതനക്കാർക്ക് ഒരേക്കർഭൂമി വീതം നൽകിയതാണണ 40 ഏക്കർ കോളനി.

ഇതുകൂടാതെ 1 - ാം വാർഡിൽ 53 വീടുകളുള്ള 4 സെൻറു മുണ്ടമറ്റം കോളനിയും.

40 വീടുകളുള്ള 4 സെൻറ് വെട്ടികല്ലാം കുഴികോളനിയും

2-ാം വാർഡിൽ 42 വീടുകളുള്ള 4 സെൻറ് ലക്ഷംവീട് കോളനിയും

3 -ാം വാർഡിൽ 67 വീടുകളുള്ള 4 സെൻറ് അംബേദ്ക്കർ കോളനിയും

5 -ാം വാർഡിൽ 30 വീടുകളുള്ള ചെറുമല വട്ടക്കാവു കോളനിയും

6 -ാം വാർഡിൽ 40 വീടുകളുള്ള 4 സെൻറ് കോളനിയും

7 -ാം വാർഡിൽ 43 വീടുകളുള്ള 10 സെൻറ് വരിക്കാനി കോളനിയും

61 വീടുകളുള്ള 3 സെൻറ് കോളനിയും

10 -ാം വാർഡിൽ 20 വീടുകളുള്ള 4 സെൻറ് കോളനിയുമുണ്ട്.

കൂടാതെ തനതായി രൂപംകൊണ്ടവയും ഗവൺമെൻറിൽനിന്നും ഐ.എച്ച്.ഡി.പി. ലിസ്റ്റിൽ പ്പെടുത്തിയിരിക്കുന്നവയും അല്ലാത്തവയുമായ 80 വീടുകളുള്ള പാറേക്കാട്ടു കോളനി, 30 വീടുകളുള്ള മൈലത്തടി കോളനി, 20 വീടുകളുള്ള ചെളിക്കുഴി കോളനി, 25 വീടുകളുള്ള ശ്രാമ്പി പുത്തൻ കോളനി, 20 വീടുകളുള്ള മുളങ്കാനം കോളനി, 60 വീടുകളുള്ള ഇച്ചക്കികോളനി, 40 വീടുകളുള്ള കീച്ചൻപാറ കോളനി, 60 വീടുകളുള്ള താന്നിക്കപ്പതാൽ കോളനി, 320 വീടുകളുള്ള കൊമ്പുകുത്തി ആദിവാസി കോളനി, 110 വീടുകളുള്ള കുഴിമാവു പട്ടിക ജാതി കോളനിയും ഈ പഞ്ചായത്തിലുണ്ട്.


ഇങ്ങനെ നിരവധി കോളനികളിലായി താമസിക്കുന്ന നൂറുകണക്കിനു പാവപ്പെട്ട കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്ന ഭാരിച്ച ചുമതല നിറവേറ്റാൻ സാമാന്യനിലയിൽ ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൊണ്ട് മുണ്ടക്കയം പഞ്ചായത്തിനു സാധ്യമാവില്ല.

കേരളത്തിലെ മറ്റേതെങ്കിലും പഞ്ചായത്തിൽ ഇത്രയധികം സാധുക്കൾ തിങ്ങിപ്പാർക്കുന്ന കോളനികൾ ഉണ്ടോയെന്ന് സംശയമാണ്.

കോളനിവാസികളുടെ സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് കേരള സർക്കാരിൻെറ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യസമര സേനാനി കോരുത്തോട്ടിലുള്ള മങ്കുഴിയിൽ ശ്രീ. എം.കെ. രവീന്ദ്രൻ വൈദ്യരാണ്. ഇദ്ദേഹത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്ന് താമ്രപത്രം ലഭിച്ചിട്ടുണ്ട്. സ്വാതന്ത്യസമര സേനാനികൾക്കു കിട്ടുന്ന പെൻഷനും ഇദ്ദേഹത്തിനുണ്ട്.

പഞ്ചായത്തിനു സ്വന്തമായ കെട്ടിടമുണ്ട്. ശ്രീ. കെ.വി. കുര്യൻ എക്സ്. എം.എൽ.എ. 1970 ജനുവരി 1 - ന് ഈ കെട്ടിടത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിച്ചു.



1971 നവംബർ 13 - ാം തിയതി അന്നത്തെ കേരളാ മരാമത്തു വകുപ്പു മന്ത്രിയായിരുന്ന ശ്രീ. റ്റി.കെ. ദിവാകരൻ കെട്ടിടം ഉത്ഘാടനം ചെയ്തു.

പഞ്ചായത്താഫീസിനോടു ചേർന്നു ലൈബ്രറിയും സാംസ്കാരിക നിലയവുമുണ്ട്.

തൊട്ടടുത്ത് പഞ്ചായത്ത് ബസ്റ്റാൻറും അതിനോടുചേർന്ന് ഷോപ്പിംഗ് കോംപ്ലക്സുമുണ്ട്.


എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നും 2 ഏക്കർ 6 സെൻറ് സ്ഥലം ടൗൺ വികസനത്തിന് വാങ്ങിയിട്ടുണ്ട്. ഈ സ്ഥലത്തിലുള്ള പഴയ കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. കൃഷി ആഫീസും, കേരളാസ്റ്റേറ്റു ഇലക്ട്രിസിറ്റി ആഫീസും, സബ്ട്രഷറിയും, സെൻട്രൽ എക്സൈസ് ആഫീസും, ടെലികമ്മ്യൂണിക്കേഷൻ ആഫീസും,പോസ്റ്റാഫീസും ഈ പഞ്ചായത്തിലുണ്ട്.

പൂത്തൻ ചന്തഭാഗത്തുള്ള പഞ്ചായത്തു സ്റ്റേഡിയത്തിൻെറ പണി പൂർത്തിയാക്കി പൊതുജനങ്ങൾക്കു തുറന്നു കൊടുക്കേണ്ടതാണ്.

വിവിധ മേഖലകളിൽ ഈ പ്രദേശത്തെ മനുഷ്യജീവിതത്തെ മെച്ചപ്പെടുത്തുന്നതിന് അത്യദ്ധ്വാനം ചെയ്ത ത്യാഗോജ്വലരായ മഹാരഥൻമാരെ അനുസ്മരിച്ചുകൊണ്ട് ഈ കുറിപ്പ് ഇവിടെ പൂർത്തിയാക്കുന്നു.

4

ഭൂപ്രകൃതി



ഭൂപ്രകൃതി



ഹൈറേഞ്ചിന്റെ കവാടമാണ് മുണ്ടക്കയം. കോട്ടയം ഇടുക്കി ജില്ലകളെ വേർതിരിക്കുന്ന മണിമലയാർ മുണ്ടക്കയം പഞ്ചായത്തിനെ രണ്ടായികീറി മുറിച്ചുകൊണ്ട് പടിഞ്ഞാറൊട്ടൊഴുകി പമ്പാനദിയിൽ ചേരുന്നു.

മുണ്ടക്കയം പഞ്ചായത്തിന്റെ കിഴക്ക് കൊക്കയാർ പെരുവന്താനം പഞ്ചായത്തുകളും, പടിഞ്ഞാറ് പാറത്തോട് പഞ്ചായത്തും, വടക്ക് കൂട്ടിക്കൽ, പാറത്തോട് പഞ്ചായത്തുകളും തെക്ക് എരുമേലി പഞ്ചായത്തും സ്ഥിതിചെയ്യുന്നു.

തെക്കുവടക്കായിട്ടാണ് പഞ്ചായത്തിന്റെ പൊതുവേയുള്ള കിടപ്പ്. കുന്നുകളും മലകളും നിറഞ്ഞതാണ് പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളും. മലയടിവാരങ്ങളിലൂടെ ആറുകളും തോടുകളും വളഞ്ഞുപുളഞ്ഞൊഴുകുന്നു. തീർത്ഥാടകരുടെ ഒരിടത്താവളമാണ് മുണ്ടക്കയം. പഞ്ചായത്തിന്റെ തെക്ക് അതിർത്തിയിൽ പുണ്യനദിയായ അഴുതയാർ ഒഴുകുന്നു. എരുമേലി മുണ്ടക്കയം പഞ്ചായത്തുകളെ വേർതിരിച്ചുകൊണ്ട് മഞ്ഞളരുവി തോട് തെക്കു പടിഞ്ഞാറോട്ടൊഴുകി പേരുത്തോടുമായി സംഗമിക്കുന്നു. മിക്ക മലമടക്കുകളിലും നീർച്ചാലുകൾ ഉണ്ട്. വർഷകാലങ്ങളിൽ ഇവ.യിൽ ധാരാളം ജലമുണ്ടായിരിക്കും വേനൽക്കാലമാകുമ്പോൾ വറ്റിവരളുകയും ചെയ്യും.

പഞ്ചായത്തിലെ പോത്തൻ മല, കരടിമല, ചെറുമല, ഇളമ്പ്രാമല, മടുക്ക ഇന്ദിരാഗിരി, 116, കൊമ്പുകുത്തി എന്നീ പ്രദേശങ്ങൾ വലിയ മലകളാണ്.

പഞ്ചായത്തിൽ 13, 14, 15 വാർഡുകളിൽ നനവുള്ള ഇലപൊഴിയും കാടുകളിൽ തേക്ക്, ഈട്ടി, വേങ്ങ, മരുതി, ഇരുൾ, ഉന്നം, പുന്ന, തേമ്പാവ്, പൂവം എന്നീ വിലപിടിപ്പുള്ള വൃക്ഷങ്ങൾ വളരുന്നു. 7, 8, 9,10, 11, 12 വാർഡുകളിൽ ഭാഗികമായി തേക്കുതോട്ടവുമുണ്ട്.

പുഞ്ചവയൽ, മാങ്ങാപ്പേട്ട, കോസടി, കൊമ്പുകുത്തി, പുലിക്കുന്ന്, പശ്ചിമ, മുരിക്കും വയൽ, ആനക്കല്ല്, പ്രദേശങ്ങൾ ഹിൽമെൻ സെറ്റിൽമെൻറുകളാണ്. ഇവയൊക്കെ വനപ്രദേശങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ റബ്ബറും, തെങ്ങും, വാഴയും, കപ്പയും, മാവും, പ്ലാവുമൊക്കെ വളർന്നുനിൽക്കുന്ന കാർഷിക മേഖലയായി പരിണമിച്ചിരിക്കുന്നു.

T. R. &. T., ഹാരിസൺ മലയാളം വെള്ളനാടി എന്നീ വൻകിട റബ്ബർ തോട്ടങ്ങളിൽ ജോലിചെയ്തിരുന്നതൊഴിലാളികൾ ജോലിയിൽ നിന്നും പിരിഞ്ഞപ്പോൾ അവർക്കുകിട്ടിയ ഗ്രാറ്റുവിറ്റിയും, പ്രോവിഡൻറസ് ഫണ്ടും മറ്റ് ആനുകൂല്യങ്ങളും ഉപയോഗിച്ച് ഹിൽമെൻ സെറ്റിൽമെൻറിലെ ആദിവാസികളിൽ നിന്നും ഭൂമി വിലക്കുവാങ്ങി. ദേഹണ്ഡങ്ങൾ ചെയ്ത് സ്ഥിരതാമസമാക്കിയിരിക്കുന്നു. കൂടാതെ ചെറുകിട കർഷകരും ഗവൺമെൻറ് സർവ്വീസിൽ നിന്ന് വിരമിച്ചവരും ആദിവാസികളിൽ നിന്നും ഭൂമി വാങ്ങി സഥിരതാമസമാക്കിയിട്ടുണ്ട്. ഇവരെല്ലാം ജാതിമത ഭേദമെന്യേ പരസ്പര സ്നേഹത്തോടും സഹകരണത്തോടും കൂടി ഇവിടെ താമസിക്കുന്നു. ഇവരെല്ലാം ഇപ്പോൾ കുടിയിറക്ക് ഭീഷണി നേരിടുകയാണ്. ഗവൺമെൻറിന്റെ കണക്കിൽ ഈ ഹിൽമെൻ സെറ്റിമെൻറുകളെ വനപ്രദേശമായിട്ടാണ് വിവക്ഷിക്കുന്നത്.

പഞ്ചായത്തിലെ പ്രധാന കൃഷി റബ്ബറാണ്. മുടക്കയിൽ അമ്പത് ഏക്കർ റവന്യൂ ഭൂമി തരിശായി കിടപ്പുണ്ട് . ഇവിടെ ആൾപ്പാർപ്പില്ല. ഇവിടെ വാറ്റുപുല്ല് സുലഭമായി വളരുന്നു.

കാലാവസ്ഥ

വർഷത്തിൽ ശരാശരി 51.28 സെ. മീ. മഴ ലഭിക്കുന്നുണ്ട്. അന്തരീക്ഷ താപനില ശരാശരി 28 ഡിഗ്രി സെൽഷ്യസാണ്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് കടുത്ത വേനലുള്ളത്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അല്പാല്പമായി വേനൽ മഴ ലഭിക്കാറുണ്ട്.

വേനൽകാലമായാൽ കുന്നിൻ പ്രദേശങ്ങളി ലെല്ലാം രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. കുന്നുകളില്ലാത്ത ഒരു വാർഡു പോലുമില്ല ഈ പഞ്ചായത്തിൽ. വേനൽ കാലങ്ങളിൽ മണിയാറ്റി ലേയ്ക്കും അഴുതയാറ്റിലേയ്ക്കും സംഗമിക്കുന്ന ചെറുതോടുകളിലെ നീരൊഴുക്ക് നിലയ്ക്കുന്നു. ആറുകളിലും തോടുകളിലും ഈ കാലയളവിൽ ഓലികുത്തി അതിൽ നിന്നും ഊറിവരുന്ന ജലമാണ് കുടിക്കാൻ ഉപയോഗിക്കുന്നത്. ആറുകളിലും തോടുകളിലും തടയണകൾ നിർമ്മിച്ച് ഒരു പരിധിവരെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

ജല ലഭ്യത

പഞ്ചായത്തിലെ ശരാശരി മഴയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ജലം പന്ത്രണ്ട് മാസവും വിവിധ പ്രദേശങ്ങളിൽ ജനങ്ങളുടെ ആവശ്യത്തിന് തികയുകയില്ല. പഞ്ചായത്തിലെ മുഖ്യ ജല സ്രോതസ് പുല്ലകയാർ, മണിമലയാർ, നെടും തോട്, മഞ്ഞളരുവിത്തോട്, പേരൂത്തോട്, ചണ്ണത്തോട്, പൈങ്ങനാത്തോട്, കോരൂത്തോട്, അഴുതയാർ എന്നിവയാണ്. കിണറുകളും നീർച്ചാലുകളും എല്ലാവാർഞ്ഞുകളിലുമുണ്ട്. കിണറുകൾക്ക് ആഴം കൂട്ടി ജല സമ്പത്ത് വർദ്ധിപ്പിക്കാം. ചെറുതോടുകളുടെ ഇരു കരകളിലും ഈറ, മുള, തഴക്കൈത എന്നിവ വച്ചുപിടിപ്പിച്ചാൽ ഇവയിലെ ജലസമ്പത്തും ഒരു പരിധി വരെ വർദ്ധിപ്പിക്കാൻ കഴിയും. പുഞ്ചവയലിൽ മൈനർ ഇറിഗേഷൻ വകുപ്പ് സ്ഥാപിച്ചിട്ടുള്ള കുളം ഒരിക്കലും വറ്റാത്ത ജല സ്രോതസാണ്. 504 കോളനിയിലെ മൂന്നോലി, പനയ്ക്കച്ചിറയിലെ റാക്കപ്പതാൽ എന്നീ നീരുറവകളും വറ്റാത്ത ജല സ്രോതസാണ്. ഇവിടെയെല്ലാം കുളങ്ങൾ നിർമ്മിച്ച് ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം. ഭൂഗർഭജലം എല്ലാ പ്രദേശങ്ങളിലും സുലഭമായി ലഭിക്കുന്നില്ല. ചില സ്ഥലങ്ങളിൽ കുഴൽ കിണറുകളിൽ നിന്ന് ജലം ലഭിക്കാത്ത സ്ഥിതിയുണ്ട്.

മണ്ണ്.

മിക്ക പ്രദേശങ്ങളിലും വളക്കൂറുള്ള മേൽമണ്ണ് കണ്ടുവരുന്നുണ്ട്. വനപ്രദേശങ്ങൾ ആയതിനാൽ മേൽമണ്ണ് കറുത്തതാണ്. അതിനുതാഴെ ചെമ്മണ്ണ്. വെള്ളാരൻ കല്ല് നിറഞ്ഞ പ്രദേശങ്ങളുമുണ്ട്. പുഞ്ചവയൽ പ്രദേശങ്ങളിൽ ചെറിയതോതിൽ അഭ്രം കാണുന്നുണ്ട് അഴുതയാറിന്റെ തീരങ്ങളിൽ വജ്രക്കല്ലിന്റെ അംശവും കണ്ടുവരുന്നു. കണ്ണിമല ബാങ്ക് പടിക്ക് സമീപമുള്ള പാറമട.യിൽ വജ്രക്കല്ലുകൾ പോലെ ഒരുതരം കല്ലുകളും കാണുന്നുണ്ട് .

ഭൂവിനിയോഗം

പഞ്ചായത്തിലെ ആകെ ഭൂമിയുടെ പൊതു വിനിയോഗം മുഖ്യമായും കൃഷിയ്ക്കാണ്. കാർഷികേതര ഭൂമിയിൽ തരിശു സ്ഥലങ്ങളും കെട്ടിടങ്ങളും മൈതാനങ്ങളും റോഡുകളും വിവിധ മതസ്ഥരുടെ പള്ളികളും ക്ഷേത്രങ്ങളും മന്ദിരങ്ങളും ഉണ്ട്.

ഏറ്റവും കൂടുതൽ ഭൂവിനിയോഗം റബ്ബർ കൃഷിക്കാണ്. കൂടാതെ തെങ്ങ്, കമുക്, കാപ്പി, കൊക്കോ, വാഴ, കുരുമുളക്, കപ്പ എന്നീ കൃഷികളും കർഷകർ ചെയ്തുവരുന്നു. വെട്ടുകല്ലാം കുഴി, റോക്ക് മൗണ്ട്, കണ്ണിമല, കീച്ചൻ പാറ, ഇളമ്പ്രാമല, എന്നീ പ്രദേളങ്ങളിൽ കരിങ്കല്ല് സുലഭമാണ്. പഴയ കൃഷിരീതികൾ ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾക്ക് വഴിമാറി കൊടുത്തിരുക്കുന്നു.

ജൈവസമ്പത്ത്

സസ്യജാലങ്ങളിൽ റബ്ബറാണ് മുഖ്യം. പ്ലാവ്, മാവ്, ആഞ്ഞിലി, ശീമക്കൊന്ന, മുരിക്ക്, തെങ്ങ്, പന മുതലായവ സാധാരണയായി കണ്ടുവരുന്നു.

ഗ്രാമപ്രദേശങ്ങളിൽ അറയാഞ്ഞിലി, ആൽ, ഈട്ടി, തേക്ക്, മരുതി, വെള്ളിലാവ്, ഇലവ്, തുടങ്ങിയ വൃക്ഷങ്ങൾ കണ്ടുവരുന്നുണ്ട്. തേക്ക് മിക്ക സ്ഥലങ്ങളിലുമുണ്ട്. പഴയകാല വനപ്രദേശങ്ങളായതി നാൽ വനങ്ങളിൽ കണ്ടുവരാറുള്ള എല്ലാ വിധ

സസ്യങ്ങളും വളരുന്നുണ്ട്. തേക്ക്, മഹോഗണി, മാഞ്ചിയം എന്നീ വൃക്ഷങ്ങൾ നട്ടുവളർത്തുന്നുണ്ട്. സാമൂഹിക വനവൽക്കരണ പദ്ധതി പ്രകാരം നട്ടുവളർത്തിയ അക്കേഷ്യ, ചൂള, പൂവാക തുടങ്ങിയ മരങ്ങളും ചിലയിടങ്ങളിൽ കണ്ടുവരുന്നു. മിക്ക പക്ഷി മൃഗാദികളും പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്. മുണ്ടക്കയം ടൗണിൽ ബസ്റ്റാൻറിനു സമീപം നിൽക്കുന്ന വൻ മരങ്ങളിൽ കടവാവലുകൾ തൂങ്ങികിടക്കുന്ന കാഴ്ച കാണികളിൽ കൗതുകം ഉളവാക്കുന്നതാണ്.

മുണ്ടക്കയം പഞ്ചായത്തിൽ കണ്ടു വരുന്ന പക്ഷികൾ

കാക്ക വെള്ളക്കൊക്ക്, പരുന്ത്, മുണ്ടി, കാട്ടുകോഴി, പ്രാവ്, കടവാവൽ, തത്ത, മാടത്ത, മൈന, ചുണ്ടങ്ങാപക്ഷി, ഓലഞ്ഞാലി, ഇരട്ടവാലൻ, കാക്കത്തമ്പുരാട്ടി, കരിയിലപ്പിടി, ഉപ്പൻ, മൂങ്ങ, കുയിൽ, മരംകൊത്തി, പൊൻമാൻ, നീർക്കാക്ക, കുരുവി, കുളക്കോഴി, ഇരട്ടത്തലയൻ, നത്ത്, പുള്ള്, എറിയാകോന്തൻ, മഞ്ഞകിളി.

ദേശാടന പക്ഷികൾ

കൊന്നയ്ക്കൽ, വേഴാമ്പൽ, വാലുകിലുക്കി പക്ഷി, കുരുത്തോലവാലൻ, കതിർകാണാക്കിളി, (വിഷുപ്പക്ഷി)

മനുഷ്യ വിഭവം

1996 ലെ സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കണക്കനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യാ 48925 ആണ്. ഇതിൽ 24118 പുരുഷൻമാരും, 24807 സ്ത്രീകളുമാണ്. 7458 പട്ടികജാതിക്കാരും, 2412 പട്ടിക വർഗ്ഗക്കാരുമുണ്ട്. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 97.5 ശതമാനമാണ്. വിദ്യാഭ്യാസ രംഗത്ത് കോട്ടയം ജില്ലയിൽ മുന്നിട്ടു നിൽക്കുന്ന പഞ്ചായത്തുകളിലെന്നാണ് മുണ്ടക്കയം. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുസൃതമായ വർദ്ധനവ് കാണുന്നു.

കായികരംഗത്ത് ദേശീയതലത്തിൽ മെഡലുകൾ സമ്പാദിക്കുന്ന കേരളത്തിൻെറ തന്നെ അഭിമാനമായ കോരുത്തോട് സി. കെ എം. ഹൈസ്ക്കൂൾ ഈ പഞ്ചായത്തിലാണ്. കായിക രംഗത്ത് കുട്ടികളെ വളർത്തിയെടുക്കുവാൻ ഈ സ്കൂളിലെ കായികാദ്ധ്യാപകർ ശ്രീ. കെ. പി. തോമസ് സജീവമായി പ്രവർത്തിക്കുന്നു.

അഭ്യസ്ഥ വിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. എന്തു ജോലി ചെയ്യുവാനും ജനങ്ങൾ മുന്നോട്ടുവരുന്നുണ്ട്.

കർഷക തൊഴിലാളികളും ഇടത്തര കർഷകരും റബ്ബർത്തോട്ടം തൊഴിലാളികളുമാണ് പഞ്ചായത്തിൽ കൂടുതലുള്ളത്. വളരെയധികം തൊഴിലാളികളുള്ള മുണ്ടക്കയം പഞ്ചായത്തിൽ ട്രേഡുയൂണിനുകൾ സജീവമാണ്. എല്ലാ വിഭാഗത്തിലും പെട്ട തൊഴിലാളികൾ വർഗ്ഗ സമരത്തിലൂടെ വളർത്തിയെടുത്ത തൊഴിലാളി വർഗ്ഗ സംസ്ക്കാരം ഇന്നും മുണ്ടക്കയത്തിൻെറയും പരിസര ഭാഗങ്ങളുടെയും അന്തരീക്ഷത്തിലാകെ നിറഞ്ഞുനിൽക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

പഞ്ചായത്തിൽ 8069 ഹെക്ടർ കൃഷി ഭൂമിയുണ്ട്. ഇതിൽ 6730 ഹെക്ടറൽ റബ്ബറും 388 ഹെക്ടറിൽ തെങ്ങും 240 ഹെക്ടറിൽ കുരുമുളകും 15 ഹെക്ടറിൽ കൊക്കോ, 30 ഹെക്ടറിൽ കമുകും കൃഷി ചെയ്യുന്നു.

കാർഷിക മേഖലയിൽ നാണ്യവിളകളാണ് കർഷകർ കൂടുതലായി കൃഷി ചെയ്യുന്നത്. റബ്ബർ തോട്ടം തൊഴിലാളികളുടെയും കെട്ടിട നിർമ്മാണ തൊഴിലാളികളുമാണ് തൊഴിൽ രംഗത്ത് കൂടുതലുള്ളത്. തേക്കു തോട്ടങ്ങളോട് ചേർന്ന പ്രദേശങ്ങളിൽ കന്നുകാലി വളർത്തൽ പ്രധാന ഉപതൊഴിലാണ്.

പുഞ്ചവയൽ, പുലിക്കുന്ന്, കരിനിലം, താന്നിക്കപ്പതാൽ തുടങ്ങിയ പഴയക്കാല നെൽ വയലുകൾ റബ്ബറിനും കൊക്കോയ്ക്കും വഴിമാറിക്കൊടുത്തിരുക്കുന്നു. റബ്ബറിൻെറ അഭൂതപൂർവ്വകമായ വിലയും നെൽകൃഷിയുടെ വർദ്ധിച്ച ചിലവും ഇതിനു കാരണമായിരിക്കാം. കാർഷിക മേഖലയിൽ ഭക്ഷ്യോത്പന്നങ്ങളുടെ കൃഷി കുറവാണ് ഒരു ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കർഷകർ സമ്മിശ്ര കൃഷികൾ ചെയ്യുന്നു. റബ്ബർ, തെങ്ങ്, പ്ലാവ്, മാവ്, കൊക്കോ, കശുമാവ് തുടങ്ങിയ വൃക്ഷങ്ങളും, വാഴ, ചേന, കാച്ചിൽ, ചേമ്പ് മുതലായ കൂറും പൂപ്പ് കൃഷികളും ചെയ്തുവരുന്നതായി കാണാം.

ഭൂപ്രകൃതി വിഭവങ്ങൾ ഒട്ടനവധിയുള്ള ഈ പഞ്ചായത്ത് ജനകീയ മുന്നേറ്റത്തിലൂടെ വളർച്ച കൈവരിക്കുമെന്ന് പ്രത്യാശിക്കാം.

സാമൂഹിക സാമ്പത്തിക മേഖലകൾ

1 കൃഷിയും ജലസേചനവും

2 മൃഗസംരക്ഷണം

3 സഹകരണം, വ്യവസായം

4 വിദ്യാഭ്യാസം

5 കുടിവെള്ളവും പൊതുജനാരോഗ്യവും

6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

7 പാർപ്പിടവും സാമൂഹ്യക്ഷേമവും

8 സംസ്കാരം

9 വനിത

10 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

11 വനം

12 പൊതുവിതരണം

13 വിഭവസമാഹരണം



5.1

കൃഷിയും ജലസേചനവും





കൃഷി

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കൃഷിക്ക് അനുയോജ്യമായ ഭൂപ്രകൃതി, കാലാവസ്ഥ എന്നിവകൊണ്ട് അനുഗ്രഹീതമായ പറുദീസയായി വിശേഷിപ്പിക്കാവുന്ന സംസ്ഥാനമാണല്ലോ കേരളം. ഈ സംസ്ഥനത്ത് ഏതു കൊണ്ടും എല്ലാ കൃഷിക്കും അനുയോജ്യമായ ഒരു ഭൂപ്രദേശമാണ് കാഞ്ഞിരപ്പള്ളി താലൂക്ക്. ഹൈറേഞ്ചിനെ തൊട്ടുരുമ്മിക്കിടക്കുന്ന മുണ്ടക്കയം, കാഞ്ഞിരപ്പള്ളി താലൂക്കിലെ ഏറ്റവും വലിയ ഗ്രാമ പഞ്ചായത്താണ്.

ഈ പ്രദേശത്തെ ഭൂമി അധികവും പൂഞ്ഞാർ രാജകുടുംബത്തിന്റെയും എരുമേലി ദേവസ്വത്തിന്റെ വകയും, ഏതാനും ഭാഗം പണ്ടാരപ്പാട്ടവും ആയിരുന്നു. കൃഷി ഭൂമിതേടി മീനച്ചിൽ താലൂക്കിൽ നിന്നും പ്രാന്തപ്രദേശങ്ങളിൽ നിന്നും എത്തിയ കുടിയേറ്റ കർഷകരാണ് ഏറിയപങ്കും. കൂടാതെ, കോപ്പാറ, തിരുവല്ല, മാന്നാർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും രാജ ഭരണ കാലത്ത് വന സംരക്ഷണത്തിനു കൊണ്ടുവന്ന ഗിരിവർഗ്ഗക്കാരും ഇവിടെ കർഷകരായി ഉണ്ടായിരുന്നു. പരിഷ്കൃത ജനവിഭാഗങ്ങൾ വന്നെത്തുന്നതിനും മുമ്പേ ഏതാനും ആദിവാസികൾ വനപ്രദേശത്തു ജീവിച്ചിരുന്നു.

അക്കാലത്ത് ഓരോ കുടുംബത്തിനും വേണ്ടുന്ന ഒരു സമ്മിശ്ര കൃഷിരീതി - മരച്ചീനി, വാഴ, കാപ്പി, കുരുമുളക്, മുതലായവ - ആണ് നടത്തിയിരുന്നത്. ഇക്കാലയളവിൽതന്നെ മുണ്ടക്കയത്തു വന്ന വിദേശികളും മറ്റും മുണ്ടക്കയത്തും സമീപ പ്രദേശങ്ങളിലും വ്യാപകമായതോതിൽ തേയില, റബ്ബർ എന്നിവ കൃഷിചെയ്യുവാൻ ആരംഭിച്ചു. ഈ കൃഷിരീതികൊണ്ടുള്ള സാമ്പത്തിക ലാഭം മനസ്സിലാക്കി നമ്മുടെ ചെറുകിടകർഷകരും ഇത്തരം കൃഷിരീതിയിലേക്ക് മാറുകയുണ്ടായി.

ഈ പഞ്ചായത്തിലുൾപ്പെട്ട സർക്കാർവക സെറ്റിൽമെൻറു ഭൂമിയിലെ ഗിരി വർഗ്ഗക്കാർക്ക് തക്കതായ വിലനല്കി കൃഷിക്കാരും, ജോലിയിൽ നിന്നും പിരിഞ്ഞു പോന്ന തോട്ടം തൊഴിലാളികളും വസ്തു വാങ്ങുകയും ക്രമേണ ഈ പ്രദേശം ഒരു വികസന മേഖലയാവുകയും ചെയ്തു.

മുണ്ടക്കയം, ഇടക്കുന്നം, വില്ലേജുകളുടെ കുറെ ഭാഗങ്ങളും എരുമേലി വടക്കു വില്ലേജും ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്. എരുമേലി വടക്കു ജില്ലേജുകളിലെ രേഖകളിൽ കുറെ ഭാഗങ്ങൾ സെറ്റിൽമെൻറു ഭൂമിയായി കാണുന്നു.

6730 ഹെക്ടർ സ്ഥലത്ത് റബ്ബറും, 388 ഹെക്ടർ സ്ഥലത്ത് തെങ്ങും 951 ഹെക്ടർ സ്ഥലത്ത് മറ്റു കൃഷികളും ചെയ്തു വരുന്നു. ട്രോപ്പിക്കൽ പ്ലാന്റേഷൻ, ഹാരിസൺസ് മലയാളം ലിമിറ്റഡ്, ട്രാവൻകൂർ റബ്ബർ ആൻറ് ടീ കമ്പനി എന്നീ വൻ കിട റബ്ബർ തോട്ടങ്ങളിലും മറ്റു ചെറുകിട തോട്ടങ്ങളിലും വ്യാപകമായി റബ്ബർ കൃഷി ചെയ്യുന്നു. മുഖ്യവിള റബ്ബറാണെങ്കിലും കുറഞ്ഞതോതിൽ തെങ്ങ്, കമുക്, കൊക്കോ, കാപ്പി, കശുമാവ്, കുരുമുളക്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ, എന്നിവയും കൃഷിചെയ്തു വരുന്നുണ്ട്.

ഈ പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ 75 ശതമാനത്തിനു മേൽ വൻകിട റബ്ബർത്തോട്ടങ്ങളും തേക്കിൻ തോട്ടങ്ങളും വനവുമാണ്. ശേഷിക്കുന്ന സ്ഥലങ്ങളിൽ ചെറുകിട കർഷകർ അധിവസിക്കുന്നു. അവരിൽ ഏറ്റവും അധികം ഒരു ഹെക്ടറിൽ താഴെ മാത്രം സ്ഥലമുള്ളവരാണ്. ഭൂരിഭാഗം കർഷകർക്കും അരഹെക്ടറിൽ കുറച്ചുമാത്രമേ കൃഷിയിടമുള്ളൂ. ഇത്തരം കർഷകർ റബ്ബർ, തെങ്ങ്, കമുക്, കുരുമുളക്,

കൊക്കോ, മാവ്, പ്ലാവ്, തുടങ്ങിയവ സമ്മിശ്രമായി കൃഷിചെയ്യുന്നവരാണ്. ചുരുക്കം ചിലർ കപ്പ, ചേന, തുടങ്ങിയ കുറുംപൂപ്പുകൾ ഇടവിളയായി കൃഷി ചെയ്യുന്നു.

ചെറുകിട കർഷകരിൽ ഏറെപേർക്കും തങ്ങളുടെ കൃഷിഭൂമി വേണ്ട വിധം സംരക്ഷിക്കാൻ കഴിയുന്നില്ല. എല്ലാംതന്നെ ചരിവുള്ള ഭൂമിയാകയാൽ മണ്ണൊലിപ്പ് കൂടുതലാണ്. മൃഗസംരക്ഷണം പരിതാപകരമാം വണ്ണം കുറഞ്ഞു പോയതിനാൽ ചാണകം തുടങ്ങിയ ജൈവവളങ്ങൾ ആവശ്യത്തിനു ലഭിക്കുന്നില്ല.

കൃഷിഭവനിൽ നിന്നും മറ്റുമായി ലഭിക്കാറുള്ള പല സഹായങ്ങളും അനേകർ കൈപ്പറ്റുന്നുണ്ടെങ്കിലും അവ വേണ്ടത്ര പ്രയോജനപ്പെടുത്തി കാണുന്നില്ല. തെങ്ങിൻതൈ, കമുകിൻതൈ, കുരുമുളക്, വള്ളി, മുതലായ നടീൽ വസ്തുക്കൾ വാങ്ങിയിട്ടുള്ളവർ പലരും അവ നട്ടുപിടിപ്പിച്ചുവോ എന്ന് ആരും അന്വേഷിക്കാറില്ല. വിതരണം ചെയ്യപ്പെടുന്ന വിത്ത്, വളം, കാർഷികോപ കരണങ്ങൾ മുതലായവ പലപ്പോഴും ദുരുപയോഗം ചെയ്യപ്പെടുകയാണ്. ഒരേ ഗുണഭോക്താവ് തന്നെ പലപ്രാവശ്യം നടീൽ വസ്തുക്കൾ വാങ്ങുകയും ഒന്നും തന്നെ നട്ടുപിടിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് ചൂഷണത്തിന്റെ ഭാഗമായിതീർന്നിരിക്കുകയാണ്. കൃഷികൾ പലതും വളരെ അശാസ്ത്രീയമായിട്ടാണ് ചെയ്തു കാണപ്പെടുന്നത്. ഈ വിധത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് പ്രാപ്തിയുള്ള ഒരു സ്ഥാപനമായി കൃഷി ഭവൻ മാറ്റിയെടുക്കേണ്ടതാണ്. മുണ്ടക്കയം കൃഷിഭവനിൽ ഒഴിവുള്ള 3 അഗ്രികൾച്ചറൽ അസ്സിസ്റ്റന്റുമാരുടെ ഒഴിവ് പി.എസ്.സി., എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ്.

ചെറുകിട കർഷകരുടെ ഇടയിൽ ബോധ വത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുവാൻ കഴിയും വിധം കൃഷിഭവനെ സജ്ജമാക്കേണ്ടിയിരിക്കുന്നു. റബ്ബർ ബോർഡിന്റെ ബോധവത്ക്കരണ പരിപാടികൾ മൂലം റബ്ബർ കർഷക മേഖലയിൽ വമ്പിച്ച മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുള്ള കാര്യം ഇവിടെ മാതൃകയാക്കാവുന്നതാണ്.

ചെറുകിട കർഷകരെ വിവിധ രംഗങ്ങളിൽ വിളിച്ചു കൂട്ടി ബോധവത്ക്കരണ പരിപാടികൾ നടത്തുകയും, നൽകപ്പെടുന്ന നടീൽ വസ്തുക്കളും ഉപകരണങ്ങളും പ്രയോജനകരമാം വിധം ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

സഹായം അർഹിക്കുന്ന ചെറുകിട കർഷകർക്ക് ഓരോ പാസ്സുബുക്കുകൾ നൽകേണ്ടതും നൽകപ്പെടുന്ന എല്ലാസഹായങ്ങളും ആ പാസ്സു ബുക്കിൽ കത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

മണ്ണൊലിപ്പു നിവാരണപദ്ധതി (കയ്യാല പദ്ധതി) കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല. അതിൽ ഏർപ്പെടുന്ന ഏജൻസികളുടെ ചൂഷണ മനസ്ഥിതി മൂലം കയ്യാലകൾ എല്ലാം തന്നെ പൊളിഞ്ഞു പോയിരിക്കുന്നു. ഇതിനു പരിഹാരം, കർഷകർ സ്വന്തം പുരയിടങ്ങളിലെ കയ്യാലകൾ സ്വന്തമായി വയ്ക്കുക എന്നതാണ്. പണികൾ പൂർത്തിയായ ശേഷം കയ്യാലകൾ അളന്ന് അതിനുള്ള തുക കൃഷിഭവൻ നൽകണം. പ്രാരംഭ ചെലവിനുള്ള പണം സഹകരണ സംഘങ്ങൾ, ഭൂമിയുടെ ഈടിൻ മേലോ ആൾ ജാമ്യത്തിലോ വായ്പ നൽകട്ടെ. കൃഷിഭവനിൽ നിന്നും കയ്യാല അളന്ന് പണം കിട്ടുന്ന മുറക്ക് സംഘത്തിലെ കടം വീട്ടുകയും ചെയ്യാം.

വീടിന്റെ പരിസരത്ത് കഴിയുമെങ്കിൽ പത്തുസെന്റിൽ കുറയാത്ത സ്ഥലത്ത് റബ്ബർ പോലുള്ള വൃക്ഷങ്ങൾ ഒഴിവാക്കി പകരം തെങ്ങ്, വാഴ, പച്ചക്കറി, പൂച്ചെടികൃഷി ഇവ പ്രോത്സാഹിപ്പി ക്കേണ്ടതാണ്.

ഒരു ഹെക്ടറിൽ താഴെയുള്ള കൃഷിഭൂമിയിൽ തെങ്ങ്, കമുക്, കശുമാവ്, മുളക്കൊടി തുടങ്ങിയ സസ്യങ്ങൾക്ക് ബോർഡോ മിശ്രിതം തളിക്കുന്നതിന് അയൽക്കൂട്ടങ്ങളെ സംഘടിപ്പിക്കുകയും അവരുടെ ഉത്തരവാദിത്തത്തിൽ യന്ത്രോപകരണങ്ങളും രാസവസ്തുക്കളും സബ്സിഡി നിരക്കിൽ നൽകപ്പെടുകയും ചെയ്യേണ്ടതാണ്. തെങ്ങ്, കമുക് ഇവയ്ക്കുണ്ടാകുന്ന കൂമ്പുചീയൽ രോഗത്തിനും കുരുമുളകിനുണ്ടാകുന്ന ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങൾക്കും ഒരേ സമയത്ത് മുഴുവൻ കർഷകർക്കും മരുന്നടിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

നടീൽ വസ്തു വിതരണം.

ഇനം	1993-94	1994-95	1995-96
തെങ്ങ്	370	280-250	1779
കശുമാവ്	-	-	-
കമുക്	-	5700	1760
കുരുമുളക്	12,350	1000	26200
കൊക്കോ	1550	-	200
വാഴക്കണ്	2500	-	1176
മാവ്,ഗ്രാഫ്റ്റ്	120	-	12
പയർ വിത്ത്	8 kg	-	-
കിഴങ്ങുവർഗ്ഗം	100 kg	383 kg	-
പച്ചക്കറിവിത്ത്	700	711	-
പ്ലാവ്	-	-	70
സപ്പോട്ട	-	-	14
മഞ്ഞൾ വിത്ത്	-	-	400 kg

കൃഷിരീതികളിൽ ശാസ്ത്രീയമായ അറിവിന്റെ അഭാവം കൊണ്ട് പുരാതന കൃഷിരീതികൾ സ്വീകരിച്ചിരിക്കുന്നു. പലരും അശാസ്ത്രീയമായ രീതിയിൽ രാസവള പ്രയോഗം നടത്തുന്നതുകൊണ്ടും ജൈവവളത്തിന്റെ ഉപയോഗത്തിൽ കുറവു വരുത്തുന്നതുകൊണ്ടും കൃഷിയിൽ നിന്ന് ലഭ്യമാകാവുന്ന ആദായം ലഭിക്കുന്നില്ല. കൃഷിയിടങ്ങളിൽ കയ്യാലകളും, നീർക്കുഴികളും ആവശ്യമായ തോതിൽ നിർമ്മിക്കുന്നതിനാൽ കൃഷി ഭൂമികളുടെ ഫലഭൂയിഷ്ഠത കുറഞ്ഞു പോകുന്നുണ്ട്. സോയിൽ കൻസർവേഷൻ ഡിപ്പാർട്ടു മെൻറിൽ നിന്നും കോൺട്രാക്റ്റ് വ്യവസ്ഥയിൽ നടപ്പാക്കുന്ന പദ്ധതികൾ കൊണ്ട് ജനങ്ങൾക്ക് ഉദ്ദേശിക്കുന്നത്ര പ്രയോജനം ലഭിക്കുന്നില്ല.

വികലമായ കൃഷിരീതികൾ ഇന്നും നിലനിൽക്കുന്നു അന്നുതന്നെ പറയട്ടെ. ഉദ്പാദനം വർദ്ധിക്കുന്നതിനായി രാസവള പ്രയോഗം അമിതമായി നിലവിൽ വന്നു. അതുമൂലം മണ്ണിലെ ഉപകാരികളായ കീടങ്ങളും വിരകളും സൂഷ്മാണുക്കളും നശിക്കുകയും മണ്ണിന്റെ ഘടനയിൽ മാറ്റം വരുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. രാസവള പ്രയോഗത്തേക്കാളുപരി കൃഷിക്കും മണ്ണിനും അനുയോജ്യമായ ജൈവവള പ്രയോഗം കർഷകർക്കിട.യിൽ പ്രചരിപ്പിക്കുന്നതിന് കൃഷി ഡിപ്പാർട്ടുമെൻറിൽ നിന്നും ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. കമ്പോസ്റ്റ് വശം നിർമ്മാണം പഞ്ചായത്തിൽ ആരംഭിക്കണം. പഞ്ചായത്ത് ഭരണസമിതി ഇപ്പോൾ കണ്ടെത്തിയിട്ടുള്ള VI -ാം വാർഡിലെ സ്ഥലം പഞ്ചായത്ത് ഉടൻ വാങ്ങുകയും അവിടെ കമ്പോസ്റ്റ് വളനിർമ്മാണം. ആരംഭിക്കുകയും വേണം.

റബ്ബറിനുണ്ടാകുന്ന പ്രധാന രോഗങ്ങളായ ചീക്ക്, പട്ടമരപ്പ്, വേരുചീയൽ മുതലായവയും കുരുമുളകിനുണ്ടാകുന്ന ദ്രുതവാട്ടം, പൂപ്പൽ രോഗം എന്നിവയും തെങ്ങിനും കമുകിനും ഉണ്ടാകുന്ന കൂമ്പുചീയൽ, കാറ്റുവീഴ്ച, എന്നിവയും കൃഷിക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഒരു പരിധിവരെ ഇവയെ പ്രതിരോധിക്കാൻ കഴിയുന്നുണ്ടെങ്കിലും പൂർണ്ണമായും ഈ രോഗങ്ങൾക്ക് പ്രതിരോധ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.



ദുരിതാശ്വാസം

കൊടുങ്കാറ്റുമൂലം നാശനഷ്ടം - എണ്ണം.

	റബ്ബർ	തെങ്ങ്	കമുക്	കശുമാവ്	കുലച്ച വാഴ	കുലയ്ക്കാത്ത വാഴ	കൊക്കോ	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്തതുക
1993-94	665	3	29	12	815	504	4	99	25,454
94-95	-	-	-	-	1035	240	-	49	28,785
95-96	669	2	3	2	93	35	-	53	16,195

രോഗങ്ങൾക്കു പുറമേ എല്ലാവിധ കൃഷികൾക്കും ഭീഷിണിയായിട്ടുള്ള ഒരു ഉപദ്രവകാരിയാണ് എലി. എലികളെ ഫലപ്രദമായി നശിപ്പിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഇന്നിപ്പോൾ കൃഷിക്കാർക്കു കഴിയുന്നില്ല. കൃഷിഡിപ്പാർട്ടു മെൻറിൽ നിന്നും വേണ്ട വിധത്തിലുള്ള നിയന്ത്രണോപാദികളും ഉപദേശങ്ങളും ആവശ്യമായ തോതിൽ കർഷകർക്കു നൽകിയാൽ ഇന്നുള്ള വിഭവങ്ങൾ ഇരട്ടിയായി ഉദ്പാദിപ്പാക്കാവുന്നതാണ്.

ആധുനിക രീതിയിലുള്ള റബ്ബർ കത്തികൾ, ടാപ്പിംഗ് ലൈറ്റുകൾ, സ്പ്രെയറുകൾ, ചില്ല്, താങ്ങുകച്ചികൾ, ചിരട്ട, തൊട്ടി, അരിപ്പ, ഡിഷ്, റബ്ബർ റോളറുകൾ എന്നിവ റബ്ബർ ബോർഡുവഴിയും, തെങ്ങുകർഷകർക്ക് ആവശ്യമായ തൂമ്പാ, തെങ്ങുകയറ്റയന്ത്രം, തുരിശ്, കീടനാശിനികൾ, സ്പ്രെയറുകൾ തുടങ്ങിയവ കൃഷി ഡിപ്പാർട്ടു മെൻറുവഴിയും വിതരണം ചെയ്യുന്നുണ്ട്. എങ്കിലും എല്ലാകർഷകർക്കും ഇതിൻെറ പ്രയോജനം ലഭിക്കുന്നില്ല. അർഹതയ്ക്കനുസരിച്ച് വിതരണവും ഉപയോഗവും കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തുതല സമിതികൾ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അർഹരായ കർഷകർക്ക് പമ്പുസെറ്റിന് ആവശ്യമായ വൈദ്യുതി സൗജന്യ നിരക്കിലും കാലതാമസം കൂടാതെയും നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

ഉന്നത ഗുണനിലവാരമുള്ള വിത്തും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നതിന് കൃഷിഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കേണ്ടതാണ്. അതിനായി റബ്ബർ ബോർഡ് അംഗീകാരമുള്ള റബ്ബർ നഴ്സറികളും കൃഷിഭവൻെറ അംഗീകാരമുള്ള മറ്റു നഴ്സറികളും മാത്രം അനുവദിക്കുന്നതാണ് നല്ലത്. അപ്രകാരമുള്ള നേഴസറികളുടെ ലിസ്റ്റുകൾ കൃഷി ഭവനിലും പഞ്ചായത്താഫീസിലും പ്രസിദ്ധീകരിക്കേണ്ടതാണ്. റബ്ബർ ബോർഡും കൃഷിഭവനും വിദഗ്ദ്ധ പരിശോധന നടത്തി മെച്ചപ്പെട്ട ഗുണനിലവാരമുള്ള തൈകൾ മാത്രമേ ഉത്പാദിപ്പിക്കുന്നുള്ളൂവെന്ന് ഉറപ്പു വരുത്തേണ്ടതും അംഗീകാരമുള്ള തൈകൾ മാത്രം വിൽപന നടത്തുവാൻ നിഷ്കർഷിക്കേണ്ടതുമാണ്. അത്തരം നഴ്സറികൾക്ക് ലൈസൻസും കൃഷിഭവൻ / പഞ്ചായത്തുവക സർട്ടിഫിക്കറ്റും ഏർപ്പെടുത്തേണ്ടതും വിപരീതമായി പ്രവർത്തിക്കുന്ന നഴ്സറികളുടെ ലൈസൻസ് റദ്ദുചെയ്യേണ്ടതും മറ്റു ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഉത്പാദനചെലവിന് അനുസൃതമായുള്ള വില ഇന്ന് കർഷകർക്ക് ലഭിക്കുന്നില്ല. ഓരോ വിളവിനും ആവശ്യമായ വില ലഭിക്കുന്നതിനു പകരം വിലയിടിക്കുന്നതിലേയ്ക്ക് ഉപകരിക്കത്തക്ക വിധമുള്ള ഇറക്കുമതി നയം സർക്കാർ അവലംബിച്ചുവരുന്നു. ഇറക്കുമതി അനുവദിക്കുന്നതുകൊണ്ട് വിലനിലവാരം ഉറപ്പിക്കുന്നതിന് സാധിക്കാതെ വരുന്നു. കാർഷികോപകരണങ്ങൾക്ക് ന്യായമായ വില ലഭിക്കായ്കയാൽ പല കർഷക സുഹൃത്തുക്കളും കൃഷികളിൽ നിന്ന് പിന്തിരിയുന്നു.

കാർഷികോത്പന്നങ്ങൾ ദീർഘകാലം കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികോ

പദേശങ്ങൾ കർഷകർക്ക് നല്കണം. റബ്ബർ കൃഷിയുടെ ഈറ്റില്ലമായ മുണ്ടക്കയത്ത് വൻകിട റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ഈ പഞ്ചായത്തിൽ പൊതുമേഖലയിലോ സഹകരണ മേഖലയിലോ ഇതിനുള്ള വ്യവസായ സ്ഥാപനങ്ങൾ നിർമ്മിച്ചാൽ ന്യായമായ വില റബ്ബറിനു ലഭ്യമാകും എന്നതിന് തർക്കമില്ല.

കുരുമുളക്, കൊക്കോ, കാപ്പി, എന്നീ വിളകൾക്ക് ന്യായമായ തറവില സർക്കാർ നിശ്ചയിക്കേണ്ടതാണ്. ഒരു വിപണന സഹകരണ സംഘം മുണ്ടക്കയത്ത് രൂപീകരിച്ച് വിപണന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഇടനല്കേണ്ടതാണ്.

കർഷകർക്കുണ്ടാകുന്ന ഭാരിച്ച കൃഷിച്ചെലവ് പരിഗണിച്ച് ആവർത്തന കൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും വിതരണം ചെയ്യുകയും വേണം. റബ്ബർ കൃഷിക്കുനൽകുന്ന സബ്സിഡി ഹെക്ടറിന് 8000/- രൂപാമാത്രമാണ്. കൃഷിച്ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ ഇതു വളരെ കുറവാണ്. സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. മറ്റുകൃഷികളെ പ്രോത്സാഹിപ്പിക്കുന്നതിന് അവയ്ക്കും സബ്സിഡി പോലെയുള്ള സാമ്പത്തിക സഹായങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

റബ്ബർ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ കൂടുതൽ ഗുണമേന്മയുള്ളതായി നിർമ്മിക്കുന്നതിന് പരിശീലനം നല്കണം. ആധുനിക രീതിയിലുള്ളതും ശാസ്ത്രീയവും ചെലവുകുറഞ്ഞതുമായ പുകപ്പുരകൾ ലഭ്യമാക്കുകയും അതിന് സബ്സിഡി നൽകേണ്ടതാണ്.

ഇന്ന് ചെറുകിട കർഷകർക്ക് ആവശ്യമായ കർഷക തൊഴിലാളികളെ ലഭിക്കുന്നില്ല. മറ്റു മേഖലകളിൽ ഉയർന്ന കൂലി ലഭ്യമാക്കുന്നതുമൂലം തൊഴിലാളികൾ പ്രസ്തുത രംഗത്തേയ്ക്ക് മാറുന്നതാണ് ഇതിനു പ്രധാനകാരണം. ഉയർന്ന നിരക്കിലുള്ള കൂലി നല്കുന്നതിന് ഉത്പന്നങ്ങൾക്ക് ആവശ്യമായ വില ലഭിക്കുന്നുമില്ല.

ഈ പഞ്ചായത്തിൽ 370 ഹെക്ടർ വനഭൂമിയുള്ളതായി വില്ലേജ് റിക്കാഡുകളിൽ കാണുന്നു. ടി ഭൂമിയിൽ തേക്ക്, ഇലവ്, ഇവ കൃഷിചെയ്തിരിക്കുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിലും കൃഷിഭവൻെറ സഹകരണത്തോടെയും 200 ഹെക്ടർ സ്ഥലത്ത് വൻതോതിൽ ഔഷധച്ചെടികൾ കൃഷി ചെയ്യാവുന്നതാണ്. രാജ്യത്തെ ഔഷധനിർമ്മാണ വ്യവസായത്തിന് വലിയ മുതൽ കൂട്ടാകുന്ന ഈ സംരംഭം നൂറുകണക്കിന് ആളുകൾക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുകയും ചെയ്യും.

ശേഷിക്കുന്ന 170 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്തണം. ഇവയ്ക്ക് അനുകൂലമായ കാലാവസ്ഥയാണ് ടി വനഭൂമിയിലുള്ളത്. കൂട്ടായ ഒരു ശ്രമത്തിലൂടെ ഈ രംഗത്ത് ഫലപ്രദമായ നിലയിൽ മനുഷ്യശേഷി പ്രയോജന പ്പെടുത്തുവാൻ കഴിയും കറവ വറ്റിയതുൾപ്പെടെയുള്ള കന്നുകാലികളെ തീറ്റുന്നതിന് ഇവിടെയുള്ള പുൽകൃഷിയുടെ കുറെ ഭാഗം ഉപയോഗിക്കാവുന്നതാണ്. ഈ വനഭൂമിയിലെ മണ്ണൊലിപ്പു തടയുന്നതിനും ഇത്തരം കൃഷി സഹായകമാണ്.

തെങ്ങിൻ തടികൊണ്ട് ഫർണീച്ചർ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഇവ നിർമ്മിക്കുന്നതിലേക്ക് ഫാക്ടറികൾ ആരംഭിക്കാവുന്നതാണ്. റബ്ബർത്തടി സംസ്ക്കരണ യൂണിറ്റ് മുണ്ടക്കയത്ത് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ഏറെയാണ്.

നിലവിലുള്ള കർഷകസംഘങ്ങൾ വഴി റബ്ബർ പാൽ ശേഖരിച്ച് ഒന്നാം ഗ്രേഡ് റബ്ബർ ഷീറ്റ് ഉത്പാദിപ്പിക്കുന്നതിന് ഒരു സ്ഥാപനം മുണ്ടക്കയത്ത് ആരംഭിക്കാവുന്നതാണ്. ഇതിന് വിപുലമായ സാദ്ധ്യതകളുണ്ട്.

റബ്ബർ കൃഷി മെച്ചപ്പെടുത്തുന്നതിന് മണ്ണും ഇലയും പരിശോധിക്കുന്ന സംവിധാന സൗകര്യം വിപുലമാക്കണം. സഹകരണ മേഖലയിൽ നിന്ന് കൃഷിഭവൻ മുഖേന കൊടുക്കുന്ന വായ്പാതുക ശരിയാംവണ്ണം കർഷകർ ഉപയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നീർമറി പ്രദേശങ്ങളായി അറിയപ്പെടുന്ന മാങ്ങാപ്പട്ട, 14-ാം വാർഡിൽ പെട്ട കേരുത്തോട്, രണ്ടും മൂന്നും വാർഡുകളോട് ബന്ധുപ്പെട്ടു കിടക്കുന്ന ചാണ്ണത്തോട് ഇവിടങ്ങളിൽ നിന്ന് ഒഴികിപ്പോകുന്ന മഴവെള്ളവും മണ്ണും സംരക്ഷിക്കുവാൻ തടയണകൾ നിർമ്മിച്ച് അവയുടെ പരിസര പ്രദേശങ്ങളിൽ ഔഷധച്ചെടികളും പൈനാപ്പിൾ, തഴക്കൈത, ഈറ,

മുള, മറ്റുവൃക്ഷങ്ങൾ തുടങ്ങിയവയും വച്ചുപിടിപ്പിച്ചാൽ ഈർപ്പം നിലനിറുത്താനും മണ്ണൊലിപ്പ് തടയുവാനും കഴിയുന്നതാണ്. ഇവിടെ നിന്നും ലഭിക്കുന്ന ഈറ, മുള, ഇവയൊക്കെ വ്യവസായിക പ്രാധാന്യമുള്ളവയാണ്.

അയൽ കൂട്ടങ്ങളായി ചേർന്ന്, അടുക്കളയിൽ നിന്ന് വീഴുന്ന അവശിഷ്ഠങ്ങൾ ഉപയോഗിച്ച് വീട്ടുവളപ്പിൽ സൗകര്യ സ്ഥലങ്ങൾ കണ്ടെത്തി കുഴികൾ നിർമ്മിച്ച് പച്ചക്കറി കൃഷിയ്ക്കെങ്കിലും ഉപകരിക്കത്തക്കവിധം കമ്പോസ്റ്റുവളം നിർമ്മിക്കാൻ ശ്രദ്ധിക്കണം. ഇതിനാവശ്യമായ ബോധവത്ക്കരണം ഗ്രാമസഭകളിലൂടെ നടത്തണം.

നിർദ്ദിഷ്ട പരിപാടികളുടെ നടത്തിപ്പിന് ഏറ്റവുമധികം ബന്ധപ്പെടുകയും സഹകരിക്കുകയും സഹായിക്കുകയും ചെയ്യേണ്ട സ്ഥാപനമാണ് കൃഷിഭവൻ. കൃഷിഭവന്റെ പ്രവർത്തനത്തിനാവശ്യമായി പുത്തൻ ചന്തയിൽ പഞ്ചായത്തധീനതയിലുള്ള സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ നടപ്പാക്കുന്നോടുകൂടി ഈ പഞ്ചായത്തിലെ കാർഷിക മേഖലയിൽ വിപുലമായ നേട്ടങ്ങളും നവോത്ഥാനങ്ങളും പ്രതീക്ഷിക്കാം.





ജലസേചനം.

പഞ്ചായത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ ഇവയെപ്പറ്റി അന്യത്ര പ്രതിപാദിച്ചിട്ടുണ്ടല്ലോ. കുന്നുകളും, കുന്നിൻ ചെരുവുകളും അവയുടെ അടിവാരങ്ങളും ചേർന്നുള്ള ഭൂപ്രകൃതി. ആണ്ടിൽ രണ്ടവസരങ്ങളിലായി സമൃദ്ധമായ മഴ നമ്മുടെ നാടിന് ഒരനുഗ്രഹ വർഷം തന്നെയാണെങ്കിലും മഴവെള്ളം ഏറിയപങ്കും കുന്നിൻ ചെരുവുകളിലൂടെ ഒഴികിയിറങ്ങി പടിഞ്ഞാറൻ സമതല ഭൂമിയിൽ എത്താൻ മണിക്കൂറുകൾ മതിയാകും. ഇതുമൂലം ജൈവാംശ സമൃദ്ധമായ മേൽമണ്ണ് മുഴുവൻ ഭീമമായ തോതിൽ ഒലിച്ചു പോകുന്നു. ഇതു നമ്മുടെ നാട്ടിലെ കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠതയെ പ്രതികൂലമായി ബാധിക്കുന്നു. ഭൂമിയുടെ ആഴത്തിലേയ്ക്ക് വെള്ളം ഇറങ്ങി ചെല്ലാത്തതിന്റെ ഫലമായി നീരുറവകളുടെ ശക്തി കുറഞ്ഞു പോവുകയും മഴക്കാലം അവസാനിക്കുന്നതോടെ മണ്ണിന്റെ ജലാംശം നഷ്ടപ്പെടുകയും സസ്യങ്ങൾക്ക് ആവശ്യമുള്ളത്ര ജലം മണ്ണിൽ നിന്ന് ലഭിക്കാതെ വരികയും ചെയ്യുന്നു. ഇങ്ങനെ സസ്യങ്ങൾക്ക് ആവശ്യമായ ജലം ലഭിക്കാതെ വരുമ്പോൾ അവയ്ക്ക് കൃത്രിമ മാർഗ്ഗങ്ങളിലൂടെ ജലം എത്തിച്ച് നനയ്ക്കുന്ന സമ്പ്രദായമാണ് ജലസേചനം. മഴയിൽ നിന്ന് ലഭിക്കുന്ന സ്വഭാവിക ജലം ഒഴുകി പോയി നഷ്ടപെടാതിരിക്കാൻ കർഷകർ പുരാതനകാലം മുതൽ സ്വീകരിച്ചുവന്നിരുന്ന ചില മാർഗ്ഗങ്ങൾ നമുക്ക് സുപരിചിതമാണ്. ചരിഞ്ഞ കൃഷി നിലങ്ങളിൽ കയ്യാലകൾ കെട്ടി, തട്ടുകളായി തിരിച്ച് മഴവെള്ളം അവിടെ തന്നെ മണ്ണിൽ താഴുവാൻ അവസരമുണ്ടാക്കുന്നതാണ് അവയിലൊന്ന്. കൃഷിസ്ഥലത്ത് കുഴികളോ, കാനകളോ നിർമ്മിച്ച് ഒഴുകി വരുന്ന വെള്ളം അവയിൽ വന്ന് വീണ് മണ്ണിനടിലേയ്ക്ക് താഴുവാൻ അനുവദിക്കുന്നതാണ് മറ്റൊരുമാർഗ്ഗം. ഇവിയെ ജലസേചനം എന്ന പദംകൊണ്ട് വിവക്ഷിക്കാൻ പാടില്ലെന്നിരുന്നാലും ഫലത്തിൽ കൃഷിഭൂമിയിലെ ജലാംശം കൂടുതൽ നഷ്ടപ്പെടാതെ പിടിച്ചുനിർത്തുവാൻ ഉപകരിക്കുന്നതാണ് ഈ രണ്ടു സംവിധാനങ്ങളും.

കൃഷിസ്ഥലങ്ങളിൽ കിണറുകളും കുളങ്ങളുംമറ്റും നിർമ്മിച്ച് അവയിൽ നിന്ന് വെള്ളം കോരി ഒഴിച്ചും തേകിയൊഴിച്ചും ജലസേചനം നടത്തിയിരുന്ന സമ്പ്രദായവും നമ്മുടെ കാർഷിക മേഖലയ്ക്ക് അന്യമല്ല. എന്നാൽ ഈ വക സംവിധാനങ്ങൾ ഒന്നും തന്നെ വ്യാപകമായ ജലസേചനോപാദികളല്ല. കുളങ്ങളിലും കിണറുകളിലും വേണ്ടയളവിൽ വെള്ളം ലഭിച്ചു എന്നുവരില്ല. ലഭിച്ചിരുന്നാൽ തന്നെയും വളരെ പരിമിതമായ പരിധിയിൽ മാത്രമേ ഇവ പ്രയോജനപ്പെടുന്നുമുള്ളൂ.

എന്നാൽ പതിനായിരക്കണക്കിന് ഹെക്ടർ വിസ്തൃതിയിലുള്ള അതിവിശാലമായ കൃഷിഭൂമികളിൽ ആവശ്യത്തിനു മാത്രം ജലം എത്തിക്കാൻ കഴിയുന്ന നൂനത സമ്പ്രദായങ്ങൾ കണ്ടെത്തി, മരുഭൂമികളെപ്പോലും വിളഭൂമികളും മലർവാടികളുമാക്കിതീർക്കാൻ ആധുനിക മനുഷ്യനു കഴിഞ്ഞിരിക്കുന്നു. ഒഴുകിപ്പോകുന്ന നദീജലത്തെ അണക്കെട്ടുകൾ, ചെക്ക്ഡാമുകൾ ഇവ കൊണ്ട് തടഞ്ഞുനിർത്തി കനാലുകളിലും കൈത്തോടുകളിലും കൂടി ഒഴുക്കി കൃഷിനിലങ്ങളിൽ എത്തിച്ച് കൃഷി നനയ്ക്കുന്ന സമ്പ്രദായങ്ങൾ നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇവ ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.

ഇത്തരം ബൃഹത് പദ്ധതികൾ ദേശീയ-സംസ്ഥാന തലങ്ങളിൽ രൂപം കൊള്ളുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ പരിതിലൊതുങ്ങി നിന്നു ചിന്തിക്കുമ്പോൾ കിണറുകളും കുളങ്ങളും നമ്മുക്കു തള്ളിക്കളയാനാവില്ല. വെള്ളം കിട്ടാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കുളങ്ങളും കിണറുകളും കുഴിച്ച് അവയിലെ ജലം പമ്പുകളുപയോഗിച്ച് കൃഷിസ്ഥലങ്ങളിലെത്തിച്ച് ജലസേചനം നിർവ്വഹിക്കാം.

ഇതിനു വേണ്ട പ്രായോഗിക നിർദ്ദേശങ്ങളും സാമ്പത്തിക സഹായവും കൃഷി വകുപ്പിലൂടെ നൽകിയാൽ മാത്രമേ നമ്മുടെ ചെറുകിട, ഇടത്തരം കർഷകർക്ക് ഇത് സാധ്യമാവുകയൊള്ളൂ. നമ്മുടെ പഞ്ചായത്തിലെ ഭൂമിയുടെ സ്വഭാവവും കാലാവസ്ഥയു മറ്റുമനുസരിച്ച് നോക്കുമ്പോൾ ഈ പ്രദേശം റബ്ബർ കൃഷിക്കു പറ്റിയതാണ്. ഇത് ഒരു തോട്ടവിള യാണെങ്കിലും ഒരേക്കറും അതിൽ താഴെയും ഭൂമിയുള്ള ചെറുകിട കർഷകർ പോലും അവരുടെ സ്ഥലം റബ്ബർ കൃഷിക്ക് ഉപയോഗിച്ചുകാണുന്നു. റബ്ബറിന് ജലസേചനത്തിന്റെ ആവശ്യം സാധാരണ ഗതിയിൽ ഉണ്ടാകുന്നില്ല. തെങ്ങ്, കമുക്, കുരുമുളകുകൊടി, കൊക്കോ, നെല്ല് ഇത്യാദി ജലസേചനം ആവശ്യമായിട്ടുള്ള കൃഷികൾ ഇവിടെ നന്നേകുറവാണുതാനും. ഈ സവിശേഷതകൾ കണക്കിലെടുക്കുമ്പോൾ തീർച്ചയായും നമ്മുടെ പഞ്ചായത്തിൽ ചെറുകിട ജലസേചന പദ്ധതികൾ ക്കാണ് മുൻഗണനയും സാദ്ധ്യതയും.

കിണർ, കുളം ഇവ പ്രയോജനപ്പെടുത്തുന്നതിനെ പ്പറ്റി സൂചിപ്പിച്ചുവല്ലോ. നമ്മുടെ കൃഷിഭവനിലൂടെ ഒട്ടേറെ കിണറുകളും കുളങ്ങളും പമ്പുസെറ്റുകളും അനുവദിച്ചുകൊടുക്കുകയും അതിനുള്ള സാമ്പത്തികാ നുകൂല്യം നല്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതൊന്നും ലക്ഷ്യത്തിലെത്തിയിട്ടില്ല. ജലസേചനത്തി നല്ല, പ്രത്യുത ഗാർഹികാവശ്യങ്ങൾക്കാണ് ഇവ പ്രയോജനപ്പെടുത്തുന്നത്. കാർഷികാവശ്യം എന്നുള്ളത് കിണറുകളും പമ്പു സെറ്റുകളും അനുവദിച്ച് ആനുകൂല്യങ്ങൾ ലഭിക്കുന്നതിലേയ്ക്കുള്ള ഒരു മറയായി മാത്രം ഉയർത്തി പിടിച്ചിരിക്കുന്നു. ഇതിന്റെ മറവിൽ നടക്കുന്ന അഴിമതി ഒട്ടും ചെറുതല്ല. ബ്ലോക്കിൽ നിന്നും പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം വാങ്ങി നിർമ്മിച്ചിട്ടുള്ള കിണറുകളും കുളങ്ങളും കണ്ടെത്തി അവ ജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് ശ്രദ്ധിക്കണം. നമ്മുടെ കിണറുകളിലും കുളങ്ങളിലും നിന്ന് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ഇതിനുള്ള പ്രധാനകാരണം ഭൂഗർഭ ജലം അധികമായി ചൂഷണം ചെയ്യുന്ന കുഴൽ കിണർ സമ്പ്രദായവും നീരൊഴുക്കിനെ തടഞ്ഞ് നിയന്ത്രിക്കാൻ ശ്രദ്ധിക്കാത്തതും, അശാസ്ത്രീയമായ മണൽ വാരലും മറ്റുമാണ്. കുഴൽ കിണറുകളുടെ എണ്ണം നിയന്ത്രിക്കണം. വെള്ളം ഒഴികിപ്പോയി നഷ്ടപ്പെടാതെ മണ്ണിൽ താഴുവാൻ അവസരം സൃഷ്ടിക്കണം. കയ്യാലകൾ, കാനകൾ, കുഴികൾ, ഇവ മുലമുള്ള നിയന്ത്രണ രീതികൾ അന്യത്ര വിശദമാക്കിയിട്ടുണ്ട്. ആറ്റിലെ മണൽ അമിതമായി വാരിയെടുക്കുന്നതുമൂലം നദീതടം കൂടുതൽ താണുപോകുന്നു. ഇക്കാരണത്താൽ സമീപ പ്രദേശങ്ങളിലെ മണ്ണിലെ ഈർപ്പം വലിഞ്ഞു പോവുകയും കിണറുകളിലേയും മറ്റ് ജലാശയ ങ്ങളിലേയും ജലനിരപ്പ് താണുപോവുകയും ചെയ്യുന്നു. ആയതുകൊണ്ട് തോട്ടിലേയും ആറ്റിലേയും മണൽ വാരൽ ഒരു പരിധി വരെ നിയന്ത്രണ വിധേയമാക്കേ ണ്ടതാണ്.

മുണ്ടക്കയം പഞ്ചായത്തിൽ 10, 11 വാർഡുക ളിലായി ഓരോ ചെറിയ ചെക്ക്ഡാമുകൾ ഉണ്ട്. ഈ ഡാമുകൾ കാർഷികമേഖയിലേയ്ക്ക് യാതൊരു പ്രയോജനവും ചെയ്യുന്നില്ല.


പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള തോടുകളിലും അഴുത മണിമലയാറുകളിലും ചില പ്രത്യേക പ്രദേശങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലം പമ്പ്ചെയ്ത് തെങ്ങ്, കൊക്കോ, പച്ചക്കറികൾ, മുതലായ കൃഷികൾക്ക് ജലസേചനം നടത്തുന്നതിനും ചെക്കുഡാമിന്റെ സമീപത്തുള്ള മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതിനു സാധിക്കും. ചെക്കു ഡാമുകൾ ആവശ്യം വേണ്ടുന്ന സ്ഥലങ്ങളിൽ വേണ്ടുന്ന വീതിയിൽ പണിതാൽ ചെറു വാഹന ഗതാഗതത്തിന് ഇത് ഉപകരിക്കുകയും ചെയ്യും.



ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ പുല്ലക്കയാറ്റിൽ വേലനിലം ഭാഗത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുക.
2. രണ്ടാം വാർഡിലും മൂന്നാം വാർഡിലുമായി പൈങ്ങനാ തോട്ടിൽ നാല് ചെക്ക്ഡാം നിർമ്മിക്കുക.
3. നാലാം വാർഡിൽ പെരുമ്മുഴി കയത്തിൽ നിന്നും ജലം പമ്പ് ചെയ്ത് പോത്തമലയിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തിയാൽ ടി വാർഡിലെ കർഷകരുടെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.
4. അഞ്ചാം വാർഡിൽ പഞ്ചായത്തുവക സ്ഥലത്തുള്ള വലിയ കുളം വൃത്തിയാക്കി, അമ്പലക്കുളത്തിൽ ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് വിതരണം നടത്തിയാൽ ഇഞ്ചിയാനി, വട്ടക്കാവ് ഭാഗങ്ങളിൽ കൃഷിക്ക് ഉപകരിക്കാവുന്നതാണ്. മണിമലയാറ്റിൽ വള്ളക്കടവു ഭാഗത്തുള്ള കയത്തിൽ നിന്നും ജലം പമ്പുചെയ്ത് വട്ടക്കാവ് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്താവുന്നതാണ്.
5. ആറാം വാർഡിൽ നെടുംതോട്ടിൽ തടയണ നിർമ്മിക്കുക.
6. ഏഴാം വാർഡിൽ 35 -ാ0 മൈൽ ഭാഗത്ത് ആഴക്കുളവും ഒരു വലിയ കിണറും നിർമ്മിക്കുക.
7. 8 -ാ0 വാർഡിൽ കാനമല ഭാഗത്ത് സർക്കാർ വക തേക്കിൻ കൃഷിയോട് ചേർന്ന് ഒരു വലിയ കുളം നിർമ്മിച്ച് ജലം പമ്പു ചെയ്ത് അമ്പലക്കുളത്തിൽ ടാങ്ക് നിർമ്മിച്ച് ജല വിതരണം നടത്താവുന്നതാണ്.
8. 1. കണ്ണിമല വാർഡിൽ (പഴയ ഷാപ്പുപടിക്കൽ) പുത്തൻ പുരയ്ക്കൽ പടിക്കൽ ഒരു കിണർ നിർമ്മിക്കണം.
   2. പേരുത്തോട്ടിൽ തടത്തിൽ പടിക്കൽ ഒരു ചെക്ക് ഡാം നിർമ്മിക്കണം. ഈ ചെക്ക്ഡാം ചെറു വാഹന ഗതാഗതത്തിന് ഉപകരിക്കത്തക്ക വീതിയിൽ പണിതാൽ എരുർമലക്ക് ഒരു എളുപ്പവഴിയാകും.
   3. കണ്ണിമല ഉറുമ്പിൽ പാലം റോഡിൽ മഞ്ഞാടിപറമ്പിൽ ഒരു കുളം നിർമ്മിച്ച് ജലം പമ്പ് ചെയ്ത് ഇല്ലിക്കൽ കോളനിയിലെത്തിച്ചാൽ പച്ചക്കറി കൃഷിക്കും മറ്റും ഉപയോഗിക്കാവുന്നതാണ്.
   4. മഞ്ഞക്കുരുവി തോട്ടിൽ തുരിത്തിമുകം പടിക്കൽ ഒരു തടയണ നിർമ്മിക്കണം.
9. പത്താം വാർഡിൽ നിലവിലുള്ള കുളം വൃത്തിയാക്കി ജല വിതരണം നടത്തി കൃഷിയാവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.
10. മഞ്ഞക്കുരുവി തോട്ടിൽ ചെക്കുഡാം നിർമ്മിക്കണം.
11. 13 ാം വാർഡിൽ നിലവിലുള്ള പി. എച്ച്. ഇ. ഡി. കുളം വലുപ്പപ്പെടുത്തി കൃഷി ആവശ്യത്തിന് ജലം പമ്പ് ചെയ്ത് നൽകണം.
12. 11 ാം വാർഡിൽ പുളിന്താനം പടിക്കൽ ഒരു ചെക്ക്ഡാം നിർമ്മിക്കണം പള്ളിപ്പടിക്കൽ വെള്ളിയാനി തോട്ടിൽ ചെറിയ ചെക്ക്ഡാം നിർമ്മിച്ച് പത്തേക്കർ ഭാഗത്ത് ജലം പമ്പുചെയ്ത് എത്തിച്ചാൽ ടി ഭാഗത്തെ കർഷകരുടെ കൃഷിയെ രക്ഷിക്കാൻ കഴിയും.
13. 15 ാ0 വാർഡിൽ അഴുതലയാറ്റിൽ തൂക്കുപാലത്തിനു സമീപം ചെക്ക്ഡാം നിർമ്മിച്ച് ജലം പമ്പ് ചെയ്ത് ഇടിവെട്ടും പാറയിൽ ടാങ്ക് നിർമ്മിച്ച് ജല വിതരണം നടത്തുക. ഇത് 11 മുതൽ 15 വരെയുള്ള വാർഡുകളിലെ കൃഷിക്ക് ഉപകരിക്കും.

    ഇത്തരത്തിലുള്ള ചെറുതും വലുതുമായ ജലസേചന പദ്ധതികൾ മൂലം കർഷകരുടെ കൃഷിഭൂമിയിൽ ജലമെത്തിച്ചാൽ കൃഷി മെച്ചപ്പെടുത്തുന്നതിന് കഴിയും. വീട്ടമ്മമാർക്ക് പ്ലാസ്റ്റിക്ക് ചാക്കുകളിൽ മണ്ണു നിറച്ചും വീട്ടു മുറ്റത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കുവാൻ സാധിക്കും.



5.2

മൃഗസംരക്ഷണം.

വനാന്തർ ഭാഗങ്ങളിൽ വന്യമൃഗങ്ങളിൽ നിന്നും രക്ഷപെടുന്നതിന് വേണ്ടി ഗുഹകളിലും വൃക്ഷശിഖരങ്ങളിലും സങ്കേതങ്ങൾ കണ്ടെത്തി ജീവിച്ച ആദി മനുഷ്യർ വിശപ്പടക്കുവാൻ കാട്ടിലെ കായ്കനികളും കാട്ടുകിഴങ്ങുകളും ഉപയോഗിച്ചിരുന്നു. കാനന ചോലകളും കാട്ടരുവികളും അവരെ വളരെയേറെ ആകർഷിച്ചിരുന്നു. അവിടെ കണ്ടെത്തിയ പ്രായേണ നിരുപദ്രവകാരികളും ശാന്തസ്വഭാവികളുമായ ജീവികളെകൊന്ന് അവയുടെ മാംസം ഭക്ഷിക്കുന്ന സ്വഭാവവും മനുഷ്യരിൽ വളർന്നുവന്നു. ഒറ്റയ്ക്കു നേരിടുവാനും കീഴടക്കുവാനും കഴിയാതിരുന്ന മൃഗങ്ങലെ സംഘടിതമായി വേട്ടയാടി പിടിക്കാനും അവയുടെ മാംസം പങ്കിട്ടെടുത്തു ഭക്ഷിക്കാനും അവർ താത്പര്യം കാണിച്ചു. ഒത്തുചേരലിന്റെയും സഹകരിച്ചുള്ള പ്രവർത്തനത്തിന്റെയും ആരംഭം ഒരുപക്ഷേ അവിടെ തുടങ്ങിയിരിക്കാം. കാട്ടിലെ കായ്കനികളും കാട്ടുമൃഗങ്ങളുടെ മാംസവും ആവശ്യത്തിന് മതിയാകെ വരികയും സസ്യങ്ങൾ നട്ടുവളർത്തി ഭക്ഷ്യോൽപാദനം സാധ്യമാക്കാനെന്നു കണ്ടുപിടിക്കുകയും ചെയ്തപ്പോൾ അവിടെ കൃഷിയുടെ ആരംഭം കുറിക്കപ്പെട്ടു. ചെറിയ ചെറിയ കൂട്ടങ്ങളായി (യൂഥങ്ങൾ) കഴിഞ്ഞിരുന്ന മനുഷ്യർ, അവരോടു കൂടുതൽ അടുക്കുകയുംപരിചയം നടിക്കുകയും ചെയ്ത പല ജന്തുക്കളേയും ഭക്ഷണംകൊടുത്തും മറ്റും സ്വാധീനിച്ച് ഇണക്കിവളർത്താൻ തുടങ്ങിയിരിക്കാം. അങ്ങനെ പക്ഷിമൃഗാദികളെ വളർത്തുന്ന സ്വഭാവം മനുഷ്യരിൽ വളർന്നുവന്നു. കൃഷിക്കു പറ്റിയ ഭൂമി നദീതീരങ്ങളാണെന്നും പക്ഷിമൃഗാദികൾക്ക് ആവശ്യത്തിന് ആഹാരത്തിനും വെള്ളത്തിനുമുള്ള സാദ്ധ്യത അവിടെയാണെന്നും മനസ്സിലാക്കിയ മനുഷ്യർ നദീതീരങ്ങൾ കേന്ദ്രീകരിച്ചു താമസമാരംഭിച്ചു. വന്യമൃഗാക്രമണങ്ങളിൽ നിന്നും രക്ഷനേടുന്നതിനുവേണ്ടി അവിടെയും അവർ ഒരുമിച്ചുതന്നെ നിന്നു. യൂഥ ബന്ധക്രമങ്ങൾ അവസാനിക്കുകയും കുടുംബങ്ങൾ രൂപപ്പെടുകയും ചെയ്തതോടെ സ്വകാര്യ സ്വത്തു സമ്പാദനത്തിന് ആരംഭമായി. ഓരോ കുടുംബത്തിനും സ്വന്തമായ കൃഷിയിടം, വീട്, മൃഗസമ്പത്ത് എന്നിങ്ങനെ സ്വകാര്യ സമ്പാദ്യ വ്യവസ്ഥ കൂടുതൽ ദൃഢതരമായി. കുടുംബങ്ങൾ കൂടുതൽ കൂടുതൽ കൃഷിയിലേർപ്പെട്ടു. മൃഗങ്ങളെ പുഷ്ടിപ്പെടുത്തി. അങ്ങനെ കൃഷിയും മൃഗസംരക്ഷണവും പരസ്പര പൂരകങ്ങളായി അടിക്കടി അഭിവൃദ്ധിപ്പെട്ടു.

നമ്മുടെ നാട്ടിൽ പലതരം മാംസത്തിനു വേണ്ടി നാം ആട്, എരുമ, പശു, എന്നിവയെ വളർത്തുന്നു. കാളകളേയും പോത്തിനേയും വണ്ടി വലിക്കുന്നതിനും കൃഷി നിലങ്ങൾ ഉഴുന്നതിനും ഉപയോഗിച്ചിരുന്നു. എന്നാൽ സ്ഥലം ഉഴുന്നതിനുള്ള ട്രാക്ടറുകളുടെ കണ്ടുപിടുത്തവും അതിന്റെ വ്യാപകമായ ഉപയോഗവും മൂലം പഴയ രീതിയിലുള്ള കലപ്പയും കാളയും പോത്തുമെല്ലാം രംഗത്തുനിന്നും നിഷ്ക്രമിച്ചു കഴിഞ്ഞു. നമ്മുടെ പഞ്ചായത്തിൽ ഒരിടത്തും തന്നെ ആടുമാടുകളെ വളർത്തൽ ജീവനോപാധിയായി സ്വീകരിച്ചു കഴിയുന്നവർ ഇല്ലെന്നു തന്നെ പറയാം. ഏറിയാൽ രണ്ടോ മൂന്നോ പശുക്കൾ അല്ലെങ്കിൽ എരുമകൾ. നാലോ അഞ്ചോ ആടുകൾ ചുരുക്കം ചില

വീടുകളിൽ കണ്ടെന്നുവരാം. ആടുമാടുകളുടെ വൻതോതിലുള്ള വളർത്തലിനു സഹായകമാകത്തക്ക വിസ്തൃതമായ മേച്ചിൽ സ്ഥലങ്ങൾ നമ്മുടെ നാട്ടിലില്ല. പുല്ല്, വൈക്കോൽ മറ്റു കാലിത്തീറ്റകൾ എന്നിവയ്ക്ക് വമ്പിച്ച വില കൊടുത്താലേ കിട്ടൂ.

വളർത്തു മൃഗങ്ങളും പക്ഷികളും.

ആണ്ട്	1970	1987	1996
പശു	1675	2963	3115
കന്നുകാലി	1456	2900	3415
എരുമ	215	172	184
കാള	1050	715	465
ആട്	2121	3065	3110
കോഴി	29815	26459	28380
താറാവ്	-	864	604
മുയൽ	-	815	873
പന്നി	-	672	749
പട്ടി	3206	3628	3600
ആന	-	5	3

കാലിത്തീറ്റയുടെ വില വർദ്ധനവും പുല്ല്, വൈക്കോൽ എന്നിവ സുലഭമായി ലഭിക്കാത്തതും കാലിവളർത്തൽ വിപുലീകരിക്കുന്നതിനു തടസ്സമായി നിൽക്കുന്നു. കാലി വളർത്തൽ മാത്രം ഉപജീവനമാർഗ്ഗമായി കഴിയുന്നവർ വിരളമാണ്. അതിനുള്ള പ്രധാന കാരണം ഉത്പാദകന് ന്യായമായ വില ഉത്പന്നങ്ങൾക്ക് ലഭിക്കുന്നില്ല എന്നുള്ളതാണ്. രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കും ഫലപ്രദമായ സൗകര്യങ്ങൾ ഉണ്ടെങ്കിലും മൃഗസംരക്ഷകരെ സംബന്ധിച്ചിടത്തോളം മൃഗാശുപത്രികൾ വിദൂരത്താണ്. കാലി വളർത്തൽ കൂടുതൽ ഉള്ള മേഖലകളിൽ മൃഗാശുപത്രികൾ സ്ഥാപിച്ച് ഇതിനൊരു പരിഹാരം കാണേണ്ടതാണ്.

കോഴിമുട്ടയുടേയും ഇറച്ചിയുടേയും കുറവു നികത്താൻ അന്യസംസ്ഥാനങ്ങളെയാണ് നാം കൂടുതലും ആശ്രയിക്കുന്നത്. താറാവ് കൃഷിക്ക് അനുയോജ്യമായ സാഹചര്യങ്ങളല്ല നമ്മുടെ പഞ്ചായത്തിലുള്ളത്. കോഴിയിറച്ചി ഉത്പാദിപ്പിക്കുന്നതിനു വേണ്ടത്ര ഫാമുകളും ഇല്ല. പന്നി, മുയൽ എന്നിവയേയും വ്യാവസായികമായി ഉത്പാദിപ്പിക്കുന്നതിന് കഴിയുന്നില്ല. ആട് വളർത്തലിന് സാദ്ധ്യമായ മുഴുവൻ സാഹചര്യങ്ങളേയും ഉപയോഗിക്കുന്നില്ല.

പഞ്ചായത്തിലെ ജനങ്ങൾ മാംസം ആവശ്യത്തിന് ഉപയോഗിക്കുന്നില്ല. മാംസത്തിന്റെ ലഭ്യതക്കുറവും അമിതമായ വിലയും ഇതിന് കാരണമാണ്. നമ്മുടെ ഉപഭോഗത്തിന് ആവശ്യമായ പാൽ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. ഈ കുറവ് നികത്താൻ വിവിധ ഏജൻസികളെ നമ്മൾ ആശ്രയിക്കുന്നു. ഇത് മാറ്റിയെടുക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അത്യുത്പാദന ശേഷിയുള്ള സങ്കരയിനം കന്നുകാലികളെ വളർത്തുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പുൽകൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ പുൽകൃഷി നടത്തുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഏഴു മുതൽ പതിനഞ്ച് വരെയുള്ള ഗ്രാമ പഞ്ചായത്ത് വാർഡുകളിൽ കൃഷി, വനം, മൃഗസംരക്ഷണ വകുപ്പുകൾ സംയുക്തമായി തേക്ക് പ്ലാന്റേഷനിലും വന പ്രദേശങ്ങളിലും മറ്റു സ്ഥലങ്ങളിലും തീറ്റപ്പുൽ വച്ചു പിടിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ കഴിയുന്നതാണ്.

കാലി വളർത്തലിന് സൗകര്യമുള്ള ഓരോ കർഷകനും കന്നുകാലികളെ വളർത്തിയാൽ അവയുടെ ചാണകം വളത്തിനുപയോഗിക്കാം. ചാണകത്തിൽ നിന്ന് ഗോബർ ഗ്യാസ് ഉത്പാദിപ്പിച്ച് ഇന്ധനക്ഷാമം പരിഹരിക്കാനാവും. താത്പര്യമുള്ള കർഷകർക്ക് അത്യുൽപാദന ശേഷിയുള്ള കന്നുകാലികളെ സർക്കാർ ധനസഹായത്തോടെ വിതരണം ചെയ്താൽ ക്ഷാരോത്ക്ഷപാദന രംഗത്തെ മുരടിപ്പ് മാറ്റിയെടുക്കാൻ കഴിയും.

കോഴി, താറാവ്, മറ്റിനം പക്ഷികൾ എന്നിവയെ വളർത്തുന്നതിനെകുറിച്ച് കർഷകരേയും വീട്ടമ്മമാരേയും കൂടുതൽ ബോധവൽക്കരിക്കണം. ഇതിനായി വാർഡു തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം. വീട്ടമ്മമാർക്ക് ഇറച്ചി - മുട്ട

കോഴികളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. മുട്ട - ഇറച്ചി ക്കോഴികളെ ഫാം അടിസ്ഥാനത്തിൽ വളർത്തുവാൻ തെരഞ്ഞെടുക്കുന്ന കർഷകർക്ക് ആവശ്യമായ സഹായങ്ങൾ സർക്കാരിൽനിന്നും നൽകണം.


പന്നി വളർത്തലിന് കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുകയും വാർഡു തലം വരെ അതിനുള്ള സഹായം ചെയ്തുകൊടുക്കുകയും വേണം.

കോഴിമുട്ട, ഇറച്ചി ഇവ കർഷകരിൽ നിന്ന് സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും മുണ്ടക്കയം കേന്ദ്രമായി ഒരു സഹകരണ സംഘം ആരംഭിക്കുന്നത് നല്ലതാണ്.

രോഗവും പ്രതിരോധവും

മുണ്ടക്കയം ടൗണിൽ ഒരു മൃഗാശുപത്രിയും പുഞ്ചവയലിലും കോരുത്തോട്ടിലും ഓരോ സബ് സോൻറും കണ്ണിമലയിൽ ഒരു ക്യാമ്പ് ഡിസ്പോൻസറിയും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മുണ്ടക്കയം പഞ്ചായത്തിൻെറ എല്ലാ മേഖലകളിലും മൃഗഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. പുഞ്ചവയൽ, കോരുത്തോട് എന്നിവിടങ്ങളിലെ സബ്സെൻററുകളും കണ്ണിമലയിലെ ക്യാമ്പ് ഡിസ് പെൻസറിയും ഡിസ്പെൻസറികളായി ഉയർത്തുകയും ഡോക്ടറമ്മാരെ നിയമിക്കുകയും വേണം. അതുപോലെ തന്നെ ഇഞ്ചിയാനിയിലും കൊമ്പുകുത്തിയിലും ഓരോ സബ് സെൻറർ സ്ഥാപിക്കുന്നതും മൃഗപരിപാലനത്തിന് ഉപകരിക്കുന്നതാണ്. ഇതോടൊപ്പം മുണ്ടക്കയം പഞ്ചായത്തിൽ ഒരു മൊബൈൽ മൃഗാശുപത്രി ആരംഭിക്കുന്നതും അത്യന്താപേക്ഷിതമാണ്.

പേ വിഷ ബാധ തടയുന്നതിന് കൂടുതൽ നടപടി സ്വീകരിക്കുകയും തെരുവ് നായ്ക്കളെ നശിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധകൊടുക്കുകയും വേണം. പേ വിഷബാധയ്ക്കുള്ള മരുന്നുകൾസൗജന്യനിരക്കിൽ നൽകുന്നതിന് നടപടി ഉണ്ടാകണം. വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിയ്പ് നടത്തി രജിസ്റ്റർ ചെയ്യുകയും പഞ്ചായത്തിൽ നിന്ന് ലൈസൻസ് കൊടുക്കുകയും വേണം.



മുണ്ടക്കയം ഗ്രാമ പഞ്ചായത്ത്

4.3 രോഗ വിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11
1.	ദഹനസംബന്ധമായവ Digestive disorders	853	13	416	22		1184			
2.	ശ്വാസകോശസംബന്ധം Respiratory diseases	106	1	29			2472			
3.	ഉപാപചയ സംബന്ധം Metabolic diseases	28		2						
4.	ത്വക് രോഗങ്ങൾ Skin diseases	63		4	2					
5.	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	115		39	9		16			
6.	പരാദ രോഗങ്ങൾ Parasitoc diseases	1232	1	152	52		13	10		
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	62	1	21						
8.	വന്ധ്യത Infertility	65	1							
9.	അകിടുവീക്കം Mastitis	154		35						
10.	മുടന്തൻ പനി Ephemeral Fever	142								
11.	പകർച്ച വ്യാധികൾ Contagion diseases									

ക്ഷീരവികസനം

ക്ഷീരവികസന വകുപ്പിന്റെ ബ്ലോക്ക് തല ഓഫീസായ ക്ഷീരവികസനയൂണിറ്റ് കാഞ്ഞിരപള്ളി പഞ്ചായത്തിലാണ്. ഈ യൂണിറ്റിൽ ഒരു ക്ഷീര വികസന ഓഫീസർക്കു പുറമേ രണ്ട് ഡയറിഫാം ഇൻഡ്രക്ടർമാരും സേവനമനുഷ്ടിക്കുന്നു.

മൂന്നു ക്ഷീരസഹകരണ സംഘങ്ങളും 4 വനിതാ ക്ഷീരോൽപന്ന യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പാൽ വ്യാപാരരംഗത്ത് മിൽമയെകൂടാതെമലനാട് ഡവലപ്മെൻറ് സൊസൈറ്റി, സിഡാ എന്നീ സ്വകാര്യ ഏജൻസികളും പ്രവർത്തിക്കുന്നു.

ഗ്രാമീണ ക്ഷീര വികസനവും ഉപദേശ പ്രവർത്തനങ്ങളും

ബ്ലോക്കു തലത്തിലുള്ള ക്ഷീരവികസന ഓഫീസറും ഡയറിഫാം ഇൻസ്ക്ട്രർമാരും ഈ രംഗത്ത് സേവനം അനുഷ്ടിക്കുന്നു. വകുപ്പുദ്യോഗസ്ഥമാർ ഭവന സന്ദർശനം അനുഷ്ടിക്കുന്നു. വകുപ്പുദ്യോഗസ്ഥൻമാർ ഭവന സന്ദർശനം നടത്തുകയും ചർച്ചാക്ലാസുകളും സെമിനാറുകളും നടത്തുകയും ചെയ്യുന്നു. മോഡൽ ഡയറിഫാം യൂണിറ്റുകളും മാതൃകാ കന്നുകാലി തോഴുത്തുകളും സ്ഥാപിക്കാൻ കർഷകർക്ക് ധനസഹായം നൽകുന്നു. കന്നുകാലി പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. കന്നുകാലുകൾക്കാവശ്യമായ ധാതുലവണ മിശ്രിതം സൗജന്യ നിരക്കിൽ നൽകി വരുന്നു.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നിവയിൽപ്പെടുത്തികന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിനും നല്ലയിനം കറവമാടിനെ വാങ്ങുന്നതിനും ധനസഹായം നൽകുന്നു. ഇപ്രകാരം നൽകുന്ന കറവമാടുകൾക്ക് ഒരു നിശ്ചിത കാലാവധിക്ക് ആവശ്യമായ കാലിത്തീറ്റ സൗജന്യമായി നൽകുകയും ചെയ്യുന്നു.

പാലിന്റെ ഉപഭോഗവില വർദ്ധിപ്പിക്കുന്നതിനും തദ്വാര തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുമായി പാലിൽനിന്നും വിവിധ ഇനം ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന വിധം മനസ്സിലാക്കികൊടുക്കുന്നതിന് പാൽ ഉൽപന്നനിർമ്മാണ പ്രദർശന ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

കന്നുകുട്ടി പരിപാലനത്തെകുറിച്ചും കന്നുകാലി വളർത്തലിന്റെ വിവിധ വശങ്ങളെക്കുറിച്ചും ക്ഷീരകർഷകരെ മനസ്സിലാക്കികൊടുക്കുന്നതിനായി കർഷകസമ്പർക്ക പരിപാടിയും നടപ്പിലാക്കി വരുന്നു.

പരിശീലന പരിപാടി

ഈ പഞ്ചായത്തിൽ താഴെപറയുന്ന വിഭാഗത്തിലുള്ളവരെ തെരഞ്ഞെടുത്ത് കോട്ടയം ഡയറി പരിശീലന കേന്ദ്രത്തിൽ പരിശീലനം നൽകി വരുന്നു.

1. ക്ഷീരകർഷകർക്ക് ആദായകരമായ പാലുൽപാദനത്തിൽ പരിശീലനം

2. പട്ടികജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് കാലിവളർത്തലിൽ പ്രത്യേക പരിശീലനം

3. ക്ഷീരസഹകരണസംഘം ജീവനക്കാർക്ക് ശുചിയായ പാലുൽപാദനത്തിലുംവില നിർണ്ണയത്തിലും പരിശീലനം

4. ക്ഷീര സഹകരണസംഘം ഭാരവാഹികൾക്കുള്ള ഡയറി പരിശീലനം

5. ക്ഷീര സഹകരണസംഘം അംഗങ്ങൾ, മഹിളാ സമാജം അംഗങ്ങൾ, അഭ്യസ്തവിദ്യരായ യുവതിയുവാക്കൾ അന്നിവർക്കുള്ള ക്ഷീരോത്പന്ന നിർമ്മാണ പരിശീലനം.

തീറ്റപ്പുൽ വികസന പരിപാടികൾ

പാലിന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ആദായകരമായ പാലുൽപാദനത്തിനും തീറ്റപ്പുല്ലിനുള്ള സ്ഥാനം ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടതാണ്. അതിനാൽ തീറ്റ പുൽകൃഷി വികസനത്തിന് ഏറ്റവും ഉയർന്ന സ്ഥാനമുണ്ടുള്ളത്. ഗുണമേന്മയേറിയ തീറ്റപ്പുൽ ശാസ്ത്രീയമായ രീതിയിൽ ചുരുങ്ങിയ ചെലവിൽ കൃഷിക്കാരൻതന്നെ ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനായി വിത്തും വളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നു. ക്ഷീരവികസന വകുപ്പുലെ ഉദ്യോഗസ്ഥൻമാർ കൃഷിക്കാരുടെ ഭവനങ്ങളും പുരയിടങ്ങളും സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങളും സേവനങ്ങളും നൽകി കൃഷിക്കാരെ

കൊണ്ട് പുൽകൃഷി പ്രാവർത്തികമാക്കുന്നു. ഇതിന്റെ ഭാഗമായി കോംഗോസിഗ്നൽ മക്കച്ചോളം, പുൽപ്പയർ മിശ്രിതം, വൻപയർ. ഗിനി സ്റ്റെലോസാന്തസ്, ഹൈബ്രിഡ് നേപ്പിയർ എന്നീ വിവിധ ഫോഡർ വിളകൾ കൃഷി ചെയ്യിച്ചു വരുന്നു.

ഇവയ്ക്കുപുറമേ സൈലേജ് നിർമ്മാണം, ഹേ മേക്കിംഗ്, വയ്ക്കോലിൽ യൂറിയ ചേർത്ത് സംപുഷ്ടമാക്കൽ എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയും വ്യക്തികൾ മുഖേനയും തീറ്റപ്പുൽകൃഷി ചെയ്യിക്കുന്ന സാമാന്യം വിപുലമായ പദ്ധതിയും ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

മോഡൽ മിനി ഡയറി ഫാം യൂണിറ്റ്

ഈ പദ്ധതിയനുസരിച്ച് രണ്ടു കറവപശുക്കൾ അടങ്ങുന്ന ഒരു മാതൃകാ ഡയറി ഫാം യൂണിറ്റ് തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. രണ്ട് സങ്കരവർഗ്ഗ കറവ പശു, പുൽകൃഷിതോട്ടം, പുൽകൃഷിക്കാവശ്യമായ ജനസേചനം, മാതൃകാ കാലിത്തൊഴുത്ത് ഇവയെല്ലാം ഈ ഡയറിയൂണിറ്റിന്റെ ഭാഗമായി സംഘടിപ്പിക്കേണ്ടതാണ്.

ക്ഷീരോൽപാദനരംഗത്ത് നമ്മുടെ സംസ്ഥാനം കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൊണ്ട് ഗണ്യമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. എന്നാലും ശരാശരി പ്രതിദിന ആളോഹരി പാലിന്റെ ഉപഭോഗം 190 ഗ്രാം മാത്രമാണ്. ഇത് 240 ഗ്രാമെങ്കിലുമാക്കി വർദ്ധിപ്പിക്കാൻ നാം തിവ്രശ്രമം നടത്തിയേ മതിയാകൂ.

ആധുനിക ശാസ്ത്ര സാങ്കേതിക വിജ്ഞാന വ്യാപനം കൂടുതൽ ഫലവത്താകണമെങ്കിൽ ഇപ്പോൾ ബ്ലോക്കു തലത്തിൽ പ്രവർത്തിച്ചു വരുന്ന ക്ഷീരവികസന യൂണിറ്റുകൾ, കൃഷിഭവനുകളുടെ മാതൃകയിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ആരംഭിക്കേണ്ടിയിരിക്കുന്നു.

മൃഗസംരക്ഷണം

ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ വരുമാന വർദ്ധന, പോഷക പ്രാധാന്യമുള്ള പാൽ, മുട്ട, മാംസം എന്നിവയുടെ അധിക ഉൽപാദനം ഔഷധ നിർമ്മാണത്തിനുള്ള ഹോർമോണുകൾ മറ്റു പ്രതിരോധ ഔഷധങ്ങളുടെ നിർമ്മാണം, ബയോഗ്യാസ് പോലുള്ളവയുടെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ജൈവവളങ്ങൾ, പരിസ്ഥിതിക്കിണങ്ങുന്ന മൃഗശക്തി എന്നിവ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്. പേവിഷബാധ നിർമ്മാർജ്ജനം, മാംസപരിശോധനയിലൂടെ സംശുദ്ധമായ മാംസോൽപാദനം തുടങ്ങിയ പൊതുജനാരോഗ്യ സേവനങ്ങളും നൽകുന്നു.

കേരളത്തിലെ ഗ്രാമീണ കർഷകരുടെ സാമ്പത്തിക അഭിവൃദ്ധിയിൽ മൃഗപരിപാലനവും കോഴിവളർത്തലും ഒരു പ്രധാന പങ്കു വഹിക്കുന്നു. ഈ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനത്തിന്റെ 10.3% ഈ മേഖലയിൽനിന്നും ലഭിക്കുന്നു. ഈ മേഖല ആദായകരമായ ഒരു തൊഴിൽ മേഖലയും അധികവരുമാനവും, മണ്ണിന്റെ ഫലഭൂയിഷ്ടതയും വർദ്ധിപ്പിക്കുന്നതോടൊപ്പം പോഷക പ്രധാനമായ പാൽ,മുട്ട, മാംസം എന്നിവയുടെ ഉപഭോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യരക്ഷയും ഉയർന്ന ജീവിത നിലവാരവും പ്രദാനം ചെയ്യുന്നു.

വകുപ്പിന്റെ നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേവിഷ നിർമ്മാർജ്ജന പദ്ധതി
3. കാലിരോഗ പ്രതിരോധ പ്രവർത്തനങ്ങൾ
4. കാലിവികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ
5. ഊർജ്ജിത പന്നി വളർത്തൽ പദ്ധതി
6. ആടുവളർത്തൽ പദ്ധതി
7. സ്വകാര്യ മേഖലയിൽ ഹാച്ചറിയും, കന്നുകാലി വളർത്തലും, തീറ്റ ഉൽപാദനവും
8. ബീജസങ്കലന സൗകര്യം വികസിപ്പിക്കൽ
9. വിജ്ഞാന വ്യാപനവും പരിശീലനവും
10. മൃഗ ചികിത്സ
11. വീട്ടുവളപ്പിലെ കോഴിവളർത്തൽ
12. ഇറച്ചികോഴി വളർത്തൽ വികസനപദ്ധതി

ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ഈ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ വികസനത്തിനുവേണ്ടി, പദ്ധതികൾ

ആസൂത്രണം ചെയ്യുമ്പോൾ ഈ പ്രദേശത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. ആ പഞ്ചായത്തിന്റെ തെക്കുകിഴക്കൻ മേഖലയുടെ അതിർത്തി വനപ്രദേശമായതിനാൽ ആടുവളർത്തൽ വൻതോതിൽ പ്രോൽസാഹിപ്പിക്കുവാൻ സാധിക്കും. സർക്കാർ തേക്ക് കൃഷിസ്ഥലങ്ങളിൽ ഇടവിളയായി പുൽകൃഷിചെയ്ത് പശുവളർത്തലിൽ വൻകുതിച്ചു ചാട്ടത്തിന് സാദ്ധ്യത കാണുന്നു. വീട്ടുവളപ്പിലെ കോഴിവളർത്തൽ അഭിവൃദ്ധിപ്പെടുത്തിയും ഇറച്ചിക്കോഴിവളർത്തൽ വ്യാപിപ്പിച്ചും സ്വയം പര്യാപ്തത കൈവരിക്കാം. പന്നി വളർത്തൽ, മുയൽ വളർത്തൽ, മാംസത്തിനു വേണ്ടി കാളക്കുട്ടി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കാം.



5.4

വിദ്യാഭ്യാസം





വിദ്യാഭ്യാസം

ഒരു കാലത്ത് നമ്മുടെ നാടിന്റെ കുത്തകയായിരുന്ന കുരുമുളക്, ഏലം, ചുക്ക്, തുടങ്ങിയ സുഗന്ധ വിഭവങ്ങളിൽ ആകൃഷ്ടരായി കേരള തീരം തേടിയെത്തിയ പാശ്ചാത്യ വാണിജ്യ സംഘത്തിന് പിന്നാലെ അനുകൂല്യ സാഹചര്യങ്ങൾ കണ്ടെത്തി വന്നുചേർന്ന പാശ്ചാത്യ മിഷനറിമാർ നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്കു നല്കിയ കനക സംഭാവന നിസ്തുലമാണ് വിലതീരാത്തതാണ്. അതേപോലെ തന്നെ തങ്ങൾക്ക് ലഭിച്ചിരുന്ന ഒന്നിനും മതിയാകാത്ത അലപമാത്രമായ പ്രതിഫലത്തേപ്പറ്റി പരാധിയില്ലാതെ തങ്ങളുടെ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കും അംഗീകാരത്തിനും വേണ്ടി എന്തുചെയ്യണമെന്നതിനേക്കുറിച്ച് അശേഷം ചിന്തിക്കാതെ കർത്തവ്യങ്ങളെപ്പറ്റി മാത്രം ചിന്തിച്ച് അർപ്പണ ബോധത്തോടെ പ്രതിബദ്ധതയോടെ കർമ്മ നിരതരായി കഴിഞ്ഞിരുന്ന ത്യാഗസമ്പന്നരായിരുന്ന അദ്ധ്യാപക വൃന്ദവും ഈ മേഖലയിലെ വിസ്മരിക്കാവുന്ന ഘടകമല്ല. നമ്മുക്കു മുമ്പേ വിജ്ഞാനത്തിന്റെ ദീപശിഖയുമേന്തി അനന്തതയുടെ അജ്ഞാത തീരങ്ങളിലേയ്ക്ക് നടന്നകന്നു പോയ പുണ്യാത്മാക്കളുടെ പാവന സ്മരണയ്ക്കു മുമ്പിൽ ഒരു നിമിഷം നമ്രശിരസരായി നിന്ന ശേഷമല്ലാതെ അവരുടെ കർമ്മ ഭൂമിയായിരുന്ന വിദ്യാഭ്യാസ മേഖലയെപ്പറ്റി ചിന്തിക്കാൻ സാധ്യമല്ല.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം സി. എം. എസ് എൽ. പി. സകൂൾ ആണ്. ഇത് 1849-ൽ സ്ഥാപിതമായി രേഖകളിൽ കാണുന്ന ഇതിന്റെ സ്ഥാപകൻ ഹെൻറി ബേക്കർ (ജൂണിയർ) ആയിരുന്നു. ഇന്നത്തെ കോട്ടയം കുമളി റോഡ് ഗതാഗത യോഗ്യമാകുന്നതിന് മുൻപ് കോട്ടയത്തുനിന്ന് കിഴക്കോട്ട് കുതിര പുറത്ത് സഞ്ചരിച്ച് മണിമല യാറിന്റെ തെക്കേകരയിലുള്ള അതിവിശാലമായ ആദിവാസി മേഖലെയെപ്പറ്റി അദ്ദേഹം മനസ്സിലാക്കുകയും അവരുടെ ഇടയിലേയ്ക്ക് തന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ശ്രമിക്കുകയും ചെയ്തു. ഇന്നത്തെ വേങ്ങക്കുന്ന് എന്ന സ്ഥലത്ത് ആദ്യമായി ഒരു പ്രാർത്ഥനാലയവും ഒരു പള്ളികൂടവും സ്ഥാപിച്ചു. അദ്ദേഹം അവിടെ കൂടെ കൂടെ വന്നുപോവുകയും ജനങ്ങളെ വിളിച്ചുകൂട്ടി ഉപദേശങ്ങൾ നല്കുകയും അവരെ പഠിപ്പിക്കുന്നതിനുവേണ്ടി ചിലരെ കൊണ്ടുവന്ന് അവിടെ പാർപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് കെ. കെ. റോഡ് തെളിഞ്ഞുവന്നതോടുകൂടി കൂടുതൽ വികസന സാധ്യത.യുള്ള സ്ഥലം കണ്ടെത്തി പള്ളിയും പാഠശാലയും അങ്ങോട്ടു മാറ്റുകയാണുണ്ടായത്. അടുത്ത പടിയായി കൂടുതൽ പഠിക്കുന്നതിനുള്ള താല്പര്യം ജനങ്ങൾക്കുണ്ടാവുകയും സി. എം. എസ്. ഹൈസ്കൂളിന്റെ സ്ഥാപനത്തിന് അത് വഴി തെളിക്കുകയും ചെയ്തു. മുണ്ടക്കയത്തിന്റെയും പരിസര പ്രദേശങ്ങളുടെയും ഭൂപ്രകൃതിയും കാലാവസ്ഥയും റബ്ബർ കൃഷിക്ക് അനുയോജ്യമാണെന്ന് ബോധ്യമായതോടെ കമ്പനികളും വ്യക്തികളും തോട്ടങ്ങൾ തുറന്നു. ഇതിന്റെയെല്ലാം കേന്ദ്രമായമുണ്ടക്കയം പെട്ടെന്ന് വളർന്നു. ഇതോടെ തലശ്ശേരി പാലക്കാട് തുടങ്ങളിയ സ്ഥലങ്ങളിൽ നിന്ന് പലരും മുണ്ടക്കയത്തെത്തി കച്ചവടവും നല്ലനിലയിൽ ആരംഭിച്ചു. മീനച്ചിൽ താലൂക്കിന്റെ വിവിധ പ്രദേശങ്ങളിലുള്ള കൃഷിക്കാർ കൂടുതൽ കൃഷിഭൂമിതേടി മുണ്ടക്കയത്തിന്റെ പരിസരങ്ങളിലെത്തി താമസമാക്കിയതോടെ മുണ്ടക്കയം ഒരു വ്യാപാര കേന്ദ്രവും കൂടെയായിതീർന്നു. മണിമലയാറിന്റെ തെക്കേക്കരയിൽ തുടർന്ന

ങ്ങോട്ടുണ്ടായ മാറ്റങ്ങൾ വമ്പിച്ചതായിരുന്നു. ആദിവാസി മേഖലകളിലേയ്ക്കും പനയ്ക്കച്ചിറ, കോരുത്തോട് തുടങ്ങിയ പ്രദേശങ്ങളിലും ജനങ്ങൾ തള്ളിക്കയറിയതോടുകൂടി ഇന്നത്തെ മുണ്ടക്കയം പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളും തന്നെ ജനനിബിഡമായി. പ്രാദേശികമായി പലേടത്തും സ്കൂളുകളുടെ ആവശ്യം ഉയർന്നുവന്നു. പലേടത്തും പള്ളികളും ഇതര മതസംഘടനകളും നേതൃത്വം കൊടുത്ത് സ്കൂളുകൾ സ്ഥാപിച്ചു പിന്നോക്ക മേഖലകളിൽ ഗവൺമെന്റു സ്കൂളുകളും സ്ഥാപിക്കപ്പെട്ടു.

ഇപ്പോൾ ഈ പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാൻ വിവിധ തലങ്ങളിലുള്ള വിദ്യാലയങ്ങൾ ആവശ്യത്തിനുണ്ടെന്നു തന്നെ പറയാം. ഏഴു ഹൈസ്കൂളുകൾ ആറ് അപ്പർപ്രൈമറി സ്കൂളുകൾ പതിനൊന്ന് ലോവർ പ്രൈമറി സ്കൂളുകൾ എന്നിവ പ്രവർത്തിക്കുന്നു. ഇവ കൂടാതെ സെക്കണ്ടറി തലത്തിലുള്ള ഒരു സെൻട്രൽ സ്കൂളും ഒരു ഇംഗ്ലീഷ്മീഡിയം സ്കൂളും (L.K.G) അഞ്ചോളം പ്രി പ്രൈമറി സ്കൂളും പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് ടൂട്ടോറിയൽ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖല സംപുഷ്ടമാക്കുവാൻ സഹായിക്കുന്നു. കൂടാതെ ഈ പഞ്ചായത്തിലുള്ള മുരിക്കുംവയൽ വൊക്കേഷണൽ ഹയർ സെക്കൻറി സ്കൂളും പ്രൈവറ്റായി നടത്തിവരുന്ന ചില സാങ്കേതിക വിദ്യഭ്യാസ സ്ഥാപനങ്ങളും കൂടി തൊഴിൽ പരവും സാങ്കേതികവുമായ വിദ്യാഭ്യാസ രംഗത്തെ ചലനാത്മകമാക്കുന്നു. ഇപ്പോൾ നടന്നുവരുന്ന ചുരുക്കം ചില സകൂളുകളിൽ വേണ്ടത്ര വിദ്യാർത്ഥികളില്ലെന്നുള്ളതും മുണ്ടക്കയം ടൗണിൽ നല്ല നിലയിൽ നടത്തി വന്നിരുന്ന എസ്. എൻ. യു. പി. സ്കൂൾ വേണ്ടത്ര വിദ്യാർത്ഥികളില്ലാതെ വന്നതിനാൽ നിർത്തലാക്കേണ്ടി വന്നു എന്നുള്ളതും ഈ രംഗത്തെ ചില ദുഃഖസത്യങ്ങളാണ്. ഇതിന്റെ കാരണം ഇംഗ്ലീഷ് മീഡിയത്തിലേയ്ക്കുള്ള ആകർഷണവും ശരിയായ സർവ്വേ നടത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം സ്കൂളുകൾ അനുവദിക്കാതെ സമ്മർദ്ദങ്ങൾക്കും സ്വാധീനത്തിനും വഴങ്ങി പുതിയ സ്കൂളുകൾ അനുവദിക്കുന്ന പ്രവണതയാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ എയ്ഡഡ് സ്കൂളുകൾക്കാണ് മുൻതൂക്കമെകിലും സർക്കാർ സ്കൂളുകളും എണ്ണത്തിൽ അധികമൊന്നും പിന്നിലല്ല. മാനേജ്മെ ൻറ് ഹൈസ്ക്കൂളുകൾ അഞ്ചണ്ണമുള്ളപ്പോൾ ഗവ ഹൈസ്ക്കൂളുകൾ രണ്ടു മാത്രമാണുള്ളത്. അപ്പർ പ്രൈമറി സ്ക്കൂളുകൾ രണ്ടു മേഖലകളിലും മൂന്നു വീതമുണ്ട്. ലോവർ പ്രൈമറി സ്ക്കൂളുകൾ സ്വകാര്യ മാനേജ്മെൻറിൽ ആറെണ്ണവും ഗവ സ്ക്കൂളുകൾ അഞ്ചെണ്ണവുമാണ്. വിദ്യാലയങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഇരു മേഖലകളും തമ്മിലുള്ള അന്തരം അത്ര വലുതല്ലെന്നിരുന്നാൽ പോലും വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും മാനേജ്മെൻറ് സ്ക്കൂളുകളിലാണ് പഠിക്കുന്നത്. സർക്കാർ സ്ക്കൂളുകളുടെ അടുത്തുള്ളവർ പോലും കുട്ടുകളെ മാനേജ്മെൻറ് സ്ക്കൂളിൽ അയക്കാൻ കൂടുതൽ താല്പര്യം കാണിക്കുന്നു. ഇതിന്റെ കാരണം കണ്ടെത്തേണ്ടതും പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുമാണ്. വിദ്യാഭ്യാസകാര്യത്തിൽ ഇത്ര വമ്പിച്ച വളർച്ച നേടുവാൻ കഴിഞ്ഞെങ്കിലും ഈ പഞ്ചായത്തിൽ ഒരു കോളേജ് കൂടെ ഉണ്ടാകണമെന്ന അതിശക്തമായ ആഗ്രഹം ജനങ്ങൾക്കുണ്ട്.

ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങളും വളർച്ചയും ആശാവഹമാണെങ്കിൽ കൂടിയും പൊതുജനങ്ങൾക്ക് ഒട്ടേറെ പരാതികളും പരിഭവങ്ങളും അവശേഷിക്കുന്നു. അവയിൽ എറ്റവും പ്രധാനപ്പെട്ടത് വിദ്യാഭ്യാസ നിലവാരത്തകർച്ചയെ സംബന്ധിച്ചുള്ളവയാണ്. വിദ്യാലയങ്ങളിലെ അച്ചടക്ക രാഹിത്യമാണ് മറ്റൊരു പ്രധാന വിഷയം. ഈ മേഖല സംശുദ്ധമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ ഒട്ടനവധി പ്രശ്നങ്ങൾ നമ്മുടെ ശ്രദ്ധയിൽ വരും. പ്രശ്നങ്ങളേയും പ്രശ്നപരിഹാര മാർഗ്ഗങ്ങളെയും സംബന്ധിച്ച് ഉരുത്തിരിഞ്ഞുവരുന്ന ചില കാര്യങ്ങൾ പരിശോധിക്കാം.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ നിലവാരത്തകർച്ച കാരണങ്ങൾ

1. വിദ്യാലയങ്ങളിലെ പഠന സൗകര്യങ്ങളുടെ കുറവ്, വേണ്ടത്ര സ്ഥലമില്ലായ്മ, ക്ലാസ്സുമുറികൾ വേർതിരിക്കാതെ കിടക്കുന്നതുമൂലം, കുട്ടുകളുടെ ശ്രദ്ധ വേണ്ടത്ര പിടിച്ചുനിർത്താൻ കഴിയായ്മ, പഠനോപകരണങ്ങളുടെ കുറവ്, തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

2. പാഠപുസ്തകങ്ങൾ സമയത്ത് ലഭിക്കാത്ത ദുസ്ഥിതി മൂലം സിലബസ്സ് പ്രകാരമുള്ള പാഠങ്ങൾ തീർക്കാൻ കഴിയാതെവരുന്നു.

പരിഹാരമാർഗ്ഗങ്ങൾ

പഠനസൗകര്യങ്ങളുടെ കുറവ് ഏറിയ കൂറും ഗവ. സ്ക്കൂളുകളെയാണ് ബാധിക്കുന്നത്. സർക്കർ ഒരു സമയബന്ധിത പരിപാടി എന്ന നിലയിൽ സ്ക്കൂളുകളിലെ ഇത്തരം പോരായ്മകൾ പരിഹരിക്കണം. ക്വാണ്ടിറ്റിയേക്കാൾ ക്വാളിറ്റിയുടെ കാര്യത്തിൽ ശ്രദ്ധിക്കണം. കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനേക്കാൾ ഉള്ളതിന്റെ നില മെച്ചപ്പെടുത്തുവാനാണ് ശ്രമിക്കേണ്ടത്.

സർക്കരിന്റെ- ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ എന്നു പറയുന്നതാവും കൂടുതൽ ശരി- അനാസ്ഥയാണ് കാരണം. അതിനു പരിഹാരം കണ്ടേ തീരൂ.

ഒരു നിശ്ചിത ശതമാനം കുട്ടികൾ ഓരോ ക്ളാസ്സിൽനിന്നും ജയിച്ചിരിക്കണമെന്നുള്ള നിർബന്ധം മൂലം അനർഹരായവർക്ക് ക്ളാസ്സുകയറ്റം കൊടുക്കുന്നു. ഇത് നിലവാരത്തകർച്ചക്ക് കാരണമാണ്.

ഒരു നിശ്ചിത ശതമാനം മാർക്കുവാങ്ങുന്നവരെ മാത്രമേ ജയിപ്പിക്കുകയുള്ളൂ എന്നു നിശ്ചയിച്ച് അതു നടപ്പിലാക്കണം.

കാലാകാലങ്ങളിൽ ഉണ്ടാവുന്ന ഒഴിവുകളിൽ അദ്ധ്യാപകരെ തക്ക സമയത്തു നിയമിക്കാതെ വരുന്നതുമൂലം ശരിയായ പഠനം നടക്കാതെ വരുന്നു.

അദ്ധ്യാപകരില്ലാത്തതുമൂലമുള്ള വൈകല്യം സർക്കർ സ്ക്കൂളുകളിലാണ് കണ്ടുവരുന്നത്. ആവശ്യം വരുന്ന പോസ്റ്റുകളിൽ യോഗ്യതയുള്ളവരെ കാലതാമസം കൂടാതെ നിയമിച്ചാൽ പ്രശ്നപരിഹാരമാകും.

പരീക്ഷയിൽ ജയിക്കുക എന്നുള്ള ലക്ഷ്യം പ്രധാനമായി കണ്ടുകൊണ്ട് പഠിക്കുകയും അതിനായിമാത്രം പഠിപ്പിക്കുകയും ചെയ്യുന്ന രീതി ദോഷം ചെയ്യുന്നു.

കൂടുതൽ ആഴത്തിലും പരപ്പിലും വിജ്ഞാനം ആർജ്ജിക്കുന്നതിനുവേണ്ടിയുള്ള വായനയും പാഠ്യേതര വിഷയങ്ങളിലുള്ള താല്പര്യവും നിയന്ത്രണ വിധേയമായി വളർത്തുകവഴി ഇതിനു പരിഹാരം കണ്ടെത്താം.

2. അച്ചടക്കരാഹിത്യം

വിദ്യാലയാന്തരീക്ഷം അച്ചടക്കരഹിതമാകുന്നത് മിക്കവാറും ബാഹ്യബന്ധങ്ങൾ കൊണ്ടും അധ്യാപകരുടെ മാതൃകായോഗ്യമല്ലാത്ത പെരുമാറ്റം കൊണ്ടുമാണ്. ആധുനിക ജീർണ്ണ സംസ്കാരത്തിന്റെ ഭാഗമായുള്ള പ്രസിദ്ധീകരണങ്ങൾ, സിനിമകൾ, കഥകൾ, പരസ്യ ചിത്രങ്ങൾ ഇവയെല്ലാം വിദ്യാർത്ഥി മനസ്സുകളെ വികലമാക്കുന്നു. ഇവയുടെ സ്വാധീനം അച്ചടക്കത്തെ ബാധിക്കുന്നു.

അധ്യാപകരും രക്ഷകർത്താക്കളും ഏക മനസ്സോടെ ഒത്തുശ്രമിച്ചെങ്കിൽ മാത്രമേ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ കഴിയൂ. അദ്ധ്യാപകർ തികച്ചും മാതൃകാപരമായി ജീവിക്കുകയും രക്ഷിതാക്കൾ കുട്ടികളുടെ ബാഹ്യബന്ധങ്ങൾ മനസ്സിലാക്കി വേണ്ട വിധത്തിൽ തിരുത്തുകയും വേണം.

ഇതിനൊക്കെപ്പുറമെ ഒട്ടുവളരെ പ്രശ്നങ്ങൾ ഈ രംഗത്തുണ്ട്. ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം വിജ്ഞാനവർദ്ധനവിന് ഉപകരിക്കുന്നതും വേണ്ടത്ര ഫലപ്രദമായി പ്രയോജനപ്പെടുത്താത്തതുമായ ഒന്നാണ് വായനശാലകൾ. ഈ പഞ്ചായത്തിൽ പഞ്ചായത്തു ലൈബ്രറി കൂടാതെ വേറെയും വായനശാലകളുണ്ട്. എവിടെയും നല്ല പുസ്തകങ്ങൾ അലമാരികളിൽ വിശ്രമിക്കുകയാണ്. പൈങ്കിളികഥകളോടാണ് വായനക്കാർക്ക് താല്പര്യം. ഇത് ബോധപൂർവ്വം നല്ല വഴിയ്ക്ക് തിരിച്ചുവിട്ടാൽ വിദ്യാലയ പഠനത്തിനൊപ്പം തന്നെ വിജ്ഞാനവളർച്ചക്ക് മഹത്തായ ഒരു സംഭാവനയായി അതിനെ മാറ്റാൻ കഴിയും. അടുത്തകാലത്തുണ്ടായസാക്ഷരതാ പ്രവർത്തനം പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സംഘടിതമായി നടത്തപ്പെടുകയുണ്ടായിട്ടുണ്ട്. അത് നല്ല ഫലം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ വിദ്യാഭ്യാസത്തിന് അവസരമില്ലാതെ അതിൽ പലരും പുറകോട്ടു പോയിട്ടുണ്ട്.

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത വളരെ വലുതാണ്. സർക്കാർ സ്ക്കൂളുകളിൽ സ്ഥിതിഗതികൾ തുലോം മോശമാണ്. പ്രൈവറ്റ് മാനേജ്മെൻറ് സ്ക്കൂളുകളുടെ കീഴിൽ ഏതെകിലും മത സമുദായ ശക്തികളുടെ

ബലമുള്ളതിനാൽ ഒരുവിധത്തിൽ സ്ഥതിഗതികൾ മെച്ചമാണ്. സമീപകാലങ്ങളാൽ രക്ഷാകർത്താക്കൾ സ്ക്കൂൾ കാര്യങ്ങളിൽ കൂടുതൽ താല്പര്യം പ്രകടിപ്പിച്ചുവരുന്നതും സ്ക്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിൽ പങ്കാളിത്തം വഹിക്കുന്നതും ശുഭോദർശമാണ്.

ഈ പഞ്ചായത്തിലെ കോരുത്തോട് സി.കെ.എം ഹൈസ്കൂൾ പഠനകാര്യങ്ങളിൽ ഉയർന്ന മാനദണ്ഡം പാലിക്കുന്നതിനും പുറമെ കായികരംഗത്ത് അത്യുജ്വലമായ പ്രകടനം കാഴ്ചവയ്ക്കുന്നു. ഓരോ വർഷം കഴിയുന്തോറും കൂടുതൽ കൂടുതൽ നേട്ടങ്ങൾ കൊയ്തുകൂട്ടുന്നു. സബ് ജില്ല-ഉപജില്ലാ സംസ്ഥാനതലമത്സരങ്ങളിൽ മാത്രമല്ല, ദേശീയ മത്സരങ്ങളിലും പങ്കെടുത്ത് കോരുത്തോടിന്റെ മക്കൾ അവരുടെ വിജയപതാക കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഒരു മാസ്മര ശക്തികേന്ദ്രമുണ്ട്. അവിടുത്തെ കായികാധ്യാപകനായ ശ്രീ. കെ. പി. തോമസ് സാർ. അനേകം കായിക പ്രതിഭകളെ വാർത്തെടുക്കുന്ന മഹാ ശില്പി ! അദ്ദഹത്തിന് അഭിനന്ദനങ്ങളും ആശംസകളും!!

ഏകദേശം ഒന്നര നൂറ്റാണ്ടു മുൻപ് വേങ്ങക്കുന്നിൽ ഒരു ചെറിയ ഷെഡ്ഡിൽ തെളിച്ച അക്ഷരദീപം ഇന്ന് ഈ നാടിനെയാകെ പ്രകാശപൂരിതമാക്കിയിരിക്കുന്നു. ഇപ്പോൾ ഈ പഞ്ചായത്തിലെ ഏഴു ഹൈസ്ക്കൂളുകളിലായി 2635, ആറ് യു. പി. സ്ക്കൂളുകളിലായി 2871 , പതിനൊന്നു എൽ.പി. സ്ക്കൂളുകളിലായി 3110, ഉൾപ്പെടെ 8616 കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നു. ഈ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ നിരന്തര ജാഗ്രത പുലർത്തിക്കൊണ്ട് 297 അദ്ധ്യാപകർ ഈ രംഗത്ത് പണിയെടുക്കുന്നു. അവരിൽ 226 പേർ വനിതകളാണ് എന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കുവാൻ സന്തോഷമുണ്ട്.

ഇതൊക്കെയാണെകിലും ഇന്നും സ്ക്കൂളുകളിൽ കുട്ടികൾ നന്നേ കുറവാണ്. കഴിഞ്ഞകാലങ്ങളിൽ എട്ടും പത്തും ക്ളാസ്സുകൾ - സ്ഥലപരിധി മൂലം ഷിഫ്റ്റ് സിസ്റ്റത്തിൽ - നടത്തിവന്നിരുന്ന പ്രൈമറി സ്കൂളുകളി ഇന്ന് നാലു ക്ളാസ്സുകൾ കഷ്ടിച്ച് നിലനിർത്തിവരുന്നു. കഴിഞ്ഞകാല ദമ്പതികൾക്ക് ആറും ഏഴും അതിലധികവും സന്താനങ്ങളുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഒന്ന്· അല്ലെങ്കിൽ രണ്ട് ആയി കുറഞ്ഞിരിക്കുന്നതാണ് മുഖ്യ കാരണം. ഇംഗ്ളീഷ് മീഡിയം തേടിയുള്ള പോക്ക് സാധാരണ വിദ്യാലയങ്ങളെ ഒട്ടൊക്കെ ബാധിക്കുന്നുണ്ട്. പലരെ സംബന്ധിച്ചും അതൊരു അന്തസ്സിന്റെ അടയാളമായി കരുതുന്നതുപോലെ തോന്നിപ്പോകുന്നു. അക്ഷരങ്ങളെ വരദാനം പോലെ മനസ്സിലുറപ്പിക്കുന്ന, ഉച്ചാരണ ശുദ്ധിയെ ഉരുക്കിത്തെളിച്ച് നാവിലുറപ്പിക്കുന്ന നിലത്തെഴുത്തു സമ്പ്രദായം കുറ്റിഅറ്റുപോയ ഈ കാലഘട്ടത്തിൽ നമ്മുടെ നാട്ടിലെ നിരവധി അംഗൻവാടികൾ കുഞ്ഞുങ്ങൾ ഒന്നുച്ചുകൂടി കളിക്കാനും നടക്കാനും പാടാനും മറ്റും അവസരങ്ങളുണ്ടാക്കുന്നത് നല്ല വളർച്ചയുടെ ഒരു തുടക്കമായി കണക്കാക്കാം. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും, പ്രദേശിക സ്വയംഭരണ സ്ഥാപനങ്ങളും സർവ്വോപരി സർക്കാരും ലക്ഷ്യബോധത്തോടെ, പ്രതിബദ്ധതയോടെ പ്രവർത്തിച്ചാൽ ഇന്നത്തെ പോരായ്മകൾ പരിഹരിച്ച് ഈ മേഖല കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിക്കും

കെട്ടിടം ഫർണിച്ചർ മുതലായവയേയും അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

സ്ക്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			മറ്റു സൗകര്യങ്ങൾ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	കെട്ടിടം		ഫർണിച്ചർ	
							വേണ്ടത്രഉള്ളവ	വേണ്ടത്രഇല്ലാത്തവ	വേണ്ടത്രഉള്ളവ	വേണ്ടത്രഇല്ലാത്തവ
H.S 7	39	121	160	1420	1784	3204	5	2	5	2
U.P.S 6	20	45	65	965	1382	2347	3	3	2	3
L.P.S 11	12	60	72	1544	1521	3065	10	1	5	7
Pre Primary										
ആകെ	71	226	297	3929	4687	8616	18	6	12	12

ഗ്രാമ പഞ്ചായത്തിലെ സ്ക്കൂളുകളുടെ ഇനം തിരിച്ചുള്ള വിവരവും അവയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും, സർക്കാരിന്റെറയും ഗ്രാമ പഞ്ചായത്തിന്റെറയും ഒരു വർഷത്തെ വിദ്യാഭ്യാസ ചിലവും പ്രതിശീർഷച്ചെലവും.

സർക്കാർസ്ക്കൂളുകൾ						എയ്ഡഡ് സ്ക്കൂളുകൾ					വിദ്യാഭ്യാസച്ചെലവ്			
H.S./ U.P.S/ L.P.S	എണ്ണം	അദ്ധ്യാപകർ		വിദ്യാർത്ഥികൾ		H.S./ U.P.S/ L.P.S	എണ്ണം	അദ്ധ്യാപകർ		വിദ്യാർത്ഥികൾ		സർക്കരിൽ നിന്ന് പഞ്ചായത്തിൽനിന്ന്.			
		ആൺ	പെൺ	ആൺ	പെൺ			ആൺ	പെൺ	ആൺ	പെൺ	ആകെ	ഒരു കുട്ടിക്ക്	ആകെ	ഒരു കുട്ടിക്ക്
H.S	2	11	35	632	597	H.S	5	28	86	788	1187	1,45,69,432രൂപ	1690 രൂപ	35,049 രൂപ	4 രൂപ 50 സ
U.P.S	3	10	12	371	402	U.P.S	3	10	33	594	980				
L.P.S	5	5	17	287	259	L.P.S	6	7	43	1257	1262				
ആകെ	10	26	64	1290	1258		14	45	162	2639	3429				

നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് അടിയന്തിരമായി നടപ്പിലാക്കേണ്ട ഒട്ടേറെ കാര്യങ്ങളെ സംബന്ധിച്ച് വിവിധ ഗ്രമ സഭകളിൽ നിന്ന് വിലയേറിയ നിർദ്ദേശങ്ങൾ പൊന്തിവന്നിട്ടുണ്ട്. ജനകീയാസൂത്രണ സംവിധാനത്തിന്റെ അടിസ്ഥാന ശിലകൾ എന്ന നിലയിൽ ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ സമഗ്രമായ പരിശോധനയ്ക്കും പരിഗണനയ്ക്കും അർഹമാണ്. ഗ്രാമസഭാ നിർദ്ദേശങ്ങളിൽ സമാന സ്വഭാവമുള്ളവയെ പൊതുവിലും, ശ്രദ്ധിക്കപ്പെടേണ്ടവയെന്നു വിവര ശേഖരണവേളയിൽ ബോദ്ധ്യപ്പെട്ട ചുരുക്കം ചില കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തും പരാമർശിക്കുന്നുണ്ട്.

സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക. സെൻറ് പോൾസ് എൽ.പി.എസ്. വണ്ടൻപതാൽ ഗവ. എൽ. പി.എസ്. പുഞ്ചവയൽ, ഗവ. യു.പി.എസ്. പനക്കച്ചിറ, ഗവ. യു.പി.എസ്. കൊമ്പുകുത്തി , ഗവ.എൽ.പി.എസ്. വേലനിലം, ഇവ അപ്ഗ്രഡ് ചെയ്താൽ പ്രായേണ ജനനിബിഢവും സാമ്പത്തികവുമായി പിന്നോക്കവുമായ പ്രസ്തുത പ്രദേശങ്ങൾക്ക് അതൊരു അനുഗ്രഹമായിത്തീരും. കോരുത്തോട് സെൻറ് ജോർജ്ജ് യു.പി. സ്ക്കൂളും അപ്ഗ്രേഡ് ചെയ്യേണ്ടതാണ്.

ഇതുകൂടാതെ, **പഞ്ചായത്തിൽ ഒരു ഗവ. കോളേജ്** വേണം, അത് നെന്മേനി ഭാഗത്ത് ആയിരിക്കണം എന്നുള്ള ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പ്രാദേശിക മാറ്റത്തിനുപരി പരമാവധി അനുകൂല പരിതസ്ഥിതികളുള്ള സ്ഥലത്ത് മുണ്ടക്കയം പഞ്ചായത്തിൽ ഒരു ഗവ.കോളേജ് എന്ന ആശയം അങ്ങേയറ്റം ആദരണീയമാണ്. അതിന്റെ സാദ്ധ്യതകൾ വിപുലവുമാണ്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം. മൂന്നാം വാർഡ് ഗ്രമസഭയിൽ നിന്ന് പൊന്തിവന്ന കാലോചിതമായ ഏറ്റവും നല്ല ഒരഭിപ്രായമാണിത്. തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരുടെ എണ്ണം പെരുപ്പിക്കുന്ന വിദ്യാഭ്യാസ രീതിയേക്കാൾ അഭികാംമ്യമായ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് സാമൂഹ്യ നൻമയ്ക്ക് ഉപയുക്തമാണ്. യുവ തലമുറയുടെ തൊഴിൽ സാദ്ധ്യതകളെ വർദ്ധിപ്പിക്കുന്നതുമാണ്. കൂടാതെ സി.കെ.എം. എച്ച്.എസിൽ . ഒരു കമ്പ്യൂട്ടർ സെൻറർ ആരംഭിക്കാവുന്നതുമാണ്.

സ്ക്കൂളുകൾക്ക് ചുറ്റുമതിൽ, സർക്കാർ സ്ക്കൂളുകളിൽ പലതിനും എയ്ഡഡ് സ്ക്കൂളുകളിൽ ചിലതിനും ചുറ്റമതിലുകളില്ലാത്ത സ്ഥിതി ഗ്രാമ സഭകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. രാത്രി കാലങ്ങളിൽ സാമൂഹ്യവിരുദ്ധരായ ആഭാസ സമൂഹത്തിന്റെ ആവാസ കേന്ദ്രമായി മാറാറുണ്ട് ഇത്തരം സ്ക്കൂളുകൾ. ചുറ്റമതിലുകളില്ലാത്ത വിദ്യാലയങ്ങൾക്ക് അവയുണ്ടാക്കി സംരക്ഷിക്കുന്നത് സാമൂഹ്യ നൻമക്ക് ഉപകരിക്കും.

ട്യൂഷൻ സഹായം സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്ന വിദ്യാർത്ഥികൾക്ക് അവർ ശരാശരി വിദ്യാർത്ഥികൾക്ക് പിന്നിലാണെങ്കിൽ പ്രത്യേക സൗജന്യ ട്യൂഷൻ സൗകര്യങ്ങൾ ലഭിക്കത്തക്കവിധം ട്യൂഷൻ സെൻററുകൾ നടത്താൻ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് പഞ്ചായത്തിൽനിന്നും സഹായങ്ങൾ ചെയ്തുകൊടുക്കാവുന്നതാണ്.

വിദ്യാലയ വൈദ്യുതീകരണം. സ്ക്കൂളുകളിൽ ദൃശ്യശ്രാവ്യോപകരണങ്ങൾ പ്രവർത്തിപ്പിച്ച് കുട്ടികളിടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വൈദ്യുതി ആവശ്യമാണ്. ഈ ഗ്രാമ പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത സ്ക്കൂളുകളിൽ വൈദ്യുതി എത്തിക്കുന്നതിന് അതതു സ്ക്കൂളുകളിലെ പി.റ്റി.എ. കളുടെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിനു സാധിക്കും.

കുടിവെള്ള ലഭ്യത ഉറപ്പാക്കുക. നമ്മുടെ പല സ്ക്കൂളുകളിലും കുടിവെള്ളം ലഭിക്കിന്നതിനു ബുദ്ധിമുട്ടുണ്ട്. വട്ടക്കാവ്, ഭദ്രാമഠം, വേലനിലം, കൊമ്പുകുത്തി തുടങ്ങിയ സ്ഥലങ്ങളിലെ സ്ക്കൂളുകളിൽ വിശേഷിച്ചും, ഓരോ സ്ഥലത്തും പരിതസ്ഥിതികളനുസരിച്ച് ആവശ്യമായ നടപടികൾ പഞ്ചായത്തിന്റേയും പി.റ്റി.എ കളുടേയും സംയുക്താഭിമുഖ്യത്തിൽ സ്വീകരിച്ച് ജലപ്രശ്നം പരിഹരിക്കാം.

പുകയില്ലാത്ത അടുപ്പുകൾ ഉച്ചക്കഞ്ഞി പാകപ്പെടുത്തുന്ന സ്ക്കൂളുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ച് ഇന്ധനലാഭം, പരിസ്ഥിതി പ്രശ്നപരിഹാരം ഇവ ഒന്നിച്ചു നേടാമെന്നുള്ള ഒരാശയം ഗ്രാമസഭളിലൂടെ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. ഇത് വളരെ

ശാസ്ത്രീയമാണ്, ഇതു നടപ്പിലാക്കി അതിലൂടെ വന്പിച്ചനേട്ടം കൈവരിക്കാൻ കഴിയും.

കളിസ്ഥലം നമ്മുടെ കൊച്ചുകൊച്ചു വിദ്യാലയങ്ങളിലെ കളിക്കളങ്ങളിൽ നിന്നാണ് സ്വർണ്ണം കൊയ്യുന്ന കായികതാരങ്ങൾ ഉയർന്നു വരുന്നത്. എല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ചും കളിസ്ഥലങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇതിന്റെ പ്രാരംഭമായി ഇഞ്ചയാനി, കുഴിമാവ് ഹൈസ്ക്കൂളുകളുടെ പണി പൂർത്തിയാക്കാത്ത ഗ്രൗണ്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ പഞ്ചായത്ത് ശ്രമിച്ചാൽ കഴിയും. കായിക മത്സരരംഗത്ത് വെന്നിക്കൊടി പാറിച്ച് പ്രശസ്തിയാർജ്ജിച്ചു കഴിഞ്ഞിരിക്കുന്ന സി.കെ.എം. ഹൈസ്ക്കൂളിന്റെ കളിസ്ഥലം ഒന്നുകൂടി പരിഷ്ക്കരിക്കുകയും അവിടെ ഒരു സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുകയും ചെയ്താൽ നന്നായിരിക്കുമെന്നുള്ള അഭിപ്രായം പ്രസക്തമാണ്. കൂടുതൽ പരിശീലന സൗകര്യം കൊണ്ട് കൂടുത നേട്ടങ്ങൾക്ക് സാദ്ധ്യതയുണ്ട്.

പഠനം ഒരിടത്ത് ഭരണം വേറൊരിടത്ത്. വേറൊരിടത്തുമല്ല കുഴിമാവ് ഗവ. ഹൈസ്ക്കൂളിൽത്തന്നെ. പഠനം നടക്കുന്ന മൂന്നു നാലു ക്ളാസ്സുകൾ ഒരു കെട്ടിടത്തിൽ . ഇതിന്റെയെല്ലാം നിയന്ത്രണാധികാരിയായ ഹെഡ്മാസ്റ്ററുടെ ഓഫീസ് വളരെ ദൂരെ വേറൊരു കെട്ടിടത്തിൽ. ഇതൊരു പൊരുത്തക്കേടാണ്. ഇതെല്ലാംകൂടി ഒരുമിച്ച് ഒരിടത്താക്കുവാൻ വേണ്ടിയുള്ള ഒരു ശ്രമം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് അതിനു മുൻകൈയെടുക്കുവാനും പ്രശ്നപരിഹാരം നേടുവാനും സാധ്യതയുണ്ട്. സ്പോർട്സിൽ അഭിരുചിയും അഭിനിവേശവുമുള്ള കുട്ടികളെ അവരുടെ രക്ഷകർത്താക്കൾ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും കൊണ്ടുവന്ന് കോരുത്തോട്ടിലെ സി.കെ.എം. ഹൈസ്ക്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നുണ്ട്. ഇങ്ങനെയെത്തുന്ന കുട്ടികൾക്ക് വേണ്ടത്ര താമസ സൗകര്യങ്ങളില്ലാത്ത ബുദ്ധിമുട്ടുണ്ട്. ഇതിനു പരിഹാരമായി ഇത്തരം വിദ്യാർത്ഥികൾക്കുവേണ്ടി കോരുത്തോട്ടിൽ ഉചിതമായ സ്ഥലത്ത് ഒരു ഹോസ്റ്റൽ സ്ഥാപിക്കേണ്ടതാണ് എന്ന ആവശ്യം അവഗണിക്കാവുന്നതല്ല.

വയോജന വിദ്യാഭ്യാസത്തെക്കുറിച്ചും ഗ്രാമസഭാറിപ്പോർട്ടുകളിൽ സൂചനയുണ്ട്. ഇനിയും എഴുത്തും വായനയും അറിഞ്ഞുകൂടാത്തവരുണ്ടെങ്കിൽ അങ്ങനെയുള്ളസ്ഥലങ്ങളിൽ വായനശാലകളോ ക്ളബ്ബുകളോ കേന്ദ്രീകരിച്ച് വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിച്ചു നടത്തുവാൻ ബഹുജന സഹകരണത്തോടെ പഞ്ചായത്തിനു മുൻകൈയെടുക്കുവാൻ കഴിയും.

നമ്മുടെ പല സ്ക്കൂളുകളിലും കക്കൂസുകളോ, മൂത്രപ്പുരകളോ വേണ്ടത്ര ഇല്ലാത്തതിന്റെ ഫലമായി കുട്ടികൾ മലമൂത്രവിസർജ്ജനത്തിന് തുറസ്സായ സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതി അഭിലഷണീയമല്ല. അദ്ധ്യപക രക്ഷാകർതൃ സംഘടനകളും ഗ്രാമപഞ്ചായത്തും യോജിച്ച് ഒരു ശ്രമം നടത്തി ഇത്തരം അപര്യാപ്തതകൾ പരിഹരിക്കാവുന്നതാണ്.

ഈ വികസന രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ഫണ്ടിന്റെ ലഭ്യതക്കനുസരണമായി വേണ്ടത്ര അവധാനതയോടുകൂടി മുൻഗണനാക്രമം നിശ്ചയിച്ച്, നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തുള്ള ന്യൂനതകൾ പരിഹരിക്കാമെന്നുള്ള ബോദ്ധ്യത്തോടുകൂടി ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസം അനുബന്ധം

1. കണ്ണിമല സെൻറ് ജോസഫ് ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറി സ്ക്കൂളാക്കി ഉയർത്തുക. പ്ളസ് ടൂ ആക്കുക. കെട്ടിടമുണ്ട്.
2. കണ്ണിമല സെൻറ് ജോസഫ് ഹൈസ്ക്കൂളിന് ഒരു സ്റ്റേഡിയം പണിയുക.
3. കുഴിമാവ് ഗവ. ഹൈസ്ക്കൂളിൽ വോക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ അനുവദിക്കുക.
4. മാർച്ച് 31-ന് ഉണ്ടാകുന്ന പെൻഷൻ വേക്കൻസികളിലും മറ്റും ജൂൺ ഒന്നാം തീയതിയ്ക്കു മുമ്പുതന്നെ അദ്ധ്യാപകരെ നിയമിക്കുക.
5. ഫിക്സേഷൻ അനുസരിച്ചുള്ള പോസ്റ്റുകൾ എത്രയും വേഗം ഫിൽ ചെയ്യണം.
6. ഗിരിവർഗ്ഗ മേഖലയിലെ കൊമ്പുകുത്തി യു.പി സ്ക്കൂൾ ഹൈസ്ക്കൂളായും പുഞ്ചവയൽ എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂളായും അപ്ഗ്രേഡ്

ചെയ്യണ്ടതാണ്. ഇവയ്ക്ക് അപ്ഗ്രേഡ് ചെയ്യാനുള്ള ഉത്തരവുകൾ ലഭിച്ചിട്ടുള്ളതാണ്.. പക്ഷേ നടപടികൾ ഉണ്ടായിട്ടില്ല.

7. കുഴിമാവ് ഹൈസ്ക്കൂൾ കെട്ടിടങ്ങൾ ഒരേ കോമ്പൗണ്ടിലാക്കുക.


8. അൺ ഇക്കണോമിക് സ്ക്കൂളുകൾ അടച്ചു പൂട്ടുക എന്ന നയം അവസാനിപ്പിക്കുക.

9. പഠനോപകരണങ്ങളുടെ അമിത വില കുറയ്ക്കുക.

10. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:25 (

11. സി.എം.എസ്. ഹൈസ്ക്കൂളിന് കെട്ട സാമ്പത്തിക ബാധ്യത കുറവുമുണ്ട്. ഇവ പ്ലസ് ടൂ ആരംഭിക്കുക.

12. കോരുത്തോട് സി.കെ.എം. ഹൈസ്ക്കൂൾ സ രംഗത്ത് ഉന്നത നിലവാരം പുല സ്ക്കൂളാണ്. ഇവിടെയും ഒരു പ്ല ആരംഭിക്കേണ്ടതാണ്.



മുണ്ടക്കയത്തെ ആദ്യത്തെ സ്കൂൾ
സി. എം. എസ്. എൽപി സ്കൂൾ



മുണ്ടക്കയം പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ തുടക്കം കുറിക്കുന്നത് 1119 മകരമാസം 19 -ാം തീയതി 2365 -ാം നമ്പർ കരിനിലം വിവിധോദ്ദേശ സഹകരണസംഘം രജിസ്റ്റർ ചെയ്യപ്പെട്ടതോടുകൂടിയാണ്. പഞ്ചായത്തിലെ ആദ്യത്തെ വായ്പാസംഘവും ഇതാണ്. 1970 കളിൽ പ്രവർത്തനം മാന്ദ്യം സംഭവിച്ച സംഘം 1-3-1976 ൽ കെ - 122 -ാം നമ്പർ മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്കിനോട് ലയിപ്പിക്കുകയും ചെയ്തതിനാൽ ഇന്ന് സംഘം നിലവിലില്ല.

30-11-1950 ൽ രജിസ്റ്റർ ചെയ്ത 3113 -ാം നമ്പർ അവശ സമുദായ സഹകരണ സംഘമാണ് രണ്ടാമത്തെ സഹകരണ സംഘം. സാമ്പത്തിക രംഗത്ത് പിന്നോക്കം നിൽക്കുന്ന പട്ടിക ജാതിക്കാർ അംഗങ്ങളായി രജിസ്റ്റർ ചെയ്തതിനാൽ വായ്പാ രംഗത്ത് വളരെക്കാലം പിടിച്ചു നിൽക്കാൻ സംഘത്തിനു കഴിഞ്ഞില്ല. 1958 മുതൽ സംഘം വനത്തിൽ നിന്നും ചൂരൽ ശേഖരിച്ച് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് തുടങ്ങുകയും ചെയ്തു. 1969 ൽ ഒരു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായം നടത്തുന്ന സംഘം എന്ന നിലയിൽ വ്യവസായ വകുപ്പിന്റെ കീഴിലേക്ക് മാറുകയും 3113 -ാം നമ്പർ മുണ്ടക്കയം ഹാൻറിക്രാഫ്റ്റ് ഇൻഡസ്ട്രിയൽ സഹകരണസംഘം എന്ന് പേര് മാറ്റിയെങ്കിലും ഇതിലെ അംഗങ്ങൾ ഇപ്പോഴും പട്ടിക ജാതിക്കാരാണ്. വ്യവസായ വകുപ്പിൽ വേണ്ടത്ര ഫണ്ട് ഇല്ലാത്തതിനാൽ 1976 ൽ കേരളം ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ ഭരണ നിയന്ത്രണത്തിലേക്ക് മാറ്റുകയും ഇപ്പോൾ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

കാർഷിക വായ്പാ സംഘങ്ങൾ

ഈ മേഖലയിൽ 4 സർവ്വീസ് സഹകരണ ബാങ്കുകളും മീനച്ചിൽ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കാഞ്ഞിരപ്പള്ളി ശാഖയും പഞ്ചായത്തു പ്രദേശത്തു പ്രവർത്തിച്ചു വരുന്നു. വിവരങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിന്റെ 8 മുതൽ 11 വരെയുള്ള വാർഡുകളിൽ പ്രവർത്തിക്കുന്നതും 1957 ൽ പ്രവർത്തനമാരംഭിച്ചതുമായ കണ്ണിമല വിവിധോദ്ദേശ സഹകരണസംഘമാണ് ഇന്നത്തെ 3978 -ാം നമ്പർ കണ്ണിമല സർവ്വീസ് സഹകരണ ബാങ്ക്. 5087 അംഗങ്ങളും 12,91,940 രൂപാ ഓഹരി മൂലധനവും 1,05,81,575 രൂപാ നിക്ഷേപമുണ്ട്. കാർഷിക വായ്പയായി 43,34,824 രൂപയും കാർഷികേതര വായ്പകളായി63,40,497 രൂപയും തൻവർഷം വിതരണം ചെയ്തിട്ടുണ്ട്. വായ്പാ വിതരണത്തിന് പുറമേ ചിട്ടി, വളം ഡിപ്പോ, റബ്ബർ സംഭരണ കേന്ദ്രം എന്നിവ നടത്തിവരുന്നു. ബാങ്കിൽ 7 ജീവനക്കാരുണ്ട്. അതിൽ 2 പേർ വനിതകളാണ്.

ആ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ പ്രമുഖസ്ഥാനം 122 -ാം നമ്പർ മുണ്ടക്കയം സർവ്വീസ് സഹകരണ സംഘത്തിനാണ്. പഞ്ചായത്തിന്റെ 1,2,6,7 വാർഡുകളും 4,5 വാർഡുകളുടെ ഏതാനും ഭാഗങ്ങളും കൂടി ചേർന്ന് 1960 ൽ പ്രവർത്തനമാരംഭിച്ച ഇഞ്ചിയാനി സർവ്വീസ് സഹകരണ സംഘമാണ് ഇന്നത്തെ 122 -ാം നമ്പർ മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്കായി അറിയപ്പെടുന്നത്. പ്രവർത്തനം മന്ദീഭവിച്ചതും ബാങ്കിന്റെ പ്രവർത്ത

പരിധിയിൽ സ്ഥിതിചെയ്യുന്നതുമായ 2365 -ാം നമ്പർ കരിനിലം വിവിധോദ്ദേശ സഹകരണസംഘം 1976 ൽ ബാങ്കിൽ ലയിപ്പിക്കുകയും 18 ലക്ഷം രൂപ നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന കൂട്ടിക്കൽ സർവ്വീസ് സഹകരണ ബാങ്കുകൂടി 1990 ൽ ബാങ്ക് ഏറ്റെടുക്കുകയും ചെയ്തു. ഇപ്പോൾ കൂട്ടിക്കൽ പഞ്ചായത്തുകൂടി ബാങ്കിന്റെ പ്രവർത്തനപരിധിയുണ്ട്. കൂട്ടിക്കൽ, ഏന്തയാർ എന്നിവിടങ്ങളിൽ ബ്രാഞ്ചുകളും മുണ്ടക്കയത്ത് ഒരു പ്രഭാത സായാഹ്ന ശാഖയും ബാങ്കിനുണ്ട്. 14,733 അംഗങ്ങളും 6,07,2810 രൂപ ഓഹരി മൂലധനവുമുണ്ട്. കാർഷിക വായ്പയ്ക്കു പുറമേ കാർഷികേതര വായ്പകളും വിതരണം ചെയ്യുന്നു. 45,56,0956 രൂപ കാർഷികേതര വായ്പയായും വിതരണം ചെയ്തിട്ടുണ്ട്. വായ്പാ വിതരണത്തിനു പുറമേ, റബ്ബർ സംഭരണ ഡിപ്പോ, ഡിപ്പാർട്ട്മെൻറ് സ്റ്റോർ, വളം ഡിപ്പോ, ചിട്ടികൾ എന്നിവ ബാങ്ക് ലാഭകരമായി നടത്തുന്നുണ്ട്. നഷ്ടത്തിലായിരുന്ന കൂട്ടിക്കൽ സർവ്വീസ് സഹകരണ ബാങ്ക് ഏറ്റെടുത്തതുമൂലം ബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഈടാക്കുവാനുള്ള പലിശ ഈടാക്കിയാൽ ബാങ്ക് ലാഭത്തിലാക്കുവാൻ സാധിക്കും. ബാങ്കിൽ 26 സ്ഥിരം ജീവനക്കാരുണ്ട്. ഇവരിൽ അഞ്ചുപേർ വനിതകളാണ്. ആകെയുള്ള ജീവനക്കാരിൽ അറ്റൻഡർ പോസ്റ്റിൽ മാത്രമേ 2 പട്ടിക ജാതിക്കാരുള്ളു.

1961 ൽ പ്രവർത്തനം ആരംഭിച്ച ഇഞ്ചിയാനി സർവ്വീസ് സഹകരണ ബാങ്ക് മുണ്ടക്കയം പഞ്ചായത്തിന്റെ 3-ാം വാർഡും, 4, 5 വാർഡുകളുടെ ഏതാനും ഭാഗങ്ങളും കേന്ദ്രമായി പ്രവർത്തിക്കുന്നു. 3290 അംഗങ്ങളും 14,82,325 രൂപ ഓഹരി മൂലധനവുമുണ്ട്. കാർഷിക വായ്പയ്ക്കു പുറമേ കാർഷികേതര വായ്പകളും വിതരണം ചെയ്തു വരുന്നു. വളം ഡിപ്പോ, ചിട്ടി മുതലായവയും മുണ്ടക്കയം 31-ാം മൈലിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെൻറ് സ്റ്റോറും നടത്തിവരുന്നു. ബാങ്കിൽ 10 ജീവനക്കാരുണ്ട്. ബാങ്ക് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കിട്ടാനുള്ള പലിശ ഈടാക്കിയാൽ ലാഭത്തിൽ പ്രവർത്തിക്കാൻ സാധിക്കും.

കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ 1972 ൽ കെ.365 നമ്പരായി രജിസ്റ്റർ ചെയ്ത് കോരുത്തോട് പള്ളിപ്പടി എന്ന സ്ഥലത്ത് ഇതിന്റെ ആസ്ഥാനം പ്രവർത്തിച്ചു വരുന്നു. പ്രവർത്തന പരിധി മുണ്ടക്കയം പഞ്ചായത്തിൽ10, 11 എന്നീ വർഡുകളുടെ കുറെ ഭാഗങ്ങളും 12, 13, 14, 15 എന്നീ വാർഡുകളുടെ മുഴുവൻ ഭാഗങ്ങളും പീരുമേട് താലൂക്കിൽ പെരുവന്താനം പഞ്ചായത്തിൽപെടുന്ന ഒന്നാം വാർഡും ടി. ആൻറ് ടി കമ്പനിയുടെ കുറെ ഭാഗങ്ങളും ചേർന്ന പ്രദേശങ്ങളാണ്. 6013 ഓഹരി ഉടമകളുമുണ്ട്. ഓഹരി മൂലധനം 16 ലക്ഷം രൂപയും സർക്കാർ ഓഹരി 50,000 രൂപയുമാണ്. സ്ഥിരം നിക്ഷേപം 53 ലക്ഷം രൂപയും ലോൺ ഔട്ട്സ്റ്റാൻറിംഗ് 89 ലക്ഷം രൂപയുമാണ്. ശരാശരി 5 ലക്ഷം രൂപയുടെ ഹൃസ്വകാല കാർഷിക വായ്പകൾ മാസം തോറും വിതരണം ചെയ്തു വരുന്നുണ്ട്. സ്ഥിരമായി 8 ജീവനക്കാർ ജോലി ചെയ്യുന്നു. ഇതിൽ 3 പേർ വനിതകളാണ്. പട്ടിക ജാതിയിൽപെട്ട ജീവനക്കാർ ഇല്ല. ഈ സ്ഥാപനത്തിന് അനുബന്ധമായി ഔളിക്കട, വളം ഡിപ്പോ, സ്റ്റേഷനറി എന്നീ സ്ഥാപനങ്ങളും, കാലാകാലങ്ങളിൽ ഓണം ക്രിസ്തുമസ് ചന്തകളും നടത്തിവരുന്നു. ഒരു ബ്രാഞ്ച് മടുക്കയിൽ തുടങ്ങുന്നതിന് ആലോചിച്ചിട്ടുണ്ട്. കലാപരിപാടികൾ സംഘടിപ്പിച്ച് അതിൽ നിന്നും സമാഹരിച്ച ഒരു ഫണ്ട് സാധുക്കൾക്കും രോഗികൾക്കും അടിയന്തിര സഹായം എന്ന നിലയ്ക്ക് വിതരണം ചെയ്തു വരുന്നുണ്ട്. ഈ ബാങ്ക് കോരുത്തോട് പ്രദേശത്തിന്റെ ആകെ കാർഷിക മേഖലയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കലാപരിപാടികൾ സംഘടിപ്പിച്ച് അതിൽ നിന്നും സമാഹരിച്ച ഒരു ഫണ്ട് സാധുക്കൾക്കും രോഗികൾക്കും അടിയന്തിര സഹായം എന്ന നിലയ്ക്ക് വിതരണം ചെയ്തു വരുന്നുണ്ട്. ഈ ബാങ്ക് കോരുത്തോട് പ്രദേശത്തിന്റെ ആകെ കാർഷിക മേഖലയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. റബ്ബർബോർഡ് കാർഷിക വികസന രംഗത്ത് പ്രവർത്തിക്കുന്ന ഗവ. ഏജൻസികൾ എന്നീ വിഭാഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കർഷകർക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഈ ബാങ്ക് കാർഷികേതര മേഖലകളിലും സ്വയം തൊഴിൽ മേഖലയിലും

വിപുലമായ പരിപാടികൾ നടത്തിവരുന്നു. കാർഷിക ആവശ്യങ്ങൾക്കായി ദീർഘകാല വായ്പകൾ വിതരണം ചെയ്യുവാനും ഇപ്പോൾ കഴിയുന്നുണ്ട്. ഇപ്പോൾ ഈ ബാങ്ക് ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു.

മിക്ക ബാങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും പിരിഞ്ഞു കിട്ടാനുള്ള വായ്പയും പലിശയും ഈടാക്കിയാൽ ലാഭകരമാക്കാവുന്നതേയുള്ളു. പഞ്ചായത്ത് നിവാസികളുടെ കാർഷിക, കാർഷികേതര ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ബാങ്കുകൾ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവയിൽ വായ്പാസംഘങ്ങൾ തന്നെയാണ് പ്രവർത്തനത്തിൽ മുന്നിട്ടു നിൽക്കുന്നത്.

മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്കിന്റെ ശാഖയും കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയും കാർഷികേതര വായ്പാ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഭവന വായ്പാരംഗത്ത് 372 -ാം നമ്പർ കാഞ്ഞിരപ്പള്ളി ഭവന നിർമ്മാണ സംഘവും, എയ്ഡ് സ്കൂൾ ജീവനക്കാരുടെ ക്ഷേമത്തിനായി 374 -ാം നമ്പർ എയ്ഡ് സ്കൂൾ എംപ്ലോയീസ് സഹകരണ സംഘവും, സഹകരണ ജീവനക്കാർക്കായി കാഞ്ഞിരപ്പള്ളി താലൂക്ക് എംപ്ലോയീസ് സഹകരണ സംഘവും എസ്റ്റേറ്റ് തൊഴിലാളികൾക്കായി 814 -ാം നമ്പർ എസ്റ്റേറ്റ് തൊഴിലാളി സഹകരണ സംഘവും, തയ്യൽ തൊഴിലാളികൾക്കായി 763 -ാം നമ്പർ കാഞ്ഞിരപ്പള്ളി താലൂക്ക് തയ്യൽ തൊഴിലാളി സഹകരണ സംഘവും വായ്പാരംഗത്തുണ്ട്.

പട്ടിക ജാതി - വർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ 3 പട്ടിക ജാതി സംഘങ്ങൾ നിലവിലുണ്ടെങ്കിലും അതിൽ പുഞ്ചവയൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം പ്രവർത്തന രഹിതമാണ്. മുണ്ടക്കയം പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം, പനയ്ക്കച്ചിറ പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം എന്നിവയാണ് പ്രവർത്തിക്കുന്നത്. സാമ്പത്തിക രംഗത്ത് പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി - പട്ടിക വർഗ്ഗ അംഗങ്ങൾ ഓഹരി ഉടമകളായ സഹകരണ സംഘങ്ങളായതിനാൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാനോ, വായ്പ പലിശകൊണ്ടുമാത്രം സംഘത്തിന്റെ പ്രവർത്തനങ്ങൾ നടത്തുവാനോ സാധിക്കാതെ വരുന്നു. തൻ തിലവുകൾ പോലും നടത്തുന്നതിന് സാധിക്കാതെ, സംഘം നഷ്ടത്തിലേക്ക് പോകുകയും അവസാനം അടച്ചുപൂട്ടുകയും ചെയ്യേണ്ടി വരുന്നു. കൂടാതെ പട്ടിക ജാതിക്കാർ അംഗങ്ങളായുള്ള മുണ്ടക്കയം ഹാൻറിക്രാഫ്റ്റ് ഇൻഡസ്ട്രിയൽ സഹകരണസംഘം പുത്തൻ ചന്തയിൽ പ്രവർത്തിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

വായ്പാ വിതരണത്തിനു പുറമേ അംഗങ്ങൾക്ക് പ്രയോജന പ്രദമായ കൈത്തൊഴിലുകൾ കൂടി സംഘം ഏറ്റെടുത്ത് നടത്തിയാൽ സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിന് സഹായകരമാകും.

പട്ടിക വർഗ്ഗ സംഘങ്ങൾ 2 എണ്ണം ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. 1957 ൽ പ്രവർത്തനമാരംഭിച്ച 3915 -ാം നമ്പർ പുഞ്ചവയൽ പട്ടിക വർഗ്ഗസർവ്വീസ് സഹകരണ സംഘവും, 1978 ൽ പ്രവർത്തനമാരംഭിച്ച 662 -ാം നമ്പർ കോസടി പട്ടിക വർഗ്ഗ സർവ്വീസ് സഹകരണസംഘവും, പുഞ്ചവയൽ പട്ടികവർഗ്ഗസംഘം ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വളം, റബ്ബർ കർഷകർക്കാവശ്യമുള്ള സാധനങ്ങൾ എന്നിവയുടെ ഡിപ്പോ, ചിട്ടി, എന്നിവ നടത്തിവരുന്നു.

1967 ൽ പ്രവർത്തനമാരംഭിച്ച 303 -ാം നമ്പർ മുണ്ടക്കയം കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ മുണ്ടക്കയത്തു പ്രവർത്തിക്കുന്നു. 1275 അംഗങ്ങളും 3,29,460 രൂപ ഓഹരി മൂലധനവുമുണ്ട്. സംഘം ഒരു ടെക്സ്റ്റൈൽ ഷോറൂമും, മുണ്ടക്കയം, കോരുത്തോട് എന്നിവിടങ്ങളിൽ ബ്രാഞ്ചുകളും നടത്തിവരുന്നു.

അനുബന്ധം 1.

1. കണ്ണിമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം.
2. മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
3. ഇഞ്ചിയാനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
4. കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
5. മിണ്ടക്കയം കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ
6. എയ്ഡ്സ് സ്കൂൾ ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
7. ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
8. കാഞ്ഞിരപ്പള്ളി താലൂക്ക് തയ്യൽ തൊഴിലാളി സഹകരണ സംഘം
9. മുണ്ടക്കയം എസ്റ്റേറ്റ് തൊഴിലാളി സഹകരണ സംഘം
10. മുണ്ടക്കയം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം
11. സെൻറ് ജോസഫ് ഗേൾസ് ഹൈസ്ക്കൂൾ സഹകരണ സംഘം
12. സി.എം.എസ്. ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
13. സി. കേശവൻ മെമ്മോറിയൽ ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
14. പനയ്ക്കച്ചിറ പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം
15. മുണ്ടക്കയം പട്ടികജാതി സർവ്വീസ് സഹകരണ സംഘം
16. പുഞ്ചവയൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം
17. പുഞ്ചവയൽ ഗിരിജൻ സർവ്വീസ് സൊസൈറ്റി
18. കോസടി ഗിരിജൻ സർവ്വീസ് സൊസൈറ്റി
19. കാഞ്ഞിരപ്പള്ളി കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം
20. മീനച്ചിൽ കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് (ബ്രാഞ്ച്)
21. മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് (ബ്രാഞ്ച്)
22. കോട്ടയം ജില്ലാ സഹകരണ ബാങ്ക് (ബ്രാഞ്ച്)
23. മുണ്ടക്കയം കന്നുകാലി സംരക്ഷണ സഹകരണ സംഘം
24. മുണ്ടക്കയം ക്ഷീരവ്യവസായ സഹകരണ സംഘം ക്ലിപ്തം
25. പട്ടിക ജാതി ക്ഷേമ ക്ഷീരോൽപാദക സഹകരണ സംഘം

1990 ൽ പ്രവർത്തനമാരംഭിച്ച കെ. 810-ാം നമ്പർ കാഞ്ഞിരപ്പള്ളി താലൂക്ക് ആർട്ടിസാൻസ് ലേബർ കോൺട്രാക്ട് സൊസൈറ്റിയും പ്രവർത്തിച്ചു വരുന്നു. 875 -ാം നമ്പർ മുണ്ടക്കയം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പ്രവർത്തന രഹിതമാണ്. കൂടാതെ 3 സ്കൂൾ സഹകരണ സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

വായ്പാ രംഗത്ത് യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ മുണ്ടക്കയം ബ്രാഞ്ചും, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ മുണ്ടക്കയം കോരുത്തോട്, പുഞ്ചവയൽ എന്നീ ബ്രാഞ്ചുകളും പ്രവർത്തിക്കുന്നുണ്ട്.

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ 3 ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. 1 മുതൽ 5 വരെയുള്ള വാർഡുകൾ കേന്ദ്രീകരിച്ച് 26(D) -ാം നമ്പർ മുണ്ടക്കയം ക്ഷീരവ്യവസായ സഹകരണ സംഘവും 6 മുതൽ 10 വരെ വാർഡുകൾ കേന്ദ്രീകരിച്ച് 21(D) നമ്പർ കന്നുകാലി സംരക്ഷണ സഹകരണ സംഘവും 10, 11 വാർഡുകൾ കേന്ദ്രീകരിച്ച് 95-ാം നമ്പർ പട്ടികജാതി ക്ഷേമ ക്ഷീരോല്പാദക സഹകരണ സംഘവും നിലവിലുണ്ട്. 26(D) -ാം നമ്പർ സംഘം പ്രവർത്തന രഹിതവും ലിക്വിഡേഷൻ നടപടിയിലുമാണ്. മറ്റു രണ്ടു സംഘങ്ങൾ ഭാഗികമായി

പ്രവർത്തിക്കുന്നു. നാടൻ ക്ഷീരോൽപന്നങ്ങൾ നിർമ്മിക്കുന്ന വനിതാ യൂണിറ്റുകൾ മാത്രമാണ് 2 സംഘങ്ങളിലും പ്രവർത്തിക്കുന്നത്.

റബ്ബർ കൃഷിക്കാരുടെ മേഖലയായ മുണ്ടക്കയം പഞ്ചായത്തിൽ കന്നുകാലി വളർത്തുന്നതിന് ആവശ്യമായ തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും മറ്റു കാലിത്തീറ്റകളുടെ വിലക്കൂടുതലുമാണ് കാലി വളർത്തുകാരെ ഈ രംഗത്തുനിന്നും പിൻതിരിയുന്നതിന് പ്രേരിപ്പിക്കുന്നത്. തൻമൂലം സംഘങ്ങൾക്ക് ആവശ്യമായ പാൽ ലഭിക്കാതെ വരുന്നു.

സാദ്ധ്യതകൾ

7 മുതൽ 15 വരെയുള്ള വാർഡുകളിലാണ് പഞ്ചായത്തിലെ കോളനികളിൽ ഭൂരിഭാഗവും സ്ഥിതി ചെയ്യുന്നത്. 3 സെൻറ്, 4 സെൻറ്, 10 സെൻറ്, 25 സെൻറ് സ്ഥലം വീതമുള്ളവരാണ് ഭൂരിഭാഗം കോളനിക്കാരും. വേണ്ടത്ര കൂലി വേല ലഭിക്കാത്ത സാഹചര്യത്തിൽ ഇതിലെ കൃഷികൊണ്ട് ജീവിക്കാനും സാധിക്കുകയില്ല.

വ്യവസായ സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ 7 സഹകരണസംഘങ്ങൾ വ്യവസായ വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 187 -ാം നമ്പർ മലനാട് ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവർത്തന രഹിതമാണ്. ബാക്കിയുള്ള സംഘങ്ങളിൽ 5 എണ്ണം പ്രവർത്തിച്ചു വരുന്നു. 250 -ാം നമ്പർ ഗ്രാമീണ വ്യവസായ സഹകരണ സംഘം പ്രവർത്തനമാരംഭിച്ചിട്ടില്ല. വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. നബാർഡിന്റെ റീഫൈനാൻസിംഗ് സ്കീമിൽപെടുത്തി വ്യവസായ സംഘങ്ങൾക്ക് വായ്പ നൽകാൻ ജില്ലാ സഹകരണ ബാങ്കിന് കർശനമായ നിർദ്ദേശം നൽകുക.
2. ഗവൺമെൻറ് ഷെയർ പാർട്ടിസിപ്പേഷൻ കൂടാതെ പ്രവർത്തന മൂലധനം കൂടുതൽ ആവശ്യമായി വരുന്ന വ്യവസായ സംഘങ്ങൾക്ക് ഗവ. ഓഹരി പങ്കാളിത്തം കൂടാതെ പ്രവർത്ത മൂലധന വായ്പകൂടി വ്യവസായ വാണിജ്യ വകുപ്പ് നേരിട്ടു നൽകുകയോ, ജില്ലാ സഹകരണ ബാങ്കുകൾ പോലെ വ്യവസായ വകുപ്പുന്റെ കീഴിലും , ജില്ലാ വ്യവസായ സഹകരണ ബാങ്കുകൾ രൂപീകരിക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കുകയും ചെയ്യുക.
3. വ്യവസായ സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വ്യവസായ വകുപ്പിലെ സഹകരണ സംഘ മേധാവിയും പഞ്ചായത്തു പ്രതിനിധികളും അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മറ്റി ഉണ്ടാക്കണം.
4. സംഘങ്ങൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തു തലത്തിൽ ഷോറൂമുകൾ ഉണ്ടാക്കണം.



അനുബന്ധം 2.

വ്യവസായ സഹകരണ സംഘങ്ങൾ

	സഹകരണ സംഘത്തിന്റെ പേര്	വ്യവസായം	ഇപ്പോഴത്തെ അവസ്ഥ
1.	പ്രിയ റബ്ബർ ഇൻഡസ്ട്രിയൽ സഹകരണ സംഘം Ltd. No. SIND (K) 167	റബ്ബറധിഷ്ടിത വ്യവസായം	പ്രവർത്തിക്കുന്നുണ്ട്
2.	നിർമ്മാൺ ഇൻഡസ്ട്രിയൽ സഹകരണ സംഘം SIND (K) 190	സിമൻറ് ഇഷ്ടിക നിർമ്മാണം	"
3.	മനസ്വിനി ഗ്രാമീണ വ്യവസായ സഹകരണ സംഘം SIND (K) 226	റെഡിമെയ്ഡ് വസ്ത്രങ്ങൾ	"
4.	ചൈതന്യാ റൂറൽ ആർട്ടിസാൻസ് ഇൻഡസ്ട്രിയൽ സഹകരണ സംഘം SIND(K)235	തടി, ചൂരൽ കൊണ്ടുള്ള കരകൗശല സാധനങ്ങൾ	"
5.	മലനാട് ആയുർവ്വേദ ഔഷധ നിർമ്മാണ സഹകരണ സൊസൈറ്റി SIND (K) 187	ആയ്യുർവേദ ഔഷധ നിർമ്മാണം.	പവർത്തനരഹിതമാണ്
6.	കോരുത്തോട് അയോഡൈസ്സ് സാൾട്ട് ഇൻഡസ്ട്രിയൽ സഹകരണ സൊസൈറ്റി Ltd. No. SIND (K) 257	അയോഡൈസ്ഡ് ഉപ്പ്	പ്രവർത്തിക്കുന്നു
7.	ഗ്രാമീണ വ്യവസായ സഹകരണസംഘം Ltd. No. SIND(K) 250	റൈഡിമെയ്ഡ് വസ്ത്ര നിർമ്മാണം	പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ

ഈ മേഖലയിൽ ഓരോ വർഷവും സഹകരണ സംഘങ്ങൾ ഉണ്ടാകുന്നുവെങ്കിലും ഒരു സംഘവും 2 വർഷത്തിൽ കൂടുതൽ പ്രവർത്തിച്ചിട്ടില്ല എന്നു കാണുവാൻ സാധിക്കും. അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ ഈ പഞ്ചായത്തിലെ ഖാദി ഗ്രാമ വ്യവസായ സംഘങ്ങളുടെ ഏകദേശം സ്ഥിതി മനസ്സിലാക്കുവാൻ സാധിക്കും. കേരളമൊട്ടാകെയുള്ള സംഘങ്ങളുടെ സ്ഥിതിയും മറിച്ചല്ല.

പ്രശ്നങ്ങൾ

1989 വരെ സഹകരണ സംഘം വകുപ്പും ചട്ടങ്ങളും അനുസരിച്ച് ഒരു ഖാദിഗ്രാമ വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന് 25 അംഗങ്ങൾ ആവശ്യമായിരുന്നു. എന്നാൽ 7-9-1989 ലെ G.O.M.S. No. 137/89/ID സർക്കാർ ഉത്തരവനുസരിച്ച് 10 അംഗങ്ങൾ മതിയൊന്നും അതിൽ 90% പേർ അതാതു സംഘത്തിന്റെ ബൈലോയിൽ പറഞ്ഞിരിക്കുന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഖാദി ഗ്രാമ വ്യവസായവുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകൾ സ്വന്തം കുടുംബാംഗങ്ങളെ ചേർത്ത് രജിസ്റ്റർ ചെയ്യുന്നവയാണ് ഭൂരിഭാഗം സംഘങ്ങളും. ഗ്രാമവ്യവസായവുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകൾ അംഗങ്ങളായതിനാൽസംഘം നടത്തിപ്പിൽ യാതൊരു താൽപര്യവും കാണുകയുമില്ല. ആദ്യത്തെ കമ്മറ്റി മീറ്റിംഗ് കഴിഞ്ഞ് പിന്നീട് സംഘം റിക്കാർഡുകൾ പ്രസിഡൻറ്മാരുടെ വസതികളിൽ സൂക്ഷിക്കുന്നതായി കാണുന്നു.

ഈ പഞ്ചായത്തിൽ തന്നെ 9 വ്യവസായങ്ങൾ നടത്തുന്ന സഹകരണ സംഘങ്ങളുണ്ട്. അതിൽ ഒരേണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളു. വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

സ്ഥാപനം	സ്വഭാവം	തുക
ഖാദി ഗ്രാമ വ്യവസായ ബോർഡ്	പ്രവർത്തനമൂലധന വായ്പ	11,000 00
	കെട്ടിടം	65000 00
	ഓഹരി മൂലധനം	25385 00
ജില്ലാ സഹകരണ ബാങ്ക്	പ്രവർത്തന മൂലധനം	114000 00
	ആകെ	314385 00

ഇവയിൽപ്പെട്ട പല സംഘങ്ങൾക്കും ഒരു രജിസ്ട്രേഡ് ഓഫീസോ, നെയിം ബോർഡുപോലുമോ ഇല്ല. മിക്കതും സംഘം പ്രസിഡൻറുമാരുടെ വസതികളിലാണ്. രേഖകൾ ഒന്നും ലഭ്യമല്ല. വിവരങ്ങൾ ജില്ലാ ഖാദിബോർഡ് ഓഫീസിൽ നിന്നും ശേഖരിച്ചതാണ്.

നിർദ്ദേശങ്ങൾ

1. ഖാദിഗ്രാമ വ്യവസായ ബോർഡ് കൂടുതൽ പ്രാധാന്യം നൽകി വരുന്നത് ചാരിറ്റബിൾ സംഘങ്ങൾക്കാണ്. ഈ പ്രവണത മാറ്റി സഹകരണ സംഘങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുക്കുകയും പഴയവ പുനരുദ്ധരിക്കുന്നതിനും പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ യഥാർത്ഥ തൊഴിലാളികൾ തന്നെയാണോ സംഘം രജിസ്ട്രേഷനായി സമീപിക്കുന്നതെന്നും, പ്രോജക്ട് നടത്തുവാൻ വേണ്ട പരിസ്ഥിതികൾ ടി സ്ഥലത്തുണ്ടോ എന്നിവ കർശനമായി പരിശോധിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ബോർഡിൽ നിന്നും ലഭിക്കുന്ന തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ.
2. ഖാദിബോർഡ് ഓഫീസിലും ജില്ലാ ഗ്രാമവ്യവസായ ഓഫീസിലും സഹകരണ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരുൾപ്പെട്ട ഒരു സഹകരണ സെൽ ഉണ്ടാക്കേണ്ടതും സംഘങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കണം.
3. വ്യവസായ സഹകരണ സംഘങ്ങളുടേതുപോലെ മിനിമം 10,000 രൂപയെങ്കിലും ഓഹരി മൂലധനമായി പിരിക്കണം എന്നും അത്തരം സംഘങ്ങൾക്കേ രജിസ്ട്രേഷൻ നൽകാവൂ എന്നും വ്യവസ്ഥയുണ്ടാക്കണം. ഗവ. ഷെയർ പാർട്ടിസിപ്പേഷനും മറ്റ് ആനുകൂല്യങ്ങളും ഖാദിഗ്രാമവ്യവസായ സഹകരണ സംഘങ്ങൾക്കും അനുവദിക്കുന്നതിനും നിയമമുണ്ടാകണം.
4. എല്ലാ സഹകരണ സംഘങ്ങളിലും സഹകരണ പരിശീലനം സിദ്ധിച്ച വെയ്ഡ് സെക്രട്ടറിയെ നിയമിച്ചതിനുശേഷം മാത്രമേ സംഘത്തിനു ധനസഹായം അനുവദിക്കാവു എന്ന് വ്യവസ്ഥ ചെയ്യുക. ഇപ്രകാരം ചെയ്താൽ സഹകരണ പരിശീലനം സിദ്ധിച്ച തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുകയും സംഘം പ്രവർത്തനങ്ങൾക്ക് സ്ഥിരതയും ലഭ്യമാകും.
5. ഗ്രാമീണ തലത്തിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിപണനം നടത്തുവാനുള്ള സാമ്പത്തിക ഭദ്രത മിക്ക സംഘങ്ങൾക്കും ഇല്ല. അതിനാൽ വികസന ലക്ഷ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് പഞ്ചായത്തു തലത്തിലും ജില്ലാതലത്തിലും ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിൽക്കുവാനുള്ള വിൽപ്പന ശാലകൾ തുടങ്ങുന്നതിന് ഗ്രാമ പഞ്ചായത്തുകൾ മുൻകൈയെടുക്കണം.
6. ഖാദി ഗ്രാമ വ്യവസായ ബോർഡ്, ജില്ലാ ആഫീസ് പ്രതിനിധികൾ പങ്കെടുക്കുന്ന സംഘം പ്രസിഡൻറ്, സെക്രട്ടറിമാരുടെ യോഗം , താലൂക്ക് തലത്തിലോ പഞ്ചായത്ത് തലത്തിലോ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കണം.
7. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള 10% സംവരണ തത്വം മിക്ക സഹകരണ സംഘങ്ങളും പാലിച്ചിട്ടില്ല. അഭ്യസ്തവിദ്യരായവർ ഈ വിഭാഗത്തിൽ ധാരാളം ഉണ്ടായിട്ടും ഇതു നടപ്പാലാക്കാതെ വന്നതിൻെറ കാരണം പരിശോധിക്കപ്പെടേണ്ടതാണ്.
   ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ സാധിച്ചാൽ ഗ്രമീണ തൊഴിൽ രംഗത്ത് വിപ്ളവകരമായ മാറ്റം വരുത്തുവാൻ സാധിക്കും.
8. പഞ്ചായത്ത് ലൈബ്രറിയുടെ കേടുവന്ന പുസ്തകങ്ങൾ ബൈൻറ് ചെയ്ത് ഉപയോഗപ്രദമായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യണം. അതിനു വേണ്ടുന്ന അടിയന്ത്രര നടപടി പഞ്ചായത്ത് സ്വീകരിക്കണം.

സഹകരണം

അനുബന്ധം

1. സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ബോധവല്ക്കരണം നടത്തുക.
2. ജില്ലാ ബാങ്കിന്റെ പലിശനിരക്ക് കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു ജനകീയ കമ്മറ്റി ഉണ്ടാകണം.
4. കൃഷിവായ്പകൾ നൽകുന്നത് ഏത്തവാഴകൃഷി എന്ന ഹെഡിലാണ്. ഇതിന് ഒരു മാറ്റം ഉണ്ടാകുകയും എല്ലാത്തരം കൃഷികൾക്കും ആ വായ്പ ലഭ്യമാകത്തക്ക രീതിയിൽ വായ്പാസംവിധാനം ചിട്ടപ്പെടുത്തുക.
5. മുണ്ടക്കയം പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ നിർമ്മിക്കുന്ന ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ മുണ്ടക്കയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾവഴി വിറ്റഴിക്കുന്നതിന് നടപടി സ്വീകരിക്കണം.
6. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണസംഘം തുടങ്ങത്തക്ക രീതിയിൽ കാഞ്ഞിരപ്പള്ളി താലൂക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഭവന നിർമ്മാണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ നിന്നും മുണ്ടക്കയം പഞ്ചായത്ത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.
7. മുണ്ടക്കയത്തെ ജനങ്ങളുടെ നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിന് മുണ്ടക്കയം സഹകരണ കൺസ്യൂമർ സ്റ്റോർ കൂടുതൽ ജനോപകാരപ്രദമായി പ്രവർത്തിക്കുന്നതിന് വിപുലീകരിക്കണം.
8. അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി താലൂക്കു തലത്തിൽ ഒരു സഹകരണസംഘം രൂപീകരിക്കുക.



5.2

വ്യവസായം



വ്യാവസായിക വികസനത്തിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്താണ് മുണ്ടക്കയം. വളർച്ചയ്ക്ക് ലഭ്യമായ അസംസ്കൃത സമ്പത്ത് സുലഭമായി നിലനിന്നിട്ടും വിനിയോഗിക്കപ്പെടാതെ പുറത്തേക്കൊഴുകുന്നു. അതുകൊണ്ട് ഇവിടെ ലഭിക്കേണ്ട തൊഴിലവസരങ്ങളും അസംസ്കൃത സമ്പത്തു ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണവും വിതരണവും അതുവഴി ലഭിക്കേണ്ട സമ്പത്തും എല്ലാം നമുക്ക് നഷ്ടമാകുന്നു. സുലഭതക്കൊപ്പം വ്യവസായ വികസന സാധ്യത ഉയർന്നിട്ടില്ല. ഉയർന്ന രീതിയിലുള്ള അസംസ്കൃത സമ്പത്ത് ലഭ്യതയും ചെറിയ രീതിയിലുള്ള പ്രയോഗവും - വ്യവസായ രംഗത്ത് ഒട്ടാകെയുള്ള ഒരു ചിത്രം ഇതാണെന്ന് കാണാം.

പ്രധാനകൃഷിയെ ആശ്രയിച്ചുകൊണ്ടുള്ള വികസനമാണ് ശ്രദ്ധേയം. ആകെ വിസ്തൃതി 8750 ഹെക്ടർ ആണ്. ഭൂവിസ്തൃതിയുടെ 6730 ഹെക്ടർ അഥവാ 77% റബ്ബർ കൃഷിയാണ്. ഒരു ഹൈക്ടറിൽ പ്രതിവർഷം ശരാശരി ലഭിക്കുന്ന റബ്ബർ ഉല്പന്നം 2200 കിലോഗ്രാം ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. [റബ്ബർ ബോർഡ് കണക്ക്] അങ്ങിനെയായാൽ പ്രതിവർഷം 14806 ടൺ സ്വഭാവിക റബ്ബർ ഉൽപാദിപ്പിക്കുന്നതായി കാണാം. [കൃഷി ഭവൻ രേഖ]

പട്ടിക 1

കൃഷി	വിസ്തൃതി (ഹെക്ടർ)	ഒരു ഹെക്ടറിലെ ഉൽപാദനം (കിലോ)	പ്രതിവർഷം ഉല്പാദനം (ടൺ)
റബ്ബർ	6730	2200	14806

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും വ്യവസായ ഉൽപന്നമായ റബ്ബറിന്റെ ലഭ്യത മനസ്സിലാക്കുവാൻ കഴിയും. ലഭ്യതയും ഉപയോഗവും തമ്മിലുള്ള അന്തരമാണ് അടുത്ത പട്ടികയിൽ വിവരിക്കുന്നത്.

പട്ടിക 2

പേര്	രജി. ചെയ്ത വർഷം	ഉല്പാദന വസ്തു	പൊതു മേഖല	സഹകാര്യ മേഖല	സഹകരണ മേഖല	ചെറുകിട മേഖല	വൻകിട മേഖല	ഉല്പന്ന ഉപയോഗം പ്രതി വർഷം
പ്രിയാസ് പുഞ്ചവയൽ	1979	റബ്ബർ മാറ്റ്	- -	- -			-	48 ടൺ
റബ്ബർ വർക്ക്സ് പുഞ്ചവയൽ	1993	റബ്ബർ ബാൻറ് ഫിങ്കർ ഗ്ലൗസ്സസ്	ചാരിറ്റബിൾ സൊസാറ്റി	-	-		-	1.5 ടൺ
റബ്ബർ ബാൻറ് യൂണിറ്റുകൾ 2 എണ്ണം	1971 to 1991	റബ്ബർ ബാൻറ്	-		-		-	7 ടൺ

ഒന്നാം പട്ടികയിൽ രേഖപ്പെടുത്തുന്ന ഉല്പാദനം പ്രതിവർഷം 14.806 ടൺ ആയിരിക്കെ രണ്ടാം പട്ടിക പ്രകാരം ഉപയോഗത്തിൽ വരുന്നത് കേവലം 56.5 ടൺ മാത്രമാണ്.

1991 ൽ റബ്ബർ അധിഷ്ടിത സഹകരണ സംഘമായി ഖാദിബോർഡ് മുഖേന മുണ്ടക്കയം കേന്ദ്രമാക്കി സൂര്യ ഖാദി വില്ലേജ് ആൻറ് ഇൻറസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 30 അംഗങ്ങളുടെ തൊഴിൽ പ്രതീക്ഷിക്കുന്നു. സംഘം നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

പട്ടിക 3

റബ്ബർ അധിഷ്ടിത വ്യവസായം ഉല്പാദനം തുടങ്ങിയിട്ടില്ല.

പേര്	രജിസ്റ്റർ ചെയ്ത വർഷം	ഉല്പാദന വസ്തു	പൊതു മേഖല	സ്വകാര്യ മേഖല	സഹകരണ മേഖല	ചെറുകിട മേഖല	വൻകിട മേഖല	ഉല്പന്ന ഉപയോഗം പ്രതി വർഷം
S.H.V I.C.S	1991	റബ്ബർ ഗുഡ്സ്	-	-		-		5 ടൺ

ഉല്പാദനം തുടങ്ങിയാൽ റബ്ബർ ഉപയോഗം 5 ടൺകൂടി വർദ്ധിക്കും. അപ്പോൾ തുടങ്ങിയിട്ടുള്ളതും തുടങ്ങാൻ പോകുന്നു എന്ന് വിശ്വസിക്കുന്നതുമായ എല്ലാ വ്യവസായ സ്ഥാപനങ്ങളും കൂടി ഉപയോഗിക്കുന്ന സ്വഭാവിക റബ്ബറിൻെറ ഉപയോഗം 61.5 ടൺ ആയിരിക്കും. അങ്ങനെയായാൽ ആകെയുള്ള ഉല്പാദനത്തിൻെറ 2.5% മാണ് ഉപയോഗം. ഈ മേഖലയിൽ മറ്റ് വ്യവസായങ്ങൾ ഒന്നും തുടങ്ങുവാനുള്ള ലക്ഷണങ്ങളൊന്നും കാണുന്നില്ല.

മുഖ്യ ഉൽപാദനത്തിൻെറ 97.5 ശതമാനവും പുറത്തുപോകുന്നു. ഇപ്പോൾ പ്രവചിക്കാൻ കഴിയില്ലെങ്കിലും പഞ്ചായത്തുകളുടെ വ്യവസായ ചരിത്രം പുറത്ത് വരുമ്പോൾ ഉൽപാദനത്തിൻെറ ഗണ്യമായ പങ്ക് പുറത്ത് പോകുന്നതിൽ ഒന്നാം സ്ഥാനം നമുക്കായിരിക്കും.

ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ കൃഷിക്കാരുടെ സംഘടനകൾ ഇവയ്ക്കെല്ലാം കൂടി ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ട്രേഡ് യൂണിയനുകൾ തൊഴിലാളികളുടെ ഉയർന്ന ജീവിത നിലവാരത്തിനും സാമൂഹ്യമാറ്റങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങൾക്കും നേതൃത്വം നൽകിയപ്പോൾ കൃഷിക്കാരുടെ സംഘടനകൾ ഉൽപന്നത്തിന് ഉയർന്ന വിലയ്ക്കും കാർഷിക ബന്ധങ്ങളിലെ മാറ്റങ്ങൾക്കുംവേണ്ടി നിലനിന്നു. ഇത് രണ്ടും അനിഷേധ്യമായിരു ന്നുവെങ്കിലും ഉൽപാദന സമ്പത്ത് വിനിയോഗിക്കുന്ന കാര്യത്തിൽ അവഗണിക്കപ്പെട്ടു. തൻമൂലം അസംസ്കൃത സമ്പത്തിൻെറ പുറത്തേക്കുള്ള ഒഴുക്ക് തുടർന്നു. ലഭ്യതയ്ക്കനുസരിച്ച് വിനിയോഗം നടക്കാതായപ്പോൾ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചു. കാഞ്ഞിരപ്പള്ളി ടൗൺ എംപ്ലോയിമെൻറ് എക്സേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 28 ശതമാനം തൊഴിൽ രഹിതർ നമ്മുടെ പഞ്ചായത്തിൽ നിന്നുമാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം സഹകരണമേഖലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുക എന്നതാണ്. സാധ്യത അനുസരിച്ച് വൻകിട മേഖലയിലോ ചെറുകിട മേഖലയിലോ ആരംഭിക്കാവുന്നതാണ് ടയർ നിർമ്മാണം ഇന്ന് മുഖ്യ വ്യവസായമാണ്. ഇരുചക്രവാഹനങ്ങളുടേയും ത്രീ ടയർ വാഹനങ്ങളുടേയും ചെറുകാറുകളുടേയും ടയറുകളും ട്യൂബുകളും വ്യാപകമായി നിർമ്മിക്കാം. ആവശ്യമായ സ്ഥലവും മലിനീകരണവും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കുറഞ്ഞ ചിലവും മതി. വിദഗ്ദ്ധപരിശീലനത്തിനുവേണ്ടി അഭ്യസ്തവിദ്യർക്ക് സംരംഭകത്വ പരിശീലനം ഏർപ്പെടുത്തിയാൽ മതിയാകും. അസംസ്കൃത വസ്തുവിൻെറ ലഭ്യത ഭദ്രമാണ്. ഇത്തരം ഒരു വ്യവസായ സ്ഥാപനത്തിന് ആവശ്യമായ സാമ്പത്തിക മുതൽമുടക്ക് കൃഷിക്കാരിൽനിന്നും സംരംഭകത്വ പരിശീലനം നേടിയിട്ടുള്ളവരിൽ നിന്നും സഹകരണ ബാങ്കുകളിൽനിന്നും വിദേശസേവനം നേടിയിട്ടുള്ളവരിൽനിന്നും ഗ്രാമപഞ്ചായത്തിന് സംഘടിപ്പിക്കാൻ

കഴിയും. സ്വാഭാവിക റബ്ബറിന്റെ വിലകുറഞ്ഞാലും റബ്ബർ ഉൽപ്പന്നമായ ടയറിന്റെയും മറ്റും വില കുറയുന്നില്ല. അത് വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും.

കുടിൽ വ്യവയായ രംഗത്തും വൻമൂലധനം മുടക്കാതെ ചെറുകിട വ്യവസായങ്ങൾക്കുള്ള സാധ്യത അനവധിയാണ്. റബ്ബർ ബാൻറ്, ഫിങ്കർ ക്യാപ്പ്, ബലൂണുകൾ മുതലായവ ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞാൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ കഴിയും.

പുഞ്ചവയൽ റബ്ബർ ഇൻറസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് മുഖ്യ ചെറുകിട വ്യവസായ ഫാക്ടറി. ഇതിന്റെ ചുരുക്കപ്പേര് "PRIAS" എന്നാണ്. 1979 ൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. 31 പേർ അംഗങ്ങളാണ്. കേരളാ ഗവൺമെൻറിൽനിന്നും മൂലധനമുടക്കായി രണ്ട് ലക്ഷവും, റബ്ബർ ബോർഡിന്റെ 2 ലക്ഷവും, മലനാട് ഡവലപ്മെൻറ് സൊസൈറ്റിയുടെ 2 ലക്ഷവും മെമ്പേഴ്സിന്റെ 1.55 ലക്ഷവും ഇതാണ് മുടക്കുമുതൽ. 1983 ൽ നിർമ്മാണം തുടങ്ങി പ്രതിവർഷം 48 ടൺ റബ്ബർ ഉപയോഗിക്കുന്നു. ആദ്യം ചെരിപ്പും ഇപ്പോൾ ഡോർമാറ്റുമാണ് മുഖ്യനിർമ്മാണം. ഉൽപാദനത്തിന്റെ മുഖ്യ പങ്ക് കയറ്റി അയയ്ക്കുന്നു. ഈ ഫാക്ടറിയക്ക് ഊർജ്ജ പ്രതിസന്ധി പ്രശ്നമാണ്. തൊഴിലാളുകളുടെ വേതനം പ്രതിദിനം 100 രൂപ.ആണ്. വ്യവസായത്തിൽ സ്ത്രീകൾ ഇല്ല.

ലാറ്റക്സ് മാത്രമല്ല റബ്ബർതടി പച്ചിലകംബോസ്റ്റ്, തേൻശേഖരണ വ്യവസായം എന്നിവയൊക്കെ ആധുനിക വ്യവസായങ്ങളായി വളർന്നുവന്നിട്ടുണ്ട്. തെങ്ങ് പോലെതന്നെ റബ്ബറും മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നതായ കാണാം. ഹെക്ടർ ഒന്നിന് 500 റബ്ബർ തൈകൾക്കാണ റബ്ബർബോർഡ് സബ്സിഡി നൽകുന്നത് അങ്ങിനെയായാൽ 6730 ഹെക്ടറിൽ 3365000 റബ്ബ മരങ്ങൾ കാണും. ഇതിൽ പ്രതിവർഷം 20 ഹെക്ടറിലെ തടി പെട്ടിമാറ്റുന്നുണ്ട്. ഓരോ വർഷവും 10000 തട വെട്ടിമാറ്റുന്നതിന് 421 തൊഴിലാളികളുടെ സേവന ലഭ്യമാകുന്നു. [അംഗീകൃത ട്രേഡ് യീണിയൻ കണക്ക് ശരാശരി 30 ഇഞ്ച് വണ്ണമുള്ള 100 റബ്ബർ മരങ്ങൾ 5 ടൺ എന്നാണ് കണക്ക്. അങ്ങനെയായാൽ 500 ടൺ റബ്ബർതടികൾ ഇവിടെ നിന്ന് കയറിപോകുന്നു കോട്ടയം, പെരുമ്പാവൂർ, ചങ്ങനാശ്ശേരി തുടങ്ങിയ വ്യവസായ പ്രധാന്യമുള്ള സ്ഥലങ്ങളിലേക്ക് ലോറികളിൽ ഇവ കയറിപോകുന്നു. ലാറ്റക്സ് പോലെ റബ്ബർ മരവും പുറത്തേക്ക് പോവുകയാണ്. ഇത്രയും റബ്ബർതടികൾ ഉപയോഗിച്ചുള്ള പാക്കിംഗ് കേയിസ് വ്യവസായം ആധുനിക രീതിയിലുള്ള ഫ്ലൈവുഡ് നിർമ്മാണം ആകർഷണിയവും ഈടുറ്റതുമായ ഗൃഹോപകരണങ്ങൾ വ്യാപകമായി നിർമ്മിക്കുവാൻ കഴിയും.

മലിനീകരണ പ്രശ്നങ്ങൾ ഇത്തരം വ്യവസായങ്ങൾ മുഖേന ഉണ്ടാകുന്നില്ല. തൊഴിൽ ലഭ്യത വളരെ കൂടുതലാണ്. യോഗ്യമായ സ്ഥലം, ജലലഭ്യത. ധാരാളമായി ഉണ്ട്. ഫർണ്ണീച്ചർ നിർമ്മാണരംഗത്ത് 1991 ൽ ഖാദി ബോർഡിന്റെ കീഴിൽ അലങ്കാർ വില്ലേജ് ആൻറ് ഇൻറസ്ട്രിയൽ സഹകരണ സംഘം എന്ന പേരിൽ ഒരു സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അംഗങ്ങൾ 11 പേർ നിർമ്മാണം തുടങ്ങിയിട്ടില്ല.

വ്യവസായം	എണ്ണം	തൊഴിലാളികൾ എണ്ണം	പുരുഷൻമാർ	സ്ത്രീകൾ	വേതനം
PRIAS	1	31	31	-	100
പുഞ്ചവയൽ റബ്ബർബാൻറ് യൂണിറ്റ് പുഞ്ചവയൽ	1	20	4	16	30
ഫുട്കെയർ റബ്ബർ അസംബ്ലിംഗ് യൂണിറ്റ്	2	12	4	8	35

2.5 ശതമാനം റബ്ബർ ഉപയോഗിച്ച് പ്രതിവർഷം 63 പേർക്ക് തൊഴിൽ ലഭിക്കുന്നുവെങ്കിൽ അവശേഷിക്കുന്ന അസംസ്കൃത വസ്തു മുഴുവൻ വിനിയോഗിക്കാൻ കഴിഞ്ഞാൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുവാൻ കഴിയും.

പരമ്പരാഗത വ്യവസായത്തിൽ പ്രമുഖസ്ഥാനത്ത് നിന്നത് കുട്ട, മുറം, പനമ്പ്, മുതലായവയുടെ നിർമ്മാണത്തിലായിരുന്നു. പതിറ്റാണ്ടു മുമ്പുവരെ കുടിൽ വ്യവസായമായി ഇത് നിലനിന്നു പോന്നു. ഗ്രാമ പഞ്ചായത്തിൽ കുഴിമാവ് കേന്ദ്രമാക്കിയാണ് ഈ തൊഴിൽരംഗം തുടങ്ങിയത് എന്ന് കാണാം. നീർവനത്തോട് ചേർന്നു കിടക്കുന്നതിനാൽ അസംസ്കൃത വസ്തുവായ ഈറ്റ ലഭ്യമായിരുന്നു. ഉപജീവനമാർഗ്ഗമായി തുടങ്ങിയ ഈ കുടിൽ വ്യയവസായരംഗം അദ്ധ്വാനത്തോട് ആനുപാതികമായി കൂലി ലഭിക്കാതെ വന്നപ്പോൾ അവഗണിക്കപ്പെട്ടു. ഇപ്പോൾ സീസണൽ തൊഴിലായി മാറി. തമിഴ്നാട്ടിൽ നിന്നും തൊഴിലാളികൾ വന്ന് ഈ ജോലി ചെയ്തു വരുന്നു. നമ്മുടെ ജില്ലയുടെ കാർഷിക പരിസ്ഥിതിവച്ച് വികസിപ്പിക്കാൻ കഴിയുന്ന പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് ഇത്. റബ്ബർ ടാപ്പിംഗിന് ആവശ്യമായ കൂടകൾ, ബഡ്തൈകൾ സംരക്ഷിക്കുന്നതിനാവശ്യമായ പ്രൊട്ടക്ഷൻ കൂടുകൾ എന്നിവ വ്യാപകമായി നിർമ്മിക്കാവുന്നതാണ്. ആധുനിക രീതിയിൽ പനമ്പ് നിർമ്മാണവും കൂട നിർമ്മാണവും സംഘടിപ്പിക്കാവുന്നതാണ്. അസംസ്കൃത വസ്തു ലഭ്യമാണ്. ലഭ്യത വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്തോട് ചേർന്ന് കിടക്കുന്ന വനങ്ങളിൽ ഈറ്റ, മുള എന്നിവ വളർത്തിയെടുക്കുവാൻ കഴിയും. തൻമൂലം വ്യവസായ സാധ്യതയും അസംസ്കൃത ലഭ്യതയും ഉറപ്പ് വരുത്തുവാൻ കഴിയും.

1995 ൽ ചൈതന്യ റൂറൽ ആർട്ടിസാൻസ് ഇൻറസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുണ്ടക്കയം എന്ന പേരിൽ 15 അംഗങ്ങൾ ചേർന്ന് ഈറ്റ, മുള എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണ പ്രവർത്തനം സംഘടിപ്പിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിൻറെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഈ രംഗത്ത് 1950 ൽ മുണ്ടക്കയം ഹാൻഡിക്രാഫ്റ്റ് വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഖാദി ബോർഡിൻറെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. നല്ല നിലയ്ക്ക് ഇതിൻറെ പ്രവർത്തനം നടക്കുന്നുണ്ട്. കുട്ട, മുറം, പനമ്പ്, ചൂരൽ ഫർണ്ണീച്ചറുകൾ, പട്ടുനൂൽ പുഴുക്കളെ വളർത്തുന്നതിനുള്ള ചന്ദ്രിക മുതലായവ നിർമ്മിക്കുന്നു. 135 പേർ അംഗങ്ങളാണ്. സ്ത്രീകൾക്ക് 45 രൂപയും പുരുഷൻമാർക്ക്125 രൂപയും കൂലി ലഭിക്കുന്നു. 80% സ്ത്രീകളും 20% പുരുഷൻമാരും ആണ്. തദ്ദേശ വിപണിയിൽ സാധ്യത കുറവാണ്. തൻമൂലം പട്ടിക ജാതി - പട്ടിക വർഗ്ഗ സഹകരണ ഫെഡറേഷൻ വഴി ഉൽപന്നങ്ങൾ വിറ്റ് വരുന്നു. കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുവാൻ സാധ്യമായ മേഖലയാണ്.

കാഞ്ഞിരപ്പള്ളി ജില്ലാ വ്യവസായ കേന്ദ്രം അസ്സി. ആഫീസിൽ 1993 നവംബർ മുതൽ 96 നവംബർ വരെ തൊഴിലിനും വായ്പാസഹായത്തിനുവേണ്ടിയും രജിസ്റ്റർ ചെയ്തിട്ടുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണ ശാലകൾ മാത്രം 71 എണ്ണവും അല്ലാത്തവ 35 എണ്ണവും ഉൾപ്പെടെ 106 സ്വയം തൊഴിൽ സ്ഥാപനങ്ങൾ ആണെന്ന് കാണാം. മുകളിൽ പറഞ്ഞിട്ടുള്ളവയെല്ലാം വ്യക്തിഗതസ്ഥാപനങ്ങൾ ആണ്. റെഡിമെയ്ഡ് തയ്യൽ ശാലകളിൽ 75% സ്ത്രീകൾ നടത്തുന്നവയാണ്. ഇവയെല്ലാം ഓരോരോ ചുറ്റുപാടുകളുടേയും പരിചയത്തിൻറെയും ബന്ധത്തിൻറെയും അടിസ്ഥാനത്തിൽ മാത്രം തയ്യൽ ലഭിക്കുന്നതുമൂലം പരിമിതി ഉണ്ട്. ഈ രംഗത്തുള്ള വിദഗ്ദ്ധ തൊഴിലാളികളുടെ സമയം വിനിയോഗിക്കപ്പെടാൻ കഴിയാതെ വരുന്നു. മുണ്ടക്കയം ടൗണിലെ വസ്ത്ര വിൽപനയിൽ 45% റെഡിമെയ്ഡ് വസ്ത്രങ്ങൾ ആണ്. കുട്ടിയുടുപ്പും, കല്യാണപുടവയും ഇന്ന് റെഡിമെയ്ഡ് വസ്ത്രങ്ങളാണ്. ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിന് വമ്പിച്ച സാധ്യതയുണ്ട്. വിദഗ്ദ്ധതൊഴിലാളികളുടെ സേവനം ലഭിക്കുന്നതിനും കൂടിതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയും. അധികം മൂലധനം വിനിയോഗിക്കാതെ കൂടുതൽ പേർക്ക് തൊഴിൽ ചെയ്യാൻ കഴിയുന്ന മേഖലയാണിത്. നമ്മുടെ പ്രതിരോധ വലയത്തെ തകർക്കുന്ന ഉപഭോഗ്തൃ വസ്തുക്കളുടെ കുമ്പാരം ഇന്നു മുഖ്യ വെല്ലുവിളിയാണ്. ഇതിൽ നമ്മുടെ സ്വാശ്രയ ശക്തി അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിന് പുറത്തുള്ള റെഡിമെയ്ഡ് വസ്ത്രങ്ങളും

നമ്മുടെ പഞ്ചായത്തിൽ ഉപയോഗിച്ചു വരുന്നത് കാണാം. കാഞ്ഞിരപ്പള്ളി താലൂക്ക് തയ്യൽ തൊഴിലാളി സഹകരണ സംഘം ആണ് ഈ രംഗത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ പ്രസ്ഥാനം. 250 ൽ പരം അംഗങ്ങൾ ഉള്ള ഈ സഹകരണസംഘത്തിലെ 200 അംഗങ്ങളും നമ്മുടെ പഞ്ചായത്തിൽപെട്ടവരാണ്. 10 പേർ സ്ഥിരമായി തൊഴിൽ ചെയ്തു റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ചു വിറ്റു വരുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ചെറുകിട യൂണിറ്റുകൾ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. ഇവ രജിസ്റ്റർ ചെയ്തവയും അല്ലാത്തവയും ആയി ധാരാളമുണ്ട്. രജിസ്റ്റർ ചെയ്തവയിൽ പ്രധാനപ്പെട്ടവയാണ് മാട്ടി ഇൻഡസ്ട്രീസ് പുത്തൻ ചന്ത, ഹൈറേഞ്ച് ഇൻഡസ്ട്രീസ് 31 -ാം മൈൽ, വെട്ടാപ്പാല ഏജൻസീസ് മുണ്ടക്കയം എന്നിവ ഇവയെല്ലാം കൂടി 3000 ഹോളോബ്രിക്സ് കട്ടകളും, ഇതിനുപുറമെ നിരവധി സിമൻറിഷ്ടിക നിർമ്മാണവും നടത്തിവരുന്നു. ശരാശരി 5000 കട്ടകൾ നിർമ്മിച്ചുവരുന്നു. പ്രതിദിനം ലോഡുകണക്കിനു കെട്ടിടനിർമ്മാണ വസ്തുക്കൾ വിറ്റുവരുന്നു. 75-ലധികം തൊഴിലാളികൾ ഇത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്തുവരുന്നു. അസംസ്കൃത സമ്പത്തായ മണൽ ലഭിക്കുന്നത് മൂലം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത നിരവധി യൂണിറ്റുകൾ പ്രവർത്തിക്കുന്നതായി കാണാം കെട്ടിട നിർമ്മാണ വസ്തുക്കളുടെ ആധുനിക രീതിയിലുള്ള നിർമ്മിതി കേന്ദ്രം തുടങ്ങന്നതിന് കഴിഞ്ഞാൽ നിരവധി വിദഗ്ധരായിട്ടുള്ള തൊഴിലാളികളുടെ സേവനം ലഭ്യമാക്കുവാൻ കഴിയും. കട്ടിളകൾ, ജനലുകൾ, വെൻറിലേഷനുകൾ, ചെടിച്ചട്ടികൾ എന്നിവ വ്യാപകമായി നിർമ്മിക്കാൻ കഴിയും. സിമിൻറ് ഹോളോബ്രിക്സ് നിർമ്മാണ രംഗത്തുള്ള സ്വയാശ്രയത്വം ചുടുകട്ടകളുടെ ഒഴുക്കു നിയന്ത്രിച്ചു.

ആയുർവ്വേദ ഔഷധ നിർമ്മാണത്തിനും ചികിത്സക്കും പ്രസക്തി വർദ്ധിച്ചു വരുന്നുണ്ട്. "മലനാട് ആയുർവ്വേദിക് ഔഷധ നിർമ്മാണ സഹകരണസംഘം" പുഞ്ചവയൽ 504-ൽ പ്രവർത്തിക്കുന്നു. 25 പട്ടികജാതി വിഭാഗത്തിൽ പെട്ട അംഗങ്ങളെ ചേർത്ത് 1988- ല് രജിസ്റ്റർ ചെയ്ത സഹകരണ സംഘമാണിത്. ഔഷധ മരുന്നുകളുടെ നിർമ്മാണവും വിതരണവുമാണ് ലക്ഷ്യം. 5 ലക്ഷത്തി 90 ആയിരം രൂപയാണ് പദ്ധതിക്കുവേണ്ടിയുള്ള മുതൽ മുടക്ക്. കെട്ടിട നിർമ്മാണവും യന്ത്രസാമഗ്രികൾ സ്ഥാപിക്കലും പൂർത്തിയായി. 1.50 ലക്ഷം രൂപ പ്രവർത്തന മൂലധനമായി സംഘത്തിനു ലഭിക്കാനുണ്ട്. ഭരണ സമിതിയുടെ കഴിവുകേടും അംഗങ്ങളെ വിശ്വാസത്തിൽ എടുക്കുവാൻ കഴിയാതെവന്നതും സംഘത്തിന്റെ പ്രവർത്തനം ഇല്ലാതാക്കി. ഉല്പന്നങ്ങൾക്ക് വിപണന സാദ്ധ്യതയുണ്ട്. ഔഷധ ചെടികൾ വ്യാപകമായി വെച്ചുപിടിപ്പിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങളും ഉണ്ട്. ഇത് സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കേണ്ടതാണ്.

ഭക്ഷ്യവസ്തു സംസ്ക്കരണവും കറിപൗഡറുകളുടെ നിർമ്മാണവും നടത്തുവാൻ സാദ്ധ്യതയുണ്ട്. മുളക് പൊടി, മഞ്ഞൾപ്പൊടി, മല്ലിപ്പൊടി, സാമ്പാർപൊടി, മസാലപ്പൊടി, ഉപ്പ് പൊടി എന്നീ നിത്യോപയോഗവസ്തുക്കളും, അരി, ഗോതമ്പ് മുതലായവ പൊടിച്ച് പായ്ക്കറ്റുകളിൽ വില്ക്കാം. ഇത് വളരെയധികം തൊഴിൽ സാദ്ധ്യതയുള്ളതാണ്.

സോഡാ ഫാക്ടറികൾ, ശീതള പാനീയങ്ങൾ , ഐസ് ഫാക്ടറികൾ ഇവയുടെ നിർമ്മാണ യൂണിറ്റുകൾ ഉപയോഗത്തിനനുസരിച്ച് നമുക്ക് തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. മേൽ പറഞ്ഞവയുടെ എല്ലാം വിപണന കേന്ദ്രത്തിന്റെ സ്ഥാനം മാത്രമാണ് നമുക്ക് ഉള്ളത്.

വ്യവസായ സഹകരണ സംഘമായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തിക്കാത്തവയാണ് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നത്.



വ്യവസായ സഹകരണ സംഘത്തിന്റെ പേര്	രജി.ചെയ്ത വർഷം	ഉല്പന്നം	അംഗങ്ങൾ
മുണ്ടക്കയം ബീ-കീപ്പേഴ്സ് സഹകരണസംഘം	1971 ഖാദിബോർഡ്	തേൻവളർത്തൽ	128
ശ്രീദേവി ട്രൈബൽ ഖാദിഗ്രാമ വ്യവസായ സഹകരണസംഘം	1989 ഖാദിബോഡ്	പച്ചമരുന്ന് ശേഖരണം.	128
അലങ്കാർ വില്ലജ് ഇൻസ്ട്രീസ് സഹകരണ സംഘം	1991 ഖാദി ബോഡ്.	ഫർണ്ണിച്ചർ	128
സൂര്യ ഖാദി വില്ലേജ് ഇൻറസ്ട്രീസ് കോ-ഓപ്പറേറ്റീവ് സഹകരണ സംഘം	1991 ഖാദിബോഡ്	റബർ ഉല്പന്നം	30
ഹൈറേഞ്ച് വില്ലേജ് ഇൻറസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	1992 ഖാദിബോഡ്	ക്രഷർ യൂണിറ്റ്	30
ഗ്രാമ വ്യവസായ സഹകരണസംഘം	1992	കറിപൗഡർ	30
ഐശ്വര്യ വനിത പട്ടിക വർഗ്ഗ വില്ലേജ് ഇൻറസ്ട്രീസ് സഹകരണ സംഘം	1994 ഖാദിബോഡ്	റബ്ബർബാൻറ്	18
ചൈതന്യ റൂറൽ ആർട്ടിസാൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	1995 ഡി.ഐ.സി.	ഈറ്റ,മുള കരകൗ ശല വസ്തുക്കൾ	15

പഞ്ചായത്തിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് വ്യവസായ സംരംഭകർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കിക്കൊടുക്കുക. ഇതിനാവശ്യമായ സ്ഥലവും സൗകര്യവും പഞ്ചായത്തിന്റെ നേതൃത്വത്തിൽ നൽകേണ്ടതാണ്.



വ്യവസായം

അനുബന്ധം

1. സഹകരണ മേഖലയിൽ റബ്ബർ ബാൻറ്-റബ്ബർ ത്രെഡും നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുക.
2. എല്ലാവാർഡുകളിലും റബ്ബർ നേഴ്സറികൾ ആരംഭിക്കുക.
3. കൃഷിഭവൻെറ സഹകരണത്തോടുകൂടി ഔഷധച്ചെടികൾ വെച്ച് പിടിപ്പിക്കുക.
4. ജൈവ വള നിർമ്മാണ യൂണിറ്റ് തുടങ്ങുക.
5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ യൂണിറ്റ് തുടങ്ങുക.
6. നിലവിലുള്ള യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകണം.
7. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് തുടങ്ങണം.
8. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് വ്യവസായ വികസനത്തിന് നേതൃത്വം നൽകണം.



5-5

കുടിവെള്ളവും പൊതുജനാരോഗ്യവും

പൊതുജനാരോഗ്യം

ആരോഗ്യ സമ്പന്നമായ ജനസമൂഹം ഒരുനാടിന്റെ സമ്പത്താണ്. ഒരുസൂഹത്തിന്റെ ആരോഗ്യം വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. പ്രധാനമായും ജീവിത പരിസരം, തൊഴിൽ, ശുചിത്വബോധം, ഉപയോഗിക്കുന്ന ആഹാരപാനീയങ്ങൾ, സ്നാനപാനാദികൾ ക്കുപയോഗിക്കുന്ന വെള്ളം ഇവ പ്രത്യേകം പരിഗണിക്കപ്പെടേണ്ടവയാണ്: ഇവയെല്ലാം മാനദണ്ഡമാക്കി പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ പൊതുവേ അനുഗ്രഹീതരാണ്. പരിസരമലിനീകരണവും അന്തരീക്ഷമലിനീകരണവും നമ്മെസംബന്ധിച്ചിടത്തോളം ഗുരുതരപ്രശ്നങ്ങളല്ല. ഏറിയ പങ്ക് ആളുകളും സ്ത്രീപുരുഷ വ്യത്യാസമെന്യേ കായികാദ്ധ്വാനപ്രധാനമായ തൊഴിൽ ചെയ്യുന്നവരാണ്. കേരളീയർ പൊതുവേ ശുചിത്വബോധത്തിൽ മുന്നിട്ടുനിൽക്കുന്നവരാണ്. നമ്മുടെ പ്രദേശത്തെ ആളുകളും അക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. അത്രയേറെ പോഷകപ്രധാനമല്ലെങ്കിൽപോലും ശുചിയായും മിതമായും ഭക്ഷണം കഴിക്കുന്നതിൽ നിഷ്ഠയുള്ളവരാണ് നമ്മിൽ അധികം പേരും. ആണ്ടുവട്ടത്തിൽ അധികകാലവും നമുക്ക് ശുദ്ധജലം ലഭ്യമാണ്. ഇതെല്ലാം കാണിക്കുന്നത് നമ്മുടെ ഗ്രാമീണ ജനതയുടെ ആരോഗ്യകരമായ വളർച്ചയെയാണ്. യുവജനങ്ങളുടെ കായികമൽസര രംഗങ്ങളിലൊക്കെ ത്തന്നെ നമ്മുടെ പഞ്ചായത്ത് ഒട്ടും പിന്നിലല്ല എന്നുള്ള വസ്തുതയും യുവതലമുറയുടെ ആരോഗ്യ നിലവാരത്തെ സൂചിപ്പിക്കുന്നു.

ഇത്തരം കാര്യങ്ങളിൽ അപവാദങ്ങൾ ഇല്ലെന്നില്ല. ചില റബ്ബർ ഫാക്ടറികളിൽ നിന്ന് ഒഴുക്കിവിടുന്ന മലിന ജലം അറവുശാലകളിൽ നിന്നും വലിച്ചെറിയുന്ന അവശിഷ്ടങ്ങൾ, നഞ്ചു കലക്കിയും തോട്ടാകത്തിച്ചിട്ടുമുള്ള മീൻ പിടുത്തം, ഒഴുക്കുകുറവുള്ള അവസരങ്ങളിൽ പൊതുകടവുകളിലുള്ള മൃഗങ്ങളെ കുളിപ്പിക്കൽ, വാഹനങ്ങൾ കഴുകൽ തുടങ്ങിയവ നമ്മുടെ ആറ്റിലേയും തോടുകളിലേയും ജല മലിനീകരണത്തിനു കാരണമാകുന്നുണ്ട്. ടൗണിലെ ശുചീകരണ രംഗത്തു കാണുന്ന അലംഭാവവും ന്യൂനതകളും ഗുരുതരമാണ്. നമ്മുടെ ഗ്രാമ പഞ്ചായത്ത് അൽപം കൂടെ ഉണർന്നുപ്രവർത്തിച്ചാൽ ഇവയൊക്കെ പരിഹരിക്കപ്പെടാവുന്നതേയുള്ളൂ.

ചില പ്രത്യേകകാലാവസ്ഥാ മാറ്റങ്ങളുടെ അവസരങ്ങളിൽ കണ്ടുവരാറുള്ള കണ്ണുരോഗം, ജലദോഷം പോലെയുള്ള പകർച്ചപ്പനി, ചിക്കൻ എന്നിങ്ങനെയുള്ള സാംക്രമിക രോഗങ്ങളല്ലാതെ മാരകമായ മറ്റുപകർച്ച രോഗങ്ങളുടെ ആക്രമണം ഇവിടെ അധികം ഉണ്ടാകാറില്ല. പരിസരജന്യവും തൊഴിൽജന്യവുമായ രോഗങ്ങൾക്ക് ഇവിടെ സാ

ദ്ധ്യത നന്നേകുറവാണ്. ദാരിദ്ര്യജന്യമായ രോഗങ്ങൾ പ്രത്യേകം എടുത്തുപറയാവുന്ന ഒന്നല്ലെങ്കിൽ പോലും വേണ്ടത്ര തൊഴിലും വരുമാന മാർഗ്ഗങ്ങളുമില്ലാത്ത കോളനിപ്രദേശങ്ങളിൽ പോഷകാഹാര ലഭ്യതയുടെ കുറവുകൊണ്ട് ചില ചില്ലറ രോഗങ്ങൾ കുട്ടികളിൽ കാണാറുണ്ട്. അന്തരീക്ഷം നീരാവി നിറഞ്ഞതും അകാശം കാർമേഘാവൃതവുമായിരിക്കുന്ന പ്രത്യേകാവസരങ്ങളിൽ പലരിലും - മദ്ധ്യപ്രായം കഴിഞ്ഞവരിൽ കൂടുതലായും - വാത രോഗമെന്ന് ആയുർവേദവൈദ്യൻമാർ പറയുന്ന നടുവേദന, സന്ധിവേദന, ഞരമ്പുകളിലും മാംസപേശികളിലും ഉണ്ടാകുന്ന വേദന ഇവ ധാരാളമായീകണ്ടുവരുന്നുണ്ട്. ഇത് അവഗണിക്കാവുന്നതല്ലെങ്കിലും വാർദ്ധക്യസഹജമെന്നോ വാർദ്ധക്യജന്യമെന്നോ പറയാവുന്ന രോഗങ്ങളുടെ കൂട്ടത്തിൽ ഇവയെ ഉൾപ്പെടുത്തണം.

ഒരു പ്രദേശത്തെ ആളുകളുടെ ആരോഗ്യനിലയുടെ സൂചികകളാണല്ലോ പൊതു മരണനിരക്ക്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് തുടങ്ങിയവ. സാധാരണയായി 70 വയസ്സിൽ താഴെയുള്ളവരുടെ സ്വാഭാവിക മരണം നന്നേ കുറവാണെന്ന് പറയാം. ശിശു മരണവും മാതൃമരണ നിരക്കും അപൂർവ്വമാണ്. പ്രസവാരിഷ്ടതകളും അതോടനുബന്ധിച്ചുള്ള പ്രയാസങ്ങളും കഴിഞ്ഞകാലങ്ങളിലേതിനേക്കാൾ കൂടുതലാണെന്നുള്ളതാണ് വസ്തുത. മുൻകാലങ്ങളിൽ ഒരു ആയയുടെ സഹായത്തോടെ വീട്ടിൽ നടന്നിരുന്ന കാര്യങ്ങൾക്ക് ഇപ്പോൾ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടതും ഒട്ടു മിക്ക കേസുകളിലും ശസ്ത്രക്രിയ ആവശ്യമായി വരുന്നതും സാധാരണ സംഭവമാണ്. ഇതിന്റെ കാരണം സ്ത്രീകളുടെ തൊഴിൽ രാഹിത്യവും, അതുമൂലമുള്ള കായിധ്വാനക്കുറവും വേണ്ടത്ര മറ്റ് വ്യായാമങ്ങളുടെ അപര്യാപ്തതയും ആയിരിക്കാം.

ആരോഗ്യപരിപാലന വിഷയത്തിൽ ടൗൺ ശുചീകരണത്തിന് മുഖ്യമായ ഒരു പങ്കുണ്ട്. ടൗൺ വൃത്തിഹീനമാക്കുന്നതിൽ പച്ചക്കറി, പഴവർഗ്ഗങ്ങൾ, മൽസ്യം എന്നിവയുടെ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വഹിക്കുന്ന പങ്ക് ഒട്ടു ചെറുതല്ല. ഇത്തരം വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് പുറംതള്ളുന്ന കേടായ സാധനങ്ങളും മറ്റു പാഴ് വസ്തുക്കളും ഓടകളിലിടാതെ കടയുടമയുടെ ചുമതലയിൽ പ്രത്യേകം സൂക്ഷിക്കുന്നതിനും അവ ശുചീകരണ വാഹനത്തിൽ അവരുടെ ചെലവിൽ തന്നെ നിക്ഷേപിക്കുന്നതിനും ആവശ്യമായ ഏർപ്പാടുണ്ടാക്കിയാൽ ടൗൺ ശുചീകരണം എളുപ്പത്തിൽ സാധ്യമാകും. ടൗണിന്റെ മലിനതയ്ക്ക് മറ്റൊരു പ്രധാന ഹേതു ഹോട്ടലുകളിൽ നിന്ന് ഒഴുക്കി വിടുന്ന മലിന ജലമാണ്. ഹോട്ടലുകളോട് ബന്ധപ്പെടുത്തി വലിയ കുഴികൾ നിർമ്മിച്ച് സ്ലാബുകൾ കൊണ്ട് ഭദ്രമായി മൂടി അവയിലേയ്ക്ക് പൈപ്പിട്ട് മലിനജലം അത്തരം കുഴികളിലാക്കിയാൽ മലിനീകരണപ്രശ്നം ഉൽഭവിക്കുന്നില്ല. ഇക്കാര്യത്തിൽ ഇത് നല്ലൊരു പരിഹാര മാർഗ്ഗമാണ്. ടൗണിൽ അലഞ്ഞു നടക്കുന്ന കന്നുകാലികൾ മലിനീകരണവും മാർഗ്ഗതടസ്സവും സൃഷ്ടിക്കുന്നു. ഇവയുടെ ഉടമകളുടെ പേരിൽ കർശന നടപടി സ്വീകരിച്ചാൽ ഇതിനു പരിഹാരമുണ്ടാകും.

ബസ് സ്റ്റാൻഡിലെ കംഫർട്ട് സ്റ്റേഷൻ വൃത്തിയായി സൂക്ഷിക്കപ്പെടുന്നില്ല. നല്ല നിലയിൽ ആധുനിക രീതിയിലുള്ള ടാങ്ക് പണികഴിപ്പിച്ച് ആവശ്യത്തിന് മാത്രം വെള്ളം ഒഴിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്ത് ഈ സ്ഥാപനം പരിഷ്ക്കരിച്ച് വൃത്തിഹീനത ഒഴിവാക്കാവുന്നതാണ്. ബസ് സ്റ്റാൻഡിലെ പോലീസ് എയ്ഡ് പോസ്റ്റിനോട് ചേർന്നുള്ള പൊതുകിണറ്റിലെ വെള്ളം ടൗണിൽ ധാരാളമായി ഉപയോഗിച്ചു വരുന്നുണ്ട്. കിണറിനോട് ചേർന്ന് ഒഴുകുന്ന അഴുക്കുചാൽ പൊട്ടിത്തകർന്ന് അതിലൂടെ വരുന്ന മലിന ജലം കിണറ്റിൽ ഒലിച്ചിറങ്ങുന്നതിനാൽ ഇതിലെ ജലം ഉപയോഗയോഗ്യമല്ല. ഈ വെള്ളത്തിന്റെ ഉപയോഗം പല രോഗങ്ങൾക്കും കാരണമാകും. ഈ കിണർ മൂടിക്കളഞ്ഞ് പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്ന എക്സൈസ് കോമ്പൗണ്ടിൽ നല്ല ഒരു കിണർ തീർത്തുകൊണ്ട് ഈ മഹാ വിപത്ത് ഒഴിവാക്കാവുന്നതും ഇതിന്റെ നിർമ്മാണത്തിനാവശ്യമായ ജനപങ്കാളിത്തം നേടിയെടുക്കാവുന്നതുമാണ്.

സാംക്രമിക രോഗങ്ങൾ പരത്തുന്ന ഈച്ച, കൊതുക് ഇവയെ നിയന്ത്രിക്കുന്നതിന് ആവശ്യമായമരുന്നുതളി ആഴ്ച്ചയിലൊരിക്കലെങ്കിലും നടത്തുകയും ശുചീകരണ ജോലിക്കാർ

അവരുടെ ജോലി കൃത്യമായി നിർവ്വഹിക്കുകയും ചെയ്താൽ രോഗസംക്രമണം ഒരുപരിധിവരെ തടയാവു ന്നതാണ്. ജനങ്ങളിൽ ശുചിത്വ ബോധം വളർത്തു ന്നതിന് ആവശ്യമായ അറിയിപ്പുകളും ബോധ വൽക്കരണശ്രമങ്ങളും കൊണ്ടും മലമൂത്ര വിസർജ്ജനം നിരോധിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിച്ചുകൊണ്ടും, അറിയിപ്പുകളെ അവഗണിക്കുന്നവർക്കെതിരെ കർശനനടപടികളെടുക്കാൻ സംവിധാനങ്ങളേർപ്പെടുത്തിക്കൊണ്ടുമുള്ള ഒരു ശ്രമം നടത്തുന്നത് നന്നായിരിക്കും. പൊതു സ്ഥലങ്ങളിൽ പുകവലി കർശനമായി തടയുക. മദ്യത്തിന്റേയും മയക്കു മരുന്നുകളുടേയും വിൽപനയും ഉപയോഗവും നിരോധിക്കുക, ഇവയും ആരോഗ്യപരിപാലന ശ്രമങ്ങളുടെ ഭാഗമായി കണക്കാക്കാം. ഹോട്ടലുകളിലേയും ചായപ്പീടികകളിലേയും പാചക രീതീകളും ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരവും അവിടത്തെ ശുചീകരണ പരിപാടികളും കൂടെക്കൂടെ പരിശോധനാ വിധേയമാക്കേണ്ടതാണ്.

രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ആരോഗ്യമുള്ള ഒരു ഭാവി തലമുറയെ രൂപപ്പെടുത്തുന്ന കാര്യത്തിൽ ജനങ്ങൾ ജാഗ്രതയുള്ള വരാണ്. കുട്ടികൾക്കാവശ്യമായ പ്രതിരോധ കുത്തി വയ്പുകൾ നടത്തിക്കുന്ന കാര്യത്തിലും കുഞ്ഞുങ്ങൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും ആവശ്യമായ അനുപൂരക പോഷകാഹാരം ലഭ്യമാക്കുന്ന കാര്യത്തിലും ബോധപൂർവ്വമുള്ള സമീപനം കാണുന്നുണ്ട്. ഈ പഞ്ചായത്തിലെ അംഗൻവാടികളും ഹെൽത്ത് സെൻററുകളും കേന്ദ്രമാക്കിയുള്ള ഇത്തരം പ്രവർത്തനങ്ങൾ ഒരു വിധം തൃപ്തികരമായി നടന്നുവരുന്നു. ഇന്ന് സ്ക്കൂളുകളിൽ നടന്നു വരുന്ന മെഡിക്കൽ പരിശോധന കുറേക്കൂടെ കാര്യക്ഷമമാക്കിയാൽ വരും തലമുറയ്ക്ക് അതൊരനുഗ്രഹമായിരിക്കും. രോഗപ്രതിരോധനടപടികളോടൊപ്പം രോഗാതുരരെ പരിചരിക്കുന്നതിനും സംവിധാനങ്ങളുണ്ട്. ഈ പഞ്ചായത്തു കേന്ദ്രത്തിൽ ഒരു സർക്കാർ ആശുപത്രിയും വിവിധ സ്ഥലങ്ങളിലായി 4 ഹെൽത്ത് സെൻററുകളും ഒരു ആയുർവ്വേദാശുപത്രിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വകാര്യ ഉടമയിൽ ആശുപത്രികൾ വേറെയുമുണ്ട്. സർക്കാർ ആശുപത്രിയിലെ സൗകര്യങ്ങളും രോഗികളോടുള്ള സമീപനവും തൃപ്തികരമല്ല. പ്രൈവറ്റ് ആശുപത്രികളിലെ ചികിൽസയെപ്പറ്റി പാവപ്പെട്ടവർക്ക് ചിന്തിക്കാനേ സാദ്ധ്യമല്ല. ആധുനിക ചികിൽസാ സമ്പ്രദായങ്ങളുടെ വൻപിച്ച നേട്ടങ്ങൾ പണക്കാർക്കു മാത്രമേ അനുഭവിക്കാൻ കഴിയൂ എന്നുള്ള സ്ഥിതി വിശേഷം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അത്യാവശ്യ ഔഷധങ്ങൾക്ക് അമിതമായ വിലക്കയറ്റം സൃഷ്ടിച്ച് മരുന്നു കമ്പനികൾ ജനങ്ങളെ കൊള്ളയടിക്കുന്നു. വമ്പിച്ച മുറി വാടക, അമിതമായ പരിശോധനാ ഫീസ്, മരുന്നുവില, സർവ്വീസ് ചാർജ്ജ് ഇവ സാധാരണക്കാർക്ക് ദുർവഹമാണ്. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഓഷധങ്ങളോ ജീവനക്കാരോ ഇല്ല.പരിചരണകാര്യങ്ങളിൽ അലംഭാവവും അശ്രദ്ധയും ! ഇതിനൊക്കെ മാറ്റമുണ്ടാക്കിയേ തീരൂ.

സ്വകാര്യ വ്യക്തികൾ നടത്തി വരുന്ന 12 ആയുർവ്വേദവൈദ്യശാലകളും 2 വിഷ വൈദ്യശാലകളും 6 ഹോമിയോ ഡിസ്പെൻസറികളും 3 ദന്താശുപത്രികളും ഒരു കണ്ണാശുപത്രിയും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ പലതിന്റേയും സേവനം സ്തുത്യർഹമാണ്.

പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ

ആതുര സംരക്ഷണ രംഗത്തും ആരോഗ്യ പരിപാലന രംഗത്തും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ താൽപര്യപൂർവ്വകമായ സമീപനത്തിന്റെ തെളിവാണ് ഗ്രാമസഭാതീരുമാനങ്ങളും നിർദ്ദേശങ്ങളും. മുണ്ടക്കയം ഗവ. ആശുപത്രിയുടെ ഇപ്പോഴത്തെ ശോച്യാവസ്ഥ പരിഹരിക്കുകയും വിദഗ്ധ ഡോക്ടർമാരുടെ സേവനം

ലഭ്യമാക്കുകയും ആവശ്യത്തിന് മരുന്നുകൾ സംഭരിക്കുകയും ചെയത് സ്ഥിതിഗതികൾ മെച്ചപ്പെടുത്താവുന്നതാണ്. ഒരു ലേഡി ഡോക്ടറെ ഉടനെ തന്നെ ഇവിടെ നിയമിക്കേണ്ടതാണ്.

കോരുത്തോട്, പനയ്ക്കച്ചിറ, പുഞ്ചവയൽ എന്നീ സ്ഥലങ്ങളിൽ ഓരോ സർക്കാർ ആശുപത്രികൾ ആവശ്യമാണ്. അതിനുള്ള സാദ്ധ്യതകളുമുണ്ട്, പനയക്കച്ചിറ സ്ക്കൂളിന്റെ പരിസരത്ത് ആവശ്യത്തിന് സ്ഥലം ലഭ്യമാണ്. ഈ സ്ഥലങ്ങളിൽ ബഹുജനസഹായത്തോടുകൂടി ആവശ്യമായപണികൾ നടത്താവുന്നതാണ്. കൊമ്പുകുത്തി , കോസടി, പുലിക്കുന്ന്, പുത്തൻ ചന്ത, E.M.S. കോളനി, ഇഞ്ചിയാനി, 12 -ാം വാർഡ് എന്നീ സ്ഥലങ്ങളിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും പ്രസ്തുത സംരംഭങ്ങൾക്ക് ഗുണഭോക്താക്കളുടെ ഭാഗത്തു നിന്നും സഹകരണം ലഭിക്കുന്നതുമാണ്. വട്ടക്കാവിൽ ഒരു ഹെൽത്ത് സെൻററിന് ആവശ്യമായ സ്ഥലം സംഭാവനയായി ലഭിച്ചിട്ടുള്ളതും അവിടെ ശിലാസ്ഥാപനം നടത്തിയിട്ടുള്ളതുമാണ്. ഇതിന്റെ പണി അടിയന്തിരമായി ആരംഭിക്കാവുന്നതാണ്. വണ്ടമ്പതാലിലും വട്ടക്കാവിലും ഓരോ ആയുർവ്വേദാശുപത്രികൾ വേണമെന്നുള്ള അഭിപ്രായം ശക്തമായി ഉയർന്നു വന്നിട്ടുണ്ട്. ജനതാല്പര്യം പരിഗണിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൊതുകു നിവാരണത്തിനാവശ്യമായ വസ്തുക്കൾ ഹെൽത്ത് സെൻററുകളിലൂടെ വിതരണം ചെയ്യുക, കിണറുകളിൽ ബ്ലീച്ചിംഗ് പൗഡറുപയോഗിച്ച് ജലം ശുദ്ധീകരിക്കുക, അത്യാവശ്യ ഘട്ടങ്ങളിൽ കുട്ടികൾക്കും മുതിർന്നവർക്കും ആവശ്യമായി വരുന്ന പ്രതിരോധക്കുത്തിവയ്പുകൾ ഹെൽത്ത് സെൻററുകൾ മുഖേന നടത്തുക, സർവ്വോപരി ഹെൽത്ത് ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭിക്കുന്നതിന് ഉറപ്പുവരുത്തുക എന്നിവ മൂലം ആരോഗ്യപരിപാലന പരിപാടികൾ കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള സാധ്യതകൾ ഉണ്ട്.

കുടിവെള്ളം

കുടിക്കുന്നതിനു മാത്രമല്ല, കുളിക്കുന്നതിനും വസ്ത്രങ്ങൾ വൃത്തിയാക്കുന്നതിനും ആഹാരം പാകംചെയ്യുന്നതിനും ശുദ്ധജലം ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത് ആരോഗ്യപരിപാലനവുമായി ഏറ്റവും അധികം ബന്ധപ്പെട്ട കാര്യവുമാണ്. ഈ പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും തന്നെ വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. വർഷകാലത്ത് ധാരാളം ജലലഭ്യതയുള്ള ആറും തോടും കൊച്ചരുവികളും, കിണറുകൾ, ഓലികൾ തുടങ്ങിയവയും വേനൽക്കാലത്ത് വറ്റിവരണ്ടുപോകുന്നു. ഈ പഞ്ചായത്തിലെ വിവിധ ശുദ്ധജല പദ്ധതികൾ പരിശോധിക്കുമ്പോൾ അവയുടെ വൈകല്യങ്ങളും അപര്യാപ്തതയും നിമിത്തം പുത്തൻ പദ്ധതികൾക്കു വെണ്ടിയുള്ള ആവശ്യങ്ങൾ ഉയർന്നു വരുന്നത് സ്വഭാവികം മാത്രമാണെന്നു ബോദ്ധ്യപ്പെടും.

ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ശുദ്ധജല വിതരണ പദ്ധതിയാണ് P.H.E.D വക മുണ്ടക്കയം വാട്ടർ സപ്ലൈ സ്കീം 2,3,4,6,7 എന്നീ വാർഡുകളിൽ ഭാഗികമായി വെള്ളമെത്തിക്കാൻ ഈ പദ്ധതി സഹായിക്കുന്നു. കോസടി ട്രൈബൽ വാട്ടർ സപ്ലൈ സ്കീം 14,15 എന്നീ വാർഡുകളുടെ ഏതാനും ഭാഗങ്ങളിൽ പ്രയോജനപ്പെടുത്തണം. 504 പട്ടികജാതി കോളനികളിൽ വെള്ളമെത്തിക്കാൻ മറ്റൊരു പദ്ധതിയുണ്ട്. ഇതുകൊണ്ട് ഭാഗികമായ പ്രയോജനമേ ലഭിക്കുന്നുള്ളൂ. വട്ടക്കാവു ശുദ്ധജല വിതരണ പദ്ധതി കൊണ്ട് ജനങ്ങളുടെ പ്രതീക്ഷ ഒരു ചെറിയ അളവു വരെ നിറവേറ്റപ്പെടുന്നു. ഈ പരിതസ്ഥിതിയിൽ നിലവിലുള്ള പദ്ധതികളിൽ ഒട്ടധികം

മാറ്റങ്ങളും പുതിയ പദ്ധതികളുടെ ആവിഷ്ക്കരണവും ജനങ്ങൾ ആഗ്രഹിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. മുണ്ടക്കയം ജലവിതരണ പദ്ധതി :-

കഴിഞ്ഞ 12 വർഷങ്ങളായി ഉപയോഗിച്ചു വരുന്ന 60H.Pയുടെ ഒരു മോട്ടർ കൊണ്ടാണ് മുണ്ടക്കയം വാട്ടർ സപ്ലൈ സ്കീം പ്രവർത്തിപ്പിക്കുന്നത്. വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം മൂലവും ഇടക്കിടെ ഉണ്ടാകാറുള്ള മോട്ടർ തകരാറു കൊണ്ടും പലപ്പോഴും ജലവിതരണം തടസ്സപ്പെടാറുണ്ട് . ഈ പദ്ധതിയുടെ ടാങ്കിന്റെ സംഭരണശേഷി 100,200 ലിറ്ററാണ്. ഇതിൽ നിന്ന് 2,3,4,6,7 എന്നീ വാർഡുകളിൽ വിതരണം നടത്തുന്നു. പൊതു ടാപ്പുകൾ ആവശ്യത്തിനു മാത്രമില്ല.

ഉള്ളതിൽ തന്നെ പകുതിയിലധികവും പ്രവർത്തനക്ഷമമല്ല. തകരാറിലായ പൈപ്പുകളിലൂടെ വെള്ളം വളരെയേറെ നഷ്ടമാ കുന്നുണ്ട്. പഞ്ചായത്തിൽ നിന്ന് പൊതു ടാപ്പൊന്നിന് പ്രതിവർഷം 875 രൂപ വച്ച് വെള്ളക്കരം കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്നുണ്ട്. ടാപ്പുകൾ പ്രയോജനപ്രദമല്ലെങ്കിലും ഈ ചാർജ്ജ് കൊടുത്തേ തീരൂ. പലപ്പോഴും പഞ്ചായത്തിനോട് ആലോചിക്കുക പോലും ചെയ്യാതെ പഞ്ചായത്തിനു ലഭിക്കേണ്ട വിവിധ ഗ്രാൻറ് വിഹിതത്തിൽ നിന്നും സർക്കാർ നേരിട്ടു പിടിക്കുന്ന പ്രവണതയും നിലവിലുണ്ട്. കേടായ പൈപ്പുകളിലൂടേയും ടാപ്പുകളിലൂടേയും വെള്ളം ചോർന്നു പോകുമ്പാൾ പഞ്ചായത്തിന്റെ പണമാണ് ചോർന്നു പോകുന്നതെന്നു ചുരുക്കം.

നിലവിൽ കേടുപാടുകൾ സംഭവിച്ചിരിക്കുന്ന ടാപ്പുകളും പൈപ്പുകളും നന്നാക്കുക, വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക, പമ്പുഹൗസിന്റേയും വാട്ടർ ടാങ്കിന്റേയും പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയ അത്യാവശ്യജോലി കൾക്കു പുറമേ മോട്ടോറിന്റെ കേടുപാടുകൾ തീർത്തു നന്നാക്കുകയും ചെയ്താൽ ഈ ജല വിതരണ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അതൊര നുഗ്രഹമായിരിക്കും. ജലവിതരണ സം വിധാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി സർക്കാരിൽ നിന്ന് പഞ്ചായത്തിനാവശ്യമായ സഹായങ്ങൾ ചെയ്യുകയും, ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മേലുള്ള നിയന്ത്രണാധികാരം പഞ്ചായത്തിനുണ്ടായിരിക്കുകയും ചെയ്താൽ മാത്രമേ ഫലപ്രദമായി ഇത്തരം പദ്ധതികൾ പ്രവർത്തിപ്പിക്കാൻ സാധിക്കൂ.

പൊതു ടാപ്പുകളിലൂടെയുള്ള ജലവിതരണത്തിനും പുറമേ, വീടുകൾക്കും, വ്യവസായ ശാലകൾക്കും ഹോട്ടലുകൾക്കും മറ്റും കണക്ഷൻ കൊടുത്തിട്ടുള്ളതിനാൽ വേനൽക്കാലത്ത് ആവശ്യമായ വെള്ളം ലഭിക്കാതെ വരുന്നു. മണിമലയാറ്റിൽ പെരുഞ്ചുഴിക്കയത്തിന്റെ ഭാഗത്ത് ഒരു കിണർകൂടി നിർമ്മിച്ച് നിലവിലു ള്ള പമ്പ് ഹൗസുമായി ബന്ധപ്പെടുത്തിയാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

2. വേലനിലം ഭാഗത്ത് ആറ്റിൽ തടയണ നിർമ്മിക്കുകയും അതിനടുത്ത് ഒരു കിണർ കുഴിച്ച് അവിടെ നിന്ന് ശുദ്ധജലം പമ്പ് ചെയ്ത് വെട്ടുകല്ലാംകുഴി ഭാഗത്ത് ടാങ്ക് കെട്ടി അതിൽ സംഭരിച്ചുകൊണ്ട്, വെട്ടുകല്ലാംകുഴി, മുണ്ടമറ്റം ഭാഗങ്ങളിൽ ശുദ്ധജലവിതരണം സാദ്ധ്യമാക്കാം.

3. ചണ്ണത്തോട്ടിൽ പൈങ്ങനാഭാഗത്ത് ചെക്ക് ഡാം നിർമ്മിച്ച് അവിടെ നിന്ന് വെള്ളം പമ്പ് ചെയ്ത് ഇളമ്പ്രാ മലഭാഗത്തും 31-ാം മൈൽ

ഭാഗത്തും ശുദ്ധജലമെത്തിക്കാൻ കഴിയും.

4. സ്രാമ്പി എസ്റ്റേറ്റ് ഭാഗത്ത് സുലഭമായി വെള്ളം കിട്ടുന്ന സ്ഥലത്ത് കുളമുണ്ടാക്കി അതിൽ നിന്ന് വെള്ളമെത്തിച്ച് 2, 3 വിർഡുകളിലെ ജല ക്ഷാമം പരിഹരിക്കാം. നിലവിലുള്ള കുഴൽ കിണറും ജലവിതരണത്തിന് പ്രയോജന പ്പെടുത്താം.

5.പഞ്ചായത്തിനും വിട്ടുകിട്ടിയിട്ടുള്ള ചെറുമല കുളം ആഴവും വിസ്താരവും കൂട്ടി നന്നാക്കി അടച്ചുകെട്ടി അതിലെ വെള്ളം ചെറുമല, ഇഞ്ചിയാനി പ്രദേശങ്ങളുടെ ഏതാനും ഭാഗങ്ങളിൽ വിതരണം ചെയ്യാം.

6. മലമണിയാറ്റിൽ വള്ളക്കടവിനടുത്ത് കുളം നിർമ്മിച്ച് അവിടെ നിന്നും ജലം പമ്പുചെയ്ത് ടാങ്കിൽ സംഭരിച്ച് വട്ടക്കാവിലും ഇഞ്ചിയാനിയുടെ ഏതാനും ഭാഗങ്ങളിലും വിതരണം നടത്താം.

7. കീച്ചൻ പാറ ഭാഗത്തും 35-ാം മൈൽ റോഡിന്റെ മുകൾ ഭാഗത്തുംവരിക്കാനി പീപ്പിൾസ് ക്ലബ്ബിനു സമീപത്തും ഓരോ കുഴൽക്കിണറുകൾ നിർമ്മിച്ചാൽ ആ പ്രദേശങ്ങളിലെ ജലക്ഷാമത്തിനു പരിഹാരം കാണാം. കീച്ചൻ പാറ കോളനി, മത്തായിക്കോളനി, E.M.S. കോളനി വണ്ടമ്പതാൽ, 35-ാം മൈൽ റോഡിന്റെമുകൾ ഭാഗം എന്നിവിടങ്ങളിൽ വെള്ളം വിതരണം ചെയ്യാനും സാധിക്കും.

8. പുലിക്കുന്ന് കാനം മലഭാഗത്ത് തേക്കിൻ കൂപ്പിൽ കുളം നിർമിച്ച് അവിടെ നിന്നു വെള്ളം പമ്പുചെയ്ത് അമ്പലകുന്നിൽ ടാങ്ക് പണിത് അതിൽ സംഭരിച്ച് വിതരണം നടത്തി, അമ്പലകുന്ന് മുളംകുന്ന് ,ഭദ്രാമഠം, മേസ്തിരിക്കുന്ന് തുടങ്ങിയ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും.

9. 9-ാം വാർഡ് പുത്തൻ പുരയ്ക്കൽ (ഷാപ്പുപടി) ഭാഗത്ത് ഒരു നല്ല കിണറോ കുഴൽ കിണറോ നിർമ്മിക്കണം.

10.മഞ്ഞളരുവിത്തോട്ടിലുള്ള പഞ്ചായത്തു കിണറിൽ നിന്ന് ജലം പമ്പ് ചെയ്ത് മണമേൽ എബ്രാഹം വക വസ്തുവിൽ ടാങ്ക് നിർമ്മിച്ച് അതിൽ സംഭരിച്ച് വിതരണം ചെയ്യാം.

11. മൂലെപ്പറമ്പിൽ പുരയിടത്തിൽ കിണർ കുഴിച്ച് അവിടെ നിന്നും ജലം ഇല്ലക്കൽ കോളനി ഭാഗത്ത് വിതരണം ചെയ്ത് ജല ക്ഷാമം പരിഹരിക്കാം.

12. തടത്തിൽ പടിക്കൽ കിണർ കുഴിച്ച് അവിടുത്തെ വെള്ളം പമ്പ് ചെയ്ത് കാരന്താനം സണ്ണി ഡെമനിക്ക് വക സ്ഥലത്ത് ടാങ്ക് ഉണ്ടാക്കി അതിൽസംഭരിച്ച് ചെമ്പത്തുങ്കൽ കോളനി പ്രദേശത്ത് വിതരണം ചെയ്യാം.

13. മൈനർ ഇറിഗേഷൻ വാട്ടർ ടാങ്കിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് അടുത്തുള്ള ഉയർന്ന മലയിൽ ടാങ്കണ്ടാക്കി സംഭരിച്ചാൽ ആനികുന്ന്, കപ്പലാംമൂട്, കുളമാക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ വിതരണം ചെയ്യാൻ സാധിക്കും.

14. റാക്കപ്പതാൽ ഭാഗത്ത് വനം വകുപ്പു വക സ്ഥലത്ത് കുളം നിർമ്മിച്ച് അവിടെ നിന്ന് വെള്ളം പമ്പു ചെയ്ത് ഇടിവെട്ടും പാറയിൽ ജലസംഭരണിയുണ്ടാക്കി അവിടെ ശേഖരിച്ച് വിതരണം ചെയ്താൽ പനക്കച്ചിറ കോളനി, ഇടിവെട്ടും പാറ, മടുക്ക പ്രദേശങ്ങളിലെ ജല ക്ഷാമത്തിന് പരിഹാരമുണ്ടാക്കാം.

15. 13--ാം വാർഡിൽ നിലവിലുള്ള P.H.E.D കുളം ആഴവും വിസ്തൃതിയും വർദ്ധിപ്പിച്ച് വിപുലപ്പെടുത്തി അതിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കൊമ്പുകുത്തി മലയിൽ ടാങ്കുണ്ടാക്കി അവിടെ സംഭരിച്ചാൽ മൈനാക്കുളം, കൊമ്പു

കുത്തി, ചെന്നാപ്പാറ മുകൾ എന്നീ പ്രദേശങ്ങളിൽ ജലവിതരണം സാധിക്കും.

16. അഴുത ആറ്റിൽ പുളിന്താനം പടിക്കൽ ചെക്കുഡാം നിർമ്മിച്ച് അവിടെ പമ്പ് ഹൗസ് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് ഉയർന്ന സ്ഥലത്ത് സംഭരിച്ചാൽ 14-ാ0 വാർഡിന്റെ വിവിധ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കാം.

17. അഴുതയാറ്റിൽ തൂക്കു പാലത്തിനു സമീപം ചെക്കുഡാം നിർമ്മിച്ച് അവിടെ നിന്ന് വെള്ളം പമ്പുചെയ്ത് ഇടിവെട്ടും പാറയിൽ ടാങ്കുണ്ടാക്കി സംഭരിച്ചാൽ 11 മുതൽ 15 വരെയുള്ള വാർഡുകളുടെ വിവിധ സ്ഥലങ്ങളിൽ ജലം എത്തിക്കാവുന്നതാണ്.

18. കോസടി വാട്ടർ സപ്ലൈ സ്കീമിന്റെയും 504 കോളനി സ്കീമിന്റെയും പൈപ്പുലൈനുകൾ നീട്ടിക്കൊടുത്തുകൊണ്ട് കോസടി, 504 സിയോൺ കുന്ന്, പശ്ചിമ ടോപ്പ് എന്നിവിടങ്ങളിൽ ശുദ്ധജല മെത്തിക്കാം.

ഇത്തരം വിപുലമായ സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്തിക്കൊണ്ട് അതിരൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലെയും തന്നെ കുടിവെള്ളപ്രശനത്തിന് പരിഹാരം കണ്ടെത്താവുന്നതാണ്.



അനുബന്ധം

1. പട്ടിക വർഗ്ഗ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന കൊമ്പുകുത്തി 13 -ാം വാർഡിലും, പട്ടിക ജാതി വിഭാഗങ്ങൾ തിങ്ങി പ്പാർക്കുന്ന 12-ാം വാർഡായ പനയ്ക്കച്ചിറയിലും, ദരിദ്രവിഭാഗങ്ങൾ തിങ്ങിപ്പാർ ക്കുന്ന 16-ാം വാർഡിന്റെ പട്ടാളക്കുന്ന് 10 ഏക്കർ ഭാഗം പൊട്ടംകുളം, മടുക്കമുകൾ ഈ പ്രദേശങ്ങളിൽ കുടിവേളളം എത്തിക്കുന്നതിന് അഴുതയാറിൽ കണ്ടങ്കയത്തുനിന്നും കൊമ്പുകുത്തി, കണ്ണാട്ടുപടിയിൽ ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് ഇവിടെ എന്നും വിതരണം ചെയ്യണം.

2. 14-ാം വാർഡിൽ ബാങ്കിന് സമീപത്തുള്ള പഞ്ചായത്ത് വക കുളത്തിൽ നിന്നും പത്തേക്കർ ഭാഗത്ത് വെള്ളം എത്തിച്ച് വിതരണം ചെയ്യുക.

3. വെട്ടിയാനിത്തോട്ടിൽ വെള്ളം സംഭരിച്ച് കുമാരൻ പുന്തോപ്പിൽ, പാറേൽ കുഞ്ഞേപ്പു എന്നിവർ താമസിക്കുന്ന പ്രദേശത്ത് ജലവിതരണം നടത്തുക.

4. 14-ാം വാർഡിൽ മടുക്കയിൽ ശിവരാമൻ ശിവനടയിൽ എന്ന ആളിന്റെ പുരയിടത്തിൽ ഒരു കുഴൽ കിണർ നിർമ്മിക്കുക.

5. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി കോസടി വാട്ടർ സ്കീം പദ്ധതിയിൽപ്പെടുത്തി കോസടി ആയുർവ്വേദഡിസ്പെൻസറിയുടെ സമീപം വരെ ഇപ്പോൾ പൈപ്പുലൈൻ ഉണ്ട്. അത് കേടായിക്കിടക്കുന്നതുകൊണ്ട് ആശുപത്രി ആവശ്യമായ കഷായങ്ങളും മറ്റും വയ്ക്കുന്നതിനും സമീപസ്ഥർക്ക് വെള്ളം കിട്ടുന്നതിനും സാധിക്കുന്നില്ല. എത്രയും വേഗം പരിഹരിക്കേണ്ടതാണം.

6. പഞ്ചായത്തിന്റെ 10 -ാം വാർഡിൽ പുഞ്ചവയൽ ടൗണിൽ മൈനർ ഇറിഗേഷനിൽ പെട്ട കുളം ആഴത്തിൽ കുഴിച്ചാൽ ധാരാളം വെള്ളം ലഭിക്കും. പശ്ചിമകുന്നിനു മുകളിൽ ടാങ്ക് നിർമ്മിച്ച് വെള്ളം ശേഖരിച്ചാൽ 10,11,8 - എരുമേലി പഞ്ചായത്തിന്റെ 5-ാം വാർഡിലും ആവശ്യമായ വെള്ളം വിതരണം ചെയ്യാൻ സാധിക്കും.

7. ഇപ്പോഴുള്ള പഞ്ചായത്ത് കിണറുകൾ ആഴത്തിൽ കുഴിച്ചാൽ ഇപ്പോഴുള്ള ജല ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

8. മഞ്ഞലരുവിത്തോടിന് കുളമാക്കൽ ഭാഗത്ത് തടയണ നിർമ്മിച്ചു കിണർ കുഴിച്ചാൽ പുഞ്ചവയൽ കുന്നിനു മുകളിൽ ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് വെള്ളം വിതരണം ചെയ്താൽ ജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

9. പഞ്ചായത്തിന്റെ നിലവിലുള്ള ജലവിതരണ പദ്ധതിയുടെ വിതരണവിതാനത്തിനു മുകളിലുള്ള 3-ാം വാർഡിന്റെ പടിഞ്ഞാറുഭാഗവും, 4-ാം വാർഡുമുഴുവനും, 5-ാംവാർഡിന്റെ കിഴക്കുഭാഗവും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്. ഈ പ്രദേശങ്ങളിലെ ജലക്ഷാമത്തിന് ഏക പരിഹാരമാർഗ്ഗം, മണിമലയാറ്റിൽ പെരുഞ്ചുഴി കയത്തിലെ വെള്ളം മുളങ്കാനം മലമുകളിലെത്തിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി അടിയന്തിര പ്രാധാന്യം നൽകി നടപ്പിലാക്കുകയാണ്.

10. അടിയന്തിര പ്രാധാന്യം നൽകി ഈ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ ഇവ നന്നാക്കുകയും ആഴം കൂട്ടുകയും, പുതിയവ നിർമ്മിക്കുകയും പുതിയ കുഴൽ കുണറുകൾ നിർമ്മിക്കുകയും ചെയ്യുക.

അനുബന്ധം

1. കോസടി ഗവ. ആയുർവ്വേദ ഡിസ്പെൻസറി അനുവദിച്ചു പ്രവർത്തനം തുടങ്ങിയിട്ട് 19 വർഷമായി. പട്ടിക ജാതി - പട്ടിക വരർഗ്ഗങ്ങൾ തിങ്ങിപ്പാർക്കുന്ന കോസടിയോട് ചേർന്ന് പരിതമായൊരു വാടകകെട്ടിടത്തിലാണ് ഇപ്പോൾ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നത്. ഇതിനോട് ഏറ്റവും സമീപത്തായി അര ഹെക്ടർ സ്ഥലം ടി ആശുപത്രിയുടെ കെട്ടിടം പണിയുന്നതിലേയ്ക്കായി മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ അളന്ന് തിരിച്ച് നീക്കിയിട്ടിരിക്കുകയാണ്. ഈ സ്ഥലത്ത് എത്രയും വേഗം ആശുപത്രിക്കുവേണ്ട കെട്ടിടം പണിയേണ്ടതാണ്. 200 - ൽ പരം പാവപ്പെട്ട രോഗികൾ ഇപ്പോൾ ദിവസവും ഈ ഡിസ്പെൻസറിയിൽ നിന്ന് മരുന്നുകൾ വാങ്ങിക്കൊണ്ടിരിക്കുന്നു. സാധുക്കളായ രോഗികളുടെ ആശ്രമായ ഈ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുകയും, കെട്ടിടം പണി ഉടനടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്.


2. മുണ്ടക്കയം ഗവ. ആശുപത്രിയിൽ ഇപ്പോഴുള്ള സൗകര്യം തീരെ അപര്യാപ്തമാണ്. കൂടുതൽ വാർഡുകൾ നിർമ്മിച്ചും ആവശ്യമായ ഡോക്ടർമാരെ നിയമിച്ചും സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

3. ഇ.എം.എസ്. കോളനിയിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു ഹെൽത്ത് സ്ഥാപിക്കുക.

4. ഏറ്റവും കൂടുതൽ പിന്നോക്ക വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും നിരവധി കോളനികൾ ഉള്ളതുമായ പുഞ്ചവയലിൽ പഞ്ചായത്ത് വക സ്ഥലത്ത് ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കുക.

5. പുഞ്ചവയലിലുള്ള ടൗണിൽ പഞ്ചായത്ത് വക സ്ഥലത്ത് ഒരു കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.

6. കോരുത്തോട്ടിൽ XV -ാം വാർഡിൽ 1 ഏക്കർ സ്ഥലം അലോപ്പതി ഡിസ്പൻസറിക്കു വേണ്ടി സർക്കാർ മാറ്റിയിട്ടുണ്ട്. ഇവിടെ ഒരു അലോപ്പതി ഡിസ്പൻസറി ഉടനടി അനുവദിക്കേണ്ടതാണ്. റോഡ്, വെള്ളം തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളുമുള്ള 1 ഏക്കർ ഭൂമിയാണ് മാറ്റിയിട്ടുള്ളത്.



ഗതാഗതം – ഊർജ്ജം – മാർക്കറ്റ്

ഗതാഗതം

എല്ലാവാർഡുകളിലേയും പ്രത്യേക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിരിക്കുന്ന ആവശ്യങ്ങളിൽകൂടുതലും റോഡിനെ സംബന്ധിക്കുന്നവയാണ്.ഒരു പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഗതാഗത സൗകര്യങ്ങളാണ് അടിസ്ഥാനം. ആ നിലയിൽ റോഡുകളുടെ പോരായ്മകൾ ഫലപ്രദമായി പരിഹരിക്കപ്പെടേണ്ടതാണ്.

എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്ന വിധം സംഗ്രഹിക്കാവുന്നതാണ്.

1. എല്ലാ വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യങ്ങൾ ഇല്ല.

2. നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.

3. പല റോഡുകൾക്കും ഓടകളില്ല. ഉള്ളത് അടഞ്ഞുപോയിരിക്കുന്നതുകൊണ്ട് റോഡുകൾ നശിക്കുന്നു.

4. റോഡുകൾക്ക് പൊതുവേ വീതി കുറവാണ്.

5. റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തി സുഗമമാക്കാറില്ല.

6. മിക്ക സ്ഥലങ്ങളിലും ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് ഇല്ല.

7. നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാത്രം ബസുകൾ നിർത്തുവാൻ ജീവനക്കാരും യാത്രക്കാരും ശ്രദ്ധിക്കണം. കൂടെക്കൂടെയുള്ള സ്റ്റോപ്പുകൾ ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നു.

മുൻപ് സൂചിപ്പിച്ച വിധത്തിലുള്ള പ്രശ്നങ്ങൾക്ക് പഞ്ചായത്ത് മുഖേന ചെയ്തിട്ടു ള്ള വികസന പരിപാടികൾ വേണ്ട തോതിൽ ഫലപ്രദമായിട്ടില്ല.അതാത് റോഡിന്റെ ഗുണഭോക്താക്കൾ ചേർന്ന് ശ്രമദാനം വഴിയായി റോഡുകളും ഓടകളും തീർക്കേണ്ടതാണ്. റോഡു കളുടെ ആവശ്യങ്ങൾ ഉയർന്നു വരുന്ന പ്രദേശത്തെ ഗുണഭോക്താക്കളെ പഞ്ചായത്തു മെമ്പറുടെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത് ആവശ്യമായ പ്രവർത്തക സമിതി രൂപീകരിക്കേ ണ്ടതാണ്. ജനങ്ങളെ സംഘടിപ്പിക്കുക, ഭക്ഷണ കാര്യങ്ങൾ ഏർപ്പാടു ചെയ്യുക തുടങ്ങിയവക്ക് ഉപസമിതി കളെ നിയോഗിക്കേണ്ടതുമാണ്. ഇത്തരം റോഡുകളിൽ കലുങ്കുകളോ പാലങ്ങളോ ആവശ്യമായി വന്നാൽ

ബന്ധപ്പെട്ട വകുപ്പുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്. ഇങ്ങനെ നിർമ്മിക്കുന്ന റോഡുകൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും നീക്കം ചെയ്യപ്പെടേണ്ട മരങ്ങൾ ഉണ്ടെങ്കിൽ അവ നീക്കം ചെയ്യുന്നതിനും ശ്രദ്ധിക്കണം. ഗതാഗതതിരക്കുള്ള റോഡുകളിൽ ഉള്ള വളവുകൾ റോഡപകടങ്ങൾക്ക് ഒട്ടേറെ കാരണങ്ങൾ ആകുന്നു. ആവശ്യസ്ഥലങ്ങളിൽ പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുക. അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ അപകടസൂചനാ ബോർഡുകളും ബംമ്പുകളും സ്ഥാപിച്ച് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കേണ്ടതാണ്.

അറ്റകുറ്റപണികൾ ആവശ്യമായ റോഡുകൾ യഥാവിധി നന്നാക്കുകയും ഗതാഗതത്തിന് തുറന്നുകൊടുക്കുകയും വേണം.

കാലപ്പഴക്കം ചെന്ന വാഹനങ്ങൾ നിരത്തിൽ കൂടി ഓടിക്കുന്നത് നിരോധിക്കുക.

ഗതാഗത തിരക്ക് കൂടുതലുള്ള റോഡുകളിൽ ഡ്രൈവിംഗ് പരിശീലനം നടത്തുന്നത് തടയേണ്ടതാണ്.

നിലച്ചുപോയ സർക്കാർ, സ്വകാര്യ ബസ് സർവീസുകൾ ഉടൻ പുനരാരംഭിക്കണം. ബസ്സുകൾക്ക് മുന്നിലായി ചില പ്രദേശങ്ങളിലേക്ക് സർവ്വീസ്നടത്തുന്ന ടാക്സികൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടതുമാണ്.

ടൗണിൽ കാൽനടയാത്രക്കാർക്ക് നടപ്പാത നിർമ്മിക്കണം.

മുണ്ടക്കയം പഞ്ചായത്ത് അതിർത്തിയായ പുത്തൻ പാലത്തിനു സമീപത്തായി ആഴ്ചയിൽ ഒരിക്കലെങ്കിലും പോലീസ് സഹായത്തോടെ വാഹനങ്ങൾ നിർത്തിച്ച്, മദ്യവും മയക്കുമരുന്നും കടത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. പിടിക്കപ്പെടുന്ന വാഹനങ്ങളുടെ പെർമിറ്റുകൾ റദ്ദാക്കേണ്ടതാണ്.

പ്രധാന കവലകളിൽ സൈൻ ബോർഡുകളും അവിടേക്കുള്ള ദൂരവും പ്രത്യേകം പ്രദർശിപ്പിക്കേണ്ടതുമാണ്.

മുണ്ടക്കയത്തെ ടാക്സികളുടെ അമിത ചാർജ്ജ് ഈടാക്കൽ അവസാനിപ്പിക്കുന്നതിലേക്കായി ടാക്സി, ഓട്ടോസ്റ്റാൻറുകളിൽ ഓരോ സ്ഥലത്തേക്കുമുള്ള ടാക്സി ചാർജ്ജ് രേഖപ്പെടുത്തി ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

ഊർജ്ജം - ഗതാഗതം - മാർക്കറ്റ്

ഊർജ്ജം

മുണ്ടക്കയത്ത് ആളുകൾ കുടിയേറിപാർത്ത കാലഘട്ടത്തിൽ പ്രധാന ഊർജ്ജസ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, വിവിധ തരം എണ്ണകൾ എന്നിവയായിരുന്നു. എന്നാൽ ഇന്ന് ഇരുപതാം നൂറ്റാണ്ടിൻെറ അവസാനത്തിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ, പ്രധാന ഊർജ്ജസ്രോതസ്സിൻെറ സ്ഥാനം വൈദ്യുതി കയ്യടക്കിയിരിക്കുന്നു. വെളിച്ചത്തിനും യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും എന്നുവേണ്ട ആധുനികവീട്ടുപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനു പോലും വൈദ്യുതി ഉപയോഗിക്കപ്പെടുന്നു. വൈദ്യുതി ഇല്ലാത്ത ഒരു ദിവസത്തെ ഓർക്കുക പോലും നമുക്ക് സാധിക്കുന്നില്ല.

1958-ൽ മുണ്ടക്കയത്ത് ആദ്യമായി വൈദ്യുതി എത്തിച്ചേർന്നു. വർദ്ധിച്ച ഉപഭോഗത്തിനനുസരിച്ച് ലഭ്യത ഇല്ലാത്തതിനാലും പലതരത്തിലുള്ള പ്രസരണനഷ്ടം കൊണ്ടും വിദ്യുച്ഛക്തി യുടെ വോൾട്ടേജ് ക്ഷാമം ഈ പ്രദേശങ്ങളിൽ ഇന്ന് ഒരു പ്രധാന പ്രശ്നമായി തീർന്നിരിക്കുന്നു.

മുണ്ടക്കയത്ത് തുടങ്ങിയിരിക്കുന്ന സബ് സ്റ്റേഷൻ നിർമ്മാണം വളരെ വേഗം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കേണ്ടതാണ്. പന്ത്രണ്ടാം വാർഡു മുതൽ പതിനഞ്ചാം വാർഡു വരെയുള്ള അതിവിസ്തൃതമായ പ്രദേശങ്ങളിലേക്ക് പോകുന്ന 11 K.V. ലൈൻ T.R. & T. എസ്റ്റേറ്റിലൂടെ ചുറ്റിവളഞ്ഞുകിടക്കുന്നു. എസ്റ്റേറ്റിലെ റബ്ബർ മരങ്ങൾ മുട്ടിയും ഒടിഞ്ഞുവീണും ആ ലൈനിൽ പ്രശ്നങ്ങൾ പതിവായി തീർന്നിരിക്കു കയാൽ ഈ വാർഡുകളിൽ വൈദ്യുതി തകരാറും വോൾട്ടേജ് ക്ഷാമവും അതിരൂക്ഷമാണ്. ഈ പ്രശ്നത്തിന്റെ പരിഹാരത്തിനായി മുണ്ടക്കയത്തു നിന്നും വണ്ടൻപതാലിൽ എത്തിനിൽക്കുന്ന 11 K.V 'ലൈനിൽ നിന്ന് കോരുത്തോട് റോഡിലൂടെ പനക്കച്ചിറ വരെയുള്ള 3 കി. മീറ്റർ ദൂരം നീട്ടി കോരുത്തോട് ലൈനുമായി ബന്ധിപ്പിക്കേണ്ടതാണ്.

പ്രസരണ നഷ്ടം ഉണ്ടാകുന്നതിന് ഇടനൽകത്തക്കവിധം വൈദ്യുതി ലൈനുകളിൽ മുട്ടി നിൽക്കുന്ന ചെറുതും വലുതുമായ മുഴുവൻ വൃക്ഷ ശിഖരങ്ങളും ആവശ്യമെങ്കിൽ ടി മരങ്ങൾ തന്നെയും മുറിച്ചുമാറ്റുന്നതിന് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടിയിരിക്കുന്നു.

മുൻകാലങ്ങളിൽ വൻകിട റബ്ബർ, തേയില തോട്ടങ്ങളിൽ ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനും മറ്റുമായി ഡീസൽ മോട്ടോറുകൾ ഉപയോഗിച്ചിരുന്നു. മില്ലുകളുടേയും ഫാക്ടറികളുടേയും പ്രവർത്തനത്തിന് ഇക്കാലത്ത് വൈദ്യുതി തന്നെയാണ് പ്രധാന ഊർജ്ജ സ്രോതസ്സ്. മണ്ണെണ്ണ, ഡീസൽ എന്നിവ ഉപയോഗിച്ചും വളരെ കുറഞ്ഞ തോതിൽ വ്യവസായികാവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ട്. മുണ്ടക്കയം പഞ്ചായത്ത് വർഷം തോറും രണ്ടു ലക്ഷത്തോളം രൂപാ തെരുവ് വിളക്കുകളുടെ വൈദ്യുതിച്ചാർജ്ജായി തന്നെ ചിലവാക്കുന്നുണ്ട്.

കൃഷിയാവശ്യത്തിനായി പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും മറ്റും വൈദ്യുതിയാണ് മുഖ്യമായും ഉപയോഗിക്കുന്നത്. മണ്ണെണ്ണ, ഡീസൽ എന്നിവ ഉപയോഗിച്ചും കുറഞ്ഞ തോതിൽ പമ്പു സെറ്റുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. കൃഷിയാവശ്യത്തിനായി സൗജന്യനിരക്കിൽ വൈദ്യുതി നൽകി കൃഷി വികസനം ഉറപ്പാക്കേണ്ടതാണ്. ഇത്തരം ആവശ്യത്തിനായി വൈദ്യുതി കണക്ഷൻ വളരെ വേഗം നൽകുകയും വേണം.

ഗാർഹികാവശ്യത്തിനായി ഈ പഞ്ചായത്തിലെ 50% ആളുകൾ വൈദ്യുതിയെ ആശ്രയിക്കുന്നു. ഇപ്പോഴും എല്ലാ വീടുകളിലും വിദ്യുച്ഛക്തി എത്തിച്ചേർന്നിട്ടില്ല. അത്തരം വീടുകൾ കണ്ടെത്തി അവയ്ക്ക് കഴിവതും വേഗം വൈദ്യുത കണക്ഷൻ നൽകേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലുള്ള ചില കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. അത്തരം പ്രദേശങ്ങളിലും വൈദ്യുതി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഇപ്പോൾ ഉപഭോക്താക്കളുടെ ഇടയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും മറ്റുമായി സ്റ്റെപ് അപ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചു വരുന്നതായി കാണുന്നു. അതു കൊണ്ട് ഇവ ഉപയോഗിക്കാത്ത മറ്റാളുകൾക്ക് വൈദ്യുതിയുടെ കുറവ് അനുഭവപ്പെടുകയും ചെയ്യുന്നു. വൈദ്യുതി ഉണ്ടെങ്കിലും മണ്ണെണ്ണ തുടങ്ങിയ ഇന്ധനോപാധികളെ ഇത്തരക്കാർക്ക് ആശ്രയിക്കേണ്ടി വരുന്നു. ആയതിനാൽ സ്റ്റെപ് അപ് ഉപകരണ ഉപയോഗം പരിപൂർണ്ണമായി നിറുത്തൽ ചെയ്യുന്നതിന് നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമാണ്.

ആവശ്യക്കാർക്ക് വേണ്ട അളവിൽ മണ്ണെണ്ണ ന്യായവില കടകളിൽ കൂടി ലഭിക്കുന്നില്ല. ഇതിന് അടിയന്തിര പ്രാധാന്യം നൽകി കൂടുതൽ മണ്ണെണ്ണ റേഷൻ കടകളിലൂടെ വിതരണം നടത്തേണ്ടതുമാണ്.

ബയോഗ്യാസ് പ്ലാൻറുകൾ ഈ പഞ്ചായത്തിൽ ചില സ്ഥലങ്ങളിലുണ്ട്. പാചകാവശ്യത്തിനും വെളിച്ചത്തിനും ഊർജ്ജം നൽകുന്ന ബയോഗ്യാസ് പ്ലാൻറുകൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കേണ്ടതും ഉയർന്നതോതിൽ സബ്സിഡി നൽകി ആളുകളെ ഇതിനായി പ്രോത്സാഹിപ്പിക്കേണ്ടതും ഒരു പരിധി വരെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമാവും. വൻതോതിലുള്ള കാലി വളർത്തൽ കേന്ദ്രങ്ങളിൽ ബയോഗ്യാസ് പ്ലാൻറുകൾ ആരംഭിക്കാവുന്നതാണ്.

ഇപ്പോൾ സാധാരണയായി സമ്പന്ന കുടുംബങ്ങളിൽ പാചക വാതകം ഉപയോഗിച്ചു വരുന്നു. മുണ്ടക്കയത്ത് കുറെ കാലങ്ങളായി ഒരു ഗ്യാസ് ഏജൻസി പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും പാചക വാതകം ഉപഭോക്താക്കൾക്ക് ആവശ്യത്തിന് ലഭിക്കുന്നില്ല. അപേക്ഷകർക്കെല്ലാം **L.P.G.** ഗ്യാസ് കണക്ഷനുകൾ ഏറ്റവും വേഗം നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കണ്ണിമല, പുത്തൻചന്ത, കോരുത്തോട് എന്നീ പ്രദേശങ്ങളിൽ **L.P.G.** ഗ്യാസ് ഏജൻസികൾ ആരംഭിക്കുന്നതും ഇത്തരം ഉപഭോക്താക്കൾക്ക് വളരെ ഉപകാരപ്രദമാണ്. ഇതിന് വളരെ പ്രാധാന്യം നൽകി, ഇത്തരം സ്ഥലങ്ങളിൽ ഓരോ ഏജൻസി ആരംഭിക്കുകയും വേണം.

. സാധാരണ ജനങ്ങൾക്കിടയിൽ ഇപ്പോഴും പാചകാവശ്യത്തിന് ഉപയോഗിക്കുന്നത് വിറകാണ്. റബ്ബർ, തെങ്ങ്, പാഴ് വൃക്ഷങ്ങൾ തുടങ്ങിയവയാണ് പാചകത്തിന് വിറകായി ഉപയോഗിച്ചുവരുന്നവ. ഇക്കാലത്ത് ഇത്തരത്തിലുള്ള വിറകിൻറെ ലഭ്യത വളരെ കുറവാണ്. ആയതിനാൽ വില വളരെ വർദ്ധിച്ചിട്ടുമുണ്ട്. കൃഷിക്കാർ പാഴ്വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും മറ്റും ചെയ്ത് ഇതിന് ഒരു പരിഹാരം തേടുന്നതിന് ശ്രദ്ധിക്കണം.

സൗരോർജ്ജ വിളക്കുകൾ ഇപ്പോൾ പഞ്ചായത്തിൻറെ ചില പ്രദേശങ്ങളിൽ ചുരുക്കമായി ഉപയോഗിച്ചുവരുന്നു. ഇവയുടെ വ്യാപകമായ ഉപയോഗം ഒരു പരിധിവരെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമാണ്. ജനങ്ങൾക്ക് അനായാസം ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. കോളനികളിൽ താമസിക്കുന്നവർക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പഞ്ചായത്തിൽ നിന്ന് സൗജന്യമായോ സബ്സിഡിനിരക്കിലോ പുകയില്ലാത്തഅടുപ്പുകൾ വിതരണം ചെയ്യണം. ആയത് സ്ഥാപിക്കുന്നതിനുള്ള മുഴുവൻ ചെലവും പഞ്ചായത്ത് നേരിട്ടു വഹിക്കേണ്ടതാണ്. അനർട്ടിൻറെ ഒരു ശാഖ മുണ്ടക്കയത്ത് സ്ഥാപിക്കേണ്ടതാണ്.

മണിമലയാറ്റിൽ പഴയ കല്ലേപ്പാലം ഭാഗത്ത് ഒരു ഡാം നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള സാധ്യത ആരായേണ്ടതാണ്. ഇതുപോലെ കോരുത്തോട്ടിൽ അഴുതയാറ്റിൽ തേവർപടി ഭാഗത്തും ഡാം നിർമ്മിച്ച് വൈദ്യുതി ഉല്പാദനത്തിനുള്ള സാധ്യത ആരായാം.

എല്ലാ വാർഡുകളിലുമുള്ള വഴിവിളക്കുകളിൽ പലതും രാത്രികാലങ്ങളിൽ കത്തുന്നില്ല. കത്താത്ത വഴിവിളക്കിനും പഞ്ചായത്ത് കറൻറ് ചാർജ്ജ് അടച്ചുകൊണ്ടിരിക്കുന്നു. സർക്കാർ നൽകുന്ന ഗ്രാൻറിൽ നിന്നും ഈ തുക കിഴിച്ചതിനു ശേഷമാണ് പഞ്ചായത്തിന് നൽകുന്നത്. മിക്ക വിളക്കുകാലുകളും ദ്രവിച്ച് കേടായതാണ്. കേടായ വിളക്കുകാലുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്.

കണ്ണിമലയിലുള്ള പഴയ ട്രാൻസ്ഫോമർ മാറ്റി പകരം പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ടതാണ്. ഇലക്ട്രിസിറ്റി ബോർഡ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മാർക്കറ്റും പുത്തൻചന്തയുടെ വികസനവും

ബസുകൾ വർദ്ധിക്കുകയും ജനങ്ങൾ അധികവും തീരെ കുറഞ്ഞ ദൂരം പോലും യാത്ര ചെയ്യുവാൻ ബസിനെ ആശ്രയിക്കുകയും ചെയ്തു തുടങ്ങിയപ്പോൾ, മാർക്കറ്റിൽ ലഭിച്ചിരുന്ന പച്ചക്കറി, മൽസ്യം, മാംസം തുടങ്ങിയവയുടെ വ്യാപാരങ്ങൾ ബസ് സ്റ്റാൻഡിനു ചുറ്റും വന്നു കൂടുകയും തിടുക്കത്തിൽ വന്നു പോകുന്ന ആളുകൾ റോഡിനരുകിലും വഴിയോരക്കടകളിലും നിന്ന് സാധനങ്ങൾ വാങ്ങിത്തുടങ്ങുകയും ചെയ്തു. മുൻകാലത്ത് വളരെ പ്രശസ്തിയാർജ്ജിച്ചിരുന്ന മുണ്ടക്കയം മാർക്കറ്റ് മണിമലആറിന്റെ മറുകരയിലുള്ള പുത്തൻചന്ത മൈതാനത്താണ് സ്ഥിതി ചെയ്തിരുന്നത്.

നടപ്പുലാഭവും സമയലാഭവും പരിഗണിച്ചവർ ആദ്യം സൂചിപ്പിച്ചതു പോലെ പുത്തൻ ചന്തയിൽ പോകാതെ വന്നു. ആ സാഹചര്യത്തിൽ പുത്തൻ ചന്തയിലെ മാർക്കറ്റ് നിന്നുപോകുകയും ചന്ത മൈതാനം നിരുപയോഗമായി കിടക്കുകയും അവിടെയുള്ള കടയുടമകളും കച്ചവടക്കാരും ബന്ധപ്പെട്ട തൊഴിലാളികളും തൊഴിൽ രഹിതരേപ്പോലെ നിരാശയിൽ കഴിയുകയും ചെയ്യുന്നു.

മുണ്ടക്കയം ടൗണിൽ, കെ.കെ. റോഡിൽ ബസ് സ്റ്റാൻഡിനു സമീപം മാർക്കറ്റ് കേന്ദ്രീകരിച്ചിരിക്കുന്ന ഒരനുഭവമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. മൽസ്യം, മാംസം, പച്ചക്കറി കച്ചവടക്കാരുടേയും വാങ്ങാൻ എത്തുന്നവരുടേയും തിക്കും തിരക്കും, ഓട്ടോയും, സൈക്കിളും, പാഞ്ഞുവരുന്ന ദീർഘദൂരബസുകളും, ജീപ്പും, കാറും, മറ്റു വാഹനങ്ങളും യാത്രക്കാരും എല്ലാം കൂടി കെ.കെ. റോഡിൽ സൃഷ്ടിക്കുന്ന ബഹളം ഭയാനകം തന്നെ.

അതേ സമയം പുത്തൻ ചന്തയിലെ വ്യാപാരം പൂർണ്ണമായും നിലച്ചുപോവുകയും, ഒരേക്കറിൽപ്പരം വരുന്ന ചന്ത മൈതാനം നിരുപയോഗമായി കിടക്കുകയും ബിസിനസ്സിനെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്ന പുത്തൻ ചന്ത നിവാസികൾ തൊഴിൽ രഹിതരായിതീരുകയും ചെയ്തിരിക്കുന്നു. അതായത്,

ഒരു കരയിൽ, അപകടകരമായ തിക്കും, തിരക്കും, ബഹളവും,

മറുകരയിൽ, ശോകമൂകമായ ശൂന്യതയും !

ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തിയേ മതിയാകൂ. മുണ്ടക്കയം ടൗണും പുത്തൻ ചന്തയും ഒന്നായി കണ്ടുകൊണ്ട് മേൽക്കാരണങ്ങളാൽ വികസനം വഴി മുട്ടിനിൽക്കുന്ന പുത്തൻചന്തയെ ഉദ്ധരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണെന്ന് ജനകീയാസൂത്രണ സമിതി ശക്തിയുക്തം ആവശ്യപ്പെടുന്നു.

പരിഹാരം

പച്ചക്കറി, മൽസ്യം, മാംസം മുതലായ കച്ചവടങ്ങൾ നടത്തുന്നതിന് സുരക്ഷിതമായ സ്റ്റാളുകൾ പുത്തൻചന്തയിലുണ്ടാക്കുകയും മുണ്ടക്കയം ടൗണിലെ വഴിയോരക്കച്ചവടക്കാരെ നിയമം മൂലം നിർബന്ധമായി അവിടേക്ക് മാറ്റുകയും സമീപസ്ഥലങ്ങളിൽ നിന്ന് എത്തുന്ന ബസ്സുകളുടെ സ്റ്റാൻഡ് പുത്തൻചന്ത മൈതാനത്തേക്ക് മാറ്റുകയും ചെയ്യുകയാണ് മേൽപറഞ്ഞ പ്രശ്നങ്ങൾക്കുള്ള പരിഹാരം. ഇതിന് -ഏന്തയാർ, കൂട്ടിക്കൽ, പുഞ്ചവയൽ, കോരുത്തോട്, എരുമേലി, പുലിക്കുന്ന്, കുപ്പുക്കയം, ഇഞ്ചിയാനി, വട്ടക്കാവ്, പാറത്താനം എന്നിങ്ങനെ സമീപ സ്ഥലങ്ങളിൽ നിന്ന് വരുന്ന ബസുകൾ ടൗണി ലെ ബസ് സ്റ്റാൻഡിൽ ആളെ ഇറക്കിയിട്ട് പുത്തൻചന്ത ബസ് സ്റ്റാൻഡിൽ പോയി പാർക്ക് ചെയ്യട്ടെ. അവിടെ നിന്നും പുറപ്പെടുന്ന

ബസുകൾ ടൗൺ സ്റ്റാൻഡിൽ വന്ന് ആളെടുത്ത് പോകുകയും ചെയ്തുകൊള്ളട്ടെ. അങ്ങനെയാകുമ്പോൾ ആളുകൾക്ക് പുത്തൻചന്തയിലെ മാർക്കറ്റിൽ നിന്ന് അത്യാവശ്യ സാധനങ്ങൾ വാങ്ങി ബസിൽ തന്നെ യാത്രയാവുന്നതിനും സാധിക്കും. കെ.കെ. റോഡിലെ തിക്കും തിരക്കും വൃത്തികേടുകളും അപകടാവസ്ഥയും ബഹളവും മാറിക്കിട്ടുകയും അങ്ങനെ മുണ്ടക്കയം പട്ടണത്തിന്റെ ഹൃദയഭാഗമായ കെ.കെ. റോഡും അതിനോടു ചേർന്നുള്ള ബസ് സ്റ്റാൻഡും മനോഹരമായി നിലനിർത്താൻ കഴിയുകയും ചെയ്യും.

പുത്തൻ ചന്ത മൈതാനത്തിന്റെ പടിഞ്ഞാറേ അരികിൽ പല നിലകളിലുള്ള കെട്ടിടം നിർമ്മിച്ച്, താഴത്തെ നിലയിൽ പച്ചക്കറി, മൽസ്യം, മാംസം തുടങ്ങിയ കച്ചവടങ്ങൾക്കും അതു പോലെയുള്ള മറ്റു ബിസിനസ്സുകൾക്കും വാടകയ്ക്കു നൽകേണ്ടതാണ്. മേൽനിലയിൽ കൃഷിഭവൻ, ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്, K.S.E.B., A.E.O.ഓഫീസുകൾ തുടങ്ങിയ മറ്റോഫീസുകൾക്കും വാടകയ്ക്കു കൊടുക്കാവുന്നതാണ്. മൈതാനത്തിനു ചുറ്റുമുള്ള റോഡുകൾ നന്നാക്കുകയും ശരിയാംവണ്ണം സംരക്ഷിക്കുകയും മൈതാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കും വാഹനങ്ങൾക്ക് പോകുവാൻ തക്ക രീതിയിൽ കവലകൾ വിപുലപ്പെടുത്തുകയും വേണം.

ശാസ്ത്രീയ രീതിയിലുള്ള അറവുശാലകൾ നിർമ്മിച്ച് വേണ്ട വിധം സംരക്ഷിക്കേണ്ടതാണ്.

ഇത്രയും ചെയ്താൽ മുണ്ടക്കയത്തെ മാർക്കറ്റ് സംബന്ധിച്ച തിക്കും തിരക്കും ടൗണിൽ നിന്ന് ഒഴിവാക്കുകയും ടൗണിനെ മനോഹരമായി സൂക്ഷിക്കുകയും പുത്തൻചന്തയെ വികസിപ്പിക്കുകയും ചെയ്യുവാൻ കഴിയുമെന്നുള്ളതിൽ സംശയമില്ല.

മുണ്ടക്കയം ടൗൺ

ഈ പഞ്ചായത്തിലെ രണ്ടും മൂന്നും വാർഡുകളിലായി മുണ്ടക്കയം ടൗൺ സ്ഥിതി ചെയ്യുന്നു. കെ.കെ. റോഡിന്റെ മൂന്ന് കി.മീറ്റർ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ദിവസേന നൂറുകണക്കിന് ബസുകളും ആയിരക്കണക്കിന് യാത്രക്കാരും ഇതു വഴി കടന്നുപോകുന്നു. ഈ റോഡിന്റെ ഇരുവശങ്ങളിലും---ക്രോസ്വേ ജംഗ്ഷൻ മുതൽ പൈങ്ങനാപാലം വരെ--- ലോറി, ടാക്സി, ഓട്ടോ ഉൾപ്പെടെയുള്ള വാഹനങ്ങളും വർക്ക് ഷോപ്പുകളിലെ വാഹനങ്ങളും പാർക്കു ചെയ്യുന്നു. കെട്ടിട നിർമ്മാണ സാധനങ്ങളും വ്യാപാര സ്ഥാപനങ്ങളിലെ വിൽപന സാധനങ്ങളും റോഡിലേക്ക് ഇറക്കി സ്ഥാപിച്ചിരിക്കുന്നു. ഇതിനിടയിൽ റോഡിലെ ചപ്പുനിറച്ചിരിക്കുന്ന വീപ്പയും ! വഴിവാണിഭക്കാർ റോഡു കയ്യേറി കച്ചവടസാധനങ്ങൾ നിരത്തിൽ വിറ്റഴിക്കുന്നു. നാല്കാലിമൃഗങ്ങളുടെ ശല്യം വേറെയും. വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും അസൗകര്യമുണ്ടാക്കുന്നു. ഇതുമൂലം ഗതാഗത കുരുക്കും അപകടങ്ങളും സാധാരണമാണ്. ഗതാഗതം സുഗമമാക്കുന്നതിനും ടൗൺ ഒരു ശുചിത്വ മേഖലയാക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാവുന്നതാണ്.

കെ.കെ.റോഡിന് സമാന്തരമായി ക്രോസ് വേയുടെ വടക്കേ അറ്റത്തുനിന്ന് മണിമലയാറിന്റെ തീരത്തുകൂടി പടിഞ്ഞാറോട്ടു ചെന്ന് പൈങ്ങനാതോടിന്റെ സൈഡിൽ കൂടി ഗാലക്സി പടിക്കലെത്തി കെ.കെ.റോഡിൽ ചേരുന്ന ഒരു ബൈപാസ് തീർക്കേണ്ടതാണ്. ഈ റോഡ് ഇ.എ.എസ്. പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന താണ്. ഈ റോഡ് ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന ശബരിമല സ്റ്റേറ്റ് ഹൈവേയുമായി ബന്ധിപ്പിക്കാം.

കെ.കെ.റോഡിൽ നിന്നും പഞ്ചായത്താ ഫീസിലേക്കുള്ള റോഡ് വീതി കൂട്ടി റെസ്റ്റ് ഹൗസിന് മുൻഭാഗത്ത് റോഡ് പുറംപോക്കിൽ ടാക്സി വാഹനങ്ങൾ പാർക്കിചെയ്യുന്നതിന് സൗകര്യം നൽകേണ്ടതാണ്. ഈ ഭാഗത്ത് ഒരു മൂത്രപ്പുര കൂടി നിർമ്മിക്കാവുന്നതാണ്. ഒരു പൊതുപ്രസംഗ പീഠം ഇവിടെ നിർമ്മിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. ഈ പ്രവൃത്തി ഒരു ജനകീയ പദ്ധതിയായി നടപ്പാക്കാവുന്ന താണ്.

ബസ്റ്റാൻഡിനു മുൻവശമുള്ള കെ.കെ.റോഡിന്റെ വീതി കൂട്ടുകയും പഴയ പോലീസ് സ്റ്റേഷന്റെ മതിൽ പൊളിച്ച് റോഡിന് വീതി കൂട്ടിയും അതുപോലെതന്നെ പൈങ്ങനായി ലേയും 31-ാം മൈലിലേയും കൊടും വളവുകൾ നിവർത്തിയും വീതി കൂട്ടിയും റോഡപകടങ്ങൾ ഒഴിവാക്കാം.


റോഡിലെ വാഹനഗതാഗതം നിയന്ത്രിക്കുകയും അപകടമുണ്ടാകുന്ന ഭാഗങ്ങളിൽ അപകടസൂചനാ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. കോസ്വേ ജംഗ്ഷൻ മുതൽ ഗാലക്സി പടി വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുകയും സ്ലാബുകൾ നിരത്തി നടപ്പാത നിർമ്മിക്കുകയും ചെയ്താൽ യാത്ര സുഗമമാക്കാനും അപകടങ്ങൾ ഒഴിവാക്കാനും കഴിയും. ബസ്റ്റാൻഡ്, ആശുപത്രി ജംഗ്ഷൻ, കൂട്ടിക്കൽ ജംഗ്ഷൻ എന്നിവിടങ്ങളിലുള്ള എല്ലാ പരസ്യബോർഡുകളും നീക്കം ചെയ്യേണ്ടതാണ്.

ഈ റോഡിൽ നാല്ക്കാലികളുടെ ശല്യം കൂടുതലാണ്. ഇത് ഒഴിവാക്കാൻ നിലവിലുള്ള നിയമം കർക്കശമായി നടപ്പിൽ വരുത്തേണ്ട താണ്.

മുണ്ടക്കയം ടൗണിൽ നടത്തുന്ന അനധികൃത മദ്യവില്പന തടയുന്നതിന് കർശന നടപടി സ്വീകരിക്കുകയും ടൗണിലെ മദ്യഷാപ്പ് പൂർണ്ണമായും നിരോധിക്കുകയും ചെയ്യേ ണ്ടതാണ്.

പോക്കറ്റടിക്കാരുടേയും മദ്യപാനികളുടേയും സാമൂഹ്യവിരുദ്ധരുടേയും ടൗണിലെ ശല്യം ഒഴിവാക്കേണ്ടതാണ്. പോലീസ് ഇക്കാര്യ ത്തിൽ ജാഗ്രത പാലിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ അനുമതിയോടു കൂടി മാത്രമേ രാത്രികാല തട്ടുകടകൾ നടത്താവൂ. തട്ടുകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാ ക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.



ഗതാഗതം - മാർക്കറ്റ് - ഊർജ്ജം

അനുബന്ധം

1. പൈങ്ങനാ പാലത്തിന്റെ ഭാഗത്തുനിന്നും മുണ്ടക്കയം എസ്റ്റേറ്റ് - കൂരംതൂക്ക് - കൂവപ്പള്ളി കൂടി എരുമേലിക്കുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക. ശബരിമല തീർത്ഥാടകർക്ക് ഈ റോഡ് വളരെ ഉപകരിക്കും.
2. Y.M.C.A. വളവിൽ നിന്നും ആരംഭിച്ച് മുണ്ടമറ്റം കോളനി കൂടി മൈലത്തടി സ്കൂളിനു സമീപം വന്ന് K.K. റോഡ് ചേരുന്ന റോഡ് വീതി കൂട്ടി വാഹന ഗതാഗതത്തിന് ഉപകരിക്കും.
3. മുണ്ടക്കയം - എരുമേലി റോഡ് വീതി കൂട്ടി ടാർ ചെയ്യണം.
4. മുണ്ടക്കയത്തുനിന്നും ആദിവാസി കേന്ദ്രങ്ങളായ മുരിക്കുംവയൽ, പുഞ്ചവയൽ, 504 കോളനി, മാങ്ങാപ്പട്ട വഴി കുഴിമാവിലേക്കുള്ള റോഡ് വികസിപ്പിച്ച് ടാർ ചെയ്ത് മുണ്ടക്കയം - കോരുത്തോട് ശബരിമല റോഡുമായി ബന്ധിപ്പിക്കുക.
5. മുണ്ടക്കയം പാലത്തിന്റെ ഭാഗത്തുനിന്നും പാർത്ഥസാരഥി അമ്പലത്തിലേക്കുള്ള നട നീക്കം ചെയ്ത് റോഡാക്കി K.K. റോഡുമായി ബന്ധിപ്പിക്കണം.

മാർക്കറ്റ്

1. പുത്തൻ ചന്തയിൽ പഞ്ചായത്തിന് ഉണ്ടായിരുന്നതും അന്യാധീനപ്പെട്ടു പോയതുമായ സ്ഥലം അകപയർ ചെയ്യുവാൻ നടപടി ഉണ്ടാകണം.

വൈദ്യുതി

1. 5-10 വാർഡിൽ മുണ്ടക്കയം എസ്റ്റേറ്റിൽ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ മുകളിൽക്കൂടി കടന്നുപോകുന്ന 11 K.V. ലൈൻ മണിമല ആറ്റുതീരത്തുകൂടി ട്രോപ്പിക്കൽ പ്ലാന്റേഷനിൽ എത്തിക്കേണ്ടതാണ്.



5-7

പാർപ്പിടവും സാമൂഹ്യക്ഷേമവും

സാമൂഹ്യക്ഷേമം

വികസന രംഗത്ത് കേരളത്തിന്റെ നേട്ടം ശ്ലാഘനീയമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയായി തീർന്നിട്ടുണ്ടെന്നുള്ളതിൽ തർക്കമില്ല. ഇന്ത്യയിലെന്നല്ല ലോകരാഷ്ട്രങ്ങൾക്കിടയിലുംഏറെ പ്രകീർത്തിക്കപ്പെട്ടതാണ് കേരളമാതൃക. ഇതിനുള്ള പ്രധാനകാരണങ്ങളിലൊന്ന് കുറഞ്ഞ സാമ്പത്തിക പരിധിക്കുള്ളിൽ ,നിന്നുകൊണ്ട് ഉയർന്ന ജീവിത നിലവാരം ജനങ്ങൾക്ക് സംഭാവന ചെയ്യുവാൻ കഴിഞ്ഞു എന്നുള്ളതാണ്.

വിദ്യാഭ്യാസം, ആരോഗ്യം, ഉയർന്ന ജീവിത ദൈർഘ്യം, പൊതുവിതരണ സമ്പ്രദായം, ഭൂപരിഷ്ക്കരണം, സാക്ഷരത എന്നീ വിഷയങ്ങളിൽ ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും നാം മുന്നിലാണ്.

വിദ്യാഭ്യാസ, സാംസ്ക്കാരിക, സാമൂഹ്യരംഗങ്ങളിൽ മുൻ പന്തിയിൽ നിൽക്കുന്ന നമ്മുടെ ഗ്രാമ പഞ്ചായത്ത് മുണ്ടക്കയം, എരുമേലി വടക്ക്, ഇടക്കുന്നം എന്നീ വില്ലേജുകൾ ചേർന്നതാണ്.

കർഷക തൊഴിലാളികളും, തോട്ടം തൊഴിലാളികളും, വ്യാപാരികളും, ഇടത്തരക്കാരും, സർക്കാർ ജീവനക്കാരുമെല്ലാം ഉൾപ്പെട്ട സമൂഹമാണ് നമ്മുടേത്. എന്നാൽ വർഗ്ഗ സമരത്തിലൂടെ സാമൂഹിക രാഷ്ട്രീയ രംഗത്ത് മാറ്റങ്ങൾ വരുത്തിയ തൊഴിലാളി വർഗ്ഗ സംസ്ക്കാരത്തിന്റെ അതിപ്രസരം നമ്മുടെ പഞ്ചായത്തിൽ ഉടനീളം കാണാൻ കഴിയും. ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ അധികവും കാണുന്നത്. പഞ്ചായത്തിലെ 15 വാർഡുകളിലായി 12990 വീടുകൾ ഉണ്ട്.

പഞ്ചായത്തിൽ ആകെ ഉള്ള ജനസംഖ്യ 48,925 ആണ്. ഇതിൽ 24,118 പുരുഷൻമാരും 24,807 സ്ത്രീകളുമാണ്. ഇതിൽ 7458 പട്ടിക ജാതിക്കാരും 2412 പട്ടിക വർഗ്ഗക്കാരുമുണ്ട്.

റബ്ബറിന്റെ വർദ്ധിച്ച വില സാമ്പത്തിക രംഗത്ത് മാറ്റം വരുത്തിയിട്ടുണ്ട്. ഈ മാറ്റം സാമ്പത്തിക ഭദ്രതയുള്ളവരുടെ വീട് നിർമ്മാണത്തിൽ ദൃശ്യമാണ്. ആർഭാടം അതിരുകവിഞ്ഞുവോ എന്ന് തോന്നുമാറാണ് ചില വീടുകളുടെ നിർമ്മാണം. നിർമ്മാണത്തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ നിലനിൽക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് സഹകരണസംഘങ്ങൾ ഇല്ല. ഏറ്റവും കൂടുതൽ കോളനികൾ ഉള്ള ഈ പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണസംഘങ്ങൾ അത്യന്താപേക്ഷിതമാണ്. ഭവന നിർമ്മാണ സാമഗ്രികൾ കുറഞ്ഞവിലക്ക് ജനങ്ങൾക്ക് വിതരണം ചെയ്യുവാൻ ഇങ്ങനെയുള്ള സഹകരണസംഘങ്ങൾക്ക് കഴിയും. വിവിധ പദ്ധതികൾ പ്രകാരം സ്ഥലം വാങ്ങി ഭവനരഹിതർക്ക് വീടുവച്ച് കൊടുക്കുമ്പോൾ യാത്രാസൗകര്യവും കുടിവെള്ളവും ഉള്ള പ്രദേശങ്ങൾ കണ്ടെത്തേണ്ടതാണ്. പട്ടിക ജാതി - പട്ടിക വർഗ്ഗ കോളനികളിലേയും നാല് സെൻറ്, പത്ത് സെൻറ്, ലക്ഷം വീട് കോളനികളിലേയും വീടുകൾക്ക് എല്ലാം അടിയന്തിരമായി അറ്റകുറ്റപ്പണികൾ ആവശ്യമാണ്. ഉദാരമായ വായ്പ വ്യവസ്ഥയും, പലിശ നിരക്കും, ജാമ്യ വ്യവസ്ഥയും ഉണ്ടെങ്കിൽ മാത്രമേ സാധാരണക്കാർക്ക് സർക്കാർ സഹായത്തോടുകൂടി വീട് നിർമ്മിക്കുവാൻ കഴിയൂ. പഞ്ചായത്തിന് വെളിയിലുള്ള ഭവന നിർമ്മാണ സഹകരണസംഘങ്ങൾ അമിതമായ പലിശ ഈടാക്കുന്നതിനാൽ സാധാരണക്കാർക്ക് അങ്ങോട്ട് എത്തി നോക്കുവാൻ പോലും കഴിയാതെ വരുന്നു.

സർക്കാർ ഭവന നിർമ്മാണ ബോർഡുകൾ ദുർബല, ഇടത്തര വിഭാഗങ്ങൾക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഉദാരമാക്കേണ്ടതാണ്.

ഭവനരഹിതരായിട്ടുള്ളവരിൽ നിരാശാബോധം നിലനിൽക്കുന്നു. വീടിനും കക്കൂസിനുമുള്ള മുറവിളി ഈ കൂട്ടരിൽ നിന്ന് എപ്പോഴും ഉയർന്നുകൊണ്ടിരിക്കുന്നു. അർഹമായ പരിഗണന ലഭിക്കുന്നില്ലാത്തതുകൊണ്ട് വികസന പ്രക്രിയയിൽ പങ്കാളികളാകുവാൻ അവർ മടികാണിക്കുന്നു. ഇവരേക്കൂടി ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കഴിയണം. ഭവന നിർമ്മാണ ബോർഡുവഴിയോ ജവഹർ റോസ്ക്കാർ യോജന വഴിയോ മറ്റു സ്കീമുകൾ വഴിയോ നൽകുന്ന വായ്പയുടെ തുക വർദ്ധിപ്പിക്കേണ്ടതാണ്. വിവിധ പദ്ധതികൾ പ്രകാരം സ്വകാര്യ ഏജൻസികൾ ഗവൺമെൻറ് പണം ഉപയോഗിച്ച് പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ച് കൊടുക്കുന്നുണ്ട്. ഇത് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാതെ ഗ്രാമ പഞ്ചായത്ത് മുഖേന പദ്ധതി നടപ്പാക്കേണ്ടതാണ്. എല്ലാ വാർഡിലും വീടില്ലാത്തവരുടെ ഒരു സർവ്വേ നടത്തി ആയതിൻറെ അടിസ്ഥാനത്തിൽ അർഹരായവർക്ക് വീട് വച്ച് നൽകേണ്ടതാണ്.

സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിച്ച് കുറഞ്ഞ പലിശക്ക് പണം വായ്പയായി നൽകുക.

2. ഈ സംഘങ്ങൾ വഴി ഭവനനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യാം.

3. നിർമ്മിതി കേന്ദ്രം പഞ്ചായത്തിൽ എത്രയും വേഗം ആരംഭിക്കുകയും കുറഞ്ഞ ചെലവിലുള്ള വീടികൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്യുക.

4. ഭൂരഹിതർക്ക് 5 സെൻറ് ഭൂമി സൗജന്യമായി നൽകി അവിടെ ധനകാര്യസ്ഥാപനങ്ങളുടെ വായ്പ ലഭ്യമാക്കുക.

5. വീടിനുള്ള അപേക്ഷകൾ ഗ്രാമ പഞ്ചായത്തു വഴി വിതരണം ചെയ്യുക.

6. വിതരണം ചെയ്യുന്ന ഭവന വായ്പകളുടെ എല്ലാ രേഖകളും പഞ്ചായത്തിൽ സൂക്ഷിക്കുക.

7. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്ന കാലതാമസം ഒഴിവാക്കുക.

8. ഭവന വായ്പാസഹായ സംഖ്യ വർദ്ധിപ്പിക്കുക.

9. വീടില്ലാത്തവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുകൊടുക്കുന്നതിന് ആലോചിക്കാവുന്നതാണ്.

10. അഞ്ച് വർഷം കൊണ്ട് പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഈ കാലയളവിൽ പരമാവധി വീടുകൾ നിർമ്മിച്ചുനൽകുവാൻ കഴിയണം.

കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും.

എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. വേനൽക്കാല മായാൽ ആറുകളും തോടുകളും കുളങ്ങളും കിണറുകളും വറ്റി വരളുന്നു. നിലവിലുള്ള ജലപദ്ധതി അനുസരിച്ച് എല്ലാ വാർഡുകളിലും ശുദ്ധ ജലമെത്തിക്കാൻ കഴിയുന്നില്ല. ജലം കിട്ടാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഭൂഗർഭജല വകുപ്പിന്റെ സഹായത്താൽ കുഴൽകിണറുകളും സാധാരണകിണറുകളും നിർമ്മിച്ച് ശുദ്ധ ജലക്ഷാമം പരിഹരിക്കാം. നിലവിലുള്ള ശുദ്ധജലപദ്ധതിയുടെ കഴിവ് വർദ്ധിപ്പിച്ച് പൈപ്പുജലം ലഭ്യമാക്കാം. അഴുതയാറ്റിലും മണിമലയാറ്റിലും സൗകര്യ പ്രദമായ സ്ഥല ങ്ങളിൽ തടയണ നിർമ്മിച്ച് അതിനോടു ചേർന്ന് കിണറുകൾ നിർമ്മിച്ച് വെള്ളം പമ്പു ചെയ്ത് കുന്നിൻ മുകളിൽ വരെ വെള്ളം എത്തിക്കാൻ കഴിയും. വർഷകാലത്ത് പാഴായിപ്പോകുന്ന ജലം ടാങ്കുകൾ നിർമ്മിച്ച് സൂക്ഷിക്കുവാൻ കഴിയും. ഇങ്ങനെ ടാങ്കുകൾ നിർമ്മിക്കുന്നതിൽ പഞ്ചായത്ത് ധനസഹായം ചെയ്യേണ്ടതാണ്.

കൂടാതെ ചെറുകിട ജലസേചന പദ്ധതികളും പഞ്ചായത്ത് തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലും നടപ്പാക്കാവുന്നതാണ്.

മറ്റ് നിർദ്ദേശങ്ങൾ

ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴി കൾ കുഴിച്ചും, ട്രെഞ്ച് നിർമ്മിച്ചും ജലം സംഭരിക്കാം. ഇങ്ങനെ സംഭരിക്കുന്ന വെള്ളം മണ്ണിൽ ഊർന്നിറങ്ങുകയും മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യും. ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലും നടപ്പാക്കണം. പൊട്ടക്കിണറുകളിലെ ജലം തേകി പറ്റിച്ച് കിണറിന്റെ ആഴം കൂട്ടി മഴക്കാലത്ത് വെള്ളം സംഭരിക്കാം.

ആരോഗ്യം

സർക്കാർ ആശുപത്രിയും, ഹെൽത്ത് സെൻറുകളും, ആയുർവേദ ആശുപത്രികളും, ഹോമിയോ ആശുപത്രികളും, സഹകാര്യ ആശുപത്രികളും, ദന്താശുപത്രികളും, കണ്ണാശുപത്രികളുമെല്ലാം ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ആശുപത്രികൾ ഇല്ലെന്നു പറയാം. സർക്കാർ ആശുപത്രിയിലെ സൗകര്യങ്ങൾ പരിമിതവുമാണ്.

സാധാരണ കാണപ്പെടുന്ന രോഗങ്ങൾ വയറുകടി, ആസ്മാ, വിരശല്യം, ചൊറി, ടൈഫോയിഡ്, എലിപ്പനി, വൈറൽ ഫീവർ, മഞ്ഞപ്പിത്തം, പൊങ്ങൻ പനി, ചിക്കൻഫോക്സ്, മുണ്ടിനീര് എന്നിവയാണ്.

ഈ രോഗങ്ങൾ തടയുന്നതിന് ഉയർന്ന ശുചിത്വം പാലിക്കേണ്ടതുണ്ട്. വീടുക ളിലും പരിസരങ്ങളിലുമുള്ള ചപ്പുചവറുകൾ നീക്കം ചെയ്യുകയും തുറസ്സായ സ്ഥലങ്ങളിൽ മല മൂത്ര വിസർജ്ജനം ഒഴിവാക്കുകയും ചെയ്ത് പരമാവധി ശുചിത്വം പാലിക്കണം. കുളിക്കുന്നതിനും കുടിക്കുന്നതിനും ശുദ്ധജലം ഉപയോഗിക്കണം. പകർച്ചവ്യാധികൾ ഉള്ള സന്ദർഭങ്ങളിൽ പ്രത്യേകിച്ചും തിളപ്പിച്ചാറിയ ജലം ഉപയോഗിക്കണം.

പെൻഷനുകൾ - വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടി കൾ ഉള്ള വിധവകൾക്ക് ഈ പെൻഷൻ ലഭിക്കില്ല. ഇത് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാ ക്കുവാൻ നടപടി സ്വീകരിക്കണം.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് എല്ലാ സർക്കാർ ഡോക്ടർമാരെയും ചുമതലപ്പെടുത്തേണ്ടതാണ്.

കർഷകതൊഴിലാളി പെൻഷൻ

കർഷകതൊഴിലാളി പെൻഷന് അർഹത യുള്ള പലർക്കു അത് ലഭിക്കുന്നില്ല. അർഹരായ വരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നല്കേണ്ട താണ്. പെൻഷൻ വിതരണവും ഗ്രാമപഞ്ചാ യത്തിന്റെ ചുമതലയിൽ കൊണ്ടുവരേണ്ടതാണ്.

വാർദ്ധക്യകാല പെൻഷൻ

വാർദ്ധക്യകാല പെൻഷന് അർഹരായ ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട്. അർഹരായ മുഴുവൻ പേരുടേയും ലിസ്റ്റ് തയ്യാറാക്കി പെൻ ഷൻ പഞ്ചായത്ത് വഴി വിതരണം ചെയ്യേണ്ടതാണ്. ഇവരുടെ അർഹത നിർണ്ണയി ക്കുന്നത് പഞ്ചായത്ത് ആയിരിക്കണം.

തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്ന വരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അനർഹരാ യവർ ഈ വേതനം പറ്റുന്നുണ്ടോ എന്ന് പരിശോ ധിക്കുകയും അത്തരക്കാരെ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. വാർഡ് തലത്തിൽ ഈ ലിസ്റ്റ് തയ്യാറാക്കുന്നതിന് ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകരേയും, നെഹ്റുയുവ കേന്ദ്ര പ്രവർത്തകരേയും, മറ്റ് സന്നദ്ധ പ്രവർത്തക രേയും ഉപയോഗിക്കാവുന്നതാണ്.

ക്ഷേമനിധി

കർഷക തൊഴിലാളി ക്ഷേമനിധി

വളരെയധികം പേർ ഈ ക്ഷേമ നിധിയിൽ പങ്കാളികളാകുവാനുണ്ട്. ക്ഷേമനിധി ബോർ ഡിന്റെ പ്രവർത്തനം തൃപ്തികരമല്ല. ഭൂപ്രഭുക്ക ളിൽ നിന്നുള്ള അംശാദായം സർക്കാർ വസൂലാക്കി യിട്ടില്ല. ഇത് എത്രയും വേഗം വസൂലാക്കി മൂന്ന് വർഷത്തിനുള്ളിൽ അംഗങ്ങളായിട്ടുള്ളവർക്ക് അർ ഹമായ വായ്പാ സൗകര്യം ലഭ്യമാക്കണം. അർഹ രായ മുഴുവൻ കർഷക തൊഴിലാളികളേയും ക്ഷേ മനിധിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി

കെട്ടിട നിർമ്മാണ രംഗത്ത് വളരെയധികം തൊഴിലാളികൾ പണിയെടുക്കു ന്നുണ്ട്. ഇവരെല്ലാം ക്ഷേമനിധി അംഗങ്ങളാണെ ങ്കിലും ഉടമവിഹിതം സർക്കാർ തലത്തിൽ വസൂ ലാക്കാൻ ഏർപ്പാടായിട്ടില്ല. ഇവരുടെ പെൻഷൻ പ്രായം 55 ആക്കി നിജപ്പെടുത്തുകയും അർഹരായി ട്ടുള്ളവർക്ക് പെൻഷൻ നല്കുകയും ചെയ്യേ ണ്ടതാണ്.


ആഭരണതൊഴിലാളികൾക്കും തയ്യൽ തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടു ത്തേണ്ടതാണ്.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനും അർഹരായ വർക്ക് അത് ലഭ്യമാ ക്കുവാനും വേണ്ടി ഒരു പ്രത്യേക സെൽ രൂപീകരി ക്കുന്നത് വളരെ പ്രയോ ജന പ്രദമായിരിക്കും.

പൊതുവിതരണ കേന്ദ്രങ്ങളിലൂടെ നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭിക്കത്തക്കവിധം ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും അവയുടെ നിയന്ത്രണവും മേൽനോട്ടവും പഞ്ചായത്തിൽ നിക്ഷിപ്തമാക്കുകയും വേണം.

റേഷൻ കാർഡ് സംബന്ധമായ പരാതികളും, അപേക്ഷകളും സ്വീകരിച്ചു പരിഹാരമുണ്ടാക്കുവാൻ പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു വൃദ്ധ അഗതി മന്ദിരം സ്ഥാപിച്ച് അഗതികളായ വൃദ്ധജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.



5-8

സംസ്കാരം

സാക്ഷരതയിലും സംസ്കാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണല്ലോ കേരളം. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്ന മലബാറും പ്രത്യേകം പ്രത്യേകമായി നിലനിന്നിരുന്ന കാലഘട്ടങ്ങളിൽ, നാട്ടുരാജ്യങ്ങളിലേയും ബ്രിട്ടീഷ് മലബാറിലേയും സാമൂഹ്യാവസ്ഥ വ്യത്യസ്ഥങ്ങളായിരുന്നു. മലബാറിൽ കൃഷിക്കുപയുക്തമായിരുന്ന ഭൂമിയത്രയും വമ്പൻ ജന്മിമാരുടെ അധീനതയിൽ. അവരാ രും തന്നെ നേരിട്ട് ഭൂമിയിൽ കൃഷി ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്തിരുന്നില്ല. കൃഷിക്കാർ സമൂഹത്തിന്റെ ഒരു പ്രത്യേക ഘടകമായിരുന്നു. അവർ ജന്മിമാരുടെ ഭൂമി, വാരം, പാട്ടം, കിളച്ചുപാതി, വച്ചുദേഹണ്ഡം എന്നൊക്കെ പല പേരുകളിൽ ഏറ്റെടുത്ത് കൃഷി ചെയ്തിരുന്നു. അടിമകളെപ്പോലെ വേല ചെയ്യുവാനല്ലാതെ ആവശ്യങ്ങളെക്കുറിച്ചോ അവകാശങ്ങളെപ്പറ്റിയോ ചിന്തിക്കാൻ പോലും അക്കാലത്ത് അവർക്ക് കഴിഞ്ഞിരുന്നില്ല. കാർഷിക വിളകൾ ജന്മിയുടെ ദയാദാക്ഷിണ്യങ്ങൾക്ക് വിധേയമായി കൃഷിക്കാർക്ക് അല്ല സ്വല്പം ലഭിച്ചിരുന്നു എന്നു മാത്രം. വയലിന്റെ മക്കൾക്കീ കൈച്ചങ്ങല മാത്രം, വയർ നിറച്ചുണ്ണുവാൻ പത്തായം മാത്രം, കൈകോർത്തു കൈകോർത്തു മുന്നോട്ടു പോകാം, കൈ കളിലെ ചങ്ങലകൾ പൊട്ടിച്ചെറിയാൻ, എന്നു ള്ള ആഹ്വാനം മന്ത്രം അല്പാല്പമായി അങ്ങിങ്ങ് ഉയരുന്നുണ്ടായിരുന്നു. കർഷകർ സംഘടിച്ച് ജന്മി വർഗ്ഗ ചൂഷണ സംസ്കാരത്തിനെതിരായി പോരാട്ടങ്ങളാരംഭിച്ചു. കൃഷിക്കാർക്ക് ഒത്തു ചേരുന്നതിന് അത്യാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും മറ്റുമായി അങ്ങിങ്ങ് ചില സങ്കേതങ്ങൾ ഇതിനക് ആരംഭിച്ചിരുന്നു. ഇതോടൊപ്പം തന്നെ ദേശീയ വിമോചന പ്രക്ഷോഭങ്ങളുടെ വേലിയേറ്റമായി. കൃഷിക്കാർ അതിന്റെ മുഖ്യധാരയിലേക്ക് വന്നുചേർന്നു. കാർഷികസമരങ്ങൾ ദേശീയ വിമോചന പ്രക്ഷോഭങ്ങളുടെ ഭാഗമായി മുന്നേറി. ഇങ്ങനെ ചൂഷണ സംസ്കാരത്തിൽ നിന്നും അന്യവൽക്കരിച്ച ഒരു അധ്വാന വർഗ്ഗ സംസ്കാരം രൂപം പൂണ്ടു. ഈ പുത്തൻ സംസ്കാരം പിച്ചവച്ചു വളർന്ന ചൈതന്യ സങ്കേതങ്ങൾ സാംസ്കാരിക കേന്ദ്രങ്ങളും വായനശാലകളുമായി വികാസം പ്രാപിച്ചു. ഇവ ഇന്നു നമ്മുടെ സാംസ്കാരി കരംഗത്തെ നെടും തൂണുകളായി നിലകൊള്ളുന്നു.

യുദ്ധവാർത്തകളും ദേശീയ വിമോചന പ്രക്ഷോഭവിവരങ്ങളും അറിയാനുള്ള ആകാംക്ഷ

ജനങ്ങളിൽ വളർന്നുവന്ന അവസരത്തിൽ നമ്മുടെ നാടിന്റെ പല ഭാഗങ്ങളിലും വായന ശാലകളാരംഭിച്ചു. സ്വന്തമായി പത്രങ്ങൾ വരുത്തി വായിക്കാൻ അക്കാലത്തെ സാമ്പത്തിക നില ഭൂരിപക്ഷത്തേയും അനുവദിച്ചിരുന്നില്ല. നസ്രാണി ദീപികയും മലയാള മനോരമയുമായിരുന്നു അന്ന് നമ്മുടെ നാട്ടിൽ പ്രചാരത്തിലിരുന്ന പത്രങ്ങൾ. അന്നത്തെ വായനശാലകളുടെ രൂപം ഇന്ന് പലർക്കും സങ്കൽപ്പിക്കാനേ സാധ്യമല്ല. ഒരു ഓല മേഞ്ഞ ചെറിയ ഷെഡ്ഡ്, അതിൽ ഒരു കൊച്ചു മേശ, രണ്ടു ചെറിയ ബഞ്ചുകൾ, വായന വശമുള്ള ഒരാൾ പത്രം ഉറക്കെ വായിക്കും. ഇതായിരുന്നു അന്നത്തെ ഒരു വായനശാല. ആശയാവിഷ്കാരം, വിനോദം എന്നീ ലക്ഷ്യങ്ങളോടു കൂടി ചില ചില്ലറ കലാപരിപാടികൾ അവിടെ അവതരിപ്പിക്കുകയും പതിവായിരുന്നു.

ഇതിനും എത്രയോ മുമ്പുതന്നെ കൊട്ടാരങ്ങളേയും കോവിലകങ്ങളേയും കേന്ദ്രീകരിച്ച് കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടന്നിരുന്നു. മുഖ്യമായും രാജസ്തുതിഗീതങ്ങളും ചിരിക്കാനും ചിരിപ്പിക്കാനും വേണ്ടിയുള്ള കവിതകളുടെയും പാട്ടുകളിലും മറ്റു കലാരൂപങ്ങളിലും ഒതുങ്ങി നിന്നിരുന്നു അത്തരം പ്രവർത്തനങ്ങൾ. ചില നാടുവാഴികളും രാജാക്കൻമാരും അവരുടെ വ്യക്തിഗത സ്വഭാവ വൈശിഷ്ട്യങ്ങളുടെ അടിസ്ഥാനത്തിൽ നല്ല കലാ രൂപങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. വിവിധ ജാതിമത സിദ്ധാന്തങ്ങളും ആചാരങ്ങളും വിശിഷ്യാ ക്ഷേത്രകലാ രൂപങ്ങളും നമ്മുടെ സംസ്കാരത്തിന്റെ ഭാഗങ്ങളായി പരിണമിച്ചിട്ടുണ്ട്. സ്വാമിവിവേകാനന്ദൻ, ശ്രീ നാരായണഗുരു, ചട്ടമ്പി സ്വാമികൾ, ശ്രീരാമകൃഷ്ണ പരമഹംസൻ ആദിയായവരുടെ തത്വോപദേശങ്ങളും പുരോഗമനാശയക്കാരായ കവികൾ, കലാകാരൻമാർ, സാഹിത്യനായകൻമാർ, വിദ്യാഭ്യാസ പ്രവർത്തകരായ വിദേശ മിഷനറിമാർ എന്നിവരുടെ പ്രവർത്തനങ്ങളും സർവ്വോപരി ഇടതുപക്ഷ ചിന്താധാരകളുടെ കുത്തൊഴുക്കും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ അന്യാദൃശമായ വളർച്ചയും ഒക്കെത്തന്നെ നമ്മുടെ സാംസ്കാരിക മുന്നേറ്റത്തിന്റെ ഗതിവിഗതികളെ നിയന്ത്രിച്ച മുഖ്യഘടകങ്ങളാണ്.

മുണ്ടക്കയം ടൗൺ, കെ.കെ. റോഡിന്റെ രണ്ടു വശങ്ങളിലുമുള്ള ഓല മേഞ്ഞതും അല്ലാത്തതുമായ ചെറിയ ചെറിയ കെട്ടിടങ്ങളിലുള്ള ഏതാനും ചായപ്പീടികകൾ, രണ്ടു മൂന്നു പലവ്യഞ്ജനക്കടകൾ, കാളവണ്ടിതാവളം, വല്ലപ്പോഴും വന്നുപോകുന്ന ഒന്നു രണ്ടു ബസുകൾ തിരിക്കുന്നതിനുള്ള ചെറിയ സ്റ്റാൻഡ് എന്നിവയിലൊതുങ്ങി നിന്നിരുന്ന കാലത്ത് ഇവിടെ ഒരു വായനശാല രൂപം കൊണ്ടു. വായനാശീലമുള്ള ചില വിജ്ഞാന കുതുകികൾ അതിന് പ്രേരണാ ശക്തിയായി നിലകൊണ്ടു. ആദികാലത്ത് റോഡിന്റെ തെക്കേ അരികിൽ ഇന്നത്തെ പെട്രോൾ പമ്പിനോടടുത്ത് ചെറിയ തോതിൽ പ്രവർത്തനമാരംഭിച്ച ആ പ്രസ്ഥാനം ക്രമേണ വളർച്ച പ്രാപിക്കുകയും ചെയ്തു. ഉദാരമതിയും മഹാമനസ്കനും തേയില-റബ്ബർ പ്ലാന്റേഷന്റ്റ് രംഗത്തെ ആദികാല പ്രവർത്തകനുമായിരുന്ന മിസ്റ്റർ ജെ.ജെ. മർഫി ഒട്ടേറെ നല്ല പുസ്തകങ്ങൾ ഈ ഗ്രന്ഥശാലക്ക് സംഭാവന ചെയ്ത് സഹായിച്ചു. ഈ പ്രസ്ഥാനം പ്രവർത്തനരഹിതമായി കിടന്നിരുന്ന കാലഘട്ടങ്ങളിൽ വിലയേറിയ പല ഗ്രന്ഥങ്ങളും ചിതലെടുത്ത് നശിച്ചുപോയി. അവശേഷിക്കുന്നവയിൽ പലതും ഇന്നുമുണ്ട്. ഈ ഗ്രന്ഥശാലയാണ് ഇന്ന് മുണ്ടക്കയം പഞ്ചായത്ത് ലൈബ്രറിയായി നിലനിൽക്കുന്നത്. ഈ പഞ്ചായത്തിലെ എന്നല്ല ഈ പ്രദേശത്തെ ആദ്യത്തെ വായനശാലയാണിത്.

ക്രമേണ മുണ്ടക്കയത്തിന്റെ പരിസര പ്രദേശങ്ങൾ ജനാധിവാസ കേന്ദ്രങ്ങളായതോടെ വിവിധ സ്ഥലങ്ങളിൽ സാധാരണക്കാരുടെ സഹകരണത്തോടെ ഒട്ടേറെ ക്ലബ്ബുകളും വായന ശാലകളും പ്രവർത്തിച്ചുതുടങ്ങി. അവയിൽ രജിസ്ട്രേഷൻ ഉള്ളതും സർക്കാരിൽ നിന്ന് ആനുകൂല്യങ്ങളും അംഗീകാരവും ലഭിച്ചിട്ടുള്ളവയും അംഗുലാപരിമിതമാണ്.

മുണ്ടക്കയം Y.M.C.A, Y.W.C.A, ലയൺസ് ക്ലബ്, വൈസ് മെൻസ് ക്ലബ് ഇവയുടെ പ്രവർത്തനവും കാര്യക്ഷമമായി നടന്നു വരുന്നു. കലാപരിപാടികൾ അവതരിപ്പി ക്കുന്നതിന് സൗകര്യപ്പെടത്തക്കവിധം ഒരു നല്ല ഹാൾ നിർമ്മിച്ച് വാടകയ്ക്കു കൊടുക്കുന്നതിന് Y.M.C.A-ക്കു കഴിഞ്ഞിരിക്കുന്നതു തന്നെ ഒരു നല്ല കലാപ്രോത്സാഹനമാണ്. ഇക്കാര്യത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തകർ ശ്ലാഘനീയരാണ്.

നമ്മുടെ നാട്ടിലെ മിക്ക ക്ലബ്ബുകളും ചീട്ടുകളി മാത്രം നടത്തിവരുന്ന കേന്ദ്രങ്ങളാണ്. കായിക കലാരംഗങ്ങളിൽ പ്രോത്സാഹനമർഹിക്കുന്ന മറ്റു പരിപാടികൾ പലയിടത്തു മില്ല. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി കലാപ്രവർത്തനങ്ങൾ നടത്തുന്ന ക്ലബ്ബുകളു മുണ്ട്. ഉന്നതൻമാർ-സാമ്പത്തിക ഉന്നതിയാണല്ലോ ഔന്നത്യത്തിന്റെ അളവുതോത്- മാത്രം സമ്മേളിക്കുന്ന ക്ലബ്ബുകളിൽ മുതലാളിത്ത ജീർണ്ണ സംസ്കാരത്തിന്റെ പല അംശങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി നമ്മുടെ ക്ലബ്ബുകൾക്കു പലതും ചെയ്യാൻ കഴിയണം. മാനസികോല്ലാസത്തിനാവശ്യമായ കളികൾക്കു പുറമേ കായിക കലാരംഗങ്ങളിൽ വാസനയുള്ളവരെ കണ്ടെത്തി അവർക്ക് പരിശീലന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും രക്തദാനം, നേത്രദാനം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, നാടിന്റെ വികസന പ്രവർത്തനങ്ങൾ, ആതുര സംരക്ഷണം, അഴിമതി, മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായുള്ള ബോധവൽക്കരണം തുടങ്ങിയ തുറകളിൽ പ്രവർത്തിക്കുന്നതിനും ക്ലബ്ബുകൾക്ക് കഴിയണം. എങ്കിൽ മാത്രമേ ക്ലബ്ബുകൾ അവയുടെ ഉദ്ദിഷ്ട ലക്ഷ്യത്തിലേക്ക് പോകുന്നു എന്നു പറയാൻ സാധിക്കൂ.

ഇനി നമ്മുടെ വായനശാലകളെ കുറിച്ച് ഇവിടെ വായന നടക്കുന്നതേയില്ല. മിക്ക വായനശാലകളിലും T.V ഉണ്ടായിരിക്കും. കേബിൾ T.V സൗകര്യങ്ങളും ചീട്ടുകളിക്കാനും കുറെയെല്ലാം സൗകര്യങ്ങൾ സജ്ജീകരിച്ചിരിക്കും. T.Vപരിപാടികളുടെ അമിതമായ അതിപ്രസരം നമ്മുടെ ചെറുപ്പക്കാരുടെ വായനാശീലത്തെ കശക്കി എറിഞ്ഞുകളഞ്ഞിരിക്കുന്നു എന്നുള്ളത് വേറൊരു സത്യം. നല്ല നല്ല പുസ്തകങ്ങൾ അലമാരക്കുള്ളിൽ വിശ്രമിക്കുമ്പോൾ ഒന്നിനും കൊള്ളാത്ത പലേ ആനുകാലികങ്ങളും വായനക്കായി തിരഞ്ഞെടുക്കുന്ന പ്രവണത വളർന്നു വരുന്നു. അവയിലെ തുടർക്കഥകളും നോവലുകളും കൊണ്ട് അത്തരക്കാർ തൃപ്തിയടയുന്നു. അപരിമേയമായ അറിവിന്റെ മേഖലകളെ ആവോളം വളർത്താൻ അധികമാരും ശ്രമിക്കുന്നതായി കാണുന്നില്ല. T.V.പരിപാടികളെപ്പറ്റി പറയാതിരിക്കുകയാണ് ഭേദം. മലയാളമൊഴിച്ചുള്ള മറ്റു പരിപാടികളെല്ലാം തന്നെ സഭ്യതയുടെ അതിർവരമ്പുകൾക്ക് അപ്പുറമാണ്. മലയാളത്തിൽ അവതരിപ്പിക്കപ്പെടുന്ന സീരിയലുകൾ അധികവും പാവപ്പെട്ടവന്റെയും തൊഴിലാളുയാടേയും സാധാരണക്കാരന്റെയും നിത്യജീവിത സാഹചര്യങ്ങളുമായി ബന്ധമുള്ളവയല്ല. ഇത്തരം വൈകല്യങ്ങൾ മാറ്റിയെടുക്കാൻ പ്രതികരണത്തിലൂടെ ആവുന്നത്ര ശ്രമിക്കണം.

പഞ്ചായത്തു പ്രദേശത്ത് മദ്യനിരോധനം ഏർപ്പെടുത്തണമെന്ന് മിക്ക ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. നിരോധിതമദ്യങ്ങൾ ഇപ്പോഴും നിർമ്മിച്ചു പ്രചരിപ്പിക്കുന്ന ഏജൻസികൾ ഗ്രാമങ്ങളിൽ പലേടത്തും പ്രവർത്തിച്ചുവരുന്നു. അത് കണ്ടു പിടിക്കാനും പ്രയോജനം ലഭിക്കുമെന്നുറപ്പുള്ള കേന്ദ്രങ്ങളിൽ അറിയിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങളെ സംഘടിതമായി എതിർത്തു തോൽപ്പിക്കുന്നതിനും ശ്രമിക്കണം. മദ്യം ഉപേക്ഷിക്കൂ, വീടിനെ രക്ഷിക്കൂ; മദ്യം നിരോധിക്കൂ, നാടിനെ രക്ഷിക്കൂ എന്നുള്ള മുദ്രാവാക്യം നമുക്കെല്ലാം മാർഗ്ഗദർശകമാകട്ടെ. ഇതൊന്നു മാത്രമാണ് പരിഹാരമാർഗ്ഗം. സമ്പൂർണ്ണമദ്യനിരോധനം ഇനിയും എത്രയോ അകലെയാണ്, എങ്കിലും അതിനുവേണ്ടി ശ്രമിക്കാൻ പ്രതിജ്ഞാബദ്ധരാകണം.

നമ്മുടെ പഞ്ചായത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ പേരുവിവരം.

1. പഞ്ചായത്തു ലൈബ്രറി മുണ്ടക്കയം.
2. Y.M.C.A മുണ്ടക്കയം.
3. Y.W.C.A മുണ്ടക്കയം.
4. ലയൺസ് ക്ലബ്ബ് മുണ്ടക്കയം.
5. വൈസ് മെൻസ് ക്ലബ്ബ് മുണ്ടക്കയം.
6. കലാദേവി ആർട്സ് ക്ലബ്ബ് മുണ്ടക്കയം.
7. നിസരി ആർട്സ് ക്ലബ്ബ് മുണ്ടക്കയം.
8. ഫ്രണ്ട്സ് ക്ലബ്ബ് മുണ്ടക്കയം.
9. മഹിളാ സംഘം 4 സെൻറ് കോളനി മുറികല്ലുംപുറം.
10. കോസ്മോപൊളിറ്റൻ ക്ലബ്ബ് ഇഞ്ചിയാനി.
11. കരടിമല ആർട്സ് ക്ലബ്ബ്.
12. ഗ്രാമോദ്ധാരണ ലൈബ്രറി &റീഡിംഗ് റൂം ചെറുമല.
13. ഭാവനാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചെറുമല.
14. രഞ്ജിനി ആർട്സ്&സ്പോർട്സ് ക്ലബ്ബ് മുണ്ടക്കയം എസ്റ്റേറ്റ്.
15. ശ്രീദേവി ആർട്സ് ക്ലബ്ബ് കൊടുകപ്പലം.
16. പീപ്പിൾസ് ആർട്സ്&സ്പോർട്സ് ക്ലബ്ബ് വരിക്കാനി.
17. പ്രിയദർശിനി ക്ലബ്ബ് വണ്ടമ്പതാൽ.
18. അംബേദ്കർ സ്മാരക പബ്ലിക് ലൈബ്രറി പുലിക്കുന്ന്.
19. അമരാവതി പബ്ലിക് ലൈബ്രറി.
20. മുരിക്കുംവയൽ പബ്ലിക് ലൈബ്രറി.
21. അശോകാ സാംസ്കാരിക കേന്ദ്രം പുഞ്ചവയൽ.
22. ഗ്രാമദീപ്തി പനയ്ക്കച്ചിറ.
23. CASC (കാസ്ക്) പനയ്ക്കച്ചിറ.
24. സഹൃദയ ലൈബ്രറി മടുക്ക.
25. ധന്യ ക്ലബ്ബ് പനയ്ക്കച്ചിറ.
26. നെഹ്റു മെമ്മോറിയൽ വായനശാല കോരുത്തോട്.
27. അയ്യങ്കാളി മെമ്മോറിയൽ ആർട്സ് &സ്പോർട്സ് ക്ലബ്ബ് 504 കോളനി.
28. രശ്മി ആർട്സ് &സ്പോർട്സ് ക്ലബ്ബ് 504 കോളനി.
29. ബ്രദേഴ്സ് ക്ലബ്, വേലനിലം

30. പ്രണവം ആർട്സ് ക്ലബ്, CSIDCC മുണ്ടക്കയം

31. അഭിലാഷ് ആർട്സ് ക്ലബ് കൊമ്പുകുത്തി.

ഇവക്കെല്ലാം പുറമേ ഒട്ടേറെ ചെറു സ്ഥാപനങ്ങൾ വേറെയുമുണ്ട്. ഇവയിൽ പന യ്ക്കച്ചിറയുള്ള കാസ്ക്, ധന്യ ഇവക്കും മടു ക്കായിലുള്ള സഹൃദയ ലൈബ്രറിക്കും സ്വന്ത മായി സ്ഥലമുണ്ട്. മുണ്ടക്കയം പഞ്ചായത്ത് ലൈബ്രറി പഞ്ചായത്ത് കേന്ദ്രത്തിൽ പ്രവർത്തി ക്കുന്നു. ചെറുമല ഗ്രാമോദ്ധാരണ ലൈബ്ര റിക്ക് സ്വന്തമായി സ്ഥലത്തിന് സാധ്യതകളുണ്ട്. ശ്രീദേവി ആർട്സ് ക്ലബ്ബ്, കൊടുകപ്പുലം സ്വന്തസ്ഥലത്താണ്. വരിക്കാനി പീപ്പിൾസ് ക്ലബ്ബും സ്വന്തസ്ഥലത്തുതന്നെ പ്രവർത്തി ക്കുന്നു. ബാക്കി എല്ലാ സ്ഥാപനങ്ങൾക്കും സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ, പുസ്തകങ്ങൾ ഇവയെല്ലാം ഉണ്ടാകണം. ഇനിയും ഒട്ടേറെ ആവ ശ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇവക്കെല്ലാം സമ യബന്ധിത പരിപാടികൾ ആവിഷ്കരിച്ച് പരിഹാരമുണ്ടാക്കണം. ഒന്നാം വാർഡിൽ വേല നിലത്ത് ഒരു ലൈബ്രറി വേണം. സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ, പുസ്തകങ്ങൾ ഇവ ഉ ണ്ടാകണം. ഇത് പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സാധ്യതയുണ്ട്. മുണ്ടക്കയത്ത് ഒരു സ്റ്റേഡിയം വേണമെന്ന് കായികകലാപ്രേ മികൾ ആഗ്രഹിക്കുന്നു, ആവശ്യപ്പെടുന്നു. അതിനുള്ള എല്ലാ സാധ്യതകളുമുണ്ട്. വിപുല മായ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയും. ഇഞ്ചിയാനിയിൽ നിർദ്ദിഷ്ട വായന ശാലക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കാൻ പഞ്ചായ ത്തുമായി ജനങ്ങൾ പൂർണ്ണമനസ്സോടെ സഹകരി ക്കും. ഇപ്പോൾ വട്ടക്കാവിലുള്ള വെയിറ്റിംഗ് ഷെഡ്ഡിന്റെ മേൽക്കുര പൊളിച്ചുമാറ്റി വാർ ത്താൽ അതിന്റെ പിൻഭാഗത്തുള്ള ഒന്നര സെന്റ് സ്ഥലവും കൂടെ ചേർത്ത് കെട്ടിടം പണിത് വായനശാലക്ക് ഉപയോഗിക്കാം. ഒരു കമ്മ്യു ണിറ്റിഹാളും ഇതോടൊപ്പം സജ്ജീകരിക്കാം. അടിയിൽ വെയിറ്റിംഗ് ഷെഡ്ഡ് മാത്രമാക്കി ക്കൊണ്ട് .T.V. പൊതുപ്രദർശനം മുകളിലേ ക്കു മാറ്റാം. ജനസഹകരണത്തോടെ ഇക്കാ ര്യങ്ങൾ സാധിക്കാം. കോരുത്തോട്ടിൽ ഒരു വായനശാല സ്ഥാപിക്കണം. സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ, പുസ്തകങ്ങൾ എല്ലാം ഉണ്ടാക്കാൻ കോരുത്തോടിന്റെ ഭൗതിക സാഹചര്യങ്ങൾ അനുകൂലമാണ്. കുഴിമാവ് കവല, കോരു ത്തോട് കവല, പള്ളിപ്പടി എന്നിവിടങ്ങളിലും പൊതു T.V. പ്രദർശന സൗകര്യങ്ങൾ ഉണ്ടാക്കണം. പൊതുസഹകരണത്തോടെ ഗ്രാമ പഞ്ചായത്ത് മുൻകൈയെടുത്ത് ഇതു സാധിക്കാ വുന്നതാണ്.

മുണ്ടക്കയത്ത് ശാസ്ത്രസാഹിത്യപരി ഷത്തിന്റെ യൂണിറ്റ് വിദ്യാഭ്യാസം, ഊർജ്ജം, പരി സ്ഥിതി, ആരോഗ്യം, പരിസരശുചിത്വം എന്നീ മേഖലകളിൽ ബോധവൽക്കരണ പ്രവർത്തന ങ്ങളിൽ മുൻപന്തിയിലാണ്. സാക്ഷരതാ പ്രവർ ത്തനങ്ങൾക്ക് നേതൃത്വം നൽകി നീതിമേളകൾ, സ്ത്രീയും സാക്ഷരതയും മദ്യം, മയക്കുമരുന്ന്, എയിഡ്സ്, പഞ്ചായത്തീരാജ് എന്നീ സെമിനാറു കളും നവസാക്ഷരകലാമേളയും, ആശുപത്രി ശുചീകരണവും, വൃക്ഷത്തൈ നടീലും നടത്തിയിട്ടുണ്ട്.

ഇതെല്ലാം നടപ്പിലാകുന്നതോടു കൂടി നമ്മുടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം സാംസ്കാരിക രംഗത്ത് ഒരു നവോൻമേഷം പ്രതീക്ഷിക്കാം.



സാംസ്ക്കാരികം - അനുബന്ധം

1. 504 - ലെ രശ്മി ക്ലബ്, കോരുത്തോട്ടിലെ നെഹ്രു മെമ്മോറിയൽ എന്നീ ക്ലബുകൾക്ക് സ്വന്തമായി സ്ഥലമുണ്ട്. കെട്ടിടം, പുസ്തകങ്ങൾ Furniture എന്നിവ ഉണ്ടാക്കണം.

2. ആണ്ടുതോറും വടം വലി മത്സരം നടത്തുന്ന ഒന്നാം വാർഡിലെ ബ്രദേഴ്സ് ക്ലബിന് ആവശ്യമായ കെട്ടിടവും പുസ്തകങ്ങളും വായനശാലയും ഉപകരണങ്ങളും ഉണ്ടാകണം.

3. 9--ാം വാർഡിലെ വഅയനശാലയ്ക്ക് സ്ഥല മുണ്ട്. Books, Furniture, എന്നിവ ഉണ്ടാകണം. കലാസാഗർ Arts & Sports ക്ലബ്, പഞ്ചായത്ത് അംഗീകരിക്കണം.

4. X111- വാർഡിലെ അഭിലാഷ് Arts & Sports ക്ലബ്ബിന് Books, Furniture എന്നിവ വേണം.

5. VIII-ാം വാർഡിൽ ഒരു സാംസ്കാരിക സെൻറർ പണിയണം.

6. 3,4,2 എന്നീ വാർഡുകളെ കേന്ദ്രീകരിച്ച് 31-ാം മൈലിൽ പ്രവർത്തിക്കുന്ന മുണ്ടക്കയം പൗരസമിതിക്ക് സ്ഥലവും കെട്ടിടവും ഒരു സാംസ്കാരിക നിലയവും ആവശ്യമുണ്ട്.



5-9
വനിത

സ്ത്രീകളുടെ സാമൂഹ്യപദവി

ഇന്ത്യൻ ജനാധിപത്യ പ്രക്രിയയുടെ പ്രധാന ദൗർബല്യങ്ങളിൽ ഒന്നാണ് സ്ത്രീകളുടെ അദൃശ്യത. ഇന്ത്യൻ പാർലമെൻറിൽ സ്ത്രീകളുടെ എണ്ണം ഒരു കാലത്തും 8%ത്തിൽ കൂടുതൽ വന്നിട്ടില്ല. 1991-ലെ തിരഞ്ഞെടുപ്പിൽ 28 സ്ത്രീകളാണ് പാർലമെൻറിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. 60 മന്ത്രിമാരിൽ 6 പേരാണ് വനിതകളുണ്ടായിരുന്നത്. അതിലൊരാൾ മാത്രമേ ക്യാബിനറ്റ് റാങ്കിൽ ഉണ്ടായിരുന്നുള്ളൂ. വിദ്യാഭ്യാസ ആരോഗ്യപുരോഗതിയിൽ കേരളത്തിലെ സ്ത്രീകൾക്ക് പുരുഷൻമാരോട് ഏതാണ്ട് തുല്യത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും സ്ത്രീയുടെ സാമൂഹ്യപദവി നമ്മുടെ സംസ്ഥാനത്ത് അധമമായിത്തന്നെ തുടരുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്. വിദ്യാസമ്പന്നകളാണെങ്കിൽ പോലും തൊഴിൽ മേഖലകളിൽ ലിംഗ വ്യത്യാസം കാണാൻ കഴിയും. കൂലിയുടെ കാര്യത്തിലും സാരമായ അന്തരമുണ്ട്. കേരള നിയമസഭയിലാകട്ടെ ഒരിക്കൽ പോലും വനിതകൾക്ക് പത്തിൽ (10) കൂടുതൽ അംഗസംഖ്യ ഉണ്ടായിട്ടില്ല.

മുകളിൽ വിവരിച്ച സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് പുതിയ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങളിൽ സ്ത്രീകൾക്ക് അംഗത്വത്തിലും പ്രസിഡൻറ് സ്ഥാനത്തിലും 1/3 സംവരണം ചെയ്തിരിക്കുന്നതിൻെറ പ്രാധാന്യം തെളിയിക്കുന്നത്. ഇതിൻെറ ഫലമായി 4543 വനിതകളെങ്കിലും പഞ്ചായത്തുമുനിസിപ്പൽ സമിതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. 472 പേരെങ്കിലും സമിതി അദ്ധ്യക്ഷകളായിരിക്കും. ഇവരിൽ 365 പേരെങ്കിലും പട്ടികജാതി പട്ടികവർഗ്ഗക്കാരായിരിക്കും.

1992-ലെ 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തിൻെറ എല്ലാ തലങ്ങളിലും1/3 സംവരണം ഏർപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ചുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. **സംവ**രണാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് ലഭിക്കുന്ന പ്രാധാന്യം ഒന്നുകൊണ്ടുമാത്രം സ്ത്രീകളുടെ ഭരണപങ്കാളിത്തം ഉറപ്പാക്കാനാവില്ല. ശരിയായ കാഴ്ചപ്പാടിൻെറ അഭാവം കഴിഞ്ഞ കാലങ്ങളിൽ ഭരണരംഗത്തുണ്ടായിരുന്ന ഭൂരിഭാഗം വനിതാ പ്രതിനിധികളുടേയും പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തിയിട്ടുണ്ട്. സ്വന്തം അഭിപ്രായം സ്ഥാപിക്കുവാനും തീരുമാനങ്ങളെടുക്കുവാനും മേൽ കൈ ലഭിക്കാത്ത ഒരു സാമൂഹ്യ സംവിധാനത്തിൽ ഇതിലേറെ ഒന്നും ചെയ്യുവാൻ വനിതകൾക്കു കഴിഞ്ഞിരുന്നില്ല എന്നതാണ് ഇത്രയും കാലത്തെ അനുഭവം തെളിയിക്കുന്നത്.

സാമൂഹ്യവെല്ലുവിളികൾ

സ്ത്രീകളുടെ പ്രധാനപ്പെട്ട സാമൂഹ്യ പ്രശ്നങ്ങൾ തൊഴിലില്ലായ്മ, ദാരിദ്ര്യം, കടം, സ്ത്രീധനപ്രശ്നം, ലൈംഗീകപീഢനം, ലിംഗപരമായ വിവേചനം, ഇവയൊക്കെയാണെങ്കിലും മതമൗലീകവാദം, തീവ്രവാദം, ഫ്യൂഡൽ, ആധിപത്യം, മതപരമായ പീഢനങ്ങൾ തുടങ്ങിയ സാമൂ

ഹ്യപ്രശ്നങ്ങൾക്ക് ആദ്യ ഇരയാകുന്നത് സ്ത്രീകളാണ്. അടുത്തകാലത്ത് പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ചില പുതിയ പ്രശ്നങ്ങൾ കൂടി ഉയർന്നുവന്നിട്ടുണ്ട്. സിനിമകളിലും പത്രമാസിക മാധ്യമങ്ങളിലും മോഡൽ പരസ്യങ്ങളിലും സ്ത്രീകളെ വളരെ മോശമായി ചിത്രീകരിക്കുന്നു. നമ്മുടെ സാംസ്കാരിക ബോധവും മൂല്യത്തകർച്ചയും കച്ചവടസംസ്കാരം വരുത്തിവച്ച വിനകളുടെ ഫലമായി സ്ത്രീകളെ ഉപഭോഗവസ്തുക്കളായി തരംതാഴ്ത്തിയിരിക്കുന്നു. അതു മൂലം കൂട്ടബലാൽസംഗങ്ങളും സ്ത്രീധന പീഢനങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നു. ഇത്തരം പ്രവണതയെ ചെറുക്കാൻ രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള വനിതാ സംഘടനകൾക്കും പുരോഗമന പ്രസ്ഥാനങ്ങൾക്കും കഴിയുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് സ്ത്രീ സംരക്ഷണ നിയമത്തിലൂടെ കർക്കശ നിയമ നടപടികൾ സ്വീകരിച്ചേ മതിയാകൂ.

ഭരണരംഗം

ഭരണകാര്യങ്ങളിൽ പ്രാതിനിധ്യം കിട്ടുന്നുണ്ടെങ്കിൽ പോലും ഭരണരംഗങ്ങളിൽ ഫലപ്രദമായ കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനുള്ള അറിവോ പക്വതയോ നേടാൻ സാധിച്ചിട്ടില്ല. അതിനായി വിപുലമായ പൊതുപരിപാടികൾക്കു പുറമേ നേതൃത്വപരിശീലനങ്ങളും സ്ത്രീയുടെ പദവിയെക്കുറിച്ചും മറ്റും പഠനവിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അറിവിന്റെ നിലവാരം വർദ്ധിപ്പിക്കണം. സർക്കാരും രാഷ്ട്രീയപ്പാർട്ടികളും വനിതാ പ്രവർത്തകരും സംഘടനകളും ഉത്തരവാദിത്വത്തോടുകൂടി ഈ പ്രവർത്തനമേറ്റെടുത്ത് ചെയ്യേണ്ടതാണ്. മേൽപറഞ്ഞ പൊതുസാഹചര്യങ്ങളൊക്കെത്തന്നെ നമ്മുടെ പഞ്ചായത്തിലും വനിതകളുടെ സാമൂഹ്യജീവിതത്തിലും നിലനിൽക്കുന്നു.

തൊഴിൽ രംഗം

നമ്മുടെ ഗ്രാമപഞ്ചായത്ത് തൊഴിലാളിവർഗ്ഗ സംസ്കാരമുള്ള ഒരു മേഖലയാണ്. പഞ്ചായത്തിന്റെ ചുറ്റുമുള്ള തോട്ടവ്യവസായങ്ങളിൽ പണിയെടുക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ ഇതര മേഖലകളിൽ നിന്നും, തമിഴ്നാട്, കർണ്ണാടകം എന്നീ പ്രദേശങ്ങളിൽ നിന്നും മുണ്ടക്കയത്തേക്ക് വ്യാപകമായ കുടിയേറ്റമുണ്ടായിട്ടുണ്ട്. തോട്ടം മേഖലയിൽ പണിയെടുക്കുന്നതിനു വേണ്ടി വന്നെത്തിയ ഈ സമൂഹത്തിൽ പകുതിയും സ്ത്രീകൾ തന്നെയായിരുന്നു. തോട്ടം ഉടമകളുടെ തൊഴിലാളികളോടുള്ള നീചമായ സമീപനവും ക്രൂരതയും ഏറ്റവും കൂടുതൽ സഹിക്കേണ്ടിവന്നത് വനിതാ തൊഴിലാളികൾക്കാണ്. പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി നിരന്തരമായ സമര പോരാട്ടങ്ങളിലൂടെയാണ് കൂടുതൽ സ്വതന്ത്രവും മെച്ചപ്പെട്ട വേതനവ്യവസ്ഥകളും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത്തരം രാഷ്ട്രീയ മുന്നേറ്റങ്ങളിലൂടെ തോട്ടം മേഖലയിൽ പണിയെടുക്കുന്ന വനിതകളുടെ സാമ്പത്തികവും സാംസ്കാരികവും തൊഴിൽപരവുമായ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളത്. കാർഷികമേഖലയിൽ കർഷകത്തൊഴിലാളികൾ അടക്കമുള്ള മറ്റിതര തൊഴിലാളികളുടെ കൂലി വ്യവസ്ഥ മെച്ചപ്പെട്ടതായിരുന്നില്ല. കാർഷിക രംഗത്ത് നാണ്യവിളകളിലേക്കുള്ള വ്യതിയാനം ഇടത്തരം കൃഷിക്കരുടെ സാമ്പത്തികനില ഉയർത്തുവാനും തൊഴിലാളികളുടെ വിലപേശലിലൂടെ മെച്ചപ്പെട്ട വേതനനിരക്ക് നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. കൃഷിയിടങ്ങളിലുള്ള വനിതകൾ അഭ്യസ്തവിദ്യരാണെങ്കിൽ പോലും തൊഴിൽപരമായി പിന്നോക്കം നിൽക്കുന്നു. അത്തരക്കാർക്ക് കാർഷികരംഗത്ത് ഉല്പാദനം

വർദ്ധിപ്പിക്കുകയും അതിലൂടെ വ്യവസായ രംഗങ്ങളുടെ വളർച്ച വികസിപ്പിക്കുകയും ചെയ്താൽ കൂടുതൽ തോഴിലവസങ്ങൾക്ക് സാധ്യതയുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. അതിനു വേണ്ടിയുള്ള ബൃഹത്തായ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

പച്ചക്കറി തോട്ടങ്ങൾ ശാസ്ത്രീയമായ അറിവു പയോഗിച്ച് മെച്ചപ്പെട്ട ഉത്പാദനം ഉണ്ടാക്കുക. ഗ്രാമങ്ങളിലുള്ള മുഴുവൻ വീടുകളിലും ആവശ്യത്തിനുള്ള പച്ചക്കറികൾ ലഭ്യമാക്കുകയും കൂടുതലായി ഉൽപാദിപ്പിക്കുന്നവ നമ്മുടെ പഞ്ചായത്തിലാകെ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിനും സാധിക്കും. ഇതിനു വേണ്ട വിത്തും വളവും സാങ്കേതിക ജ്ഞാനവും പഞ്ചായത്തും കൃഷിഭവനും ചേർന്ന് ലഭ്യമാക്കേണ്ടതാണ്. ഇതിനാവശ്യമായ ബോധവൽക്കരണവും പ്രചരണവും സംഘടിപ്പിക്കേണ്ടതാണ്.

അത്യുത്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നതിന് വനിതകൾക്കാവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകേണ്ടതാണ്. ഇതിനു വേണ്ടി നടപ്പുപദ്ധതികൾ ഫലപ്രദമായും ഉപയോഗപ്പെടുത്തണം. പശുവളർത്തൽ ചെറിയ യൂണിറ്റുകളായി പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞാൽ കൃഷിക്കാവശ്യമായ ജൈവവളവും ഗോബർഗ്യാസ് പ്ലാൻറുകളിലുടെയുള്ള ഊർജ്ജവും അതിലുപരി പാലിൻെറ കൂടുതൽ ഉത്പാദനവും സാധ്യമാക്കുവാൻ കഴിയും.

ചെറുകിട വ്യവസായ യൂണിറ്റുകൾ

ധാന്യം പൊടിച്ചു വിതരണം ചെയ്യുക, കറിപൗഡറുകൾ നിർമ്മിക്കുക, സോപ്പു നിർമ്മാണം, കളിപ്പാട്ടനിർമ്മാണം, കൗതുക വസ്തുക്കളും കരകൗശല വസ്തുക്കളും നിർമ്മാണം, പ്ലാസ്റ്റിക് ഉപകരണങ്ങളുടെ നിർമ്മാണം ഇവയൊക്കെ ഫലപ്രദമായി സ്ത്രീകൾക്ക് ചെയ്യാവുന്ന തൊഴിൽ സംരംഭങ്ങളാണ്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം സഹകരണ അടിസ്ഥാനത്തിൽ തുടങ്ങാൻ പറ്റുന്ന ഒരു സംരംഭമാണ്.

അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ 55 അംഗൻവാടികൾ ഉണ്ട്. സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് ഇവ പ്രവർത്തിക്കുന്നത്. കുട്ടികൾക്ക് ആഹാരം പാകം ചെയ്യാൻ ആവശ്യമായ പാത്രങ്ങളോ കളിപ്പാട്ടങ്ങളോ മറ്റുപകരണങ്ങളോ ഇല്ലാത്ത സ്ഥിതിയാണ്.

പഞ്ചായത്തിൽ നിന്ന് മേൽപ്പറഞ്ഞ അപര്യാപ്തതകൾ പരിഹരിച്ചു കൊടുക്കേണ്ടതും അംഗൻവാടികളുടെ ചുമതലയും നിയന്ത്രണവും പൂർണ്ണമായും പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതുമാണ്.

വനിതാ തൊഴിൽ സംരംഭങ്ങൾക്ക് പഞ്ചായത്തുകേന്ദ്രങ്ങളിൽ അതിനായുള്ള ശാസ്ത്രീയമായ പരിശീലനവും ബോധവൽക്കരണക്ലാസ്സുകളും നൽകണം. ജനകീയ ആസൂത്രണപ്രവർത്തനങ്ങളിലൂടെ കുടുംബത്തിൻെറയും പഞ്ചായത്തിൻെറയും നമ്മുടെ സംസ്ഥാനത്തിൻെറയും ആളോഹരി വരുമാനം ഉയർത്തുവാനും വനിതകളുടെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസപരമായ നിലവാരം വർദ്ധിപ്പിക്കുവാനും ആരോഗ്യപരമായ ജീവിത ശൈലി രൂപപ്പെടുത്തുവാനും നമ്മുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് കഴിയട്ടെ. ഇത്തരം പ്രവർത്തനങ്ങളിൽ സ്ത്രീയും പുരുഷനും സമൂഹത്തിൻെറ ആകെ നിലനില്പിൻെറ ഘടകമാണെന്നുള്ള ബോധ

ത്തിൽ കൂട്ടായും വിവേചനരഹിതമായ പ്രവർത്തനങ്ങളിൽ ഒത്തുചേർന്ന് സമൂഹത്തിന്റെ നൻമക്കു വേണ്ടി പോരാടാം.

1991-ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 47957 ആണ്. ഇതിൽ 24115 സ്ത്രീകളാണ്. പട്ടിക ജാതിയിൽ പുരുഷൻമാരേക്കാൾ 124 സ്ത്രീകൾ കൂടുതലാണ്. സ്ത്രീകളുടെ സാക്ഷരത 92.2% ആണ്. തൊഴിൽ രംഗങ്ങളിൽതോട്ടം വ്യവസായം, കെട്ടിട നിർമ്മാണം, കർഷകത്തൊഴിലാളി, വിറക് സംഭരണ മേഖല, മണൽ വാരൽ എന്നീ മേഖലകളിലും സർവ്വീസ് രംഗങ്ങളിലും ആയി വനിതകൾ തൊഴിൽ ചെയ്തു വരുന്നു. അദ്ധ്യാപകരും 297 പേരിൽ 226 പേരും വനിതകളാണ്. സർവ്വീസ് സഹകരണ ബാങ്കുകളും കൊമേഴ്സ്യൽ ബാങ്കുകളും മറ്റിതര ബാങ്കിംഗ് മേഖലകളിലുമായി വളരെക്കുറച്ചു സ്ത്രീകൾ ജോലി ചെയ്തു വരുന്നു. പ്രധാനപ്പെട്ട വ്യവസായ സംരംഭങ്ങളൊന്നും തന്നെ വനിതകൾക്കു തൊഴിൽ ലഭിക്കുന്ന രൂപത്തിലല്ല. ചെറിയ വ്യവസായ യൂണിറ്റ് എന്ന രൂപത്തിൽ റബ്ബർബാൻറ് നിർമ്മാണം പരമ്പരാഗത വ്യവസായങ്ങളിൽ ഈറ്റ, മുള എന്നി മേഖലകളിലും ഏകദേശം 200-ൽ താഴെ വനിതകൾ ജോലി ചെയ്തു വരുന്നു. 75% വനിതകളും ഗൃഹജോലികളുമായി ബന്ധപ്പെട്ട് കഴിഞ്ഞുവരുന്നു. ഇവരിൽ പകുതിപ്പേരും പത്താം ക്ലാസ്സ് വരെ പഠിച്ചിട്ടുള്ളവരാണ്.

അഭ്യസ്തവിദ്യരായ 80% വനിതകളും എംപ്ലോയിമെൻറിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ അന്വേഷകരായി കഴിയുന്നു. അഭ്യസ്തവിദ്യർക്ക് ഫലപ്രദമായും സ്വയം തൊഴിൽ കണ്ടെത്തുവാൻ ആവശ്യമായ ധനസഹായവും പ്രോത്സാഹനവും പരിശീലനവും നൽകിയാൽ നഷ്ടപ്പെട്ടു പോകുന്ന മനുഷ്യകായികാധ്വാനം ഫലപ്രദമായി ഉപയോഗിക്കുവാനും സ്വന്തം കുടുംബങ്ങളിലും വരുമാനം വർദ്ധിപ്പിക്കുവാനും നാടിന്റെ സാമ്പത്തിക പുരോഗതിയിൽ പങ്കാളികളാകുവാനും ഇവർക്കു കഴിയും. എംപ്ലോയിമെൻറ് ആഫീസുകളിൽ നിന്നും പഞ്ചായത്തിലുള്ള മുഴുവൻ വനിതകളുടേയും ലിസ്റ്റുകൾ ശേഖരിച്ച് അവരവരുടെ താത്പര്യം അനുസരിച്ച് കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, ഇലക്ട്രോണിക്സ് രംഗങ്ങൾ എന്നീ മേഖലകളിൽ പരിശീലനം നൽകി പുതിയ സംരംഭങ്ങളുണ്ടാക്കാൻ കഴിയും. ഇതിനായി പഞ്ചായത്തിന്റെ ഫണ്ടുകൾ ഉപയോഗിക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.



വനിത

അനുബന്ധ ചർച്ച

1. സംയോജിത ശിശു വികസന സേവനരംഗത്തു പ്രവർത്തിക്കുന്ന വനിതകളുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് കാര്യമായി സാമൂഹ്യക്ഷേമത്തിൽ പരാമർശിക്കപ്പെട്ടിട്ടില്ല. അത് കൃത്യമായും പരാമർശിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ മറ്റു പൊതുസ്ഥലങ്ങളോ ഇല്ലാത്തതിനാൽ പഞ്ചായത്തു സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് അംഗൻവാടികൾക്കു കൊടുക്കേണ്ടതാണ്.

2. വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്കായി രൂപം കൊണ്ടിരുക്കുന്ന മഹിളാ സമാജങ്ങളുടെ പ്രതിനിധികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും അവർക്കുവേണ്ട സാമ്പത്തിക സഹായങ്ങളും ചെയ്തുകൊടുക്കുക.

3. പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാക്കുമ്പോൾ സ്ത്രീകൾക്കു മുൻഗണന നൽകുക.

4. വിധവാ പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യ പെൻഷൻ, മാതൃസഹായ പദ്ധതി ആനുകൂല്യങ്ങൾ അർഹരായ എല്ലാ സ്ത്രീകൾക്കും ലഭ്യമാക്കുക.

5. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.

6. സ്ത്രീ പുരുഷ സമത്വ ബോധം വളർത്താനുപകരിക്കുന്ന ബോധവൽക്കരണം നടത്തുക.

7. മദ്യം, മയക്കുമരുന്ന് എന്നീ സാമൂഹ്യ വിപത്തുകൾക്കെതിരെ പ്രതികരിക്കുവാൻ സ്ത്രീകൾക്ക് ബോധവൽക്കരണം നടത്തുക.

5-10

പട്ടിക ജാതി – പട്ടിക വർഗ്ഗക്ഷേമം

പഞ്ചായത്തിൽ 1991 - ലെ സെൻസസ് പ്രകാരം 7458 പട്ടിക ജാതിക്കാരും 2412 പട്ടിക വർഗ്ഗക്കാ രുമുണ്ട്. വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ഒട്ടനഖധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. ഇതിന് പ്രധാന കാരണം സ്വന്ത മായി ഭൂമിയില്ലെന്നുള്ളതാണ്. 4 സെൻറ മുതൽ ഒരേക്കർ വരെ ഭൂമിയുള്ളവരാണ് ഇവർ. എന്നാൽ പട്ടിക വർഗ്ഗക്കാർ വനാ ന്തരങ്ങളിൽ പാർത്തിരുന്നതുകൊണ്ട് ഓരോ രുത്തരും അധീനതയിലാക്കിയ വനഭൂമി അവർക്ക് സ്വന്തമാക്കുവാൻ കഴിഞ്ഞു. അതുകൊണ്ട് പട്ടിക വർഗ്ഗക്കാ രിൽ കുറേപ്പേർക്കെങ്കിലും സ്വന്തമായി ഒരേക്കറും അതിലധികവും ഭൂമി സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക രംഗത്ത് പിടിച്ചു നിൽ ക്കാനാകാതെ വന്നപ്പോൾ ഇവരിൽ പലരും തങ്ങളുടെ കൈവശ ഭൂമി തുണ്ടു തുണ്ടായി പലർക്കും കൈമാറ്റം ചെയ്തതിനാൽ കൈവശ ഭൂമിയുടെ വിസ്തൃതി ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്.

പട്ടിക ജാതിക്കാർ അധികവും നാട്ടിൻ പുറ ങ്ങളിൽ നിന്നും തൊഴിലന്വേഷിച്ച് വന്നവരാണ്. കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർ താമസിക്കുന്നത് മുണ്ട ക്കയം പഞ്ചായത്തിലാണ്. കൊമ്പുകുത്തി, കോ സടി, ആനക്കല്ല്, മാങ്ങാപ്പേട്ട, പശ്ചിമ, - പുഞ്ച വയൽ, മുരിക്കും വയൽ, പുലിക്കുന്ന് എന്നീ പ്രദേശങ്ങളിൽ പട്ടിക വർഗ്ഗക്കാർ താമസ്സിക്കുന്നു.

പട്ടിക ജാതിക്കാർ കുഴിമാവ് മുറിക ല്ലുംപുറം, ചെറുമല, വട്ടക്കാവ്, പുഞ്ചവയൽ 504 കോളനി, പനയ്ക്കച്ചിറ, താന്നിക്കപ്പതാൽ, കുളമാ ക്കൽ എന്നീ പ്രദേശങ്ങളിലാണ് കൂടുതലായി താമ സിച്ചു വരുന്നത്. പഞ്ചായത്തിൻെറ ഇതര ഭാഗങ്ങ ളിൽ മറ്റു വിഭാഗക്കാരോട് ഇട കലർന്നും ഇവർ താമസിക്കുന്നുണ്ട്.

പനയ്ക്കച്ചിറ 504-ലും പുഞ്ചവയൽ 504-ലും പട്ടികജാതിക്കാർക്ക് സർക്കാർ അര ഹെക്ടർ ഭൂമി വീതം നൽകിയിരുന്നു. വനഭൂ മിയിലെ മരങ്ങൾ നീക്കം ചെയ്തതിനു ശേഷ മാണ് ഇവർക്കു ഭൂമി പതിച്ചു നൽകിയത്. കർഷ കത്തൊഴിലാളികളായ ഇവർക്ക് കൂലിവേല ചെയ്ത് ഉപജീവനം കഴിക്കേണ്ടിവന്നതിനാൽ കൈ വശമുള്ള ഭൂമിയിൽ കാര്യമായ ദേഹണ്ഡങ്ങൾ ചെയ്യാൻ കഴിയാതെ വന്നു. സാമ്പത്തിക പരാധി

നത നേരിട്ടപ്പോൾ ഇവരിൽ പലരും ഭൂമി കൈമാറ്റം നടത്തുകയും അതുമൂലം അവരുടെ കൈവശഭൂമിയുടെ വിസ്തൃതി കുറയുകയും ചെയ്തു. നാണ്യവിളകളിൽനിന്നും കാര്യമായ വരുമാനം ലഭിച്ചെങ്കിൽ മാത്രമേ സാമ്പത്തിക പുരോഗതി കൈവരിക്കുവാൻ ആവുകയുള്ളൂ. എന്നാൽ ഇപ്പോൾ ഈ സ്ഥിതിക്ക് അല്പം മാറ്റം ഉണ്ടായിട്ടുണ്ട്.

മുൻകാലങ്ങളിൽ അനുഭവിച്ചുകൊണ്ടിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്, ഒരു പരിധി വരെ. എല്ലാ ജാതിമതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്. കർഷകത്തൊഴിലാളികളായിരുന്ന ഇവരിൽ പലരും ആ മേഖല വിട്ട് ഇപ്പോൾ റബ്ബർ ടാപ്പിംഗ്, കെട്ടിടനിർമ്മാണം എന്നീ തുറകളിൽ പണിയെടുക്കുന്നു. പനയ്ക്കച്ചിറയിൽ പട്ടികജാതിക്കാർ കൂടുതലുള്ളത് കാലേക്കർ കോളനിയിലാണ്. ഈ പ്രദേശത്ത് ഇവരിലാർക്കും 25 സെൻറിൽ കൂടുതൽ ഭൂമി കൈവശമില്ല. പഞ്ചായത്തിൻെറ ഇതര ഭാഗങ്ങളിൽ രണ്ടു സെൻറും നാലു സെൻറും ഭൂമിയുള്ളവരും ഭൂരഹിതരുമുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൻെറ ഉയർച്ചക്കു വേണ്ടി ധാരാളം ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളും ഇവരുടെ അറിവില്ലായ്മയും ഇടത്തട്ടുകാരുടെ ദുഷ്ടലാക്കും ഇവരെ പലപ്പോഴും വിഷമത്തിലാക്കുന്നു. പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കാൻ ഇക്കൂട്ടർക്കു കഴിയാതെ പോകുന്നു. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഭാഗികമായി കൈവരിക്കുന്നതിനേ സാധിക്കുന്നുള്ളൂ. ഇവർക്കു വേണ്ടി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ദീർഘകാലനേട്ടമുണ്ടാക്കുന്നവയായിരിക്കണം. എങ്കിൽ മാത്രമേ സാമ്പത്തിക പുരോഗതി കൈവരിക്കുവാൻ ഇവർക്കു കഴിയൂ. പുഞ്ചവയൽ 504 കോളനിയിൽ അത്യുൽപാദനശേഷിയുള്ള കോഴികളെ ഇവർക്കായി വിതരണം ചെയ്തെങ്കിലും രോഗം മൂലം കോഴികൾ ചത്തു പോകുകയും കൂടുകൾ മാത്രം അവശേഷിക്കുകയും ചെയ്തു. ആവശ്യമായ ബോധവൽക്കരണം നടത്താതെ പദ്ധതി നടപ്പാക്കുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇന്നും കഴിഞ്ഞിട്ടില്ല. കുടിവെള്ള ക്ഷാമത്തേപ്പറ്റിയാണ് പട്ടിക ജാതി-പട്ടികവർഗ്ഗ കോളനി നിവാസികളുടെ മുഖ്യ പരാതി. എല്ലാ വീടുകളിലും വൈദ്യുതിയും എത്തിയിട്ടില്ല. പലരുടെയും വീടുകൾ വാസയോഗ്യവുമല്ല. പല വീടുകൾക്കും കക്കൂസില്ല. ഇവക്കൊക്കെ അടിയന്തിര പ്രാധാന്യം നൽകി പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് കഴിഞ്ഞിട്ടില്ല. യുവതലമുറയിൽ 60% പേരും യു. പി. സ്കൂൾ പഠനത്തിനു ശേഷം ജോലി തേടി പോകുന്നവരാണ്. ശേഷിക്കുന്നവ രിലേറെയും എസ്.എസ്.എൽ.സി. കൊണ്ട് വിദ്യാ ഭ്യാസം അവസാനിപ്പിക്കുന്നു. ചെറിയൊരു വിഭാഗം മാത്രമാണ് ഉപരിപഠനത്തിനു പോകു ന്നത്. ഉന്നതവിദ്യാഭ്യാസം നേടാൻ കഴിഞ്ഞ പട്ടിക ജാതി-പട്ടികവർഗ്ഗക്കാരിൽ ഏറെ പേർക്കും സർക്കാർ സർവ്വീസിൽ ജോലി നേടാൻ കഴിഞ്ഞിട്ടു ണ്ട്. വിദ്യാഭ്യാസ-സാംസ്ക്കാരിക-സാമൂഹ്യ രംഗത്ത് ഉന്നത നിലവാരം പുലർത്താൻ ഇവർക്കു കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഉയർന്ന

രാഷ്ട്രീയ ബോധ ത്തിന്റെറയും ഇവർകൈവരിച്ച വിദ്യാഭ്യാസ- സാംസ്ക്കാരിക പുരോഗതിയുടേയും പശ്ചാത്ത ലത്തിലാണ് ഇതു സാദ്ധ്യമായിട്ടുള്ളത്. ജില്ലാ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, ഗ്രാമ പഞ്ചായത്ത് മെമ്പർ എന്നീ നിലകളിൽ ഉയരാനും ഇവർക്കു സാധിച്ചിട്ടുണ്ട്. ഉന്നത ബിരുദധാരികളും നിയമബിരുദധാരികളും ഡോക്ടർമാരും അദ്ധ്യാപകരുമൊക്കെ ഇവരി ലുണ്ട്.

പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സം ഘങ്ങൾ പലതുണ്ടെങ്കിലും കാര്യക്ഷമമായ പ്ര വർത്തനം കാഴ്ച വയ്ക്കുന്ന സംഘങ്ങൾ നന്നേ കുറവാണ്. സംഘങ്ങളുടെ ഓഹരിയുടമകൾ ഇവർ മാത്രമായതും മൂലധനക്കുറവും ഇതിനു കാരണങ്ങളാണ്.

തൊഴിൽ

പട്ടിക ജാതി - പട്ടിക വർഗ്ഗക്കാരിൽ ഭൂരിപ ക്ഷവും കാർഷിക മേഖലയിൽ പണിയെടുക്കു ന്നവരായിരുന്നു. കാർഷിക മേഖലയിൽ ഉണ്ടായ വ്യതിയാനം ഈ രംഗത്തുനിന്നും ഇവരെ പിൻതിരിപ്പിക്കുന്നതിന് കാരണമായി. ജീവിക്കാ നുള്ള തൊഴിലിനുവേണ്ടി മറ്റു തൊഴിൽ മേഖല യിലേക്കു പോകുവാൻ ഇവർ നിർബന്ധിതരായി. പലരും റബ്ബർ ടാപ്പിംഗ്, ഭവനനിർമ്മാണം, തടി വെട്ട്, ലോഡിംഗ് എന്നീ ജോലികളിലേയ്ക്ക് തിരി ഞ്ഞിട്ടുണ്ട്.

പാർപ്പിടം

പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ പരിമിത മായ സൗകര്യങ്ങളോടുകൂടിയ വീടുകളിലാണ് താമസിക്കുന്നത്. ഒറ്റപ്പെട്ടു താമസിക്കുന്നവർക്ക് കോളനിവാസികൾക്കു ലഭിക്കുന്ന ആനുകൂ ല്യങ്ങളൊന്നും കിട്ടുന്നില്ല. വിവിധ ഏജൻസികൾ നടപ്പാക്കി വരുന്ന ഭവന വായ്പയെടുത്ത് കടക്കെണിയിൽ പെട്ടവരുമുണ്ട്. ഭവനനിർമ്മാ ണത്തിനനുവദിച്ച തുക കുറവായതിനാൽ പല വീടുകളുടേയും പണി പൂർത്തിയാക്കാനാവാത്ത സ്ഥിതിയിലാണ്.

പ്രശ്നങ്ങൾ


1. സ്വന്തമായി പരിമിതമായ ഭൂമിയേയുള്ളൂ.
2. എല്ലാവർക്കും സ്വന്തമായി വീടില്ല.
3. വീടു വെയ്ക്കാൻ കിട്ടുന്ന സഹായധനം മതിയാകാതെ വരുന്നു.
4. കോളനികളിൽ കുടിവെള്ളം ലഭിക്കുന്നില്ല.
5. വൈദ്യുതിയില്ല.
6. പൊതു ശ്മശാനം ഇല്ല.
7. കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടില്ല.
8. ആരോഗ്യസംരക്ഷണ സംവിധാനം മെച്ച പ്പെട്ടതല്ല.
9. പെൺ മക്കളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നില്ല.
10. കോളനി റോഡുകൾ താറുമാറായി കിടക്കുന്നു.
11. ലക്ഷം വീടു കോളനിയിലെ വീടുകൾ വാസ യോഗ്യമല്ലാത്ത വിധം കേടുപാടുകൾ സംഭവി ച്ചവയായിരിക്കുന്നു.
12. I.R.D.P. തുടങ്ങിയ പദ്ധതികൾ ഫലപ്രദ മായി ഉപയോഗിക്കപ്പെടുന്നില്ല.
13. വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല.
14. പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ല.
15. കടക്കെണിയിൽ പെടുന്നു.

സാദ്ധ്യതകൾ

ഒരേക്കറിൽ താഴെ ഭൂമിയുള്ള പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി, കുടിവെള്ളവും ഗതാഗത സൗകര്യവുമുള്ള സ്ഥലം കണ്ടെത്തി പഞ്ചായത്തിൽ നിന്നോ ഗവൺമെൻറിൽ നിന്നോ വാങ്ങി ഒരേക്കർ ഭൂമി റീതം നൽകുകയും കൃഷിക്കാവശ്യമായ ധനസഹായം നൽകുകുയും ചെയ്യുക. ഈ ഭൂമി വിൽപ്പന നടത്തുന്നത് നിയമം മൂലം തടയുക.

വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളിൽ വൈദ്യുതി എത്തിക്കുകയും കുളങ്ങളും കിണറുകളും കുഴിച്ച് ജലം ലഭ്യമാക്കുകയും പൈപ്പു ലൈനുകൾ നീട്ടാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പുലൈൻ നീട്ടി ജലം ലഭ്യമാക്കുകയും ചെയ്യുക. വീടുകളുടെ അറ്റകുറ്റപ്പണികൾ വേഗം ചെയ്തു തീർക്കുക. കോളനി റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക. കോളനികളിൽ ആട്, മാട്, കോഴി എന്നിവയെ സൗജന്യമായി വിതരണം ചെയ്യുക. മടുക്കയിലുള്ള റവന്യൂ ഭൂമി ഭൂരഹിതരായ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കും മറ്റു ഭൂരഹിതർക്കും വീതിച്ചു നൽകുക.

ഇത്തരം ക്ഷേമപ്രവർത്തനങ്ങൾകൊണ്ട് ഈ പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ നാനാവിധമായ പുരോഗതി കൈവരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കാം.



പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം. - അനുബന്ധം

1. **ശ്മശാനം** - ഓരോ വാർഡിലും പട്ടികജാതിക്കാർക്ക് ഓരോ ശ്മശാനം അനുവദിക്കണം. രണ്ടും മൂന്നും സെൻറുകളിൽ താമസിച്ചു വരുന്ന പട്ടികജാതിക്കാർക്ക് മരിച്ചാൽ ശവം മറവു ചെയ്യാൻ കഷ്ടപ്പെടുന്നു.
2. സ്കൂൾ കുട്ടികൾക്ക് താമസിച്ച് പഠിക്കാൻ ഹോസ്റ്റലുകൾ സ്ഥാപിക്കുക. കുഴിമാവിൽ സർക്കാർ പൊതുസ്ഥാപനത്തിനു വേണ്ടി സ്ഥലം മാറ്റി ഇട്ടിട്ടുണ്ട്. ഇവിടെ രണ്ട് ഹൈസ്കൂളുകൾ ഉള്ളതിനാൽ കുട്ടികൾക്ക് താമസിച്ചു പഠിക്കാൻ സൗകര്യം ലഭിക്കും.
3. ഓരോ കോളനികളിലും കമ്മ്യൂണിറ്റി ഹാൾ പണിയണം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഒന്നിച്ചു ചേരാനും ആശയവിനിമയം നടത്താനും ഇതാവശ്യമാണ്.
4. കോളനികളിൽ നിന്നും മാറി ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് ക്ഷേമപ്രവർത്തനങ്ങളുടെ ഗുണം ലഭിച്ചിട്ടില്ല. ഇവർക്കു കൂടി കോളനികളിൽ ലഭിക്കുന്ന ആനുകൂല്യത്തിൻെറ ഗുണം ലഭ്യമാക്കണം.
5. ഭൂരഹിത ഭവന രഹിത പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക് പുനരധിവാസ സൗകര്യവും, കൈവശ രേഖയും നൽകണം. ഇപ്പോൾ ഒരു വീട്ടിൽ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അതിനാൽ പല ആനുകൂല്യങ്ങളും ഇവർക്കു കിട്ടാതെ പോകുന്നു അതൊഴിവാക്കണം.
6. സർക്കാരും വിവിധ സന്നദ്ധ സംഘടനകളും നല്കിയിട്ടുള്ള വീടുകളുടെ അറ്റകുറ്റ പണി നടത്താൻ സാമ്പത്തിക സഹായം നല്കണം.
7. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കൃഷി ഭൂമിയിൽ മണ്ണൊലിപ്പ് തടയുന്നതിന് കയ്യാല വയ്ക്കുവാൻ സാമ്പത്തിക സഹായം നല്കണം.
8. കൂടുതൽ തൊഴിലവസരം ഉണ്ടാക്കാനും മെച്ചപ്പെട്ട തൊഴിൽ ചെയ്യുന്നതിനും വ്യവസായ സ്ഥാപനങ്ങളും , തൊഴിൽ പരിശീലന കേന്ദ്രങ്ങളും ആരംഭിക്കണം. കെട്ടിട നിർമ്മാണം, സോപ്പ് നിർമ്മാണം, ആശാരി പണി തുടങ്ങിയവ.

വൈദ്യ രംഗം.

9. മുരിക്കും വയലിലെ ഹെൽത്തുസെൻറർ ആശുപത്രിയായി ഉയർത്തണം.
10. കൊമ്പുകുത്തിയിൽ ഒരു അലോപ്പതി ഡിസ്പെൻസറി തുറക്കണം.
11. മാങ്ങാപ്പേട്ട ഭാഗത്ത് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
12. പട്ടികജാതി പട്ടികവർഗ്ഗക്കാരുടേതായി രജിസ്ട്രേഷനുള്ള പല സാംസ്ക്കാരിക സംഘടനകളും (ക്ലബ്ബുകൾ) നിലവിലുണ്ട്. എന്നാൽ സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ല. ഇവയ്ക്ക് പ്രവർത്തിക്കാൻ കെട്ടിട സൗകര്യമോ സാമ്പത്തിക സഹായമോ ചെയ്യണം.
13. **ബോധവൽക്കരണം.** ഇന്ന് സർക്കാരിൽ നിന്നോ മറ്റേജൻസികളിൽ നിന്നോ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നല്കി വരുന്ന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഇവർ അജ്ഞരാണ്. അതിനാൽ പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങളുടെ താലൂക്ക് ആഫീസർമാരുടെ സാന്നിദ്ധ്യത്തിൽ മൂന്നുമാസത്തിൽ ഒരിക്കൽ വാർഡു തോറും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. ഇത്തരം ക്ലാസുകൾ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു സംരക്ഷണം കിട്ടുകയും ക്ഷേമപ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കുന്ന തുക ലാപ്സാകാതെ വിനിയോഗിക്കാനും കഴിയും.
14. മാങ്ങാപ്പേട്ട, അസംപനി, ഇഞ്ചക്കുഴി എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കണം.
15. 1130 വാർഡിൽ പശ്ചിമഭാഗത്ത് മലവേടർ വിഭാഗക്കാരായ 15 കുടുംബങ്ങൾ താമസ്സിക്കുന്നു. ഇവർക്ക് റേഷൻ കാർഡ് ലഭിക്കുന്നതിനും. പട്ടികവർഗ്ഗക്കാരായി അംഗീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.
16. വിവിധ ക്ഷേമപ്രവർത്തനങ്ങളെ കുറിച്ച് ആലോചിക്കുമ്പോൾ പഞ്ചായത്തിലെ അംഗീകരിക്കുന്ന സാമുദായ പ്രവർത്തകരെ (SC, ST) കൂടി ക്ഷണിക്കണം.
17 കോമ്പടി ആയൂർവേദ ആശുപത്രിക്ക് കെട്ടിടം പണിയണം.

5.11 പൊതു വിതരണം

പഞ്ചായത്തിലുള്ള 15 വാർഡുകളിലായി 26 പൊതു വിതരണ റേഷൻ ഷോപ്പുകളുണ്ട്. ഇന്ത്യയിലെ ജീവിതവില സൂചിക ഏറ്റവും കൂടുതലുള്ള അഞ്ചുസ്ഥലങ്ങളിൽ ഒന്നാണ് മുണ്ടക്കയം. അരിയ്ക്കും പച്ചക്കറികൾക്കും പലവ്യഞ്ജനങ്ങൾക്കും തീവിലയുള്ള ഒരു സ്ഥലം!!! പൊതുവിതരണ ഷോപ്പുകളിൽനിന്നും അരിയും ഗോതമ്പും പഞ്ചസാരയും മണ്ണെണ്ണയും ചിലപ്പോൾ പാമോയിലും മൈദയുമൊക്കെ കൃത്യമായി വിതരണം ചെയ്യുന്നതുകൊണ്ട് വിലനിലവാരം ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിയുന്നു.

മറ്റു കടകളിലെ അരിക്കും പല വ്യഞ്ജനങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും ഉള്ള വിലയേക്കാൾ കുറഞ്ഞ വിലക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ ടൗണിലുള്ള മാവേലി സ്റ്റോറിൽ നിന്നും വിതരണം ചെയ്യുന്നുണ്ട്. ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ വിശേഷ ദിവസങ്ങളിൽ മാവേലി സ്റ്റോറിൽ നിന്നും സാധനങ്ങൾ സുലഭമായി വിതരണം ചെയ്യുന്നുണ്ട്. പലവ്യഞ്ജനങ്ങളും പയറുവർഗ്ഗങ്ങളും റേഷൻ കടകൾ മുഖേന വിതരണം ചെയ്താൽ വിലനിലവാരം പിടിച്ചുനിർത്താൻ കഴിയും.

സഞ്ചരിക്കുന്ന ഒരു മാവേലിസ്റ്റോർ ഇവിടെ ആരംഭിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്.



5.12

വനം

പഞ്ചായത്തിന്റെ തെക്കുകിഴക്കുഭാഗത്ത് എരുമേലി ഫോറസ്റ്റു റേഞ്ചിലെ റാന്നി റിസർവ്വിൽപെട്ട സ്വാഭാവിക വനമാണ്. സംസ്ഥാനത്തെ 9, 28, 200 ഹെക്ടർ സ്വാഭാവിക വനത്തിന്റെ 37% നിത്യ ഹരിതവനങ്ങളും (Ever Green forest), അർദ്ധനിത്യഹരിത വനങ്ങളും (Semi ever green) 43% നനവുള്ള ഇലപൊഴിയും വനങ്ങളുമാണ്(Most deciduous Forest). നമ്മുടെ പഞ്ചായത്തിലെ സ്വാഭാവികവനം നനവുള്ള ഇലപൊഴിയും വനമാണ്. ഈ വനഭാഗത്തിന്റെ വിസ്തൃതി എത്രയെന്നുള്ളതിനു രേഖകളില്ല. കൊമ്പുകുത്തി ആദിവാസി സെറ്റിൽമെൻറ് ഈ വനത്തിനുള്ളിലാണ്. ഈ വനത്തിൽ വളരുന്ന വൃക്ഷങ്ങൾ താഴെപ്പറയുന്നവയാണ്.

നെൻമേനി വാക (അൽബീസിയലെക്സ്)
മുള (ബാംബൂസാ ബാമ്പോസ്)
ഇലവ് (ബോമ്പാക്സ് സീബ)
ഈട്ടി (ഡാൽബെർജിയ ലാറ്റിഫോളിയ)
കല്ലൻമുള (ഡെൻട്രോകലാമസ് സ്ട്രിക്റ്റസ്)
നെല്ലി (എംബ്ലിക്ക ഒഫീഷിയാനലസ്)
ഉന്നം (ഗ്രിവിയറ്റിലിയാഫോളിയ്)
വേള്ളിലാവ് (ലാഗറസ്ട്രോമിയാലാൻസിയൊലേറ്റ)
വേങ്ങ (റ്റെറോകാർപ്പസ് മർസുപ്പിയം)
തേക്ക് (ടെക്ടോണാഗ്രാൻഡിസ്)
താന്നി (ടെർമിനേലിയബെല്ലരിക്ക)
കടുക്ക (ടെർമിനേലിയ ചെബുല)
മരുതി (ടെർമിനേലിയ പാനിക്കുലേറ്റ)
തേൻമാവ് (ടെയിനേലിയ ടൊമെന്റോസ)
ഇരുൾ (സൈലിയ സൈലോകാർപ്പ)
പട്ടിപുന്ന (ഡിലെനിയ ഇൻഡിക്ക)
നെടുനാർ (പോളിയാൽത്തിയ ഫ്രാഗ്രൻസ്)
പൂവം (സ്റ്റൈച്ചീറിയ ഓളിയോസ)
ചേര് (ഹോളിഗാർന അർനോട്ടിയാന)
കണിക്കൊന്ന (കാഷ്യഫിസ്റ്റുല)
ഞാവൽ (സിസിജിയം കുമിനി)
മണിമരുത് (ലാഗർസ്ട്രോമിയാ ഫ്ലോസ്റെജീനെ)
ചീനി (ടെട്രാമെലസ് ന്യൂഡിഫ്ലോറ)
മഞ്ഞക്കടമ്പ് (ആഡൈന കോർസിഫോളിയ)
ഏഴിലം പാല (അൽസ്റ്റോണിയ സ്കോലാറിസ്)
പലക പയ്യാനി (കലോസാന്തസ് ഇൻഡിക്ക)
പാതിരി (സ്റ്റിറിയോസ്പെർമം ചെലനോയിഡ്സ്)
കുളമാവ് (മാക്കിലസ് മാക്കറാന്ത)
മുത്തുവേങ്ങ (ബ്രൈസീലിയാറെറ്റൂസാ)
വട്ട (മാക്കരാങ്കപെൽറ്റേറ്റ)
ആഞ്ഞിലി (അർട്ടോകാർപസ്ഹിർസൂട്ടാ)

കൂടാതെ ധാരാളം പച്ചമരുന്നു ചെടികളും വളരുന്നു. പാടക്കിഴങ്ങ് (സൈക്ലിയചെൽറ്റേറ്റ) കാട്ടമൃത് ('ട്രിനോസ് പോറമലബാറിക്ക) പാതാള ഗരുഡക്കൊടി (കോക്കലസ് ഹിർസ്യൂട്ട്) ഇരുവേലി (പാവേണിയഡെറ്റേ) ഓരില (സെഡ്മോണിയം ഗാഞ്ചെറ്റിക്കം) കുടകപ്പാല (ഹോളറീന ആൻറിഡൈസൽടിക്ക) സർപ്പഗന്ധി (റവോൾഫിയ സർപ്പെന്റൈന) നറുനീണ്ടി (ഹെമിഡസ്മസ് ഇൻഡിക്കസ്) ശതാവരി (അസ്പരാഗസ് റെഡിമോസ്) എന്നീ പച്ചമരുന്നുചെടികളാണ് സാധാരണയായി കാണുന്നത്.

ഈ വനത്തിൽ ധാരാളം വൃക്ഷങ്ങൾ കാറ്റിൽ ഒടിഞ്ഞും പിഴുതും കിടപ്പുണ്ട്. ഇവ ശേഖരിച്ച് സർക്കാരിനു വരുമാനമുണ്ടാക്കാം.

ലക്ഷകണക്കിനു വിലയുള്ള മരങ്ങൾ വളരുന്ന ഈ വനമേഖല നമ്മുടെ പഞ്ചായത്തിന്റെ പരിസ്ഥിതിയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. വനം കൈയ്യേറ്റം പൂർണ്ണമായും നിലച്ചിരിക്കുന്നു. വനത്തിന്റെ അതിർത്തികളിൽ ജണ്ട (കെയൺസ്) സ്ഥാപിച്ചിട്ടുണ്ട്. വനം കൊള്ള പൂർണ്ണമായി തടയാൻ കഴിഞ്ഞിട്ടില്ല. വൃക്ഷങ്ങൾ

കുറവുള്ള വനഭാഗങ്ങളിൽ വനവൽക്കരണം (അഫോറസ്റ്റേഷൻ) നടക്കുന്നുണ്ട്. വനത്തിലെ ജോലികൾ പൂർണ്ണമായും ആദിവാസികൾക്കു നൽകേണ്ടതാണ്. വനസംരക്ഷണ കാര്യത്തിൽ ജനകീയ സമിതികൾക്കു രൂപം കൊടുക്കാവുന്നതാണ്. ധാരാളം പക്ഷികളും ചെറുമൃഗങ്ങളും ഇഴജന്തുക്കളും ഈ വനത്തിലുണ്ട്.

ഈ സ്വഭാവികവനം കൂടാതെ മനുഷ്യ നിർമ്മിത വനവും (Man made Forest) നമ്മുടെ പഞ്ചായത്തിലുണ്ട്. തേക്കും ഇല്ലിയും ഇടകലർന്നുള്ള തോട്ടങ്ങളുമുണ്ട്. കണ്ണിമലയിൽ 60 വർഷത്തിനുമേൽ പ്രായമുള്ള തേക്കുതോട്ടത്തിലെ തേക്ക് പൂർണ്ണമായി വെട്ടിമാറ്റി പുതിയ തേക്കുതൈകൾ നട്ടിട്ടുണ്ട്. ഈ തേക്കു തോട്ടങ്ങളിൽ തദ്ദേശ വാസികൾക്ക് ധാരാളം തൊഴിൽ സാധ്യതയുണ്ട്. തേക്കുമരങ്ങൾ വെട്ടി അട്ടിയിടുക, ലോറിയിൽ കയറ്റിക്കൊടുക്കുക എന്നീ തൊഴിലുകളാണ് മുഖ്യമായിട്ടുള്ളത്.

വനത്തിന്റേയും തേക്കുതോട്ടങ്ങളുടേയും സമീപത്തു താമസിക്കുന്നവർക്ക് ആവശ്യമായ പുല്ലും പച്ചിലയും ഇവിടെനിന്നും ലഭിക്കുന്നുണ്ട്. കന്നുകാലികൾ ഈ വനത്തിൽ മേയുന്നുണ്ട്. തേക്കുതോട്ടങ്ങളിലും വനങ്ങളിലും വേനൽക്കാലത്ത് തദ്ദേശ വാസികൾ തീയിടുന്നത് വന നിയമമനുസരിച്ച് കുറ്റകരമാണ്. തീയിടുന്നതുകൊണ്ട് ധാരാളം പക്ഷികൾക്കും ഇഴജന്തുക്കൾക്കും കൃഷി ചെയ്തിരിക്കുന്ന ഇല്ലികൾക്കും നാശം സംഭവിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ നിക്ഷിപ്ത വനങ്ങൾ ഇല്ല. കൊമ്പുകുത്തി, കോസടി, പുഞ്ചവയൽ, മുരിക്കുംവയൽ പുലിക്കുന്ന്, ആനക്കല്ല് എന്നീ പ്രദേശങ്ങളിൽ ആദിവാസികളും മറ്റു ജനവിഭാഗങ്ങളും താമസിക്കുന്നു.

വനഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല. സാമൂഹ്യ വനവൽക്കരണ പദ്ധതിയനുസരിച്ച് നട്ടുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ, കാറ്റാടി അഥവാ ചൂള, ഗുൽമോഹർ, മഹാഗണി, മട്ടി, മഞ്ഞക്കൊന്ന മുതലായ വൃക്ഷങ്ങൾ ധാരാളമായി കാണാം.



5-13

വിഭവ സമാഹരണം

പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 83% റബ്ബർകൃഷിയാണ്. എന്നാൽ റബ്ബറധിഷ്ഠിത വൻവ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. പുഞ്ചവയലിലുള്ള ചെറുകിട റബ്ബർ വ്യവസായയൂണിറ്റിൽ റബ്ബർ മാറ്റും കൈഉറകളും നിർമ്മിക്കിന്നുണ്ട്. ഒന്നാം വാർഡിൽ വെട്ടുകല്ലാംകുഴിയിൽ P.M.R.Y പദ്ധതിയിൽ കൂവപ്പള്ളിയിലുള്ള സിഡായുടെ ഒരു വനിതാ റബർബാൻറ് യൂണിറ്റും 31-ാം മൈലിൽ ചെരുപ്പുനിർമ്മാണത്തിനാവശ്യമായ സോളും സ്ട്രാപ്പും, ഹാരിസൺസ് മലയാളം പ്ലാൻറേഷനിൽ റബ്ബർ ക്രംബും, ട്രോപ്പിക്കൽ പ്ലാൻറേഷനിൽ റബ്ബർ ക്രീപ്പും നിർമ്മിച്ചുവരുന്നു.

ഏറ്റവും കൂടുതൽ സ്വാഭാവിക റബ്ബർ ഉൽപാദന മേഖലയായ മുണ്ടക്കയത്ത് വൻ വ്യവസായങ്ങൾ ഇല്ലാതെ വന്നതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതാണ്. റബ്ബർ ഉൽപ്പന്നങ്ങളുടെ വിലയുമായി തട്ടിച്ചു നോക്കുമ്പോൾ സ്വാഭാവിക റബ്ബറിന് വില കുറവാണ്. ഇതിനൊരു മാറ്റം ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ വരുമാനത്തിൽ ഏറിയകൂറും ജീവനക്കാരുടെ വേതനത്തിനും ദൈനംദിന ചിലവുകൾക്കും കുടിവെള്ളം വൈദ്യുതി എന്നിവയ്ക്കും വേണ്ടിയാണ് ചിലവഴിക്കുന്നത്. വാർഡുകളിലെ അത്യാവശ്യ വികസനപ്രവർത്തനങ്ങൾക്കു പോലും നിലവിലുള്ള ഫണ്ട് തികയാതെയാണിരിക്കുന്നത്. പ്രധാന വരുമാനം കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ഷോപ്പിംഗ് കോപ്ലക്സിന്റെ വാടക, ആറ്റുമണൽ ലേലം കിട്ടുന്ന തുക എന്നീ ഇനങ്ങളിൽ നിന്നാണ്.

തെരുവു വിളക്കുകൾ, ജലവിതരണം എന്നിവയ്ക്ക് വർഷം തോറും 2 ലക്ഷം രൂപ വീതവും ജീവന ക്കാരുടെ വേതനവും ഓഫീസ് ചിലവ് എന്നിവയ്ക്ക് 12 ലക്ഷം രൂപയും ചിലവിടുന്നുണ്ട്. വിഭവസമാഹരണത്തിന് ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളും പൊതുനിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു. ഏറ്റവും വലിയ വിഭവം മനുഷ്യ ശേഷിയാണ്. നമ്മുടെ യുവാക്കളുടെ കായിക ശേഷി പരമാവധി ഉപയോഗിച്ചും ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും കരാർ വ്യവസ്ഥ ഒഴിവാക്കി വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുവാൻ കഴിയും.

1. മുഴുവൻ തകരാറുകളും പരിഹരിച്ച് തെരുവുവിളക്കുകൾക്ക് ഓരോ ലൈനിലും മീറ്റർ സംവിധാനം ഏർപ്പെടുത്തിയും ഇപ്പോഴുള്ള ബൾബുകൾക്ക് പകരം അനർട്ട് നിർമ്മിത ബൾബുകളും ട്യൂബുകളും ഉപയോഗിച്ചാൽ

വൈദ്യുതി ലാഭിക്കാനും വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്തിന് സാമ്പത്തിക ലാഭം ഉണ്ടാക്കുവാനും കഴിയും.

2. ജല വിതരണ തകരാറുകൾ പരിഹരിച്ച് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കണം.

3. പഞ്ചായത്തിന് ആധുനിക രീതിയിലുള്ള കശാപ്പുശാലയും മാംസ വിൽപ്പനശാലയും നിർമ്മിച്ച് വരുമാനം ഉണ്ടാക്കാം.

4. ടൗണിലെ പഞ്ചായത്ത് വക സ്ഥലത്ത് ഷോപ്പിംഗ് കോപ്ലക്സുംഓഡിറ്റോറിയവും പുത്തൻ ചന്തയിൽ മാർക്കറ്റും ഓഫീസ് സൗകര്യങ്ങളോടുകൂടിയ കോപ്ലക്സും നിർമ്മിച്ച് വാടകയിനത്തിൽ വരുമാനം വർദ്ധിപ്പിക്കാം.

5. മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ കൂടി ഒഴുകുന്ന ആറുകളുടേയും തോടുകളുടേയും ഉടമസ്ഥാവകാശം നിർണ്ണയിച്ച് ആറ്റുമണൽ ശേഖരണത്തിലൂടെ കൂടുതൽ വരുമാനം ഉണ്ടാക്കാം.

6. ചപ്പുചവറുകൾ നിക്ഷേപിക്കുവാനുള്ള സ്ഥലം കണ്ടെത്തി കമ്പോസ്റ്റ് വളം നിർമ്മിച്ച് വിതരണം ചെയ്ത് വരുമാനം ഉണ്ടാക്കാം.

7. പൊതു പരസ്യങ്ങൾക്ക് ഫീസ് നിശ്ചയിക്കണം.

8. പഞ്ചായത്തു വക ഭൂമിയിലും പഞ്ചായത്ത് പുറംമ്പോക്കിലും തേക്ക്, മാഞ്ചിയം, മഹോഗണി എന്നീ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് നിലവിലുള്ള വൃക്ഷങ്ങൾക്ക് നമ്പരിട്ട് ഒരു വൃക്ഷ രജിസ്റ്റർ തയ്യാറാക്കണം.

9. പഞ്ചായത്തിന്റെ നികുതി നിർണ്ണയവും കുടിശ്ശിക പിരിവും പഞ്ചായത്താഫീസ് പ്രവർത്തനവും കാര്യക്ഷമമാക്കണം.

10. 9-ാം പദ്ധതി വിഹിതം ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ യഥാസമയം നടപ്പാക്കണം.

11. പഞ്ചായത്ത് ഫൗണ്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം

12. പഞ്ചായത്തിലെ ജലാശയങ്ങളിൽ സൗകര്യപ്രദമായി മൽസ്യ കൃഷി നടത്തണം.

13. കൃഷിഭവൻ മുഖാന്തിരം വിലനിലവാരം പിടിച്ചുനിർത്തുന്നതിന് പച്ചക്കറി വ്യാപാരം നടത്തണം.

14. 1984 - ലെ കേരള ബിൽഡിംഗ് റൂൾസ് മുണ്ടക്കയം പഞ്ചായത്തിലെ ടൗൺ ഏരിയകളിൽ ഉടനടി നടപ്പാക്കുക.

15. പ്രത്യേക സ്ഥലം കണ്ടെത്തി കന്നുകാലി ചന്ത ആരംഭിക്കണം.



മുണ്ടക്കയം ഗ്രാമ പഞ്ചായത്ത്

വരവു – ചെലവു കണക്ക്

1995-96

ആകെ വരവ്	Rs.	4916548-93
ചെലവ്	Rs.	3490717-50
നീക്കിയിരിപ്പ്	Rs.	**1425831-43**

ഇതിൽ ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഭരണം	Rs.	1046409-20
പൊതുമരാമത്ത്	Rs.	1240621-00
വിദ്യഭ്യാസം - [ലൈബ്രറി +സ്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി]	Rs.	119055-30
[ജലവിതരണം :- ഓടകൾ, പൊതുജനാരോഗ്യം]	Rs.	349828-00
തെരുവു വിളക്ക്	Rs.	156576-00
മറ്റു ചെലവുകൾ	Rs.	578228-00
		3490717.50

വിഭവ സമാഹരണം

അനുബന്ധം


1. ആഡംബര പൂർണ്ണമായ കെട്ടിടങ്ങൾ എന്നും എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് നിർമ്മിക്കുന്നവർക്ക്, കോലോചിതമായി കൂടുതൽ നികുതി ഈടാക്കാവുന്നതാണ്.

2. റബ്ബർ ഉദ്പാദന മേഖലകളിൽ നിന്നും ഹെക്ടർ അടിസ്ഥാനത്തിൽ 1% ഈടാക്കി വിഭവം സമാഹരിക്കുക (1 ഹെക്ടർ മുതൽ മുകളിലേക്ക്)

3. പഞ്ചായത്ത് കെട്ടിടം പണിതുകൊടുത്ത് റോഡ് സൈഡിൽ നടത്തുന്ന പച്ചക്കറി, മത്സ്യം എന്നീ കച്ചവടക്കാരിൽ നിന്നും വാടക ഈടാക്കാവുന്നതാണ്.

4. ഒരു ഹെക്ടറിൽ കൂടുതൽ കൃഷിഭൂമിയുള്ള എല്ലാ കൃഷിക്കാരിൽ നിന്നും കാർഷിക നികുതി 1% ഈടാക്കുക

5. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ, സഹകരണ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണവസ്തുക്കൾ നിർമ്മിച്ചു വിതരണം നടത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതിനാൽ സിമൻറ് ഇഷ്ടിക, ജനൽ ഹോളോബ്രിക്സ് സിമൻറ് കട്ട, ആധുനിക അടുപ്പുകൾ എന്നിവ നിർമ്മിക്കാവുന്നതാണ്.



ഉപസംഹാരം

ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിനു വഴിതുറക്കുന്ന നൂതന സംരംഭമാണ് നമ്മുടെ സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കി വരുന്ന ജനകീയാസൂത്രണ പ്രസ്ഥാനം. ഇതിലേക്ക് നമ്മുടെ ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയാക്കി സർക്കാർ പ്രഖ്യാപിച്ചിരിക്കുകയുമാണല്ലോ. 45% പദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകൾക്കും നഗര സഭകൾക്കും നൽകുമ്പോൾ ഇതിൽ 70% വിഹിതവും ഗ്രാമ പഞ്ചായത്തുകൾക്കു 97-98 സാമ്പത്തിക വർഷത്തിൽ നൽകാനാണ് " " സർക്കാർ തീരുമാനിച്ചിരിക്കുന്നതെന്നറിയുന്നു. അങ്ങനെയെങ്കിൽ ഏതാണ്ട് 571 കോടി രൂപ വരുന്ന തുകയിൽ ജനസംഖ്യാടിസ്ഥാനത്തിലാകുമ്പോൾ മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന് കിട്ടാൻ പോകുന്ന വിഹിതം 70 ലക്ഷം രൂപയ്ക്ക് മേൽ വരും. അധികാര വികേന്ദ്രീകരണം അതിന്റെ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്ന ഈ സമഗ്ര വികസന പദ്ധതി ജനപങ്കാളിത്ത പരിപാടി കൂടി ആയതിനാൽ മനുഷ്യ പ്രയത്നവും സാമ്പത്തിക സഹായവും കൂടി ലഭ്യമാക്കിയാൽ 97 - 98 ലെ വികസനത്തിന് മൊത്തം ഒരുകോടിയോളം രൂപ നമ്മുടെ പഞ്ചായത്തിൽ വിനിയോഗിക്കാൻ കഴിയുമെന്നാണ് ഈ പദ്ധതിയുടെ സവിശേഷത.

ഒമ്പതാം പദ്ധതി കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കേണ്ട വികസന പരിപാടിക്ക് രൂപം നൽകി കഴിഞ്ഞിരിക്കുകയാണ്. പതിനഞ്ചു വാർഡുകളിലേയും ഗ്രാമ സഭകളുടെ തീരുമാനങ്ങൾ പ്രകാരം മുൻഗണന നൽകിയാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നതും. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഓരോ ഗ്രാമവും മുഴുവൻ അധികാരങ്ങളോടും കൂടിയ ഓരോ റിപ്പബ്ലിക്കുകളായി മാറണമെന്നും സ്വയം പര്യാപ്തമായ സ്വന്തമായി പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുന്ന ഒരു സംവിധാനമായി മാറണമെന്നുമുള്ള ശക്തിയായ ആശയമായിരുന്നു രാഷ്ട്രപിതാവായ മഹാത്മജി നമ്മെ ഉൽബോധിപ്പിച്ചിരുന്നത്. ഈ ഗാന്ധിയൻ സങ്കൽപം സാക്ഷാൽക്കരിക്കുന്നതിനുള്ള പരിപാടികൾക്ക് ആരംഭം കുറിച്ചിരിക്കുകയാണ് പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ. 1994 - ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 23.4.1994 - ൽ നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നു. ലിഖിതമായ ചട്ടങ്ങളുടേയും നിയമങ്ങളുടേയും ബലത്തിൽ 2.10.1995 - ൽ പഞ്ചായത്തുകൾ നിലവിൽ വന്നുയെങ്കിലും ഗ്രാമങ്ങളിലെ ഭൂരിപക്ഷം വരുന്ന ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ജീവിത നിലവാരത്തിൽ കാതലായ ചലനങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടില്ല. അതിന്റെ മുഖ്യമായ കാരണം ഉദ്യോഗസ്ഥ മേധാവിത്വ ഭരണം തന്നെയാണ് ഇപ്പോഴും മുന്നിട്ടു നിൽക്കുന്നത് എന്നുള്ളതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്ടിൽ 285 വകുപ്പുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് പ്രാവർത്തികമാക്കാൻ അനുബന്ധ ചട്ടങ്ങൾ മുഴുവനും നിർമ്മിച്ചിട്ടില്ല. ഈ വകുപ്പുകളിലെ 13 അദ്ധ്യായത്തിലെ 151 വകുപ്പുകളും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടവയാണ്. 166 -ാം വകുപ്പിലാണ് ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും പറയുന്നത്. 1995 ലെ 7-ാം ആക്ട് 1994 ലെ കേരളാ പഞ്ചായത്തീരാജ് (ഭേദഗതി) ആക്റ്റ് ഇവ മുഖേന 180, 182 വകുപ്പുകളിൽ ചില ഭേദഗതികൾ വരുത്തി നടപടികൾ കുറച്ചുകൂടി ആശയകുഴപ്പവും ബുദ്ധിമുട്ടുമുണ്ടാക്കിത്തീർത്തിരിക്കുന്നു.

ശുദ്ധവായുവും ശുദ്ധജലവും ശുചിത്വവുമുള്ള വീടും ഓരോ പൗരന്റേയും അവകാശമാണെങ്കിലും ഇവപോലും യഥാവിധി നടപ്പിലാക്കാൻ പഞ്ചായത്തിനു കഴിയുന്നില്ല. എന്നാൽ, സർക്കാറിന്റെ ഉപാധിരഹിത ഫണ്ടുപയോഗിച്ച് പഞ്ചായത്ത് നിർദ്ദേശിക്കുന്ന പദ്ധതിക്കും ഭരണശേഷമുള്ള നടത്തിപ്പിനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദം നേടേണ്ടതായിരിക്കുന്നു. ജനകീയ തീരുമാനങ്ങൾക്കു വിഘാതം സൃഷ്ടിക്കുകയും തടസ്സവാദങ്ങൾ ഉന്നയിക്കുകയും ചെയ്തുപോരുന്ന പദ്യോഗസ്ഥ മേധാവിത്വ ഭരണം ഇപ്പോഴും നിലനിൽക്കുന്നു എന്നതിന് ഇത് ഉദാഹരണം മാത്രം.

മറ്റൊന്ന് ബ്ലോക്ക് - ജില്ലാ തല പഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ട പദ്ധതികളും വികസന പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്തുകളുമായി ആലോചിക്കുകയോ അറിയിക്കുകയോ ചെയ്യാറില്ല. തൻനിമിത്തം പൊതുമുതൽ നഷ്ടപ്പെടുന്നതി നേക്കാളുപരി വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 3-ൽ 7-ാം ഉപവകുപ്പിൽ "ഗ്രാമസഭകളുടെ ശുപാർശകളോ നിർദ്ദേശങ്ങളോ ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് ഗ്രാമ പഞ്ചായത്തുകളും ബ്ലോക്കു പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അർഹമായ പരിഗണന നൽകേണ്ടതാണ്"ന്ന് പറയുന്നുണ്ട്. തൊഴിൽ ഉറപ്പു പദ്ധതി, ജവഹർ തൊഴിൽ ദാന പരിപാടി, ഗ്രാമീണ വനിത - ശിശു വികസന പരിപാടി, മില്ല്യൺമെൻ സ്കീം, കേന്ദ്രഗ്രാമ ശുചിത്വ പരിപാടി ഇവയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനോ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനോ ഗ്രാമപഞ്ചായത്തുകളുടെ സഹകരണം തേടാറില്ല. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തുകളിൽ ബ്ലോക്കു മുഖേന നടപ്പിലാക്കേണ്ട വികസന - സാമ്പത്തിക സഹായ പദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടു കൂടി മാത്രമേ നടപ്പിലാക്കാവൂ. ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് ഗ്രാമ പഞ്ചായത്തുകളായിരിക്കണം.

പുനർപ്പണദിനം - നവമ്പർ 1

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട് ജനപങ്കാളിത്തത്തോടുകൂടി വികസനമെങ്ങനെ നടപ്പിലാക്കാം എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് നിർദ്ദിഷ്ട ദിനമായ നവമ്പർ ഒന്ന് പുനർപ്പണദിനമായി ആചരിച്ചു.

എല്ലാ വാർഡുകളിലും ജനപങ്കാളിത്തത്തോടുകൂടി വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

എല്ലാ വിഭാഗീയ ചിന്തകൾക്കുമതീതമായി നാടിന്റെ പുരോഗതി എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഒത്തൊരുമിച്ച് മുന്നേറുന്നതിനുള്ള മനോഭാവത്തോടുകൂടി പ്രവർത്തിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

സ്നേഹാദരങ്ങളോടെ

രാജമ്മ വർഗ്ഗീസ്

(ഒപ്പ്)

മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്

ദ്വിതീയ വിവരശേഖരണം നടത്തിയവർ

ഏ.എസ്. തോമസ്

ജോസ് പുത്തൻപുര

ചാക്കോ മാത്യു

ഫിലിപ്പ് കോട്ടയിൽ

പി.കെ. അബ്ദുൾ മജീദ്

ത്രേസ്യാമ്മ കെ.വി

ദിനേശൻ പി.കെ

ഇ.ജെ. സെബാസ്റ്റ്യൻ

റ്റി.എസ്. രാമൻ

ഈ. കെ മധു

സി.ജി. ഭാസ്കരൻ

പി.എസ്. സുരേന്ദ്രൻ

പി.എം. മാത്യു

കെ.പി. രാജമ്മ

കർമ്മ സമിതി

കൃഷി

രാജമ്മ വർഗ്ഗീസ് (ചെയർ പേഴ്സൺ)
ലൈലാ മോഹൻ
മേഴ്സി ജോസഫ്
(കൃഷി ആഫീസർ, കൺവീനർ)
ശ്യാമള വാസുദേവൻ
ജോസ് പൂത്തൻപുര
ഏ.എസ്. തോമസ്
കെ.ആർ. ഭാസി
കെ.സി. ഗോപാലൻ
മുഹമ്മദ് ഇസ്മായേൽ
കെ. കെ. മാധവൻ
തോമസ് ജോസഫ്

ജലസേചനം

റ്റി.കെ. രാജൻ (ചെയർമാൻ)
ഏ.എസ്സ്. തോമസ്
ജോസ് പുത്തൻപുര (കൺവീനർ)
മേഴ്സി ജോസഫ് (കൃഷി ആഫീസർ)
റ്റി.കെ രാജൻ
ലൈലാ മോഹൻ
ജോർജ്ജുകുട്ടി ആഗസ്തി

മൃഗസംരക്ഷണം

അഡ്വ. സോണി തോമസ് (ചെയർമാൻ)
വി.കെ. രാജപ്പൻ
ഡോ. വി.പി. അംബുജാക്ഷൻ
(വെറ്റിനറി സർജൻ, കൺവീനർ)
വി.എൻ. ത്യാഗരാജൻ
(ഡയറി എക്സ്റ്റൻഷൻ ഓഫീസർ)
പി.എസ്. സുരേന്ദ്രൻ
ഏ. ബാലകൃഷ്ണൻ
ആർ. സി. നായർ
വി.സി. ചാക്കോ
ആലീസ് ജോസഫ്
മേഴ്സി മാത്യു
ലിസിയാമ്മ ദിവാകരൻ
ചെല്ലമ്മ കൊച്ചുകുന്നേൽ

വിദ്യാഭ്യാസം

പി.എം. മാത്യു
കെ.പി. രാജമ്മ
അന്നമ്മ ജോസഫ്
ഡോ. എബ്രഹാം മാത്യു (കൺവീനർ)
മാത്യു പി. വർഗ്ഗീസ്
എം.കെ. തങ്കപ്പൻ
ഹർഷവർദ്ധനൻ

വ്യവസായം

കെ.എൻ. സോമരാജൻ (ചെയർമാൻ)
സി.ജി. ഭാസ്ക്കരൻ (കൺവീനർ)
അബ്ദുൾ അസ്സീസ് പി.എൻ
കെ.സി. പ്രകാശ് കുമാർ
റെജി. എൻ ആർ
രാധാമണി ബാലചന്ദ്രൻ
സി.ഓ. ദിനേശൻ
പി.വി. സീതമ്മ
പി.എസ്സ്. ബഞ്ചമിൻ
സെയ്തുമുഹമ്മദ് റാവുത്തർ
എം.കെ. നാരായണൻ

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പി.എൻ. ശ്രീനിവാസൻ (ചെയർമാൻ)
ഇലക്ട്രിസിറ്റി എൻജിനീയർ, മുണ്ടക്കയം
(കൺവീനർ)

ഏ.എസ്സ്. തോമസ്സ്
ഈ.ജെ. സെബാസ്റ്റ്യൻ
പി.ഏ. ആൻഡ്രൂസ്
സി.ജി. ചന്ദ്രബാബു.
റ്റി.സി. ജോസഫ്
കെ.എൻ. ചന്ദ്രശേഖരൻ
കെ.ജെ. ജോസഫ്
ശ്യാമള സുരേഷ്

പൊതുജനാരോഗ്യം - കുടിവെള്ളവും

എം.കെ. കുര്യാക്കോസ് (ചെയർമാൻ)
ഡോ. പി.ഈ. ജോസഫ് (കൺവീനർ)
ഡോ. രാജൻ ബാബു.
എൻ. ജയലാൽ
എൽ. വർഗീസ്
അജിത് കൊട്ടാരത്തിൽ

സാമൂഹ്യ ക്ഷേമം

റ്റി.എം. ബേബി (ചെയർമാൻ)
ലൈലാ മോഹൻ (ബ്ളോക്ക് പഞ്ചാ. മെമ്പർ)
I.C.D.S. ഓഫീസർ, കാഞ്ഞിരപ്പള്ളി (കൺവീനർ)
സിസ്റ്റർ ഗ്രേസി
പി.കെ. ദിനേശൻ
സി.എം. ഹുസൈൻ റാവുത്തർ
കെ.കെ. കേശവൻ
ബിന്ദു കെ.എം

സംസ്ക്കാരം

ശ്യാമള വാസുദേവൻ (ചെയർ പേഴ്സൺ)
എൽ. വർഗീസ് (കൺവീനർ)
റ്റി.ആർ ജയകുമാർ
റ്റി. കാർത്തികേയൻ

വനിത

പി.എച്ച്. ആബ്ദുൾമജീദ് (ചെയർമാൻ)
പെണ്ണമ്മ കുര്യൻ (കൺവീനർ)
കെ.ജെ. അച്ചൻകുഞ്ഞ്
ഏ.എം രാധാമണി
ഉഷാകുമാരി കെ.കെ.

സഹകരണം

പത്മാവതി സോമൻ (ചെയർ പേഴ്സൺ)
Asst. Registrar, Co. Op. Societies, Kply(കൺവീനർ)
ത്രേസ്യാമ്മ ശാമുവേൽ
ചാക്കോ ജോസഫ്
എസ്. എ അസ്സീസ്സ്
ഷാബു ജോർജ്ജ്
വി.ഡി. വിജയൻ
കെ.ജെ. അച്ചൻകുഞ്ഞ്

പട്ടികജാതി പട്ടികവർഗ്ഗം

കെ.കെ. കേശവൻ (ചെയർമാൻ)
ഈ.കെ. ശശികുമാർ (ചെയർമാൻ)
കെ. രാജേന്ദ്രനാഥൻനായർ, ട്രൈബൽ
വെൽഫെയർ ഓഫീസർ (കൺവീനർ)
സൂസമ്മ നൈനാൻ,
പട്ടികജാതി വികസന ഓഫീസർ
ഡോ. രാജൻ ബാബു
റ്റി. എസ്. രാമൻ
കെ.എം. വേണുഗോപാൽ
ഉഷ മൈക്കുഴി
സരോജിനി മാധവൻ
പി.ജെ. കൊച്ച്

വിഭവസമാഹരണം

ജോ തോമസ് (ചെയർമാൻ)
പി.കെ. സുകുമാരൻ (കൺവീനർ)
പി. എ. അബ്ദുൾ ഖാദർ
കെ.കെ. ദിവാകരൻ
ശശി അമ്പലവീട്ടിൽ
റ്റി.എ. സന്തോഷ്
റ്റി.എം. ജോസഫ്
മോളി കാർബിയോൺ

പണിപ്പുരയിൽ

കെ. അജിത് കൊട്ടാരത്തിൽ
ബിന്ദു കെ. എം
റ്റി. കാർത്തികേയൻ.

പ്രൂഫ് റീഡിംഗ്



റ്റി. കാർത്തികേയൻ, പി. എം. മാത്യൂ, എൽ. വർഗീസ് (കൺവീനർ), എൻ. ജയലാൽ, ജോസ് പുത്തൻപുര, കെ. അജിത്.

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണം.

ആശംസകൾ

മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്ക്

Ltd. No. (K122) . **മുണ്ടക്കയം** Phone: 2339

ഹെഡ് ആഫീസ് **മുണ്ടക്കയം**
ബ്രാഞ്ച് **കുട്ടിക്കൽ**
ഏന്തയാർ
പ്രഭാത സായാഹ്ന ശാഖ മുണ്ടക്കയം


- നിക്ഷേപങ്ങൾക്ക് ഏറ്റവും കൂടുതൽ പലിശനൽകുന്നു.
- കമ്പ്യൂട്ടർവത്കരിച്ച ഹെഡ് ആഫീസും ബ്രാഞ്ചും.
- ഉറപ്പും ഭദ്രതയും ഹൃദ്യമായ സേവനം
- റബ്ബർ ഡിപ്പോ. കൺസ്യൂമർ സ്റ്റോർ. വളം ഡിപ്പോ ഹെഡ് ആഫീസിലും ബ്രാഞ്ചിലും
- എല്ലാ വിഭാഗം ജനങ്ങൾക്കും എല്ലാവിധ വായ്പകളും നൽകുന്ന ഒരു ക്ലാസ് I സർവ്വീസ് സഹകരണ ബാങ്ക്.

പ്രസിഡൻറ്
കെ. വി. കുര്യൻ പെട്ടൻകുളം EX. M.L.A

സെക്രട്ടറി
E.M തോമസ് ഇടയിക്കാട്ട്



Best Compliments From



No. K.154 INCHIANY P.O - 686512
Phone: No. MDM 2340

President
George Joseph Palackal

Secretary
Antony Yesudasan. M

മുണ്ടക്കയം ഗ്രാമപഞ്ചായത്ത്
മദ്യ വർജ്ജന സമിതിയുമായി
സഹകരിക്കുക

മദ്യം വിഷമാണ്.
അതുണ്ടാക്കരുത്,
കൊടുക്കരുത്, കുടിക്കരുത്.

മദ്യം കുടുംബ ബന്ധങ്ങൾ തകർക്കുന്നു.
ആരോഗ്യത്തെ നശിപ്പിക്കുന്നു.
അതു വിദ്യാഭ്യാസത്തിനു വിഘാതമാകുന്നു.

സാമ്പത്തിക ഭദ്രത ഇല്ലാതാക്കുന്നു.
വീടു നശിപ്പിക്കുന്ന, നാടുനശിപ്പിക്കുന്ന,
നമ്മെ തന്നെ നശിപ്പിക്കുന്ന
മദ്യം ഉപേക്ഷിക്കൂ....

